بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

പ്രത്യേകപതിപ്പ്

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


ലക്കം
52-53

വാർഷിക
വരിസംഖ്യ
500/- രൂപ


# ബദ്ർ


വീക്കിലി ഖാദിയാൻ

The Weekly
BADAR Qadian
Malayalam


വാല്യം 5

പത്രാധിപർ
എച്ച്. ശംസുദ്ദീൻ
സഹപത്രാധിപർ
മുഹമ്മദ്
ഇസ്മാഈൽ

POSTAL REG NO GDP- 44/2020-2022 2020 ഡിസംബർ 24–31/ഹി.ശം. 1399 ഫതഹ് 24–31/1442 ജമാദുൽ അവ്വൽ 8–15


ഖുലിദ്ഉല്ലാഹ് അവിദ്ഉർറഹ്മാൻ അയ്യമ്മാ തദ്ഊ ഫലഹുൽ അസ്മാഉൽഹുസ്നാ(17:111)
പറയുക, നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക അല്ലെങ്കിൽ റഹ്മാൻ എന്നു വിളിച്ചുകൊള്ളുക.
നിങ്ങൾ ഏതുപേരിൽ വിളിച്ചാലും ഏറ്റവും നല്ല പേരുകൾ അവനുള്ളതാണ്.





2020 ആഗസ്റ്റ് 9ന് യു.കെ. ജൽസാസാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ്
സ്റ്റേജിൽ ഉപവിഷ്ടരാകുകയും പ്രാർഥനയ്ക്കു നേതൃത്വം കൊടുക്കുകയും ചെയ്യുന്നു;



2020 ആഗസ്റ്റ് 9ന് യു.കെ. ജൽസാസാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ്
സദസ്സിനെ സംബോധന ചെയ്യുന്നു.




2019 ഡിസംബർ 15ന് ഹുദൂർ അയ്യദഹുല്ലായുമായി നടന്ന്
ഒരു പരിപാടിയിൽ ബ്രിട്ടനിലെ ജാമിഅ അഹ്മദിയ്യാ വിദ്യാർഥികൾ



2020 ഒക്ടോബർ 31 ന് ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യായിൽ
സംഘടിപ്പിച്ച ഓൺലൈൻ ക്ലാസ്സിൽ ജാമിഅ വിദ്യർഥികളോടൊപ്പം
ഹുദൂർ അയ്യദഹുല്ലാഹ്



2020 സെപ്റ്റംബർ 12ന് ആസ്ത്രേലിയായിൽ സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ
ഹുദൂറിനോടൊപ്പം മജ്ലിസെ ആമില അംഗങ്ങളും
ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദുമാരും.



2020 ഒക്ടോബർ 25 ന് മൊറേഷ്യസിൽ സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ
ഹുദൂറിനോടൊപ്പം മുറബ്ബിമാർ, നാഷണൽ മജ്ലിസെ ആമില അംഗങ്ങൾ,
ഉപസംഘടനാഗംങ്ങൾ തുടങ്ങിയവർ.

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
ھو الناصر

ഇസ്‌ലാമാബാദ്
ടെലിഫോർഡ്
MA 30-11-2020

**ഇന്ന് ലോകം ലൗകികാരാധകർ ആയിക്കഴിഞ്ഞിരിക്കുന്നു. മതത്തിൽനിന്ന് ദുരത്താകുകയും തങ്ങളുടെ സ്രഷ്ടാവിനെ മറക്കുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥകളിൽ ദൈവാസ്തികൃത്തിനുള്ള തെളിവുകൾ പഠിക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അല്ലാഹുവുമായുള്ള ബന്ധത്തിൽ അഭിവൃദ്ധിപ്പെടുകയും ജീവദായകമായ ഈ യാഥാർഥ്യം പറഞ്ഞുകൊടുക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾക്ക് ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ**

## ബദ്ർ വായനക്കാർക്ക് സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ സ്നേഹനിർഭരമായ സന്ദേശം

പ്രിയപ്പെട്ട ബദ്ർ ആഴ്ചപ്പതിപ്പ് വായനക്കാരേ!

السلام علیکم ورحمۃ اللہ وبرکاتہ

ബദ്ർ ആഴ്ചപ്പതിപ്പിന് 'ദൈവാസ്തിക്യം' എന്ന ശീർഷകത്തിൽ പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കാൻ സൗഭാഗ്യം കിട്ടുന്നു എന്നറിഞ്ഞതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. അല്ലാഹു അതിനെ എല്ലാ വിധത്തിലും വളരെ അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ.

എന്നോടു ഈ അവസരത്തിൽ സന്ദേശം ആവശ്യപ്പെട്ടിരിക്കുകയാണ്. എന്റെ സന്ദേശം ഇതാണ്: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ അല്ലാഹു തൗഫീഖ് തന്ന, നമ്മൾ വളരെ ഭാഗ്യവാന്മാരാണ്. അവിടന്ന് തന്റെ ഗ്രന്ഥങ്ങളിൽ അല്ലാഹുവിൽനിന്ന് അദ്ദേഹത്തിനുവേണ്ടി വെളിപ്പെട്ട അടയാളങ്ങളോടും തെളിവുകളോടുംകൂടി ദൈവാസ്തിക്യം സ്ഥാപിക്കുകയുണ്ടായി. അവിടന്ന് തന്റെ ഗ്രന്ഥമായ കശ്തിയെ നൂഹിൽ പറയുന്നു:

"നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു......അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരിൻ. ഇതു നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ!'(റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 21–22)

നമ്മുടെ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ദൈവാസ്തിക്യത്തെ കുറിച്ച് ഒരുപാട് വിഷയങ്ങളുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 'ഹസ്തിബാരീ തആലാ' എന്ന പേരിൽ ഒരു പുസ്തകം തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപോലെതന്നെ അവിടത്തെ മറ്റൊരു ഗ്രന്ഥമാണ് 'ഹസ്തിബാരീ തആലാ കെ ദസ് ദലാഇൽ.' അതിൽനിന്ന് ഹ്രസ്വമായി കുറച്ചു പോയന്റുകൾ ഇവിടെ സമർപ്പിക്കുകയാണ്.

അവിടന്ന് പറയുന്നു: 'മനുഷ്യൻ പലവ സ്തുക്കളെയും പല ഇന്ദ്രിയങ്ങളിലൂടെയാണ് മനസ്സിലാക്കുന്നത്. ചിലതിനെ കണ്ടുകൊണ്ടും, ചിലതിനെ സ്പർശിച്ചുകൊണ്ടും, ചിലതിനെ മണത്തുകൊണ്ടും, ചിലതിനെ കേട്ടുകൊണ്ടും, ചിലതിനെ രുചിച്ചുകൊണ്ടും അറിയുന്നു. ഈ പഞ്ചേന്ദ്രിയങ്ങൾ മുഖേനയും നേരിട്ട് മനസ്സിലാക്കാൻ കഴിയാത്ത വസ്തുക്കളുമുണ്ട്. അവയെ മനസ്സിലാക്കാനുള്ള മാർഗം വേറെതന്നെയാണ്. ഉദാഹരണത്തിന് വിവേകം, ഓർമ, ബുദ്ധി തുടങ്ങിയവ ലോകത്ത് ആരുംതന്നെ നിഷേധിക്കുന്നില്ല. പക്ഷേ, ആരെങ്കിലും വിവേകത്തെ കാണുകയോ കേൾക്കുകയോ രുചിക്കുകയോ മണക്കുകയോ സ്പർശിക്കുകയോ ചെയ്തിട്ടുണ്ടോ?

അല്ലാഹു സൂക്ഷ്മനാണ്. അല്ലാഹുവിനെ കാണാൻ കഴിയും. പക്ഷേ, അവനെ കാണാൻ അനുഗുണമായ ദൃഷ്ടിയായിരിക്കേണ്ടതുണ്ട്. അവനെ കാണാൻ ആഗ്രഹിക്കുന്നവർക്ക്, അവൻ തന്റെ ശക്തിപ്രഭാവങ്ങളോടെ ലോകത്തിനു മുന്നിലുണ്ട്. മാത്രമല്ല അപ്രത്യക്ഷനാണെങ്കിലും ഏറ്റവുമധികം അവൻ പ്രത്യക്ഷനുമാണ്. വിശുദ്ധ ഖുർആനിൽ ഈ വിഷയം വളരെ ഹ്രസ്വമായി എന്നാൽ, അനുപമമായ നിലയിൽ അല്ലാഹു ഇങ്ങനെ വിവരിക്കുന്നു: **ലാ തുദ്‌രിക്കുഹുൽ അബ്സ്വാറു വഹുവ യുദ്‌രിക്കുൽ അബ്സ്വാറു വഹുവല്ലത്വീഫുൽ ഖബീർ** ദൃഷ്ടികൾ അവനിലേക്കെത്തുകയില്ല. എന്നാൽ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.(6:104)

ദൈവാസ്തികൃത്തിനുള്ള മറ്റൊരു തെളിവ് മുഴുലോകത്തിന്റേയും മതവിശ്വാസത്തിലുള്ള വിശ്വാസമാണ്. നേരത്തെ നന്മയും സൽസ്വഭാവവും പരത്തുകയും തങ്ങളുടെ കർമങ്ങൾ മുഖേന ലോകത്ത് തങ്ങളുടെ വിശ്വസ്തതയുടെ പേരിൽ അംഗീകാരം നേടുകയും ചെയ്തവരായിരുന്നു അവർ. അവരെല്ലാവരും വിവിധ ഭാഷകളിൽ അല്ലാഹു, ഗോഡ്, പരമേശ്വരൻ എന്നറിയപ്പെടുന്ന അസ്തിത്വത്തെ സാക്ഷ്യപ്പെടുത്തിയവരാകുന്നു. ഇന്ത്യയിൽ പുണ്യവാന്മാരായ ശ്രീരാമൻ(അ), ശ്രീകൃഷ്ണൻ(അ), ഇറാനിലെ വിശുദ്ധനായ സ്വരാസ്റ്റർ(അ), മിസ്റിലെ വരിഷ്ഠനായ മൂസാ(അ), നസ്റേത്തിലെ പുണ്യാളൻ മിശിഹ(അ),

പഞ്ചാബിലെ പരിശുദ്ധൻ ഗുരുനാനക് പിന്നെ ഈ വിശുദ്ധന്മാരുടെയെല്ലാം നേതാവ് അറേബ്യയുടെ പ്രകാശം മുഹമ്മദ് മുസ്തഫാ(സ). ഇവരെക്കൂടാതെ ആയിരക്കണക്കിന് പരിശുദ്ധന്മാർ സമയാസമയങ്ങളിൽ ലോകത്തുവരികയും എല്ലാവരും ഐകകണ്ഠ്യേന ഒരു ദൈവമുണ്ടെന്ന് പ്രഖ്യാപിക്കുകയും ഇത്ര മാത്രമല്ല തങ്ങൾ അവനെ കാണുകയും അവനോട് സംവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവർ പറയുകയും ചെയ്തു.

വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്ന മൂന്നാമത്തെ തെളിവ്, മനുഷ്യപ്രകൃതിതന്നെ ദൈവാസ്തികൃത്തിനുള്ള തെളിവാകുന്നു എന്നതാണ്. കാരണം ചില പാപങ്ങളെ മനുഷ്യപ്രകൃതി പൂർണമായും അനിഷ്ടപ്പെടുന്നു. മാതാവ്, സഹോദരി, ചെറിയ പെൺകുട്ടി എന്നിവരുമായുള്ള വ്യഭിചാരം, മലം, മൂത്രം തുടങ്ങിയ അശുദ്ധ വസ്തുക്കളുമായുള്ള സമ്പർക്കം, കളവ് തുടങ്ങിയ സംഗതികളിൽനിന്നെല്ലാം ഒരു നിരീശ്വരവാദിയും വിട്ടുനിൽക്കാറുണ്ട്. എന്നാൽ, അത് എന്തുകൊണ്ടാണ്? ദൈവം ഇല്ലെങ്കിൽ എന്തിന് വിട്ടു നിൽക്കണം? മാത്രമല്ല തിന്മകളിൽനിന്നു വിട്ടുനിൽക്കുന്നതും അത് വെളിപ്പെടുന്നതിൽനിന്ന് മാറി നില്ക്കുന്നതും ഏതോ ഒരു രാജാധിപന് മറുപടി കൊടുക്കേണ്ടി വരുമെന്ന ഭയം അയാൾക്കുള്ളിൽ ഉണ്ടെന്നതിനുള്ള തെളിവാകുന്നു; അയാൾ ആ രാജാധിപനെ നിഷേധിക്കുന്നവനാണെങ്കിലും ശരി.

എല്ലാ കർമത്തിനും ഒരു കർത്താവുണ്ടാകുമെന്നതാണ് ദൈവാസ്തികൃത്തിനുള്ള മറ്റൊരു തെളിവ്. ഒരാൾ ഒരു കാട്ടറബിയോട് ചോദിച്ചു, 'ദൈവമുണ്ടെന്നതിന് നിന്റെ പക്കൽ എന്ത് തെളിവാണുള്ളത്?' അയാൾ മറുപടി പറഞ്ഞു: 'കാട്ടിൽ ഒട്ടകത്തിന്റെ ചാണകം കണ്ടാൽ അതുവഴി ഒരു ഒട്ടകം പോയിട്ടുണ്ടെന്ന് എനിക്ക് പറയാൻ കഴിയും. എന്നിരിക്കെ ഇത്രയും വലിയ സൃഷ്ടിപ്പ് കണ്ടിട്ട് അതിന് ഒരു സ്രഷ്ടാവുണ്ടെന്ന് മനസ്സിലാക്കാൻ എനിക്ക് സാധ്യമല്ലേ?'

ഈ പ്രപഞ്ചം മുഴുവനും യാദൃച്ഛികമായാണുണ്ടായതെന്ന് ചിലർ പറയുന്നു. എന്നാൽ, അല്ലാഹു അതിനുള്ള മറുപടി മുൽക് എന്ന അധ്യായത്തിലെ രണ്ടുമുതൽ അഞ്ചുവരെയുള്ള വചനങ്ങളിൽ നല്കുന്നു. യാദൃച്ഛികമായി കൂടിച്ചേരുന്ന സംഗതികളിൽ ഒരു ശൃംഖലയോ സംവിധാനമോ ഉണ്ടായിരിക്കില്ല. മാത്രമല്ല പരസ്പരം ബന്ധിതവുമായിരിക്കില്ല. രാജ്യസദസ്സുകളിൽ ആയിരക്കണക്കിന് ചിന്തകന്മാർ അവ ശരിയാംവണ്ണം നടത്തുന്നതിന് രാപ്പകൽ മുഴുകിയിരിക്കുന്നു. പക്ഷേ, എന്നിട്ടും രാജ്യാധികാരത്തിന് ശക്തമായ നഷ്ടമുണ്ടാക്കുന്ന അബദ്ധങ്ങൾ അവരിൽ നിന്നുമുണ്ടാകുന്നു. ചിലപ്പോൾ ഉന്മൂലനാശംതന്നെ സംഭവിക്കുന്നു. പക്ഷേ, ഈ ദുൻയാവിലെ വ്യവഹാരങ്ങൾ തെറ്റു ചെയ്യുകയില്ല. ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്നതാണ് സത്യം. അവൻ വലിയ വിശാലമായ ലോകത്തിന്റെ ഉടമസ്ഥനും പ്രതാപവാനുമാണ്. അവനില്ലായിരുന്നെങ്കിൽ ഈ സകല ഏർപാടും കാണാൻ കഴിയുമായിരുന്നില്ല.

ദൈവനിഷേധികൾ എപ്പോഴും നിന്ദ്യരും പരാജിതരുമാകുമെന്ന് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നു. അവർ അബദ്ധത്തിലാണുള്ളത് എന്നതിന് ഇതും തെളിവാകുന്നു. ഫിർഔനിന്റെ സംഭവം ദൈവനിഷേധികളെ എങ്ങനെയാണ് നിന്ദ്യരും പരാജിതരുമാക്കുന്നതിനുള്ള വ്യക്തമായ തെളിവാണ്.

ദൈവാസ്തിക്യം സ്ഥാപിക്കുന്നവർ എല്ലാ നാട്ടിലും ജനിച്ചിട്ടുണ്ട്. അവർ എതിർക്കപ്പെട്ടതുപോലെ മറ്റാരും എതിർക്കപ്പെട്ടിട്ടില്ല. എന്നാൽ, ലോകത്തിന് അവരെ എന്തു ചെയ്യാൻ കഴിഞ്ഞു? അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വമൻ യത്തവല്ലല്ലാഹ വ റസൂലഹൂ വല്ലദീന ആമനൂ ഫഇന്ന ഹിസ്ബല്ലാഹി ഹുമുൽ ഗാലിബൂൻ**( 5:57).അല്ലാഹുവിനേയും അവന്റെ റസൂലിനേയും സത്യവിശ്വാസികളേയും മിത്രങ്ങളാക്കുന്നുണ്ടവർ, അവർ അല്ലാഹുവിന്റെ സംഘമാകുന്നു, അവർ തന്നെയാണ് വിജയിക്കുന്നവർ.

വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു ദുആ സ്വീകരിക്കുന്നുവെന്നാണ്. പ്രാർഥനാസ്വീകാര്യത സ്വയമേവ ദൃഷ്ടാന്തം വെളിപ്പെടുത്തുന്നു. വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) ദൈവാസ്തിക്യം സമർഥിക്കുന്നതിന് സമർപ്പിച്ച ഒരു തെളിവ് ഇതാകുന്നു: 'മാരകമായ രോഗം ബാധിച്ച ഏതാനും രോഗികളെ തിരഞ്ഞെടുത്ത് വീതം വെക്കുക. ഒരു വിഭാഗത്തെ ഡോക്ടർ ചികിത്സിക്കട്ടെ, എന്റെ വിഹിതത്തിൽ വരുന്നവർക്കുവേണ്ടി ഞാൻ പ്രാർഥിക്കാം. എന്നിട്ട് ആരുടെ രോഗികളാണ് സുഖപ്പെടുന്നതെന്ന് നോക്കാം.' ഇനി ഈ പരീക്ഷണമാർഗത്തിലും വല്ല സംശയവും ബാക്കിയുണ്ടോ? പേപ്പട്ടി കടിച്ച ഒരു കുട്ടി സുഖപ്പെട്ടുവെങ്കിലും വീണ്ടും പേയിളകി. അവനെ വീണ്ടും ചികിത്സിക്കാൻ കസൗലിയിലെ ഡോക്ടർമാർ തയ്യാറായില്ല. ചികിത്സയൊന്നുമില്ലെന്ന് പറഞ്ഞ് അവർ കത്തെഴുതി. ഹദ്റത്ത് അഹ്മദ്(അ) ദുആ ചെയ്തു. കുട്ടി സുഖപ്പെടുകയും ചെയ്തു. യഥാർഥത്തിൽ സുഖമായതിനുശേഷം പേയിളകിയ രോഗി വീണ്ടും സുഖപ്പെട്ടതായി ചരിത്രമില്ല. ചുരുക്കത്തിൽ പ്രാർഥന സ്വീകരിക്കപ്പെടുന്നത്,അത് സ്വീകരിക്കുന്നതിന് ഒരാൾ ഉണ്ട് എന്നുള്ളതിനുള്ള തെളിവാകുന്നു.


ആരാണോ തനിക്കുവേണ്ടി പരിശ്രമിക്കുന്നത് താൻ അവർക്കു തന്റെ വഴി കാണിച്ചുകൊടുക്കുന്നുവെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. ഇപ്രകാരം സത്യഹൃദയത്തോടെ ആരെങ്കിലും ദുആ ചെയ്താൽ കുറഞ്ഞത് 40 ദിവസംവരെ അതനുസരിച്ച് പ്രവർത്തിച്ചാൽ അയാൾ ഏതു മതത്തിൽ ജനിച്ചവനാണെങ്കിലും ഏതു രാജ്യക്കാരനാണെങ്കിലും സർലോക പരിപാലകൻ അവന് തീർച്ചയായും സന്മാർഗം കാണിച്ചുകൊടുക്കുന്നതാണ്. അല്ലാഹു തന്നിൽ തന്റെ അസ്തിത്വം സ്ഥാപിക്കുന്നതും തന്റെ മനസ്സിൽനിന്ന് എല്ലാവിധ മാലിന്യങ്ങളും തികച്ചും അകന്നുപോകുന്നതും അവൻ വേഗം കാണുന്നതായിരിക്കും.

ഇന്ന് ലോകം ലൗകികാരാധകർ ആയിക്കഴിഞ്ഞിരിക്കുന്നു. മതത്തിൽനിന്ന് ദൂരത്താകുകയും തങ്ങളുടെ സ്രഷ്ടാവിനെ മറക്കുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥകളിൽ ദൈവാസ്തികൃത്തിനുള്ള തെളിവുകൾ പഠിക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അല്ലാഹുവുമായുള്ള ബന്ധത്തിൽ അഭിവൃദ്ധിപ്പെടുകയും ജീവദായകമായ ഈ യാഥാർഥ്യം പറഞ്ഞുകൊടുക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾക്ക് ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ


വസ്സലാം.

വിനീതൻ

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**



Hazrat Mirza Ghulm Ahmad[as] The Promised Messiah And Mahdi (1835-1908)




**Hazrat Mirza Masroor Ahmad[aba] The Fifth Khalifa After The Promised Messiah**

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

# ഉള്ളടക്കം

എഡിറ്റോറിയൽ

ദൈവാസ്തികൃത്തെ സംബന്ധിച്ച്
അല്ലാഹു

ദൈവാസ്തികൃത്തെ സംബന്ധിച്ച്
നബി(സ)തിരുമേനി

ദൈവാസ്തികൃത്തെ സംബന്ധിച്ച്
ഹദ്റത്ത് മസീഹ് മൗഊദ്(അ)

ദൈവാസ്തികൃത്തിനുള്ള 10 തെളിവുകൾ
– മുസ്‌ലിഹ് മൗഊദ്(റ)

ഹമാരാ ഖുദാ
–ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)

അല്ലാഹുവിന്റെ സ്വിഫത്തുകൾ
–മാമൂൻ അർറശീദ് തബ്‌രീസ്

ദൈവാസ്തികൃത്തിന്റെ
മഹാനായ പ്രേമി നബി(സ)
–സലീക് അഹ്മദ് നാഇക്

ദൈവാസ്തികൃം
ദുആ സ്വീകാര്യതയുടെ ദർപണത്തിൽ
–സയ്യിദ് കലീമുദ്ദീൻ അഹ്മദ്

ദൈവാസ്തികൃത്തിനുള്ള ബൗദ്ധിക തെളിവുകൾ
–മുഹമ്മദ് ശരീഫ് കൗസർ

# നബി(സ)തിരുമേനിക്ക് അല്ലാഹുവിനോടുള്ള അതുല്യപ്രേമവും സ്നേഹവും

മുസ്‌ലിമാകുന്നതിന് ഏറ്റവുമാദ്യം ഏറ്റു പറയേണ്ടത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വചനമാണ്. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആരാധനയ്ക്കർഹൻ അവൻ മാത്രമാണ്. അവന്റെ മുമ്പിൽമാത്രമാണ് മനുഷ്യൻ സുജൂദ് ചെയ്യേണ്ടത്. ആവശ്യങ്ങൾ ചോദിക്കേണ്ടത് അവനോടാണ്. കാരണം അല്ലാഹു തന്നെയാണ് നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനും. അല്ലാഹുതന്നെയാണ് നമ്മുടെ റബ്ബ് അഥവാ പരിപാലകൻ. അവൻ റഹ്മാനാണ്. അതായത് അതിരറ്റ് കരുണ ചെയ്യുന്നവനും ചോദിക്കാതെ നല്കുന്നവനും. അവൻ റഹീമാണ്. അതായത് ചോദിക്കുമ്പോൾ നല്കുന്നവനും അവൻതന്നെ. ആവർത്തിച്ച് കരുണചെയ്യുന്നവൻ. അല്ലാഹുവിന് തന്റെ ഏകത്വം എത്രമാത്രം പ്രിയപ്പെട്ടതും ഇഷ്ടപ്പെട്ടതുമാണെന്നാൽ അന്യാരാധന അവൻ വമ്പിച്ച അക്രമമായി നിശ്ചയിച്ചിരിക്കുന്നു. പ്രതാപവാനായ അല്ലാഹു സകല പാപങ്ങളും  പൊറുത്തുതരാൻ കഴിവുള്ളവനാണ്. പക്ഷേ, ശിർക്ക് അഥവാ ബഹുദൈവാരാധന പൊറുക്കപ്പെടുകയില്ലെന്ന് അവൻ പറയുന്നു:**ഇന്നല്ലാഹ ലാ യഗ്ഫിറു അൻയ്യുശ്റക്ക് ബിഹീ വ യഗ്ഫിറു മാദൂന ദാലിക്ക  ലിമൻയ്യശാഉ**(4:117). ഇതിന്റെ തർജമ ഇപ്രകാരമാണ്: തീർച്ചയായും തന്നോടു കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള മറ്റു പാപങ്ങൾ താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്.

തനിക്ക് ആരെയെങ്കിലും പങ്കുകാരാക്കി വെക്കുന്ന പാപം അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതിനുതാഴെയുള്ള പാപങ്ങളെ അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കുന്നതാണ്. മാപ്പാക്കുന്നതാണ്. അല്ലാഹുവിന് പങ്കുകാരെ വെക്കുന്നവൻ(മനസ്സിലാക്കിക്കൊള്ളട്ടെ),അവൻ നേരായ വഴിയിൽനിന്ന് വളരെ ദുരത്തായി കിടക്കുന്നുവെന്ന്.

ഒരിടത്ത് അല്ലാഹു ശിർക്കിനെ അപലപിച്ചുകൊണ്ട് വളരെയധികം ഗാംഭീര്യവും ഭീഷണവുമായ വാക്കുകളിൽ പറഞ്ഞിരിക്കുന്നു: **വ ഖാലുത്തഖദർറഹ്മാനു വലദാ. ലഖദ് ജിഅ്ത്തും ശയ്അൻ ഇദ്ദാ. തകാദുസ്സമാവാത്തു യത്തഫത്ത്വർന മിൻഹു വതൻശഖ് ഖുൽഅർളു വ തഖിർറുൽജിബാലു ഹദ്ദാ. അൻ ദഅവ് ലിർറഹ്മാനി വലദാ.**(മർയം 89 – 92)

'പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു' എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കരനിഷിദ്ധകൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നുപോകുകയും പർവതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം. പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ചതു കാരണത്താൽ.

ഇതുമാത്രമല്ല. ആരാണോ ശിർക്കിന്റെ അവസ്ഥയിൽ മരിക്കുന്നത് അവന്റെ മഗ്ഫിറത്തിനുള്ള ദുആയും അല്ലാഹുവിന്റെ ദർബാറിൽനിന്ന് തിരസ്കരിക്കപ്പെടുന്നതായിരിക്കും. അതിലുള്ള യുക്തി ഏതൊരു അല്ലാഹുവിനാണോ അവൻ ജീവിതംമുഴുവൻ പങ്കുകാരെ വെച്ചുകൊണ്ടിരുന്നത് അതേ ദൈവത്തിൽനിന്ന് അവന്റെ മഗ്ഫിറത്തിനുള്ള ദുആ അവസാനം ഏതു വായകൊണ്ടാണ് ചോദിക്കേണ്ടത്.

താഴെ ചേർക്കുന്ന വരികളിൽ ഞങ്ങൾ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടെ തന്റെ യജമാനരായ അല്ലാഹുവിനോടുള്ള അതുല്യമായ സ്നേഹവും തൗഹീദിന്റെ പ്രബോധനത്തിനും പ്രചാരണത്തിനുമുള്ള അസാമാന്യമായ ത്യാഗവും, തീവ്രമായ അനുരാഗത്തിന്റേയും അത്യധ്വാനത്തിന്റേയും ഒരു ചെറിയ സ്ഫുരണം സമർപിക്കാൻ ശ്രമിക്കുകയാണ്.

അറേബ്യയുടെ അന്തരീക്ഷം ബിംബാരാധനകൊണ്ടു നിറഞ്ഞിരുന്നു. തൗഹീദിന്റെ ധ്വജവാഹകയും അല്ലാഹുവിന്റെ ആദ്യത്തെ ഭവനവുമായ കഅ്ബാദേവാലയത്തിൽ 360 ബിംബങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. അത്തരം അന്തരീക്ഷത്തിൽ ബഹുദൈവാരാധനയിൽനിന്ന് രക്ഷപ്പെടുക എന്നത് അസാധ്യമായൊരു കാര്യമായിരുന്നു. പക്ഷേ, അല്ലാഹു എപ്പോഴും അന്യാരാധനയുടെ മാലിന്യത്തിൽനിന്ന് നബി(സ)തിരുമേനിയെ സുരക്ഷിതനാക്കിവെച്ചു. മനുഷ്യകുലത്തിന്റെ പ്രകൃതിയിൽ അല്ലാഹു തന്റെ ഏകദൈവത്വത്തിനോടുള്ള ആകർഷണം നിക്ഷേപിച്ചിരിക്കുന്നു. ഈ ആകർഷണം നമ്മുടെ നബി(സ)തിരുമേനിയുടെ പ്രകൃതിയിൽ എത്രമാത്രമാണ് ഉണ്ടായിരുന്നതെന്നാൽ നബി(സ)തിരുമേനിയെ ദൈവാന്വേഷണത്തിനായി ഹിറാ മലയുടെ ഒരു ഗുഹയിൽ ഇടയ്ക്കിടെ കൊണ്ടുപോയിരുന്നു. അവിടെ അദ്ദേഹം ദിവസങ്ങളോളം നിരന്തരം ആരാധനയിൽ മുഴുകി. വീട്ടിൽ പോകുമായിരുന്നില്ല. അതിലേക്ക് സൂചനനല്കിക്കൊണ്ട് അല്ലാഹു പറയുന്നു: **വവജദക്കളാല്ലൻ ഫഹദാ** അല്ലാഹു നിന്നെ തന്റെ അന്വേഷണത്തിൽ സ്വന്തം അസ്തിത്വത്തിൽനിന്ന്, ലോകത്തിൽനിന്നും അതിലുള്ളതിൽനിന്നും അജ്ഞനും സർവവും നഷ്ടപ്പെടുത്തിയവനുമായി കണ്ടു. അങ്ങനെ അവൻ നിനക്ക് തന്റെ വഴി കാണിച്ചു. നുബുവ്വത്ത് സ്ഥാനത്ത് അവരോധിതനായതിനുശേഷം തൗഹീദിന്റെ പ്രബോധനത്തിലും പ്രചാരണത്തിലും നബി(സ)തിരുമേനി വഹിച്ച ബുദ്ധിമുട്ടുകളുടേയും സഹിച്ച അക്രമങ്ങളുടേയും വൃത്താന്തം ദീർഘമാണ്. മക്കക്കാർ ആ മഹാത്മാവിനെ മണ്ണുവാരി എറിഞ്ഞു. അവിടന്ന് നടക്കുന്നവഴികളിൽ മുള്ളുകൾ വിതറി. അവിടന്ന് നമസ്കാരത്തിൽ സുജൂദിലായിരിക്കുമ്പോൾ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്നു മുതുകിലിട്ടു. ചീത്തവിളി സാധാരണകാര്യമായിരുന്നു. നബി(സ) തിരുമേനിയെ അദ്ദേഹത്തിന്റെ ദൗത്യത്തിൽ പരാജയപ്പെടുത്താൻ സകല അക്രമങ്ങളും അവർ ചെയ്തു. എല്ലാ ചങ്ങലകളും പ്രയോഗിച്ചു. അവസാനം കൊന്നുകളയാമെന്ന് ദൃഢമായ തീരുമാനവും എടുത്തു. ത്വാഇഫിൽ പോയപ്പോൾ അവിടുത്തെ തെമ്മാടി യുവാക്കൾ ആ മഹാത്മാവിനെ കല്ലെറിഞ്ഞു പരിക്കേല്പിച്ചു. അവിടന്ന് ത്വാഇഫിന്റെ പ്രധാനമന്ത്രിയായ അബ്ദെയാലീലിനെ തബ്‌ലീഗ് ചെയ്തു. അപ്പോൾ അയാൾ പരിഹസിച്ചുവെന്നുമാത്രമല്ല, തെമ്മാടിയുവാക്കളെ അദ്ദേഹത്തിന്റെ പിന്നാലെ വിട്ടു. നബി(സ)തിരുമേനി നഗരത്തിൽനിന്ന് പുറപ്പെട്ടപ്പോൾ അവർ ആരവം മുഴക്കുകയും അസഭ്യങ്ങൾ പുലമ്പുകയും ചെയ്തുകൊണ്ട് പിന്നാലെ പോയി. കല്ലെറിഞ്ഞു. അതുമുഖേന അവിടത്തെ ശരീരം രക്തത്തിൽ കുളിച്ചു. തുടർച്ചയായി മൂന്നുമൈൽവരെ  ഇക്കൂട്ടർ ചീത്തവിളിച്ചും കല്ലെറിഞ്ഞും പിന്നാലെ പോയിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പേജ് 204)

അവിടത്തെ ഈ യാത്രയെ സംബന്ധിച്ച് അവിടന്ന് ഈ യാത്രയിൽ അതുല്യമായ ത്യാഗത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃകകാണിച്ചുവെന്ന് ശത്രുക്കൾക്കും അംഗീകരിക്കേണ്ടിവന്നു. സർ വില്യം മുയിർ തന്റെ നബി ചരിത്രത്തിൽ ഇപ്രകാരം പറയുന്നു:

There is something lofty and heroic in this journey of Muhammad to Al-Taif: a solitary man, despised and rejected by his own people, going boldly forth in the name of God, like Jonah to Ninevah, and summoning an idolatrous city to repent and support his mission. It sheds a strong light on the intensity of his belief in the divine origin of his calling (Life of Muhammad, Sir William Muir, 1923 Edition p.112-113)

"ത്വാഇഫിലേക്കുള്ള മുഹമ്മദ് നബിയുടെ ഈ യാത്ര ഉദാത്തവും വീരോചിതവും തന്നെ. സ്വന്തം നാട്ടുകാരാൽ കൈയൊഴിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്ത ഒരു വ്യക്തി, ദൈവത്തിൽ മാത്രം ആശ്രയം അർപ്പിച്ചുകൊണ്ട് ഒറ്റക്കു നിർഭയം നടന്നു നീ

ശേഷം പേജ്  16ൽ

# അല്ലാഹു ഏകനാകുന്നു അവനല്ലാതെ ഒരു ആരാധ്യനുമില്ല; എന്നെന്നും ജിവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനും.

**(ദൈവാസ്തിക്യത്തെ കുറിച്ച് അല്ലാഹുവിന്റെ ഉപദേശങ്ങൾ)**

**അല്ലാഹു ഏകനാകുന്നു അവനല്ലാതെ ഒരു ആരാധ്യനുമില്ല.**

وَاِلٰهُكُمْ اِلٰهٌ وَّاحِدٌ ۚ لَآ اِلٰهَ اِلَّا هُوَ الرَّحْمٰنُ الرَّحِيْمُ ○ (2:164)

നിങ്ങളുടെ ദൈവം ഏക ദൈവമാകുന്നു. പരമകാരുണികനും കരുണാമയനുമായ അവനല്ലാതെ വേറെയൊരു ആരാധ്യനുമില്ല.

**അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു:**

اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ ؕ (24:36)

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാകുന്നു.

**ജീവിതവും മരണവും അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണ്:**

كَيْفَ تَكْفُرُوْنَ بِاللّٰهِ وَكُنْتُمْ اَمْوَاتًا فَاَحْيَاكُمْ ۚ ثُمَّ يُمِيْتُكُمْ ثُمَّ يُحْيِيْكُمْ ثُمَّ اِلَيْهِ تُرْجَعُوْنَ ○ (2:29)

നിങ്ങൾ അല്ലാഹുവിനെ എങ്ങനെ നിഷേധിക്കും. നിങ്ങൾ നിർജീവരായിരുന്നു. എന്നിട്ട് അവൻ നിങ്ങളെ ജീവനുള്ളവരാക്കി. ഇനി അവൻ നിങ്ങളെ മരിപ്പിക്കുകയും പിന്നെ ജീവപ്പിക്കുകയും ചെയ്യും. എന്നിട്ട് നിങ്ങൾ അവനിലേക്കുതന്നെ മടക്കപ്പെടുന്നതുമാണ്.

**അല്ലാഹു മാത്രമാണ് അനശ്വരൻ:**

كُلُّ مَنْ عَلَيْهَا فَانٍ ○ وَّيَبْقٰى وَجْهُ رَبِّكَ ذُو الْجَلٰلِ وَالْاِكْرَامِ ○ (55:27-28)

അവിടെ(ഭൂമുഖത്ത്) ഉള്ളവരെല്ലാം നശിച്ചുപോകുന്നവരാണ്. പ്രഭാവത്തിന്റേയും ആദരവിന്റേയും ഉടമസ്ഥനായ നിന്റെ നാഥന്റെ അന്തസ്സ് മാത്രം അവശേഷിക്കുന്നതായിരിക്കും.

**എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനും:**

اَللّٰهُ لَآ اِلٰهَ اِلَّا هُوَ ۚ اَلْحَيُّ الْقَيُّوْمُ ۚ لَا تَاْخُذُهٗ سِنَةٌ وَّلَا نَوْمٌ ؕ لَهٗ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ ؕ مَنْ ذَا الَّذِيْ يَشْفَعُ عِنْدَهٗٓ اِلَّا بِاِذْنِهٖ ؕ يَعْلَمُ مَا بَيْنَ اَيْدِيْهِمْ وَمَا خَلْفَهُمْ ۚ وَلَا يُحِيْطُوْنَ بِشَيْءٍ مِّنْ عِلْمِهٖٓ اِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْاَرْضَ ۚ وَلَا يَـُٔوْدُهٗ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيْمُ ○ (2:256)

അല്ലാഹു- അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്ക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെയടുക്കൽ ശിപാർശ ചെയ്യുന്നവൻ ആരുണ്ട്. മനുഷ്യരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവനറിയുന്നു. അവന്റെ അറിവിൽനിന്ന് അവനുദ്ദേശിച്ചതല്ലാതെ ഒന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു.

**അല്ലാഹു സ്വാശ്രയനാണ്; അവനെപ്പോലെ ആരുമില്ല:**

قُلْ هُوَ اللّٰهُ اَحَدٌ ○ اَللّٰهُ الصَّمَدُ ○ لَمْ يَلِدْ ۙ وَلَمْ يُوْلَدْ ○ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ○ (അധ്യായം:112)

പറയുക! അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവാധിനാഥനാണ്. അവൻ സന്താനോല്പാദനം ചെയ്തിട്ടില്ല. അവൻ ആരുടേയും സന്താനമായി ജനിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു സമനായി ആരുംതന്നെയില്ല.

**എല്ലാ വസ്തുവും അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുന്നു:**

تُسَبِّحُ لَهُ السَّمٰوٰتُ السَّبْعُ وَالْاَرْضُ وَمَنْ فِيْهِنَّ ؕ وَاِنْ مِّنْ شَيْءٍ اِلَّا يُسَبِّحُ بِحَمْدِهٖ وَلٰكِنْ لَّا تَفْقَهُوْنَ تَسْبِيْحَهُمْ ؕ اِنَّهٗ كَانَ حَلِيْمًا غَفُوْرًا ○ (17:45)

ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവുമില്ലതന്നെ. പക്ഷേ, അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. തീർച്ചയായും അവനെത്രയും സഹനശീലനും സർവഥാ പൊറുക്കുന്നവനുമാകുന്നു.

**സന്മാർഗം അല്ലാഹുവിന്റെ കൃപയിൽ നിലകൊള്ളുന്നു:**

لَا تُدْرِكُهُ الْاَبْصَارُ ۫ وَهُوَ يُدْرِكُ الْاَبْصَارَ ۚ وَهُوَ اللَّطِيْفُ الْخَبِيْرُ ○ (6:104)

ദൃഷ്ടികൾ അവനിലേക്കെത്തുകയില്ല;എന്നാൽ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.

**ജീവനാഡിയെക്കാൾ അടുത്തുള്ളവനാണ് അല്ലാഹു:**

وَلَقَدْ خَلَقْنَا الْاِنْسَانَ وَنَعْلَمُ مَا تُوَسْوِسُ بِهٖ نَفْسُهٗ ۖ وَنَحْنُ اَقْرَبُ اِلَيْهِ مِنْ حَبْلِ الْوَرِيْدِ ○ (50:17)

സത്യമായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് അവനോടു മന്ത്രിക്കുന്നതെന്തോ നാം അതറിയുന്നു. അവന്റെ ജീവനാഡിയെക്കാൾ നാം അവനുമായി അടുത്താണ്.

**അവനുദ്ദേശിക്കുന്നവർക്ക് അന്തസ് നല്കുന്നു:**

قُلِ اللّٰهُمَّ مٰلِكَ الْمُلْكِ تُؤْتِي الْمُلْكَ مَنْ تَشَآءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَآءُ ۫ وَتُعِزُّ مَنْ تَشَآءُ وَتُذِلُّ مَنْ تَشَآءُ ؕ بِيَدِكَ الْخَيْرُ ؕ اِنَّكَ عَلٰى كُلِّ شَيْءٍ قَدِيْرٌ ○ (3:27)

പറയുക! സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ!നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു; നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ് നല്കുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്. നിസംശയം! നീ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു.

## ഇസ്‌ലാം

**ഇസ്‌ലാം എന്ന പദത്തിന്റെ അർഥം ശാന്തി, സമാധാനം എന്നാണ്. ഇസ്‌ലാംമത വിശ്വാസി അഥവാ മുസ്‌ലിം എന്നു പറഞ്ഞാൽ പരിപൂർണമായും സർവേശ്വരന് കീഴ്തൊങ്ങി ജീവിക്കുന്നവൻ എന്നാകുന്നു. ഇക്കാലത്ത് സർവശക്തനായ ദൈവത്തിൽനിന്ന് സർവ മനുഷ്യർക്കുംവേണ്ടി ആഗതരായ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ, സർവ ജനങ്ങളുടേയും മാർഗദർശിയായി നിയോഗിതനായ മഹാത്മാവ് ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദ് (അ) എന്താണ് ഇസ്‌ലാം എന്ന് വിശദീകരിച്ചുകൊണ്ടു പറയുന്നു:**

**"സർവേശ്വരന്റെ സർവ നിയന്ത്രണങ്ങളുടേയും കീഴെ വരുന്നതിന്റെ പേരാണ് ഇസ്‌ലാം. സർവേശ്വരനോടുള്ള സത്യസന്ധവും പരിപൂർണവുമായ അനുസരണമാണ് അതിന്റെ ചുരുക്കം. പ്രതിഫലേച്ഛയൊന്നും കൂടാതെ തന്റേതായ സർവതും സർവേശ്വരനായ അല്ലാഹുവിന്റെ തിരുമുമ്പിൽ വെക്കുന്നവനാണ് മുസ്‌ലിം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, മൻ അസ്‌ലമ വജ്‌ഹഹൂ ലില്ലാഹി വഹുവ മുഹ്‌സിനുൻ (2:113).**

**അല്ലാഹു പറയുന്നു: എന്റെ ദാസരേ! ദ്രോഹം ചെയ്യുന്നത് ഞാൻ എന്നിൽ ഹറാമാക്കിവെച്ചിരിക്കുന്നു. നിങ്ങളെല്ലാവരും വഴിതെറ്റിയവരാണ്, ഞാൻ നേരായ മാർഗത്തിൽ നടത്തുന്നവരൊഴികെ. അതുകൊണ്ട് എന്നോടു സന്മാർഗം തേടുക. ഞാൻ നിങ്ങൾക്ക് സന്മാർഗം നല്കും.**

# ദൈവാസ്തികൃത്തെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ

عَنْ هَمَّامِ بْنِ مُنَبِّهٍ قَالَ هٰذَا مَا حَدَّثَنَا بِهٖ اَبُوْ هُرَيْرَةَ رضی اللہ عنہ عَنْ رَسُوْلِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ اللهُ عَزَّوَجَل كَذَّبَنِىْ عَبْدِىْ وَلَمْ يَكُنْ لَّهٗ ذٰلِكَ، وَشَتَمَنِىْ وَلَمْ يَكُنْ لَّهٗ ذٰلِكَ، تَكْذِيْبُهٗ اِيَّاىَ اَنْ يَّقُوْلَ فَلَنْ يُّعِيْدَنَا كَمَا بَدَأَنَا، وَاَمَّا شَتْمُهٗ اِيَّاىَ يَقُوْلُ اِتَّخَذَ اللهُ وَلَدًا، وَأَنَا الصَّمَدُ الَّذِىْ لَمْ اَلِدْ وَلَمْ اُوْلَدْ، وَلَمْ يَكُنْ لِّىْ كُفُوًا اَحَدٌ۔

ഹദ്റത്ത് ഹമ്മാം ബിൻ മുനബ്ബ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു, എന്റെ ദാസർ എന്നെ കളവാക്കുന്നു, വാസ്തവത്തിൽ അവൻ അങ്ങനെ ചെയ്യാതിരിക്കേണ്ടതാണ്. അവർ എന്നെ ചീത്തപറയുന്നു. വാസ്തവത്തിൽ അങ്ങനെ പറയാൻ അവർക്ക് അവകാശമില്ലായിരുന്നു. എന്നെ കളവാക്കുന്നുവെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം എങ്ങനെ തങ്ങളെ ആദ്യം സൃഷ്ടിച്ചുവോ അതുപോലെ വീണ്ടും തങ്ങളെ സൃഷ്ടിക്കാൻ കഴിയുകയില്ലെന്ന് പറഞ്ഞതാണ്. എന്നെ ചീത്ത പറയുക എന്നതിന്റെ ഉദ്ദേശ്യം അല്ലാഹു ആരേയോ തന്റെ മകനാക്കി എന്നു പറയുന്നതാണ്. വാസ്തവത്തിൽ എന്റെ സത്ത സ്വമദ് സർവാശ്രിതൻ എന്നതാണ്. അതായത് എനിക്കൊരു മകനുമില്ല, ഞാൻ ജനിപ്പിക്കപ്പെട്ടവനുമല്ല. അതായത് ഞാൻ ആരുടേയും മകനല്ല, എനിക്കു സമനായി ആരുംതന്നെയില്ല.(മുസ്നദ് അഹ്മദ്, ഹദീഖത്തുസ്സ്വാലിഹിൽനിന്നെടുത്തത്. ഹദീഥ് നമ്പർ 11)

عن اَبِىْ ذَرٍّ رَضِىَ اللهُ عَنْهُ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فِيْمَا يَرْوِىْ عَنِ اللهِ تَبَارَكَ وَتَعَالٰى اَنَّهٗ قَالَ يَا عِبَادِىْ اِنِّىْ حَرَّمْتُ الظُّلْمَ عَلٰى نَفْسِىْ وَجَعَلْتُهٗ بَيْنَكُمْ مُحَرَّمًا فَلَا تَظَالَمُوْا، يَا عِبَادِىْ كُلُّكُمْ ضَآلٌّ اِلَّا مَنْ هَدَيْتُهٗ فَاسْتَهْدُوْنِىْ اَهْدِيْكُمْ، يَا عِبَادِىْ كُلُّكُمْ جَائِعٌ اِلَّا مَنْ اَطْعَمْتُهٗ فَاسْتَطْعِمُوْنِىْ اُطْعِمْكُمْ، يَا عِبَادِىْ كُلُّكُمْ عَارٍ اِلَّا مَنْ كَسَوْتُهٗ فَاسْتَكْسُوْنِىْ اَكْسُكُمْ، يَاعِبَادِىْ اِنَّكُمْ تُخْطِئُوْنَ بِاللَّيْلِ وَالنَّهَارِ وَاَنَا اَغْفِرُ الذُّنُوْبَ جَمِيْعًا فَاسْتَغْفِرُوْنِىْ اَغْفِرْلَكُمْ، يَاعِبَادِىْ اِنَّكُمْ لَنْ تَبْلُغُوْا ضُرِّىْ فَتَضُرُّوْنِىْ وَلَنْ تَبْلُغُوْا نَفْعِىْ فَتَنْفَعُوْنِىْ، يَاعِبَادِىْ لَوْ اَنَّ اَوَّلَكُمْ وَاٰخِرَكُمْ وَاِنْسَكُمْ وَجِنَّكُمْ كَانُوْا عَلٰى اَتْقٰى قَلْبِ رَجُلٍ وَاحِدٍ مِّنْكُمْ مَا زَادَ ذٰلِكَ فِىْ مُلْكِىْ شَيْئًا، يَاعِبَادِىْ لَوْ اَنَّ اَوَّلَكُمْ وَاٰخِرَكُمْ وَاِنْسَكُمْ وَجِنَّكُمْ كَانُوْا عَلٰى اَفْجَرِ قَلْبِ رَجُلٍ وَاحِدٍ مِّنْكُمْ مَا نَقَصَ ذٰلِكَ مِنْ مُلْكِىْ شَيْئًا، يَاعِبَادِىْ لَوْ اَنَّ اَوَّلَكُمْ وَاٰخِرَكُمْ وَاِنْسَكُمْ وَجِنَّكُمْ قَامُوْا فِىْ صَعِيْدٍ وَاحِدٍ فَسَاَلُوْنِىْ فَاَعْطَيْتُ كُلَّ اِنْسَانٍ مَسْئَالَتَهٗ مَا نَقَصَ ذٰلِكَ مِمَّا عِنْدِىْ اِلَّا كَمَا يَنْقُصُ الْمِخْيَطُ اِذَا اُدْخِلَ الْبَحْرَ، يَاعِبَادِىْ اِنَّمَا هِىَ اَعْمَالُكُمْ اُحْصِيْهَا لَكُمْ ثُمَّ اُوَفِّيْكُمْ اِيَّاهَا فَمَنْ وَجَدَ خَيْرًا فَلْيَحْمَدِ اللهَ وَمَنْ وَجَدَ غَيْرَ ذٰلِكَ فَلَا يَلُوْمَنَّ اِلَّا نَفْسَهٗ۔

അബൂദർ(റ) വിവരിക്കുന്നു, നബി(സ)തിരുമേനി അല്ലാഹു പറഞ്ഞതായി പറഞ്ഞു: അല്ലാഹു പറയുന്നു: എന്റെ ദാസരേ! ദ്രോഹം ചെയ്യുന്നത് ഞാൻ എന്നിൽ ഹറാമാക്കിവെച്ചിരിക്കുന്നു.നിങ്ങളെല്ലാവരും വഴിതെറ്റിയവരാണ്, ഞാൻ നേരായമാർഗത്തിൽ നടത്തുന്നവരൊഴികെ. അതുകൊണ്ട് എന്നോടു സന്മാർഗം തേടുക. ഞാൻ നിങ്ങൾക്ക് സന്മാർഗം നല്കും. എന്റെ ദാസരേ! നിങ്ങളെല്ലാവരും വിശക്കുന്നവരാണ്; ഞാൻ തീറ്റിക്കുന്നവരൊഴികെ. അതുകൊണ്ട് എന്നോടു രിസ്ഖ് ചോദിക്കുക. എന്റെ ദാസരേ! നിങ്ങളെല്ലാവരും നഗ്നരാണ്;ഞാൻ വസ്ത്രം ഉടുപ്പിക്കുന്നവരൊഴികെ. അതുകൊണ്ട് എന്നോടു വസ്ത്രം ചോദിക്കുക. നിങ്ങളെ വസ്ത്രം ഉടുപ്പിക്കുന്നതാണ്. എന്റെ ദാസരേ! നിങ്ങൾ രാപകൽ തെറ്റുകൾ ചെയ്താലും നിങ്ങളുടെ പാപം പൊറുത്തുതരാൻ എനിക്കു കഴിയും. അതുകൊണ്ട് എന്നോടുമാത്രം പൊറുക്കലിനെ തേടുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരും. എന്റെ ദാസരേ! എനിക്ക് നഷ്ടമുണ്ടാക്കാനാഗ്രഹിച്ചാൽ ഒരു നഷ്ടവും ഉണ്ടാക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. നേട്ടമുണ്ടാക്കിത്തരാനാഗ്രഹിച്ചാൽ എന്തെങ്കിലും നേട്ടമുണ്ടാക്കിത്തരാനും കഴിയുകയില്ല. എന്റെ ദാസരേ!നിങ്ങളുടെ മുമ്പേയുളളവരും പിമ്പേയുളളവരുമായ എല്ലാ ഇൻസും ജിന്നും ഒന്നാംതരം മുത്തഖികളായാലും ഭക്തരായാലും നിങ്ങളിലെ ഏറ്റവും വലിയ മുത്തഖിയെപോലുളളവരായാലും, നിങ്ങൾ അങ്ങനെയാകുന്നത് എന്റെ രാജാധിപത്യത്തിൽ അണുഅളവ് വർധന ഉണ്ടാക്കുകയില്ല. എന്റെ ദാസരേ!നിങ്ങളുടെ മുമ്പേയുളളവരും പിമ്പേയുളളവരുമായ എല്ലാ ഇൻസും ജിന്നും അങ്ങേയറ്റം ദുർവൃത്തരും അവന്റെ മനസ്സ് ദുസ്വഭാവമുളളതായാലും നിങ്ങൾ അങ്ങനെയാകുന്നത് എന്റെ രാജാധിപത്യത്തിൽ ഏതെങ്കിലും തരത്തിലുള്ള കുറവും ഉണ്ടാക്കുകയില്ല. എന്റെ ദാസരേ!നിങ്ങളുടെ മുമ്പേയുളളവരും പിമ്പേയുളളവരുമായ എല്ലാ ഇൻസും ജിന്നും ഒരു മൈതാനത്ത് സംഘടിക്കുകയും നിങ്ങളുടെ ആവശ്യങ്ങൾ എന്നോടു ചോദിക്കുകയും ഞാൻ എല്ലാവരുടേയും ആവശ്യങ്ങൾ പൂർത്തീകരിച്ചുതന്നാലും സമുദ്രത്തിൽ സൂചിമുക്കിയെടുത്താൽ എത്രവെള്ളം അതിൽ പിടിക്കുമോ അത്രപോലും എന്റെ ഖജനാവിൽ കുറവുണ്ടാകുകയില്ല. എന്റെ ദാസരേ! ഇവ നിങ്ങളുടെ കർമങ്ങളാണ്. അതാണ് ഞാൻ കണക്കുകൂട്ടിയത്. ഞാനതിനെല്ലാം നിങ്ങൾക്ക് പൂർണമായും പ്രതിഫലം നല്കുന്നതാണ്. അതിനാൽ ഏതൊരു വ്യക്തിയ്ക്കാണോ നല്ല ഫലമുണ്ടായത് അവൻ അല്ലാഹുവിന് ശുക്ർ ചെയ്യട്ടെ. ഇതല്ലാതെ മറ്റെന്തങ്കിലും കണ്ടെത്തുന്നവൻ അതായത് പരാജയത്തിന്റെ മുഖം കാണുന്നവൻ സ്വയമേവ പഴിച്ചുകൊളളട്ടെ;അത് അവന്റെതന്നെ ദുഷ്കർമങ്ങളുടെ ഫലമാണ്.(മുസ്‌ലിം കിതാബുൽബിർറിവസ്സ്വിലത്തി ബാബു തഹ്‌രീമുൽള്ളുൽമി, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 12)

عَنْ اَبِىْ هُرَيْرَةَ رَضِىَ اللهُ عَنْهُ قَالَ : قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُوْلُ اللهُ تَعَالٰى اَنَا عِنْدَظَنِّ عَبْدِىْ بِىْ وَاَنَا مَعَهٗ حِيْنَ يَذْكُرُنِىْ فَاِنْ ذَكَرَنِىْ فِىْ نَفْسِهٖ ذَكَرْتُهٗ فِىْ نَفْسِىْ وَاِنْ ذَكَرَنِىْ فِىْ مَلَاٍ ذَكَرْتُهٗ فِىْ مَلَاٍ خَيْرٍ مِنْهُمْ وَاِنِ اقْتَرَبَ اِلَىَّ شِبْرًا اِقْتَرَبْتُ اِلَيْهِ ذِرَاعًا وَاِنِ اقْتَرَبَ اِلَىَّ ذِرَاعًا اِقْتَرَبْتُ اِلَيْهِ بَاعًا وَاِنْ اَتَانِىْ يَمْشِىْ اَتَيْتُهٗ هَرْوَلَةً۔ (ترمذی ابواب الدعوات، بحوالہ حدیقۃ الصالحین حدیث نمبر 80)

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു, ഞാൻ ദാസരുടെ ധാരണയനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ദാസൻ എന്നെ സ്മരിക്കുമ്പോൾ ഞാൻ അവനോടൊപ്പമുണ്ടാകുന്നു.അവൻ തന്റെ മനസ്സിലാണ് എന്നെ സ്മരിക്കുന്നതെങ്കിൽ ഞാനും അവനെ മനസ്സിൽ സ്മരിക്കുന്നതാണ്. അവനെന്നെ മജ്‌ലിസിൽ സ്മരിച്ചാൽ ഞാനും അവനെ അതിനെക്കാൾ ഉത്തമമായ മജ്‌ലിസിൽ സ്മരിക്കുന്നതാണ്. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നതായിരിക്കും. അവൻ എന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാൻ രണ്ടുമുഴം അവനിലേക്ക് പോകുന്നതാണ്. അവൻ എന്റെ അടുത്തേക്ക് നടന്നുവന്നാൽ ഞാൻ അവന്റെ അടുത്തേക്ക് ഓടിപ്പോകുന്നതായിരിക്കും.(തിർമുദി അബ്‌വാബുദ്ദഅ്‌വാത്ത്, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 80)

عَنْ عَبْدِ اللهِ بْنِ عُمَرَ رَضِىَ اللهُ تَعَالٰى عَنْهُمَا قَالَ قَرَأَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ هٰذِهِ الْاٰيَةَ وَهُوَ عَلَى الْمِنْبَرِ : وَالسَّمٰوٰتُ مَطْوِيّٰتٌم بِيَمِيْنِهٖ، سُبْحَانَهٗ وَتَعَالٰى عَمَّا يُشْرِكُوْنَ۔ قَالَ يَقُوْلُ اللهُ اَنَا الْجَبَّارُ، اَنَا الْمُتَكَبِّرُ، اَنَا الْمَلِكُ، اَنَا الْمُتَعَالُ يُمَجِّدُ نَفْسَهٗ قَالَ فَجَعَلَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُرَدِّدُهَا، حَتّٰى رَجِفَ بِهَا الْمِنْبَرُ حَتّٰى ظَنَنَّا اَنَّهٗ سَيَخِرُّ بِهٖ۔ (مسند احمد بحوالہ حدیقۃ الصالحین حدیث نمبر 10)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)വിവരിക്കുന്നു:നബി(സ)തിരുമേനി മിമ്പറിൽ ഖുത്ബ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഈ ആയത്ത് ഓതി:' ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുളുകളായി ഒതുങ്ങിയിരിക്കും. അവൻ പരിശുദ്ധനാണ്. അവർ പങ്കുകാരെ സങ്കൽപിക്കുന്നതിൽനിന്ന് അവൻ ഉന്നതനാകുന്നു.'നബി(സ)തിരുമേനി പറഞ്ഞു, അല്ലാഹു പറയുന്നു: ഞാൻ സർവശക്തനും നഷ്ടം അകറ്റുന്നവനുമാകുന്നു. വലുപ്പത്തരം എനിക്കുള്ളതാണ്. ഞാൻ രാജാവാകുന്നു. ഞാൻ അത്യുന്നതനാകുന്നു. അല്ലാഹു ഇപ്രകാരം തന്റെ മഹത്ത്വവും മാഹാത്മ്യവും വിവരിക്കുന്നു. നബി(സ)തിരുമേനി ഈ വാക്യങ്ങൾ മിമ്പർ വിറയ്ക്കുമാറ് ആവേശത്താൽ ആവർത്തിച്ചുകൊണ്ടിരുന്നു;മിമ്പർ മറിഞ്ഞുവീഴുമോ എന്ന് ഞങ്ങൾക്ക് തോന്നിപ്പോയി.(മുസ്നദ് അഹ്മദ്, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 10)

**സർവ്വശക്തനായൊരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു.**

**അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല.**

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാരോപദേശങ്ങൾ

'സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തഖ്ദീർ അതായത് ലോകത്തുള്ള സകല വസ്തുക്കളും ഒരു അളവിലും നിയമവ്യവസ്ഥിതിയോടുംകൂടി ചലിക്കുന്നതും നില്ക്കുന്നതും അതിന് ഒരു അളവു നിർണയിക്കുന്നവൻ തീർച്ചയായുമുണ്ടെന്ന് വിളിച്ചോതുന്നു. ഘടികാരം ആരെങ്കിലും ഉദ്ദേശ്യത്തോടെ ഉണ്ടാക്കിയിട്ടില്ലെങ്കിൽ അതെങ്ങനെയാണ് ഇത്രമാത്രം കൃത്യനിഷ്ഠയോടെ അതിന്റെ ചലനത്തെ നിലനിറുത്തിക്കൊണ്ട് നമുക്ക് ഫലപ്രദമാകുന്നത്. അതേ പ്രകാരം ആകാശത്തിലെ ഘടികാരം അതായത് അതിന്റെ ക്രമീകരണവും കൃത്യമായുള്ള ഏർപാടും പ്രകടിപ്പിക്കുന്നത് പ്രത്യേക ഉദ്ദേശ്യത്തോടും അർഥത്തോടും ഫലത്തിനുംവേണ്ടി ഉണ്ടാക്കപ്പെട്ടിരിക്കുന്നുവെന്നാണ്. ഇപ്രകാരം മനുഷ്യന് നിർമിക്കപ്പെട്ടവയിൽനിന്ന് നിർമാതാവിനേയും തഖ്ദീറിൽനിന്ന് മുഖദ്ദിറിനേയും തിരിച്ചറിയാൻ കഴിയുന്നതാണ്.

പക്ഷേ, ഇതിനെക്കാളുപരിയായി അല്ലാഹു തന്റെ അസ്തിത്വത്തിനുള്ള തെളിവായി മറ്റൊരു മാർഗം സ്ഥാപിച്ചിട്ടുണ്ട്. അതിതാണ്, അവൻ കാലേകൂട്ടി തന്റെ ഏതെങ്കിലും ഇഷ്ടദാസന് വിധി അറിയിച്ചുകൊടുക്കുന്നു. ഇന്ന ദിവസം ഇന്ന നേരത്ത് ഇന്ന കാര്യം നടത്താൻ താൻ തീരുമാനിച്ചിരിക്കുന്നുവെന്ന് അവരോടു പറയുന്നു. അല്ലാഹു തിരഞ്ഞെടുത്തിട്ടുള്ള ആ വ്യക്തി അത് ഇങ്ങനെ സംഭവിക്കാൻ പോകുന്നുവെന്ന് കാലേകൂട്ടി ജനങ്ങളെ അറിയിക്കുന്നു. പിന്നീട് അയാൾ പറഞ്ഞതുപോലെ തന്നെ സംഭവിക്കുകയും ചെയ്യുന്നു. ഇത് ദൈവാസ്തിക്യത്തിനുള്ള എങ്ങനെയുള്ള തെളിവാണെന്നാൽ എല്ലാ നിരീശ്വരവാദികളും ആ അവസരത്തിൽ ലജ്ജിതരും നിരുദ്ധകണ്ഠരുമായിത്തീരുന്നു. അല്ലാഹു നമുക്ക് അത്തരം ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു. അവ മുഖേന അല്ലാഹുവിന്റെ അസ്തിത്വത്തിൽ രുചികരമായ വിശ്വാസമുണ്ടാകുന്നു.'(മൽഫൂദാത്ത് വാല്യം 1, പേജ് 286, ഖാദിയാൻ 2018)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സർവ്വശക്തനായൊരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലവൻ എത്ര മാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹദഭാഗ്യരേ! ഇതാ ഈ നിർത്ധരിയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യുവാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്?

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്നു തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണുള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെച്ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല. (കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 21–22)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലയോ കേൾവിക്കാരെ കേട്ടുകൊള്ളുക!അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നുതന്നെ. അവനോടൊപ്പം നിങ്ങൾ ആരേയും കൂട്ടുചേർക്കരുത്. ആകാശത്തിലെന്നല്ല, ഭൂമിയിലും. നമ്മുടെ അല്ലാഹു മുമ്പെന്നെത്തേയും പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന അല്ലാഹു ആകുന്നു. അവൻ പണ്ടെല്ലാം സംസാരിച്ചിരുന്നതുപോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനാകുന്നു. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് ഒരു വ്യർഥവിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷങ്ങളും നിത്യങ്ങളും ശാശ്വതങ്ങളുമാകുന്നു. ഒരു ഗുണവും നിഷ്ക്രിയമായിരിക്കുന്നില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ തന്നെയാണ് ഏകനും പങ്കാളികളില്ലാത്തവനും. അവന് ഒരു പുത്രനുമില്ല; കളത്രവുമില്ല. അവൻ അതുല്യനാണ്. അവന് സമാനായി ആരുമില്ല. അവനെപ്പോലെ മറ്റൊരുത്തനും ഏതെങ്കിലും സ്വഭാവഗുണത്തിൽ പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. അവനോടു കിടപിടിക്കാൻ ആരുംതന്നെയില്ല. അവന് അനുഗുണനായും ആരുമില്ല. അവന്റെ ശക്തിക്ക് കുറവു പറ്റുകയില്ല. അവൻ അകലത്താണെങ്കിലും അടുത്തുള്ളവനാകുന്നു. അടുത്താണെങ്കിലും അകലത്തുള്ളവനാകുന്നു. അവൻ കശ്ഫിന്റെ അഹ്‌ലുകാർക്ക് സ്വയം സദൃശാത്മകരൂപത്തിൽ വെളിപ്പെടുന്നുവെങ്കിലും അവന് ഒരു ശരീരമില്ല;രൂപവുമില്ല. അവൻ സകലതിന്റേയും മീതെയാകുന്നു. എന്നാൽ, അവനു കീഴെ മറ്റാരെങ്കിലും ഉണ്ടെന്ന് പറഞ്ഞുകൂടാ. അവൻ അർശിലാണെങ്കിലും ഭൂമിയിലില്ലെന്ന് പറയാവതല്ല. അവൻ എല്ലാ പരിപൂർണഗുണങ്ങളുടേയും സമവായമാകുന്നു. എല്ലാ യഥാർഥ സ്തുത്യതയുടേയും പ്രതീകമാകുന്നു. എല്ലാ നന്മകളുടേയും ഉറവിടമാകുന്നു. എല്ലാ അനുഗ്രഹങ്ങളുടേയും നിർഗമസ്ഥാനമാകുന്നു. എല്ലാ ഓരോ വസ്തുവിന്റേയും ഒടുക്കവും മടക്കവും അവനിലേക്കാകുന്നു. അവൻ എല്ലാ ഓരോ രാജ്യത്തിന്റേയും ഉടമസ്ഥനാകുന്നു. എല്ലാ കഴിവുകളാലും വർണിക്കപ്പെട്ടവനാകുന്നു. എല്ലാ കുറവുകൾക്കും എല്ലാ ബലഹീനതകൾക്കും അതീതനാകുന്നു. ഭൂമിയിലുള്ളവരും ആകാശത്തുള്ളവരും അവനെ ആരാധിക്കണമെന്ന കാര്യത്തിൽ അവൻ പ്രത്യേകമാക്കപ്പെട്ടിരക്കുന്നു. അസംഭവ്യമായി ഒരു കാര്യവും അവന്റെ മുന്നിലില്ല. സകല ആത്മാക്കളും അവയുടെ ശക്തികളും സകല അണുക്കളും അവയുടെ ശക്തികളും അവന്റെ മാത്രം സൃഷ്ടികളാകുന്നു. അവനെ കൂടാതെ ഒരു വസ്തുവും വെളിപ്പെടുന്നില്ല. അവന്റെ ശക്തികളും കഴിവുകളും ദൃഷ്ടാന്തങ്ങൾ മുഖേനയാണ് അവൻ അവനെ സ്വയം വെളിപ്പെടുത്തുന്നത്. അവൻ മുഖേന മാത്രമെ നമുക്ക് അവനെ പ്രാപിക്കാൻ ആകുകയുള്ളു. സാത്വികരായ ആളുകൾക്ക് അവൻ അവന്റെ ഉണ്മയെ എപ്പോഴും വെളിപ്പെടുത്തിക്കൊടുക്കുകയും അവന്റെ അത്ഭുത ശക്തികളെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൻ മുഖേന തന്നെയാണ് അവനെ തിരിച്ചറിയാൻ കഴിയുമാറാകുന്നത്. അവൻ മുഖേന തന്നെയാണ് അവന് ഇഷ്ടപ്പെട്ട മാർഗവും തിരിച്ചറിയപ്പെടുന്നത്. ശാരീരികമായ കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ശാരീരികമായ കാതുകൾ കൂടാതെ അവൻ കേൾക്കുന്നു. ശാരീരികമായ നാവു കൂടാതെ അവൻ സംസാരിക്കുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ ഇല്ലാത്ത അവസ്ഥയിൽനിന്നുണ്ടാക്കുക അവന്റെ പ്രവൃത്തിയാകുന്നു. സ്വപ്നദൃശ്യത്തിൽ ഒരു പദാർഥവും കൂടാതെ ഒരു ലോകത്തെത്തന്നെ അവൻ സൃഷ്ടിക്കുന്നത് നിങ്ങൾ കാണുന്നതുപോലെ ഓരോ നശ്വരത്തേയും അസ്തിത്വം നശിച്ചതിനേയും നിവവിലുള്ളതാക്കി കാണിക്കുന്നു. ഇപ്രകാരംതന്നെയാണ് അവന്റെ

ശേഷം പേജ് 11ൽ

# ദൈവാസ്തിക്യത്തിനുള്ള 10 തെളിവുകൾ

## (സയ്യിദുനാ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനീ(റ))

പരിഭാഷ: എച്ച് ശംസുദ്ദീൻ കാവശ്ശേരി

اَفِی اللّٰہِ شَکٌّ فَاطِرِ السَّمٰوٰتِ وَالْاَرْضِ

ഇക്കാലഘട്ടത്തിൽ വിശ്വാസാദർശങ്ങൾക്കു മേൽ ഭൗതിക ലോകം ഉന്നയിക്കുന്ന ആക്ഷേപങ്ങളിൽ എറ്റവും ശക്തമായത് ദൈവനിഷേധമാണ്. ബഹുദൈവ വിശ്വാസികൾ ദൈവത്തിന് പങ്കുകാരെ സങ്കൽപ്പിക്കുന്നുവെങ്കിലും ചുരുങ്ങിയപക്ഷം ദൈവാസ്തിക്യത്തെ അംഗീകരിക്കുന്നവരാണ്. നാസ്തികന്മാർ പൂർണമായും നിഷേധികളാകുന്നു. എല്ലാ കാര്യങ്ങളും കാണുന്നതിൽ അധിഷ്ഠിതമാണെന്ന് ആധുനിക ശാസ്ത്രം പറയുന്നു. അതുകൊണ്ടുതന്നെ നാസ്തികന്മാർ ഉന്നയിക്കുന്ന ചോദ്യം, വല്ല ദൈവവുമുണ്ടെങ്കിൽ തങ്ങൾക്ക് കാണിച്ചു തരിക, കാണാത്തതിനെ തങ്ങൾ എന്തിന് വിശ്വസിക്കണം? എന്നാണ്. ആധുനികകാലത്തെ വായുപ്രവാഹം ഭൂരിഭാഗം യുവാക്കളുടേയും മനസ്സിൽനിന്ന് ആ പരിശുദ്ധ അസ്തിത്വത്തിന്റെ രൂപം തന്നെ മായ്ച്ചു കളഞ്ഞിരിക്കുന്നു. കോളേജുകളിലെ നൂറുക്കണക്കിന് വിദ്യാർഥികളും വക്കീലന്മാരും മറ്റും ദൈവാസ്തിക്യത്തെ നിഷേധിക്കുന്നവരായി മാറിക്കൊണ്ടിരിക്കുന്നു. അവരുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. ആയിരക്കണക്കിന് ആളുകൾ സമൂഹത്തേയും നാടിനേയും ഭയന്നുകൊണ്ട് ഇക്കാര്യം വെളിപ്പെടുത്തുന്നില്ലെങ്കിലും വാസ്തവത്തിൽ ഹൃദയത്തിൽ അവർക്ക് ദൈവത്തെ സംബന്ധിച്ച് ലവലേശം വിശ്വാസമില്ല. അല്ലാഹു അനുഗ്രഹിക്കുകയാണെങ്കിൽ ഇതേക്കുറിച്ച് ഒരു ലഘുലേഖ തയ്യാറാക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ഒരു പക്ഷേ, ഏതെങ്കിലും ശുദ്ധ മനസ്കന് ഇത് ഉപകാരപ്പെടും.

(1) ദൈവമുണ്ടെങ്കിൽ കാണിച്ചു തന്നാൽ തങ്ങൾ വിശ്വസിക്കാമെന്നാണ് നാസ്തികന്മാർ ഉന്നയിക്കുന്ന ആദ്യത്തെ പ്രശ്നം.

എനിക്ക് പല പ്രാവശ്യം ഈ ചോദ്യം കേൾക്കാൻ ഇടവന്നിട്ടുണ്ട്. എന്നാൽ, എപ്പോഴും ഇത് കേൾക്കുമ്പോൾ എനിക്ക് ആശ്ചര്യമാണ് തോന്നാറുള്ളത്. മനുഷ്യൻ പല വസ്തുക്കളെയും പല ഇന്ദ്രിയങ്ങളിലൂടെയാണ് മനസ്സിലാക്കുന്നത്. ചിലതിനെ കണ്ടുകൊണ്ടും, ചിലതിനെ സ്പർശിച്ചുകൊണ്ടും, ചിലതിനെ മണത്തുകൊണ്ടും, ചിലതിനെ കേട്ടുകൊണ്ടും, ചിലതിനെ രുചിച്ചുകൊണ്ടും അറിയുന്നു. നിറത്തെ കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നത് കണ്ടുകൊണ്ടാണ്; മണത്തുകൊണ്ടോ സ്പർശിച്ചു കൊണ്ടോ അല്ല. ആരെങ്കിലും നിറത്തെ പറ്റി താൻ അതിന്റെ ശബ്ദം കേട്ടെങ്കിൽമാത്രമേ അംഗീകരിക്കൂ എന്ന് പറഞ്ഞാൽ അയാൾ ബുദ്ധിശൂന്യനല്ലേ? അതുപോലെ കേട്ടാലാണ് ശബ്ദം മനസ്സിലാകുക. ആരെങ്കിലും ഇന്ന ആളുടെ ശബ്ദം കാണിച്ചു തന്നെങ്കിലേ തനിക്ക് വിശ്വസിക്കാൻ പറ്റൂ എന്ന് പറഞ്ഞാൽ അയാൾ വിഡ്ഢിയല്ലേ? അതുപോലെ സുഗന്ധം മണത്തിട്ടാണ് അറിയുക. എന്നാൽ ആരെങ്കിലും പനിനീർ പൂവിന്റെ സുഗന്ധം രുചിച്ചെങ്കിലേ വിശ്വസിക്കൂ എന്ന് പറഞ്ഞാൽ അയാളെ ആരെങ്കുലും ബുദ്ധിമാൻ എന്ന് പറയുമോ? അതുപോലെ രുചിച്ചറിയേണ്ട പുളി, മധുരം, കയ്പ്, ഉപ്പ് തുടങ്ങിയവ മണത്തറിയാൻ ആഗ്രഹിച്ചാൽ ഒരിക്കൽപോലും അതിന് സാധിക്കുകയില്ല. കണ്ണുകൊണ്ട് കാണുന്നതിനെ മാത്രമേ വിശ്വസിക്കാവൂ എന്നും അല്ലാത്തതിനെ വിശ്വസിക്കരുതെന്നും പറയുന്നത് ശരിയല്ല. കാരണം അങ്ങനെയായാൽ പനിനീർ പൂവിന്റെ സുഗന്ധവും നാരങ്ങയുടെ പുളിയും തേനിന്റെ മധുരവും ചെന്നിനായകത്തിന്റെ കയ്പും ലോഹത്തിന്റെ കാഠിന്യവും ശബ്ദത്തിന്റെ മേന്മയും എല്ലാം നിഷേധിക്കേണ്ടതായി വരും. കാരണം ഇതൊന്നും കാണാൻ സാധ്യമല്ല. മറിച്ച് മണത്തോ രുചിച്ചോ സ്പർശിച്ചോ ശ്രവിച്ചോ ആണ് മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ ദൈവത്തെ കാണിച്ചു തന്നാൽ വിശ്വസിക്കാമെന്ന് പറയുന്നത് എത്രമാത്രം അബദ്ധജടിലമാണ്. ഈ ആക്ഷേപകർ, പനിനീർ പൂവിന്റെ സുഗന്ധവും തേനിന്റെ മധുരവും കണ്ടിട്ടാണോ അംഗീകരിക്കുന്നത്? എന്നിരിക്കെ അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച്, അത് കാണിച്ചുതന്നാൽ വിശ്വസിക്കാമെന്ന് നിബന്ധന വെക്കുന്നതിൽ എന്ത് ന്യായമാണുള്ളത്?

കൂടാതെ മനുഷ്യൻ തന്റെ അസ്തിത്വത്തിലുള്ള പല വസ്തുക്കളേയും കാണാതെതന്നെയാണ് അംഗീകരിക്കുന്നത് എല്ലാ മനുഷ്യരും തങ്ങളുടെ ഉള്ളിലുള്ള ഹൃദയം, മസ്തിഷ്കം, കുടലുകൾ, ആമാശയം, പ്ലീഹ തുടങ്ങിയവ കണ്ടിട്ടാണോ അംഗീകരിക്കുന്നത്? ഈ വസ്തുക്കളെ കാണിക്കാനായി പുറത്തെടുത്താൽ മനുഷ്യൻ തൽക്ഷണം മരണപ്പെടുന്നതാണ്. കാണാനുള്ള അവസരം തന്നെ അവനുണ്ടാകുന്നതുമല്ല.

എല്ലാ വസ്തുക്കളും കണ്ടിട്ടല്ല അംഗീകരിക്കുന്നതെന്നതിനാണ് ഞാൻ ഈ ഉദാഹരണങ്ങൾ നല്കിയത്. മറിച്ച് പഞ്ചേന്ദ്രിയങ്ങൾ മുഖേനയാണ് അവ മനസ്സിലാക്കപ്പെടുന്നത്. ഇനി ഈ പഞ്ചേന്ദ്രിയങ്ങൾ മുഖേനയും നേരിട്ട് മനസ്സിലാക്കാൻ കഴിയാത്ത സംഗതികളെ കുറിച്ച് പറയാം. അവയെ മനസ്സിലാക്കാനുള്ള മാർഗം വേറെതന്നെയാണ്. ഉദാഹരണത്തിന് വിവേകം, ഓർമ, ബുദ്ധി തുടങ്ങിയവ ലോകത്ത് ആരുംതന്നെ നിഷേധിക്കുന്നില്ല. പക്ഷേ, ആരെങ്കിലും വിവേകത്തെ കാണുകയോ കേൾക്കുകയോ രുചിക്കുകയോ മണക്കുകയോ സ്പർശിക്കുകയോ ചെയ്തിട്ടുണ്ടോ? പിന്നെങ്ങനെയാണ് വിവേകം എന്നൊരു സംഗതിയുണ്ടെന്ന് മനസ്സിലാക്കിയത്? അല്ലെങ്കിൽ ഓർമ എന്നൊരു സംഗതിയുണ്ടെന്ന് അറിയുന്നത്? ഇനി ബലം അഥവാ ശക്തിയെ എടുക്കുക. എല്ലാ മനുഷ്യനിലും അൽപമൊക്കെ ശക്തിയുണ്ട്. ദുർബലനാണെങ്കിലും ബലവാനാണെങ്കിലും അൽപമൊക്കെ ശക്തി തീർച്ചയായും ഉണ്ടായിരിക്കും. പക്ഷേ, ആരെങ്കിലും ഇന്നേവരെ ശക്തിയെ കാണുകയോ കേൾക്കുകയോ രുചിക്കുകയോ ചെയ്തിട്ടുണ്ടോ? പിന്നെങ്ങനെയാണ് ശക്തി എന്നൊരു സംഗതി ഉണ്ടെന്ന് മനസ്സിലാക്കിയത്? ഈ കാര്യങ്ങളൊന്നും നമ്മൾ ഇന്ദ്രിയങ്ങൾ മുഖേനയല്ല മനസ്സിലാക്കിയതെന്ന് ഏത് സാധുവിനും അറിയാം. മറിച്ച് അവയുടെ പ്രഭാവങ്ങളിലൂടെയാണ് നമ്മൾ അറിയുന്നത്. ഉദാഹരണമായി, ഒരാൾ വിവിധ പ്രശ്നങ്ങളിൽ കുടുങ്ങുമ്പോൾ കുറച്ചു സമയം ചിന്തിക്കുകയും എന്തെങ്കിലും ഒരു ഉപായം കണ്ടെത്തി ആ പ്രയാസം ദൂരീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതു കാണുമ്പോൾ അയാൾക്കുള്ളിൽ ഇത്തരം സന്ദർഭങ്ങളിൽ പ്രയോജനപ്പെടുന്ന എന്തോ ഒരു കാര്യം ഉണ്ടെന്ന് നമ്മൾ മനസ്സിലാക്കുന്നു. ആ കാര്യത്തിനാണ് നമ്മൾ വിവേകം എന്ന് പറയുന്നത്. ചുരുക്കത്തിൽ പഞ്ചേന്ദ്രിയങ്ങളെ ഉാന്നുകൊണ്ടുമല്ല നമ്മൾ വിവേകത്തെ മനസ്സിലാക്കിയത്. മറിച്ച് അതിന്റെ പ്രഭാവം കണ്ടുകൊണ്ടാണ് അത് തിരിച്ചറിഞ്ഞത്. അതുപോലെ മനുഷ്യൻ വലിയ വലിയ ഭാരം ഏറ്റുന്നതു കണ്ടപ്പോൾ അവനിൽ ഈ ഭാരം ഏറ്റാൻ പറ്റിയ കുറച്ച് ധാതു ഉണ്ടെന്നും അതുകൊണ്ടാണ് തന്നെക്കാൾ ദുർബലമായ വസ്തുക്കളെ കീഴടക്കാൻ സാധിക്കുന്നതെന്നും നമ്മൾ മനസ്സിലാക്കി. അതിന് നാം ബലം അഥവാ ശക്തി എന്ന് പേര് നൽകി.

ഇങ്ങനെ അതിസൂക്ഷ്മമായ വസ്തുക്കളെ എടുക്കുകയാണെങ്കിൽ അവയുടെ അസ്തിത്വം മനുഷ്യന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുന്നതായി കാണാം. എപ്പോഴും അവയുടെ അസ്തിത്വം അവയുടെ പ്രഭാവം കൊണ്ടാണ് അറിയാൻ കഴിയുക. അല്ലാതെ അവയെ കണ്ടുകൊണ്ടോ മണത്തോ രുചിച്ചോ സ്പർശിച്ചോ മനസ്സിലാക്കാൻ സാധ്യമല്ല.

അതിനാൽ കണ്ണുകൊണ്ട് കണ്ടാൽ മാത്രമേ സൂക്ഷ്മാൽ സൂക്ഷ്മമായ അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കുകയുള്ള എന്ന നിബന്ധന എങ്ങനെ ശരിയാകും? ആരെങ്കിലും വിദ്യുച്ഛക്തി കണ്ടിട്ടുണ്ടോ? കാണാത്തതുകൊണ്ട് വൈദ്യുതിയുടെ സഹായത്താൽ ഇലക്ട്രിക് വയറുകൾ മുഖേന വാർത്തകളെത്തുന്നതും മിഷ്യനുകൾ ചലിക്കുന്നതും പ്രകാശം ഉണ്ടാകുന്നതും നിഷേധിക്കാൻ പറ്റുമോ? ഈഥറിന്റെ ഗവേഷണം ഊർജതന്ത്രത്തിന്റെ ലോകത്ത് വിപ്ലവംതന്നെ സൃഷ്ടിച്ചിരിക്കുന്നു. പക്ഷേ, ഇന്നേവരെ ശാസ്ത്രപടുക്കൾ അത് കാണാനോ കേൾക്കാനോ മണക്കാനോ രുചിക്കാനോ ഉള്ള വല്ല മാർഗവും കണ്ടെത്തിയിട്ടുണ്ടോ? എന്നാൽ, അതിന്റെ അസ്തിത്വം അംഗീകരിക്കാതെ, സൂര്യന്റെ പ്രകാശം എങ്ങനെയാണ് ഭൂമിയിൽ എത്തുന്നതെന്ന പ്രശ്നം പരിഹരിക്കപ്പെടുകയേയില്ല. എന്നിരിക്കെ ഇത്തരം സാക്ഷ്യങ്ങളൊക്കെയുണ്ടായിട്ടും ദൈവത്തെ കാണിച്ചു തന്നാൽ വിശ്വസിക്കാമെന്ന് പറയുന്നത് എത്രമാത്രം അക്രമമാണ്? അല്ലാഹുവിനെ കാണാൻ കഴിയും. പക്ഷേ, അവനെ കാണാൻ അനുഗുണമായ ദൃഷ്ടിയായിരിക്കേണ്ടതുണ്ട്. അവനെ കാണാൻ ആഗ്രഹിക്കുന്നവർക്ക്,അവൻ തന്റെ ശക്തിപ്രഭാവങ്ങളോടെ ലോകത്തിനു മുന്നിലുണ്ട്. മാത്രമല്ല അപ്രത്യക്ഷനാണെങ്കിലും ഏറ്റവുമധികം അവൻ പ്രത്യക്ഷനുമാണ്. വിശുദ്ധ ഖുർആനിൽ ഈ വിഷയം വളരെ ഹ്രസ്വമായി എന്നാൽ, അനുപമമായ നിലയിൽ അല്ലാഹു ഇങ്ങനെ വിവരിക്കുന്നു:

لَا تُدۡرِکُہُ الۡاَبۡصَارُ ۫ وَ ہُوَ یُدۡرِکُ الۡاَبۡصَارَ ۚ وَ ہُوَ اللَّطِیۡفُ ۞

ദൃഷ്ടികൾ അവനിലേക്കെത്തുകയില്ല. എന്നാൽ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.(6:104) ഇവിടെ അല്ലാഹു മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് 'നിന്റെ ദൃഷ്ടി അല്ലാഹുവിനെ കാണാൻ പര്യാപ്തമല്ലെന്ന്' പറ

യുന്നു. കാരണം അവൻ ഏറെ സൂക്ഷ്മമാകുന്നു. സൂക്ഷ്മമായ വസ്തുക്കൾ കാണാൻ സാധ്യമല്ല. ഉദാഹരണമായി ബലവും വിവേകവും ആത്മാവും ഈഥറും ആർക്കും കാണാൻ കഴിയുന്നില്ല. എന്നിരിക്കെ ദൈവത്തിന്റെ സൂക്ഷ്മമായ അസ്തിത്വത്തിലേക്ക് മനുഷ്യദൃഷ്ടി എങ്ങനെ ചെന്നെത്താനാണ്? പിന്നെ എങ്ങനെയാണ് ജനങ്ങൾക്ക് ദൈവത്തെ കാണാൻ കഴിയുക. അപ്പോൾ പിന്നെ അവനെ തിരിച്ചറിയാനുള്ള മാർഗമെന്താണ്? അതിനു മറുപടിയായി പറയുന്നു: وَهُوَ يُدْرِكُ الْأَبْصَارَ

അവൻ സ്വയം ദൃഷ്ടികളിലേക്കെത്തുന്നു. മനുഷ്യന്റെ ദൃഷ്ടി ബലഹീനമായതു കാരണം അവന്റെ അസ്തിത്വത്തിലേക്കെത്താൻ പര്യാപ്തമല്ല. അവൻ തന്റെ ശക്തിയും കഴിവും വെളിപ്പെടുത്തിക്കൊണ്ട് തന്റെ സമ്പൂർണ ഗുണവിശേഷണങ്ങളുടെ ജ്യോതിസ്സു മുഖേന തന്റെ അസ്തിത്വം മനുഷ്യന് കാണിച്ചു കൊടുക്കുന്നു. മനുഷ്യനേത്രങ്ങൾ അവനെ കാണാൻ അപര്യാപ്തമാണെങ്കിലും അവൻ സ്വയം തന്റെ അസ്തിത്വം തന്റെ അനന്തമായ ശക്തിയും പ്രതാപവും മുഖേന വിവിധ തലത്തിൽ പ്രകടമാക്കുന്നു; ചിലപ്പോൾ പ്രകൃതി ദുരന്തങ്ങൾ മുഖേനയും ചിലപ്പോൾ പ്രവാചകന്മാർ മുഖേനയും മറ്റു ചിലപ്പോൾ അനുഗ്രഹ പ്രഭാവങ്ങളിലൂടെയും വേറെ ചിലപ്പോൾ പ്രാർഥന സ്വീകാര്യതയിലൂടേയും.

അല്ലാഹുവിനെ കാണിച്ചു തന്നാൽ മാത്രമേ ഞങ്ങൾ വിശ്വസിക്കുകയുള്ളൂ എന്ന കാര്യത്തിൽ അല്ലാഹുവിലുള്ള വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തുകയാണെങ്കിൽ ലോകത്തുള്ള ഏകദേശം അഞ്ചിൽ നാലുവസ്തുക്കളേയും നിഷേധിക്കേണ്ടതായി വരുമെന്ന് ഞാൻ സ്ഥാപിക്കുകയുണ്ടായി. ചില തത്ത്വജ്ഞാനികളുടെ അഭിപ്രായത്തിൽ എല്ലാ വസ്തുക്കളേയും നിഷേധിക്കേണ്ടതായി വരും. കാരണം ലോകത്ത് ഒരു വസ്തുവും കാണപ്പെടുന്നില്ലെന്നും കേവലം ഗുണവിശേഷങ്ങൾ മാത്രമാണ് കാണപ്പെടുന്നതെന്നും അവർ പറയുന്നു. ഇനി ഞാൻ, ഏതെല്ലാം തെളിവുകൾ മുഖേനയാണ് ദൈവാസ്തിക്യം മനസ്സിലാകുകയെന്നും തനിക്ക് ഒരു സ്രഷ്ടാവുണ്ടെന്നും താൻ സ്വയം സ്രഷ്ടാവല്ലെന്നും മനുഷ്യന് ഉറപ്പു വരുത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും എന്നതിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

**ഒന്നാമത്തെ തെളിവ് :**

വിശുദ്ധ ഖുർആൻ ആത്മീയ സമ്പൂർണത കരസ്ഥമാക്കാനുള്ള എല്ലാ മാർഗങ്ങളും വിവരിച്ചിട്ടുണ്ടെന്ന എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവസ്തിക്യത്തിനുള്ള എല്ലാ തെളിവുകളും വിശുദ്ധ ഖുർആനിൽ നിന്നു തന്നെ ഞാൻ സമർപിക്കുന്നതാണ്. *വ മിനല്ലാഹിത്തൗഫീഖ്.*

മനുഷ്യന് ഈ ലോകത്ത് ഏറ്റവുമാദ്യം അറിവ് ലഭിക്കുന്നത് കേൾവി മുഖേനയാണ്. അതിനാൽ ആദ്യം കേൾവിയുടെ തെളിവു തന്നെ എടുക്കാം.

അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരിടത്ത് പറയുന്നു,

قَدْ اَفْلَحَ مَنْ تَزَكّٰى ۝١٥ وَذَكَرَ اسْمَ رَبِّهٖ فَصَلّٰى ۝١٦ بَلْ تُؤْثِرُوْنَ الْحَيٰوةَ الدُّنْيَا ۝١٧ وَالْاٰخِرَةُ خَيْرٌ وَّاَبْقٰى ۝١٨ اِنَّ هٰذَا لَفِي الصُّحُفِ الْاُوْلٰى ۝١٩ صُحُفِ اِبْرٰهِيْمَ وَمُوْسٰى ۝٢٠

അതായത് പരിശുദ്ധി കരസ്ഥമാക്കിയവൻ തീർച്ചയായും വിജയശ്രീലാളിതനായിരിക്കുന്നു. അവൻ നാവുകൊണ്ട് തനിക്ക് രക്ഷിതാവുണ്ടെന്ന് പ്രഖ്യാപിക്കുകയും നാവുകൊണ്ടു മാത്രമല്ല കർമരൂപത്തിൽ ആരാധന മുഖേന തന്റെ പ്രഖ്യാപനത്തിന് തെളിവു സമർഥിക്കുകയും ചെയ്തു. എന്നാൽ, നിങ്ങളാകട്ടെ, ഭൗതികജീവിതം സ്വീകരിക്കുന്നു. വാസ്തവത്തിൽ പര്യവസാനം ശുഭമാകുന്നതിലാണ് യഥാർഥത്തിലുള്ള ശ്രേഷ്ഠതയുള്ളത്. അതാണ് സ്ഥായിയായിട്ടുള്ളതും. വിശുദ്ധ ഖുർആനിൽ മാത്രമല്ല മറിച്ച് എല്ലാ ആദ്യകാല ഗ്രന്ഥങ്ങളിലും ഈ വാദമുണ്ട്. അതായത് ഇബ്റാഹീമും മൂസായും ലോകത്തിനു മുന്നിൽ സമർപിച്ച അധ്യാപനത്തിലും ഇതു കാണാം.(87:15 –20)

ഈ വചനത്തിൽ അല്ലാഹു ഖുർആനിന്റെ എതിരാളികൾക്കുമേൽ ന്യായപൂർത്തി വരുത്തുകയാണ്. അതായത് സ്വയേച്ഛകളിൽനിന്ന് രക്ഷപ്പെടുന്നവനും ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവനും ആ ദൈവത്തിന്റെ യഥാർഥ അനുസാരിയും തന്നെയായിരിക്കും എപ്പോഴും വിജയിച്ചുകൊണ്ടിരിക്കുക. ഈ അധ്യാപനത്തിന്റെ സത്യതയ്ക്കുള്ള തെളിവ്, ഇക്കാര്യം മുൻകാല മതങ്ങളിലും പറഞ്ഞിട്ടുണ്ട് എന്നുള്ളതാകുന്നു. അതിനാൽ ഇക്കാലഘട്ടത്തിലെ വലിയ മതങ്ങളായ ക്രിസ്തുമതത്തിനും ജൂതമതത്തിനും മക്കയിലെ നിഷേധികൾക്കുമ്മേൽ ന്യായപൂർത്തിക്കുവേണ്ടി ഹദ്റത്ത് ഇബ്റാ ഹീം(അ)ന്റേയും മൂസാ(അ)ന്റേയും ഉദാഹരണങ്ങൾ സമർപിക്കുന്നു. അവരെ നിങ്ങൾ അംഗീകരിക്കുന്നവരാണ്. അവരും ഈ അധ്യാപനം തന്നെയാണ് നൽകിയത്. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ ദൈവാസ്തിക്യത്തിനുള്ള വളരെ വലിയ തെളിവായി പറയുന്നത് എല്ലാ മതങ്ങളും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാകുന്നു എന്നാണ്. എല്ലാ സമുദായത്തിലും ഇത് പൊതുവായ വിഷയമാണ്. അതുകൊണ്ട് ഈ തെളിവിൽ ചിന്തിക്കുന്നതനുസരിച്ച് അത് സ്വച്ഛവും സത്യവുമാണെന്ന് മനസ്സിലാകുന്നതാണ്. വാസ്തവത്തിൽ ഈ മുഴുവൻ പ്രപഞ്ചത്തേയും സൃഷ്ടിച്ച ഒരു ദൈവം ഉണ്ടെന്ന കാര്യത്തിൽ ലോകത്തുള്ള എല്ലാ മതങ്ങളും ഏകാഭിപ്രായമുള്ളവരാണ്. വിവിധ രാജ്യങ്ങളുടേയും അവസ്ഥകളുടേയും മാറ്റങ്ങൾ കാരണം ചിന്തകളിലും വിശ്വാസങ്ങളിലും മാറ്റം വരുന്നു. എന്നാൽ, ഇതൊക്കെയായിട്ടും മതചരിത്രങ്ങളെല്ലാം ദൈവാസ്തിക്യത്തിൽ ഏകാഭിപ്രായമുള്ളവയാകുന്നു. അവന്റെ ഗുണവിശേഷണങ്ങളിൽ ഭിന്നതയുണ്ടായിരിക്കാം. ഇപ്പോഴുള്ള മതങ്ങൾ അതായത് ഇസ്‌ലാം, ക്രിസ്തുമതം, ജൂതമതം, ബുദ്ധമതം, സിക്ക് മതം, ഹിന്ദുമതം, സ്വരാസ്റ്റർമതം തുടങ്ങി എല്ലാ മതങ്ങളും ഏകദൈവം, ഏലോഹീം, പരമേശ്വരൻ, പരമാത്മാവ്, സത്ഗുരു, യസ്ദാൻ എന്നതിനെ അംഗീകരിക്കുന്നു. കൂടാതെ ലോകത്തുനിന്ന് തിരോഭവിച്ച മതങ്ങളെ സംബന്ധിച്ചും ആ മതാനുയായികളെല്ലാവരും ദൈവത്തെ അംഗീകരിക്കുന്നവരും വിശ്വസിക്കുന്നവരുമാണെന്ന് പുരാതന അവശിഷ്ടങ്ങളിൽനിന്ന് മനസ്സിലാകുന്നു: ആ മതങ്ങൾ അമേരിക്കയുടെ വിഭിന്ന രാജ്യങ്ങളിലോ ആഫ്രിക്കയുടെ വനാന്തരങ്ങളിലോ റോമിലോ ഇംഗ്ലണ്ടിലോ ജാവയിലോ സുമാത്രയിലോ ജപ്പാനിലോ സൈബീരിയായിലോ മഞ്ചൂരിയയിലോ ഉള്ളതാണെങ്കിലും ശരി. ഈ മതൈക്യം എങ്ങനെ സാധ്യമായി? ആരാണ് അമേരിക്കയിൽ വസിക്കുന്നവർക്ക് ഇന്ത്യയിലെ വിശ്വാസത്തെക്കുറിച്ചും ചൈനക്കാർക്ക് ആഫ്രിക്കക്കാരുടെ വിശ്വാസത്തെക്കുറിച്ചും പറഞ്ഞു കൊടുത്തത്? ആദ്യകാലത്ത് ഇന്നത്തെപ്പോലെ റയിൽ, ടെലഗ്രാം, തപാൽ സംവിധാനങ്ങളൊന്നുമില്ലായിരുന്നു. ഇപ്പോഴുള്ളതുപോലെ ധാരാളമായി കപ്പലുകളുടെ വരവുപോക്കോ കുതിരകളുടേയും കഴുതകളുടേയും സവാരികളുമില്ലായിരുന്നു. ഇന്നത്തെ ദിവസങ്ങളുടെ യാത്ര പായ്ക്കപ്പലുകൾ മാസങ്ങൾ കൊണ്ടാണ് ചെയ്തിരുന്നത്. ഒരുപാട് പ്രദേശങ്ങൾ കണ്ടെത്താൻ പോലും കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. മാത്രമല്ല സ്വഭാവ വൈജാത്യവും ആചാര വൈവിധ്യവും പരസ്പരം അറിയപ്പെടാത്ത നാടുകളും ഈ ഒരു വിശ്വാസത്തിൽ എങ്ങനെയാണ് ഐക്യപ്പെട്ടത്? അർഥശൂന്യമായ ചിന്താഗതിയിൽപോലും രണ്ട് ആളുകളുടെ ഐക്യം സാധ്യമല്ലെന്നിരിക്കെ പരസ്പരം ആശയവിനിമയത്തിന് വഴിയില്ലാതിരുന്ന ഇത്രയധികം സമൂഹങ്ങളിലും രാജ്യങ്ങളിലും അഭിപ്രായൈക്യം ഉണ്ടാകുക എന്നത് ഈ വിശ്വാസം യാഥാർഥ്യമാണെന്നതിനും ഇസ്‌ലാം വ്യക്തമാക്കിയതുപോലെ ഒരു അജ്ഞാത മാർഗം മുഖേന എല്ലാ സമൂഹങ്ങളിലും രാജ്യങ്ങളിലും അത് വെളിപ്പെട്ടു എന്നതിനും മതിയായ തെളിവല്ലേ? വിവിധ സമൂഹങ്ങളിലെ ചരിത്രകാരന്മാർ ഐക്യപ്പെടുന്ന കാര്യങ്ങളുടെ സത്യതയിൽ സംശയിക്കേണ്ടതില്ലെന്ന കാര്യത്തിൽ ചരിത്രപടുക്കൾ ഏകാഭിപ്രായക്കാരാണ്. ആയതിനാൽ ഈ വിഷയത്തിൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് സമൂഹങ്ങൾ ഐക്യപ്പെട്ടിരിക്കേ അവർ ഏതെങ്കിലും ജ്യോതിസ്സുകണ്ടു കൊണ്ടാണ് അതിന്റെ വക്താക്കളായതെന്ന് എന്തുകൊണ്ട് ഉറപ്പിച്ചുകൂടാ?

**രണ്ടാമത്തെ തെളിവ്**

ദൈവാസ്തിക്യത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ രണ്ടാമത്തെ തെളിവ് ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം.

وَتِلْكَ حُجَّتُنَآ اٰتَيْنٰهَآ اِبْرٰهِيْمَ عَلٰى قَوْمِهٖ ؕ نَرْفَعُ دَرَجٰتٍ مَّنْ نَّشَآءُ ؕ اِنَّ رَبَّكَ حَكِيْمٌ عَلِيْمٌ ۝٨٤ وَوَهَبْنَا لَهٗٓ اِسْحٰقَ وَيَعْقُوْبَ ؕ كُلًّا هَدَيْنَا ۚ وَنُوْحًا هَدَيْنَا مِنْ قَبْلُ وَمِنْ ذُرِّيَّتِهٖ دَاوٗدَ وَسُلَيْمٰنَ وَاَيُّوْبَ وَيُوْسُفَ وَمُوْسٰى وَهٰرُوْنَ ؕ وَكَذٰلِكَ نَجْزِى الْمُحْسِنِيْنَ ۝٨٥ وَزَكَرِيَّا وَيَحْيٰى وَعِيْسٰى وَاِلْيَاسَ ؕ كُلٌّ مِّنَ الصّٰلِحِيْنَ ۝٨٦ وَاِسْمٰعِيْلَ وَالْيَسَعَ وَيُوْنُسَ وَلُوْطًا ؕ وَكُلًّا فَضَّلْنَا عَلَى الْعٰلَمِيْنَ ۝٨٧

സൂറ അൻആമിലെ 84മുതൽ 87വരെയുള്ള വചനങ്ങൾക്കു ശേഷം 91–ാമത്തെ വചനത്തിൽ പറയുന്നു:

اُولٰٓئِكَ الَّذِيْنَ هَدَى اللّٰهُ فَبِهُدٰىهُمُ اقْتَدِهْ ؕ (6:91)

അർഥം: ഈ തെളിവായിരുന്നു നാം ഇബ്റാഹീമിന് അദ്ദേഹത്തിന്റെ ജനതയ്ക്കെതിരെ നല്കിയത്. നാം ഇച്ഛിക്കുന്നവരെ പദവികളിൽ ഉയർത്തുന്നു. തീർച്ചയായും നിന്റെ നാഥൻ വളരെ യുക്തിജ്ഞനും സർവജ്ഞനുമാകുന്നു. അദ്ദേഹത്തിനു നാം ഇസ്ഹാഖിനേയും യഅ്ഖൂബിനേയും പ്രദാനം ചെയ്തു. എല്ലാവർക്കും നാം സന്മാർഗം നല്കി. ഇതിനുമുമ്പേ നൂഹിനും നാം സന്മാർഗം നല്കിയിരുന്നു; അദ്ദേഹത്തിന്റെ സന്തതികളിൽനിന്ന് ദാവൂദിനും സുലയ്മാനും അയ്യൂബിനും യൂസുഫിനും മൂസായ്ക്കും ഹാറൂനും. ഇങ്ങനെത്തന്നെയാണ് നാം നന്മ ചെയ്യുന്നവർക്ക് പ്രതിഫലം നല്കുന്നത്. സകരിയ്യാ, യഹ്‌യാ, ഈസാ, ഇൽയാസ് എന്നിവർക്കും സന്മാർഗം നല്കി. ഇവരെല്ലാവരും സുകൃതവാന്മാരിൽപ്പെട്ടവരായിരുന്നു. ഇസ്മായീലിനും അൽയസഅ്നും

യൂനുസിനും ലൂത്വിനും. ഇവർക്കെല്ലാവർക്കും അവരവരുടെ കാലത്തുള്ള ജനങ്ങൾക്കുമേൽ ശ്രേഷ്ഠത നല്കുകയും ചെയ്തു. തുടർന്ന് പറയുന്നു, അവർക്കാണ് അല്ലാഹു സന്മാർഗം നല്കിയിട്ടുള്ളത്. അതുകൊണ്ട് അവരുടെ സന്മാർഗത്തെ പിൻപറ്റുക.

ഈ വചനങ്ങളിൽ ഇത്രയധികം നല്ലവരും പരിശുദ്ധരുമായ ആളുകൾ സാക്ഷ്യം നൽകുന്ന കാര്യമാണോ അതല്ല അറിവില്ലാത്തവർ പറയുന്ന കാര്യമാണോ അംഗീകരിക്കേണ്ടതെന്ന് അല്ലാഹു ചോദിക്കുന്നു. ഇവർക്കാണെങ്കിൽ ജീവിത വിശുദ്ധിയിൽ അവരെ അതിജയിക്കാൻ സാധിക്കുകയുമില്ല. വാസ്തവമെന്തെന്നാൽ, തങ്ങളുടെ നടപ്പിലും കർമത്തിലും ലോകത്ത് തങ്ങളുടെ നന്മയും പരിശുദ്ധിയും തിന്മകളിൽനിന്ന് മോചനവും വ്യാജത്തിൽനിന്ന് വിടുതലും തെളിയിച്ചവരുടെ വാക്കുകൾക്കുമാത്രമേ പ്രസക്തി നൽകപ്പെടുകയുള്ളൂ. അതുകൊണ്ട് എല്ലാവരും അവരെ പിൻപറ്റേണ്ടതാണ്. അവർക്കെതിരിൽ മറ്റുള്ളവരുടെ വാക്കുകൾ നിഷേധിക്കേണ്ടതാണ്. ചുരുക്കത്തിൽ നേരത്തെ നന്മയും സൽസ്വഭാവവും പരത്തുകയും തങ്ങളുടെ കർമങ്ങൾ മുഖേന ലോകത്ത് തങ്ങളുടെ വിശ്വസ്തതയുടെ പേരിൽ അംഗീകാരം നേടുകയും ചെയ്തവരായിരുന്നു അവർ. അവരെല്ലാവരും വിവിധ ഭാഷകളിൽ അല്ലാഹു, ഗോഡ്, പരമേശ്വരൻ എന്നറിയപ്പെടുന്ന അസ്തിത്വത്തെ സാക്ഷ്യപ്പെടുത്തിയവരാകുന്നു. ഇന്ത്യയിൽ പുണ്യവാന്മാരായ ശ്രീരാമൻ(അ), ശ്രീകൃഷ്ണൻ(അ), ഇറാനിലെ വിശുദ്ധനായ സ്വരാസ്റ്റർ(അ), മിസ്റിലെ വരിഷ്ഠനായ മൂസാ(അ), നസറേത്തിലെ പുണ്യാളൻ മിശിഹ(അ), പഞ്ചാബിലെ പരിശുദ്ധൻ ഗുരുനാനക് പിന്നെ ഈ വിശുദ്ധന്മാരുടെയെല്ലാം നേതാവ് അറേബ്യയുടെ പ്രകാശം മുഹമ്മദ് മുസ്തഫാ(സ). അദ്ദേഹത്തെയാണെങ്കിൽ അദ്ദേഹത്തിന്റെ ജനത ചെറുപ്രായത്തിൽത്തന്നെ സത്യസന്ധൻ എന്നു പേരിട്ടു വിളിച്ചിരുന്നു. അദ്ദേഹം പറയുന്നു, فَقَدْ لَبِثْتُ فِيكُمْ عُمُرًا(10:17) ഞാൻ നിങ്ങളിൽ എന്റെ ഒരു ആയുസ്സ് കഴിച്ചുകൂട്ടി, നിങ്ങൾക്ക് എന്റെ വല്ല കളവും സ്ഥാപിക്കാൻ കഴിയുമോ? അദ്ദേഹത്തിന്റെ സമുദായത്തിന് ആക്ഷേപമുന്നയിക്കാൻ കഴിഞ്ഞില്ല. ഇവരെക്കൂടാതെ ആയിരക്കണക്കിന് പരിശുദ്ധന്മാർ സമയാസമയങ്ങളിൽ ലോകത്തുവന്നു. എല്ലാവരും ഐകകണ്ഠ്യേന ഒരു ദൈവമുണ്ടെന്ന് പ്രഖ്യാപിക്കുന്നു. ഇത്രമാത്രമല്ല തങ്ങൾ അവനെ കാണുകയും അവനോട് സംവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവർ പറയുകയും ചെയ്യുന്നു. ഭൗതികലോകത്ത് പ്രവർത്തിച്ചിട്ടുള്ള വലിയ വലിയ തത്ത്വജ്ഞാനികൾക്ക് ഇവരിലെ ഒരാൾ ചെയ്തിട്ടുള്ള പ്രവർത്തനത്തിന്റെ ആയിരത്തിൽ ഒരംശം പോലും സമർപിക്കാൻ കഴിഞ്ഞിട്ടില്ല. ഇവരുടേയും തത്ത്വജ്ഞാനികളുടേയും ജീവിതം താരതമ്യം ചെയ്താൽ തത്ത്വജ്ഞാനികളുടെ ജീവിതത്തിൽ വാക്കുകളെ അപേക്ഷിച്ച് കർമങ്ങൾ വിരളമായേ കാണപ്പെടുകയുള്ളൂ. അവർ കാണിച്ച സത്യസന്ധതയും പരിശുദ്ധിയും തത്ത്വജ്ഞാനികൾ എങ്ങനെ കാണിക്കാനാണ്? ഇവർ ജനങ്ങൾക്ക് സത്യസന്ധതയുടെ പാഠങ്ങൾ നൽകുന്നു, പക്ഷേ, സ്വയം കളവിൽനിന്ന് വിട്ടുനിൽക്കുന്നില്ല. എന്നാൽ, ഞാൻ മുകളിൽ പറഞ്ഞ ആളുകൾ കേവലം സത്യസന്ധതക്കുവേണ്ടി ആയിരക്കണക്കിന് പ്രയാസങ്ങൾ സഹിച്ചവരാണ്. ഒരിക്കലും അവരുടെ ചുവടുകൾ തൽസ്ഥാനത്തുനിന്ന് ഇളകിയില്ല. അവരെ വധിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടു. അവരെ നാട്ടിൽ നിന്ന് പുറത്താക്കി. അവരെ വഴികളിലും ചന്തകളിലും വെച്ച് നിന്ദ്യരാക്കാൻ ശ്രമിച്ചു. ലോകം മുഴുവൻ അവരോടുള്ള ബന്ധം വിച്ഛേദിച്ചു. പക്ഷേ, അവർ തങ്ങളുടെ കാര്യം ഉപേക്ഷിച്ചില്ല. ജനങ്ങളിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി കളവു പറഞ്ഞുകൊണ്ട് തങ്ങളെ രക്ഷിച്ചില്ല. അവരുടെ കർമവും അവരുടെ ഭൗതികതയോടുള്ള വിരക്തിയും പ്രദർശനപരതയിൽ നിന്നുള്ള വിട്ടു നില്ക്കലും അവർ നിസ്വാർഥരായിരുന്നുവെന്നും സ്വേച്ഛക്കുവേണ്ടി ഒന്നും ചെയ്യുന്നവരായിരുന്നില്ലെന്നും തെളിയിക്കുകയുണ്ടായി. അത്തരമാളുകൾ തങ്ങൾ അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തുകയും അവന്റെ ശബ്ദം കേൾക്കുകയും അവന്റെ തേജോവിലാസം കാണുകയും ചെയ്തിരിക്കുന്നുവെന്ന് ഏകസ്വരത്തിലാണ് പറയുന്നത്. അവരുടെ വാക്കുകളെ നിഷേധിക്കാൻ ആരുടെയെങ്കിലും പക്കൽ വല്ല കാരണവുമുണ്ടോ? ദിവസവും കളവു പറയുന്നവരായി അറിയപ്പെടുന്നവർ ഒന്നിച്ചുകൂടി സാക്ഷ്യം നൽകിയാൽ അത് അംഗീകരിക്കേണ്ടി വരുന്നു, നമുക്കു തീരെ അറിവില്ലാത്ത ആളുകൾ പത്രങ്ങളിൽ തങ്ങളുടെ ഗവേഷണങ്ങൾ പ്രസിദ്ധീകരിച്ചാൽ നമ്മൾ അത് അംഗീകരിക്കുന്നു. പക്ഷേ, അംഗീകരിക്കാൻ കഴിയാത്തത് സത്യസന്ധന്മാരായ ആളുകളുടെ വാക്കുകളാണ്!! ലണ്ടൻ ഒരു പട്ടണമാണെന്ന് ലോകം പറയുന്നു. നമ്മൾ അത് അംഗീകരിക്കുന്നു. അമേരിക്ക ഒരു ഭൂഖണ്ഡമാണെന്ന് ഭൂമിശാസ്ത്രജ്ഞന്മാർ പറയുന്നു. നാം അത് സ്ഥിരീകരിക്കുന്നു. സൈബീരിയ ഒരു വിശാലമായ ജനവാസമില്ലാത്ത സ്ഥലമാണെന്ന് സഞ്ചാരികൾ പറയുന്നു. നമ്മൾ അത് നിഷേധിക്കുന്നില്ല. എന്തുകൊണ്ട്? കാരണം നിരവധി ആളുകൾ അതിന് സാക്ഷ്യം നൽകിയിട്ടുണ്ട്. വാസ്തവത്തിൽ ആ സാക്ഷ്യം പറഞ്ഞവർ വ്യാജന്മാരാണോ അതല്ല സത്യസന്ധന്മാരാണോ എന്ന അവരുടെ അവസ്ഥയെ കുറിച്ച് നമുക്ക് അറിവില്ല. എന്നാൽ, അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃക്സാക്ഷ്യം നൽകിയവരുടെ സത്യസന്ധത പകൽ വെളിച്ചം പോലെ വ്യക്തവും അവർ തങ്ങളുടെ സമ്പത്തും ജീവനും നാടും അന്തസ്സും എല്ലാം ത്യജിച്ചുകൊണ്ട് ലോകത്ത് സത്യം സ്ഥാപിച്ചവരാണെന്നിരിക്കേ സഞ്ചാരികളുടേയും ഭൂമിശാസ്ത്രജ്ഞന്മാരുടേയും വാക്കുകൾ അംഗീകരിക്കുകയും ഈ സത്യവാന്മാരുടെ വാക്കുകൾ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് എത്രമാത്രം വിവേചനപരമാണ്? ലണ്ടൻ നഗരത്തിന്റെ അസ്തിത്വം ഏതാനും ആളുകളുടെ സാക്ഷ്യം കേട്ടുകൊണ്ട് സ്ഥാപിതമാകാമെങ്കിൽ ആയിരക്കണക്കിന് സത്യസന്ധന്മാരുടെ സാക്ഷ്യം മുഖേന ദൈവത്തിന്റെ അസ്തിത്വം എന്തുകൊണ്ട് സ്ഥാപിക്കപ്പെടുകയില്ല?

ചുരുക്കത്തിൽ, ആയിരക്കണക്കിന് സത്യസന്ധന്മാരുടെ സാക്ഷ്യം അതായത് ദൃക്സാക്ഷ്യം ദൈവത്തിന്റെ അസ്തിത്വത്തെ സാക്ഷ്യപ്പെടുത്തുന്നത് ഒരു നിലയ്ക്കും തിരസ്കൃതമല്ല. ഈ വഴിയിൽ സഞ്ചരിച്ചവരെല്ലാം ഐകകണ്ഠ്യേന ദൈവമുണ്ടെന്ന് പറയുന്നുവെന്നത് ആശ്ചര്യകരംതന്നെ. എന്നാൽ, ദൈവമുണ്ടെന്ന ഇവരുടെ വാദം അംഗീകരിക്കരുതെന്ന് ആത്മീയ വഴികളെക്കുറിച്ച് ഒട്ടും ബോധമില്ലാത്തവർ പറയുന്നു. വാസ്തവത്തിൽ സാക്ഷ്യത്തിന്റെ തത്ത്വമനുസരിച്ച് തുല്യരായ രണ്ട് സത്യസന്ധന്മാരെങ്കിലും ഏതെങ്കിലും കാര്യത്തെക്കുറിച്ച്, ഒരാൾ താൻ ഇന്ന സാധനം കണ്ടുവെന്ന് പറയുകയും രണ്ടാമത്തെയാൾ താൻ കണ്ടിട്ടില്ലെന്ന് പറയുകയും ചെയ്താൽ ആദ്യത്തെ ആൾ പറയുന്നതിന് രണ്ടാമത്തെ ആൾ പറയുന്നതിനുമേൽ മുൻഗണന നൽകേണ്ടതാണ്. കാരണം ഒരാളുടെ ദൃഷ്ടി അത് കണ്ടിട്ടില്ലായിരിക്കാം. എന്നാൽ, കാണാതിരുന്നിട്ടുകൂടി താൻ കണ്ടു എന്ന് ധരിക്കാൻ ഇടയില്ല. ചുരുക്കത്തിൽ ദൈവത്തെ കണ്ടവരുടെ സാക്ഷ്യം അതിനെ നിഷേധിക്കുന്നവർക്കുമേൽ ഏതായാലും ന്യായ പൂർത്തിയാകുന്നു.

**മൂന്നാമത്തെ തെളിവ്**

വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്ന മൂന്നാമത്തെ തെളിവ്, മനുഷ്യപ്രകൃതിതന്നെ ദൈവാസ്തിക്യത്തിനുള്ള തെളിവാകുന്നു എന്നതാണ്. കാരണം ചില പാപങ്ങളെ മനുഷ്യപ്രകൃതി പൂർണമായും അനിഷ്ടപ്പെടുന്നു.

മാതാവ്, സഹോദരി, ചെറിയ പെൺകുട്ടി എന്നിവരുമായുള്ള വ്യഭിചാരം, മലം, മൂത്രം തുടങ്ങിയ അശുദ്ധ വസ്തുക്കളുമായുള്ള സമ്പർക്കം, കളവ് തുടങ്ങിയ സംഗതികളിൽനിന്നെല്ലാം ഒരു നിരീശ്വരവാദിയും വിട്ടുനിൽക്കാറുണ്ട്. എന്നാൽ അത് എന്തുകൊണ്ടാണ്? ദൈവം ഇല്ലെങ്കിൽ എന്തിന് വിട്ടു നിൽക്കണം? അയാൾ എന്തിനാണ് മാതാവിനേയും പെങ്ങളേയും മറ്റു സ്ത്രീകളേയും വ്യതിരിക്തരായി കാണുന്നത്? വ്യാജത്തെ എന്തിനാണ് മോശമായി കരുതുന്നത്? മേൽപറഞ്ഞ കാര്യങ്ങളെ മോശമാണെന്ന് കരുതാൻ അയാൾക്കെന്ത് പ്രമാണമാണുള്ളത്? ഒരു അധീശശക്തിയുടെ പ്രഭാവം അയാളുടെ ഹൃദയത്തിൽ ഇല്ലെങ്കിൽ അയാൾ എന്തിനാണ് ഇവയിൽനിന്ന് വിട്ടു നിൽക്കുന്നത്? കള്ളവും സത്യവും നീതിയും അനീതിയുമൊക്കെ അയാൾക്ക് ഒരുപോലെ ആയിരിക്കേണ്ടതാണ്. മനസ്സിന് സന്തോഷപ്രദമായത് ചെയ്യുകയും വേണം. അയാളുടെ ഹൃദയത്തിൽ സിംഹാസനസ്ഥമായി ഏത് ന്യായപ്രമാണമാണ് അധികാരം നടത്തുന്നത്? ഒരു നിരീശ്വരവാദി വായ കൊണ്ട് ദൈവിക അധികാരത്തിൽ നിന്ന് പുറത്തുവന്നതായി ഭാവിക്കുന്നുവെങ്കിലും അവൻ ഉണ്ടാക്കിയ പ്രകൃതിയിൽനിന്ന് പുറത്തുകടക്കാൻ അയാൾക്ക് സാധ്യമല്ല. മാത്രമല്ല തിന്മകളിൽനിന്നു വിട്ടുനിൽക്കുന്നതും അത് വെളിപ്പെടുന്നതിൽനിന്ന് മാറി നില്ക്കുന്നതും ഏതോ ഒരു രാജാധിപന് മറുപടി കൊടുക്കേണ്ടി വരുമെന്ന ഭയം അയാൾക്കുള്ളിൽ ഉണ്ടെന്നതിനുള്ള തെളിവാകുന്നു. അയാൾ ആ രാജാധിപനെ നിഷേധിക്കുന്നവനാണെങ്കിലും ശരി.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു;
لَآ أُقْسِمُ بِيَوْمِ الْقِيٰمَةِ ۝ وَلَآ أُقْسِمُ بِالنَّفْسِ اللَّوَّامَةِ ۝ (75:2-3)

അതായത് ദൈവമോ രക്ഷാശിക്ഷയോ ഇല്ലെന്ന് ജനങ്ങൾ കരുതുന്നതു പോലെയല്ല വസ്തുത. മറിച്ച് ഇക്കാര്യം സ്ഥാപിക്കാൻ നാം രണ്ട് കാര്യങ്ങൾ സമർപിക്കുകയാണ്. ഒന്ന്, എല്ലാ കാര്യത്തിനും ഒരു അന്ത്യനാൾ നിശ്ചയിച്ചിട്ടുണ്ട്. അതിൽ അതേക്കുറിച്ച് തീരുമാനമുണ്ടാകും. നന്മക്ക് നന്മയും തിന്മക്ക് തിന്മയും പകരമായി ലഭിക്കുന്നതായിരിക്കും. ദൈവം ഇല്ലെങ്കിൽ രക്ഷാശിക്ഷ എങ്ങനെ ലഭിക്കാനാണ്? വലിയ ഖിയാമത്ത് (വിചാരണനാൾ) നിഷേധിക്കുന്നവർക്ക് വിചാരണനാൾ ഈ ലോകത്തുനിന്ന് തന്നെ തുടങ്ങുന്നതായി കാണാവുന്നതാണ്. വ്യഭിചാരിക്ക് ഗോണേറിയ ഉണ്ടാകുന്നു. എന്നാൽ, വിവാഹിതന് അത് ഉണ്ടാകുന്നില്ല. വാസ്തവത്തിൽ രണ്ടുപേരും ഒരേ പ്രവൃത്തിയാണ് ചെയ്യുന്നത്.

രണ്ടാമത്തെ സാക്ഷ്യം 'നഫ്സെ ലവ്വാമ' അഥവാ ദോഷപ്രവണമായ ആത്മാവാകുന്നു. അതായത് മനുഷ്യന്റെ ആത്മാവ് സ്വയമേവ പാപത്തെപറ്റി അത് തിന്മയാണെന്നും മോശമാണെന്നും ദോഷിച്ചുകൊണ്ടിരിക്കും. നിരീശ്വരവാദിയും വ്യഭിചാരത്തേയും വ്യാജത്തേയും മോശമാണെന്ന് ഗണിക്കുകയും അഹങ്കാരത്തേയും അസൂയയേയും നല്ലതല്ലെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. പക്ഷേ, എന്തുകൊണ്ട്? അവരുടെ പക്കൽ ന്യായപ്രമാണമൊന്നുമില്ല. അവരുടെ ഹൃദയം അംഗീകരിക്കുന്നില്ലെ ന്നതു മാത്രമല്ലേ കാരണം. ഈ പ്രവൃത്തി ചെയ്താൽ തനിക്ക് ഒരു വലിയ അധികാരിയിൽനിന്ന് ശിക്ഷ കിട്ടുമെന്നതുകൊണ്ടാണ് മനസ്സ് അതിനെ മോശമായി ഗണിക്കുന്നത്. അത് അയാൾ വാക്കുകൾ കൊണ്ട് പറയുന്നില്ലെന്ന് മാത്രം! അതിനെ പിന്തുണച്ചുകൊണ്ട് മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആനിൽ പറയുന്നു, فَاَلْهَمَهَا فُجُوْرَهَا وَتَقْوٰىهَا അല്ലാഹു എല്ലാ ആത്മാവിലേക്കും നന്മയും തിന്മയും ദിവ്യബോധനം ചെയ്തിരിക്കുന്നു (91:9).

നന്മതിന്മകളെ കുറിച്ചുള്ള അവബോധം തന്നെ, ദൈവം ഉണ്ടെന്നതിലേക്കുള്ള ഉഗ്രൻ തെളിവാകുന്നു. ദൈവം ഇല്ലെങ്കിൽ ഒന്നിനെ നല്ലതെന്നും മറ്റൊന്നിനെ തിയ്യതെന്നും പറയേണ്ട കാര്യമില്ല. മനുഷ്യൻ അവന്റെ മനസ്സിൽ തോന്നുന്നതുപോലെ ചെയ്തു കൊള്ളട്ടെ.

**നാലാമത്തെ തെളിവ്**

ദൈവാസ്തികൃത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്ന നാലാമത്തെ തെളിവ് ഇതാകുന്നു:

وَاَنَّ اِلٰى رَبِّكَ الْمُنْتَهٰى ۙ وَاَنَّهٗ هُوَ اَضْحَكَ وَاَبْكٰى ۙ
وَاَنَّهٗ هُوَ اَمَاتَ وَاَحْيَا ۙ وَاَنَّهٗ خَلَقَ الزَّوْجَيْنِ الذَّكَرَ
وَالْاُنْثٰى ۙ مِنْ نُّطْفَةٍ اِذَا تُمْنٰى ۙ (53:43–47)

ഇക്കാര്യം നാം എല്ലാ പ്രവാചകന്മാർ മുഖേനയും എത്തിച്ചിരിക്കുന്നു, അതായത് അല്ലാഹുവിന്റെ അസ്തിത്വത്തിൽ എത്തുമ്പോൾ തന്നെയാണ് എല്ലാ കാര്യങ്ങളുടെയും പാരമ്യം സംഭവിക്കുന്നത്. അത് സന്തോഷ ത്തിന്റെ സംഭവങ്ങളാണെങ്കിലും പ്രയാസത്തിന്റെ സംഭവങ്ങളാണെങ്കിലും ദൈവത്തിൽ നിന്ന് തന്നെയാണ് വരുന്നത്. മരണവും ജീവിതവും എല്ലാം അവന്റെ തന്നെ കൈകളിലാകുന്നു. അവൻ സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചു നിസ്സാരമായ ഒരു വസ്തുവിൽനിന്ന് അത് തെറിച്ച് വീഴ്ത്തപ്പെടുന്ന സമയത്ത്.

ഈ സൂക്തങ്ങളിൽ എല്ലാ കർമങ്ങൾക്കും ഒരു കർത്താവുണ്ടെന്നും തീർച്ചയായും എല്ലാ പ്രവൃത്തിയും ചെയ്യുന്ന ഒരാൾ ഉണ്ടായിരിക്കണമെന്നുമുള്ള കാര്യത്തിലേക്ക് മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നു. അതിനാൽ ഈ മുഴുവൻ പ്രപഞ്ചത്തേയും കുറിച്ച് ചിന്തിച്ചാൽ എല്ലാ കാര്യങ്ങളും അവസാനം ദൈവത്തിന്റെ അസ്തിത്വത്തിൽ അവസാനിക്കുന്നു എന്നതിലേക്ക് നിങ്ങൾക്ക് മാർഗദർശനം ലഭിക്കുന്നതാണ്. അതുതന്നെയാണ് എല്ലാ കാര്യങ്ങളുടേയും പരമമായ അവസ്ഥ. അവന്റെ സൂചനയാലാണ് എല്ലാം സംഭവിക്കുന്നത്. അല്ലാഹു മനുഷ്യനെ അവന്റെ പ്രാരംഭ ദശയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു, നിങ്ങളുടെ ജനനം ഒരു രേതസ് കണത്തിൽ നിന്നാകുന്നു. നിങ്ങൾ പിറകോട്ട് പോകുന്തോറും നിസ്സാരന്മാരായി മാറിക്കൊണ്ടിരിക്കും. പിന്നെങ്ങനെയാണ് നിങ്ങൾക്ക് നിങ്ങളുടെ സ്രഷ്ടാവാകാൻ കഴിയുക? സ്രഷ്ടാവില്ലാതെ ഒരു സൃഷ്ടിയും ഉണ്ടാകുക സാധ്യമല്ല. മനുഷ്യൻ സ്വയമേവ സ്രഷ്ടാവല്ല. കാരണം, അവന്റെ അവസ്ഥയെ കുറിച്ച് ചിന്തിച്ചാൽ അവൻ വളരെ നിസ്സാരവും മ്ലേച്ഛവുമായ അവസ്ഥയിൽ നിന്ന് പുരോഗതി പ്രാപിച്ചുകൊണ്ടാണ് ഇപ്പോഴത്തെ അവസ്ഥയിൽ എത്തിയതെന്ന് മനസ്സിലാകും. അവൻ ഇപ്പോഴത്തെ അവസ്ഥയിൽ സ്രഷ്ടാവല്ലന്നിരിക്കെ ദുർബലമായ അവസ്ഥയിൽ അവൻ സ്രഷ്ടാവാകുന്നതെങ്ങനെ? അതുകൊണ്ടുതന്നെ അവന്റെ സ്രഷ്ടാവ് മറ്റൊരാളാണെന്നും അവന്റെ ശക്തികൾ അനന്തവും കഴിവുകൾ സീമാതീതമാണെന്നും സമ്മതിക്കേണ്ടി വരും. ചുരുക്കത്തിൽ മനുഷ്യന്റെ പടിപടിയായ പുരോഗതിയിൽ ചിന്തിച്ചാൽ അതിന്റെ കാരണം വളരെ സൂക്ഷ്മമായ ഒന്നാണെന്ന് കാണാം. അവസാനം ഒരു സ്ഥലത്തെത്തുമ്പോൾ ഭൗതിക ശാസ്ത്രങ്ങൾ, ഇവിടെ ഇനി നമുക്ക് ഒന്നും ചെയ്യാനാകില്ലെന്നും ഇതെന്തുകൊണ്ട് സംഭവിച്ചുവെന്ന് തങ്ങൾക്കറിയില്ലെന്നും പറയുന്നു. ഈ സ്ഥാനത്തുതന്നെയാണ് അല്ലാഹുവിന്റെ കരങ്ങൾ പ്രവർത്തിക്കുന്നത്.

اِلٰى رَبِّكَ الْمُنْتَهٰى (53: 43) അതായത് എല്ലാ കാര്യങ്ങൾക്കും പാരമ്യമുണ്ടെന്നും അത് അവസാനം ഒരു അസ്തിത്വത്തിൽ എത്തുന്നുവെന്നും അതിനെ തങ്ങളുടെ ബുദ്ധിയുടെ വലയത്തിൽ കൊണ്ടുവരാൻ സാധ്യമല്ലെന്നും എല്ലാ ശാസ്ത്രജ്ഞന്മാർക്കും അംഗീകരിക്കേണ്ടി വരുന്നു. ആ അസ്തിത്വം ദൈവമാകുന്നു. ഈ പൊതുതത്ത്വം എത്ര പാമരനായ ആൾക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരാൾ ഒരു കാട്ടറബിയോട് ചോദിച്ചു, ദൈവമുണ്ടെന്നതിന് നിന്റെ പക്കൽ എന്ത് തെളിവാണുള്ളത്?

അയാൾ മറുപടി പറഞ്ഞു: 'കാട്ടിൽ ഒട്ടകത്തിന്റെ ചാണകം കണ്ടാൽ അതുവഴി ഒരു ഒട്ടകം പോയിട്ടുണ്ടെന്ന് എനിക്ക് പറയാൻ കഴിയും. എന്നിരിക്കെ ഇത്രയും വലിയ സൃഷ്ടിപ്പ് കണ്ടിട്ട് അതിന് ഒരു സ്രഷ്ടാവുണ്ടെന്ന് മനസ്സിലാക്കാൻ സാധ്യമല്ലേ?

● തീർച്ചയായും ഇത് സത്യസന്ധവും പ്രകൃതിക്ക് അനുഗുണവുമായ മറുപടിയാണ്. ഈ സൃഷ്ടികളിലേക്ക് മനുഷ്യൻ ശ്രദ്ധിക്കുകയാണെങ്കിൽ ഇതെല്ലാം സൃഷ്ടിച്ച ഒരു അസ്തിത്വത്തെ അവസാനം അംഗീകരിക്കേണ്ടി വരികതന്നെ ചെയ്യും.

**അഞ്ചാമത്തെ തെളിവ്**

ദൈവാസ്തികൃത്തിന് വിശുദ്ധ ഖുർആൻ സമർപിക്കുന്ന അഞ്ചാമത്തെ തെളിവ് ഇപ്രകാരമാകുന്നു. ഈ തെളിവ് ആദ്യത്തേതിലും കൂടുതൽ കരുത്തുറ്റതാണ്. ഇവിടെ കുറേക്കൂടി ശക്തമായ സമർഥനമാണ് നല്കിയിട്ടുള്ളത്.

അല്ലാഹു പറയുന്നു:

تَبٰرَكَ الَّذِيْ بِيَدِهِ الْمُلْكُ ۡ وَهُوَ عَلٰى كُلِّ شَيْءٍ قَدِيْرُ ۙ
الَّذِيْ خَلَقَ الْمَوْتَ وَالْحَيٰوةَ لِيَبْلُوَكُمْ اَيُّكُمْ اَحْسَنُ
عَمَلًا ؕ وَهُوَ الْعَزِيْزُ الْغَفُوْرُ ۙ الَّذِيْ خَلَقَ سَبْعَ سَمٰوٰتٍ
طِبَاقًا ؕ مَا تَرٰى فِيْ خَلْقِ الرَّحْمٰنِ مِنْ تَفٰوُتٍ ؕ فَارْجِعِ
الْبَصَرَ ۙ هَلْ تَرٰى مِنْ فُطُوْرٍ ۝ ثُمَّ ارْجِعِ الْبَصَرَ كَرَّتَيْنِ
يَنْقَلِبْ اِلَيْكَ الْبَصَرُ خَاسِئًا وَّهُوَ حَسِيْرٌ ۝

ആരുടെ നിയന്ത്രണാധികാരത്തിലാണോ സകല രാജാധികാരവുമുള്ളത് അവൻ തന്നെയാണ് അനുഗ്രഹമുടയവൻ. അവൻ താനുദ്ദേശിക്കുന്ന എല്ലാ കാര്യങ്ങൾക്കും ശാശ്വതമായ കഴിവുള്ളവനാകുന്നു. ആരാണ് കർമപരമായി നിങ്ങളിൽ നല്ലവനെന്ന് പരീക്ഷിക്കുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചത് അവൻ തന്നെയാകുന്നു. അവൻ സമ്പൂർണ പ്രതാപവാനും വളരെയേറെ പൊറുക്കുന്നവനുമാകുന്നു. അവൻ ഏഴ് ആകാശങ്ങളെ സൃഷ്ടിക്കുകയും പരസ്പരം അനുയോജ്യവും അനുഗുണവുമാക്കുകയും ചെയ്തു. നീ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഒരു വൈരുധ്യവും കാണുകയില്ല. അതിനാൽ നീ ദൃഷ്ടിപായിക്കുക, വല്ല ന്യൂനതയും കാണാൻ കഴിയു ന്നുണ്ടോ? രണ്ടാമതും ദൃഷ്ടി പായിച്ചുനോക്കുക. നിന്റെ ദൃഷ്ടി നിന്നിലേക്ക് ക്ഷീണിച്ചും പരാജയപ്പെട്ടും തിരിച്ചുവരുന്നതായിരിക്കും (67:2 -5)

ഈ പ്രപഞ്ചം മുഴുവനും യാദൃച്ഛികമായാണുണ്ടായതെന്ന് ചിലർ പറയുന്നു. യാദൃച്ഛികമായി ധാതുക്കൾ കൂടിച്ചേർന്നപ്പോൾ ഇതെല്ലാം ഉണ്ടായതാണ്. ലോകം സ്വയമേവ കൂടിച്ചേർന്ന് സ്വയം പ്രവർത്തന നിരതമായതാണെന്നും ആരും അത് ചലിപ്പിക്കുന്നില്ലെന്നും ശാസ്ത്രംകൊണ്ട് തെളിയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു അതിനുള്ള മറുപടിയാണ് ഈ സൂക്തങ്ങളിൽ നൽകുന്നത്. യാദൃച്ഛികമായി കൂടിച്ചേരുന്ന സംഗതികളിൽ ഒരു ശൃംഖലയോ സംവിധാനമോ ഉണ്ടായിരിക്കില്ല. മാത്രമല്ല പരസ്പരം ബന്ധിതവുമായിരിക്കില്ല. പലതരം നിറങ്ങൾ കൂടിച്ചേർന്നാണ് ഒരു ചിത്രം ഉണ്ടാകുന്നത്. എന്നാൽ, പലതരം നിറങ്ങൾ ഒരു കടലാസിൽ ഒഴിക്കുകയാണെങ്കിൽ അത് ഒരു ചിത്രമായി രൂപപ്പെടുമോ? ഇഷ്ടികകൾ കൊണ്ടാണ് വീടുണ്ടാകുന്നത്. എന്നാൽ, ഇഷ്ടികകൾ മേൽക്കുമേൽ കൂട്ടിവച്ചാൽ വീടുണ്ടാകുമോ? ഇനി ചില കാര്യങ്ങൾ യാദൃച്ഛികമായി ഉണ്ടാകുമെന്ന് കരുതിയാൽത്തന്നെ പ്രപഞ്ചസംവിധാനം കാണുന്ന ഒരാൾക്ക് അതൊക്കെ സ്വയംഭൂവാണെന്ന് പറയാൻ കഴിയുമോ? ധാതുക്കൾ കൊണ്ട് ഭൂമി സ്വയം ഉണ്ടായെന്നും മനുഷ്യൻ സ്വയം സൃഷ്ടിക്കപ്പെട്ടുവെന്നും അംഗീകരിക്കുന്നുവെന്ന് കരുതുക. എന്നാൽ, മനുഷ്യസൃഷ്ടിപ്പിൽ ഒന്ന് ചിന്തിച്ചു നോക്കുവിൻ! ഇത്രയും സമ്പൂർണമായ സൃഷ്ടിപ്പ് സ്വയം ഉണ്ടാകാൻ സാധ്യമാണോ? പൊതുവിൽ ലോകത്ത് ഏതെങ്കിലും ഗുണത്തിന്റെ മേന്മ മുഖേന അതിന്റെ സ്രഷ്ടാവിനെ മനസ്സിലാക്കി തരുന്നുണ്ട്. ഒരു നല്ല ചിത്രം കാണുമ്പോൾ അത് വലിയൊരു കലാകാരനാണ് വരച്ചതെന്നതിലേക്ക് ക്ഷണത്തിൽ ചിന്ത പോകുന്നു. നല്ല കൈയക്ഷരം കാണുമ്പോൾ. അത് നല്ലപോലെ എഴുതാൻ കഴിവുള്ള വ്യക്തിയാണ് എഴുതിയതെന്ന് മനസ്സിലാകുന്നു. താൽപര്യം വർധിക്കുന്നതിന് അനുസൃതമായി നിർമിച്ച അല്ലെങ്കിൽ എഴുതിയ ആളുടെ മേന്മയും വലുപ്പവും മനസ്സിൽ പതിയുന്നു. എന്നിട്ടും ഇത്രമാത്രം സുസംഘടിതമായ ലോകം സ്വയംഭൂവാണെന്ന് എങ്ങനെയാണ് സങ്കൽപ്പിക്കുന്നത്?

ഒരു കാര്യം ചിന്തിച്ചുനോക്കുക! മനുഷ്യനിൽ പുരോഗതി പ്രാപിക്കാനുള്ള കഴിവുള്ളതുപോലെ തന്റെ ചിന്തകളെ കർമപഥത്തിൽ കൊണ്ടുവരുന്നതിന് ബുദ്ധിയും നൽകപ്പെട്ടിരിക്കുന്നു. അവന്റെ ശരീരവും അതിന് അനുഗുണമായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അവന് ഭക്ഷണം സമ്പാദിക്കാൻ അധ്വാനം വേണം. അതുകൊണ്ട് സഞ്ചരിച്ച് തന്റെ ഭക്ഷണം കണ്ടെത്താനുള്ള ത്വര അവനുള്ളിലുണ്ടാക്കി. മരങ്ങൾക്കുള്ള ഭക്ഷണം ഭൂമിയിൽ വെച്ചിട്ടുള്ളതുകൊണ്ട് അതിന്റെ വയർ നിറക്കാൻവേണ്ടി അതിന് വേരുകൾ നൽകി. സിംഹത്തിനുള്ള ഭക്ഷണം ഇറച്ചി ആയതുകൊണ്ട് വേട്ടയാടാൻ അതിന് നഖങ്ങൾ നൽകി.

കുതിരയും പശുവും പുല്ല് തിന്നാൻ വിധിക്കപ്പെട്ടതുകൊണ്ട് അവയ്ക്ക് കുനിഞ്ഞ് പുല്ല് തിന്നാൻ അനുയോജ്യമായ കഴുത്ത് നൽകി. ഒട്ടകങ്ങൾക്ക് മരച്ചില്ലകളും ഇലകളും വിധിച്ചതുകൊണ്ട് അവക്ക് നീണ്ട കഴുത്ത് പ്രദാനം ചെയ്തു. ഈ എല്ലാ സംവിധാനവും യാദൃച്ഛികമാണോ? യാദൃച്ഛികത, ഒട്ടകത്തിന് നീണ്ട കഴുത്തും സിംഹത്തിന് കൂർത്ത നഖങ്ങളും മരങ്ങൾക്ക് വേരും മനുഷ്യന് കാലും നൽകാൻ തീരുമാനിച്ചതാണോ? സ്വയം ഉണ്ടായതിൽ ഇത്രയും കണിശമായ സംവിധാനം ഉണ്ടായത് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ?

മനുഷ്യന് ശ്വാസകോശം ഉണ്ടാക്കുകയും അതിനുവേണ്ടി വായു സൃഷ്ടിക്കുകയും ചെയ്തു. വെള്ളത്തിൽ അവന്റെ ജീവിതം അടിസ്ഥാനപ്പെടുത്തുകയും സൂര്യൻ മുഖേന മേഘങ്ങൾ വഴി അവന് വെള്ളം എത്തിച്ചു കൊടുക്കുകയുമുണ്ടായി. കണ്ണുകൾ പ്രദാനം ചെയ്തപ്പോൾ അത് പ്രവർത്തനസജ്ജമായി കാണുന്നതിന് സൂര്യപ്രകാശവും, കാതുകൾ നൽകിയപ്പോൾ അതോടൊപ്പം മധുരമുള്ള ശബ്ദവും, നാവ് നൽകിയതോടൊപ്പം രുചികരമായ സാധനങ്ങളും, നാസിക നൽകിയപ്പോൾ സുഗന്ധങ്ങളും പ്രദാനം ചെയ്തു.

ഒരുപക്ഷേ, യാദൃച്ഛികത മനുഷ്യന്റെ ശ്വാസകോശം സൃഷ്ടിച്ചിട്ടുണ്ടാകും. എന്നാൽ, അതിനുവേണ്ടി വായുവിന്റെ സംവിധാനം എങ്ങനെയാണുണ്ടായത്? ഒരുപക്ഷേ, മനുഷ്യന്റെ കണ്ണ് സ്വയം ഉണ്ടായതാകും, പക്ഷേ, അത് പ്രവർത്തനക്ഷമമാകാൻ കോടിക്കണക്കിന് മൈൽ ദൂരെ സൂര്യനെ സൃഷ്ടിച്ചത് വല്ലാത്തൊരു യാദൃച്ഛികതയാണല്ലോ? യാദൃച്ഛികതയാണ് കാതുകൾ സൃഷ്ടിച്ചതെങ്കിൽ മറുഭാഗത്ത് ശബ്ദം സൃഷ്ടിച്ചത് ഏത് ശക്തിയാണ്? മഞ്ഞിൻ പ്രദേശങ്ങളിൽ നായ്ക്കളും കരടിയും യാദൃച്ഛികമായി ഉണ്ടായെന്ന് സമ്മതിച്ചാൽതന്നെ ആ നായ്ക്കൾക്കും കരടിക്കും തണുപ്പിൽനിന്ന് രക്ഷപ്പെടാൻ നീണ്ട രോമങ്ങൾ ഉണ്ടാകാൻ കാരണമെന്താണ്? യാദൃച്ഛികത അനേകായിരം രോഗങ്ങളുണ്ടാക്കി, യാദൃച്ഛികതതന്നെ അവക്കുള്ള ചികിത്സയും ഉണ്ടാക്കി! യാദൃച്ഛികത തൊട്ടാൽ ചൊറിയുന്ന നായ്ക്കുരണച്ചെടി ഉണ്ടാക്കി, യാദൃച്ഛികതതന്നെ അതിനുള്ള പ്രതിവിധിക്കുള്ള പാലക്ക് (ഒരുതരം ചീര) ചെടിയും മുളപ്പിച്ചു! നിരീശ്വരവാദികളുടെ യാദൃച്ഛികതയും അത്ഭുതകരംതന്നെ! ഏതിനൊക്കെ മരണം വിധിച്ചിട്ടുണ്ടോ അവയോടൊപ്പം ജനനത്തിനുള്ള ശൃംഖലയും സൃഷ്ടിച്ചു. മരണം ഇല്ലാത്തവക്ക് ഈ ശൃംഖല വെച്ചിട്ടുമില്ല. മനുഷ്യൻ ജനിക്കുകയും മരിക്കാതിരിക്കുകയുമാണെങ്കിൽ ഏതാനും വർഷങ്ങൾക്കകം ലോകം അവസാനിക്കുമായിരുന്നു. അതുകൊണ്ട് അവനോടൊപ്പം നാശവും വെച്ചു. എന്നാൽ, സൂര്യനും ചന്ദ്രനും ഭൂമിയും പുതുതായി സൃഷ്ടിക്കപ്പെടുകയോ ഉള്ളത് നശിക്കുകയോ ചെയ്യുന്നില്ല. ഭൂമിയും സൂര്യനും തമ്മിൽ പരസ്പരം ആകർഷണം വെച്ചിരിക്കുന്നു. അതുകൊണ്ട് പരസ്പരം കൂട്ടിയിടിക്കാതിരിക്കാൻ ഒരുപാട് ദൂരത്തിൽ വെക്കുകയുമുണ്ടായി. ഈ സംവിധാനം ആശ്ചര്യാവഹമല്ലേ? ഈ എല്ലാ കാര്യങ്ങളും ഇതിനെല്ലാം ഒരു സ്രഷ്ടാവുണ്ടെന്നും അവൻ അറിവുള്ളവൻ മാത്രമല്ല, അനന്തമായ അറിവ് ഉള്ളവനാണെന്നും അവന്റെ നിയമങ്ങൾ വൈരുധ്യമില്ലാത്തവിധം ബന്ധിതമാണെന്നും ന്യൂനതയില്ലാത്തതാണെന്നും തെളിയിക്കുന്നില്ലേ? എനിക്ക് എന്റെ വിരലുകളും അവന്റെ അസ്തിത്വത്തിനുള്ള തെളിവായി അനുഭവപ്പെടുന്നു. എനിക്ക് വിജ്ഞാനം നൽകി. പക്ഷേ, എനിക്ക് സിംഹത്തിന്റെ കൂർത്ത നഖങ്ങളാണ് നൽകിയിരുന്നതെങ്കിൽ എഴുതാൻ കഴിയുമായിരുന്നില്ല. സിംഹത്തിന് വിജ്ഞാനം നൽകിയില്ല, അതിന് കൂർത്ത നഖങ്ങൾ നൽകി. എനിക്ക് വിജ്ഞാനം നൽകി. എഴുതാൻ വിരലുകളും നൽകി.

രാജ്യസദസ്സുകളിൽ ആയിരക്കണക്കിന് ചിന്തകന്മാർ അവ ശരിയാംവണ്ണം നടത്തുന്നതിന് രാപ്പകൽ മുഴുകിയിരിക്കുന്നു. പക്ഷേ, എന്നിട്ടും അവരിൽ രാജ്യാധികാരത്തിന് ശക്തമായ നഷ്ടമുണ്ടാക്കുന്ന അബദ്ധങ്ങൾ അവരിൽ നിന്നുമുണ്ടാകുന്നു. ചിലപ്പോൾ നാശംതന്നെ സംഭവിക്കുന്നു. എന്നാൽ, പ്രപഞ്ച സംവിധാനം യാദൃച്ഛികതയിലാണ്! ആയിരക്കണക്കിന് ബുദ്ധി രാക്ഷസന്മാർക്ക് തെറ്റു സംഭവിക്കാം, പക്ഷേ, ഈ യാദൃച്ഛികത തെറ്റു വരുത്തുന്നതേയില്ല എന്നത് എത്രമാത്രം ആശ്ചര്യാവഹമാണ്!

വാസ്തവമെന്തെന്നാൽ, ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്. അവൻ വളരെ വിശാലമായ ലോകത്തിന്റെ ഉടമസ്ഥനും പ്രതാപവാനുമാണ്. അവൻ ഇല്ലായിരുന്നുവെങ്കിൽ ഈ സംവിധാനം കാണാൻ കഴിയുമായിരുന്നില്ല. നിങ്ങൾ എങ്ങോട്ട് കണ്ണോടിച്ചാലും വിശുദ്ധ ഖുർആൻ പറഞ്ഞപോലെ നിങ്ങളുടെ ദൃഷ്ടി പരാജയപ്പെട്ടും ക്ഷീണിച്ചും തിരിച്ചു വരുന്നതാണ്. എല്ലാ സംഗതികളിലും ഒരു വ്യവസ്ഥിതി കാണപ്പെടുന്നതാണ്. നല്ലതു ചെയ്യുന്നവൻ പ്രതിഫലവും തിയ്യതു ചെയ്യുന്നവൻ ശിക്ഷയും പ്രാപിക്കുന്നു. എല്ലാം അതിന്റെ കടമ നിർവഹിച്ചു കൊണ്ടിരിക്കുന്നു. ഒരു നിമിഷംപോലും അലസത കാണിക്കുന്നില്ല. ഇതൊരു വലിയ വിഷയമാകുന്നു. പക്ഷേ, ഇവിടെ ഞാൻ നിറുത്തുകയാണ്. ബുദ്ധിമാന് സൂചനതന്നെ ധാരാളമാണല്ലോ!

**ആറാമത്തെ തെളിവ്**

ദൈവനിഷേധികൾ എപ്പോഴും നിന്ദ്യരും പരാജിതരുമാകുമെന്ന് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നു. അവർ അബദ്ധത്തിലാണുള്ളത് എന്നതിന് ഇതും തെളിവാകുന്നു. അല്ലാഹു, തന്നെ അംഗീകരിക്കുന്നവർക്ക് എപ്പോഴും വിജയങ്ങളും അവരുടെ ശത്രുക്കൾക്കുമേൽ അവർക്ക് ആധിപത്യവും നൽകുന്നു. ദൈവം ഇല്ലെങ്കിൽ ഈ വിജയവും പിന്തുണയും എങ്ങനെയാണ് ലഭിക്കുന്നത്?

മൂസാനബിയുടെ കാലത്തുള്ള ഫിർഔനിനെ പറ്റി പറയുന്നു:

فَقَالَ اَنَا رَبُّكُمُ الْاَعْلٰى ﴿٢٥﴾ فَاَخَذَهُ اللّٰهُ نَكَالَ الْاٰخِرَةِ وَالْاُوْلٰى ﴿٢٦﴾

(79:25-26)

അതായത് ഹദ്റത്ത് മൂസാ(അ) ഫിർഔനിനോട് ദൈവത്തെ അനുസരിക്കാൻ പറഞ്ഞപ്പോൾ അവൻ അഹങ്കാരത്തോടെ മറുപടി പറഞ്ഞു: 'എന്ത് ദൈവം? ഞാൻ തന്നെയാണ് ദൈവം.' അപ്പോൾ അല്ലാഹു അവനെ ഈ ലോകത്തും പരലോകത്തും നിന്ദ്യനാക്കി. ചുരുക്കത്തിൽ ഫിർഔനിന്റെ സംഭവം, ദൈവ നിഷേധികൾ എങ്ങനെയാണ് നിന്ദ്യരും പരാജിതരും ആകുന്നത് എന്നതിലേക്കുള്ള ഒരു തെളിമയാർന്ന തെളിവാകുന്നു. മാത്രമല്ല ലോകത്ത് ഒരിക്കലും നിരീശ്വരവാദികൾ ഒരു സാമ്രാജ്യവും സ്ഥാപിച്ചിട്ടില്ല. മറിച്ച് എപ്പോഴും ലോകത്ത് വിജയിക്കുകയും രാജ്യങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കുകയും ചരിത്രം നിർമിക്കുകയും ചെയ്തവർ ദൈവത്തെ അംഗീകരിച്ചവരാകുന്നു. ദൈവനിഷേധികൾ നിന്ദ്യരും പരാജിതരും ആകുകയും ഒരു സമൂഹമെന്ന നിലയിൽ അവർക്ക് ലോകത്തിനു മുന്നിൽ വരാൻ കഴിയാത്തതും അർഥശൂന്യമായ കാര്യമാണോ?

**ഏഴാമത്തെ തെളിവ്**

ദൈവാസ്തിക്യത്തിനുള്ള ഏഴാമത്തെ തെളിവ് ഇപ്രകാരമാകുന്നു. ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നവരും അവനിൽ വിശ്വസിക്കുന്നവരും അവനിൽ ദൃഢവിശ്വാസമുള്ളവരും എപ്പോഴും വിജയിക്കുന്നു. ജനങ്ങളുടെ എതിർപ്പുണ്ടായിട്ടും അവർക്കുമേൽ വിപത്തുകൾ വരുന്നില്ല. ദൈവാസ്തിക്യം സ്ഥാപിക്കുന്നവർ എല്ലാ നാട്ടിലും ജനിച്ചിട്ടുണ്ട്. അവർ എതിർക്കപ്പെട്ടതു പോലെ മറ്റാരും എതിർക്കപ്പെട്ടിട്ടില്ല. എന്നാൽ, ലോകത്തിന് അവരെ എന്തു ചെയ്യാൻ കഴിഞ്ഞു? ശ്രീരാമന് വനവാസം നൽകിയവർക്ക് എന്ത് സുഖമാണ് ലഭിച്ചത്? രാവണന് എന്ത് സൗഭാഗ്യമാണ് കിട്ടിയത്? ശ്രീരാമന്റെ പേര് എല്ലാ കാലത്തേക്കും നിലനിൽക്കുകയും രാവണൻ എന്നന്നേക്കും ദുഷ്പേര് സമ്പാദിക്കുകയും ചെയ്തില്ലേ? ശ്രീകൃഷ്ണന്റെ ഉപദേശം നിരാകരിച്ച കൗരവന്മാർക്ക് എന്ത് പ്രയോജനമാണ് കിട്ടിയത്? അവർ കുരുക്ഷേത്ര മൈതാനത്ത് തകർന്നടിഞ്ഞില്ലേ? ഇസ്റായീൽ സന്തതികളെക്കൊണ്ട് ഇഷ്ടിക ഉണ്ടാക്കിച്ചിരുന്ന ഫിർഔൻ രാജാവ്, മൂസാ(അ) എന്ന ദുർബല മനുഷ്യനെ എതിർത്തു. പക്ഷേ, മൂസാ(അ)ന് എന്തെങ്കിലും കോട്ടം വരുത്താൻ കഴിഞ്ഞോ? അയാൾ വെള്ളത്തിൽ ആഴ്ത്തപ്പെടുകയും മൂസാ(അ) രാജാവാകുകയും ചെയ്തു. ഹദ്റത്ത് ഈസാ(അ)യോട് ജനങ്ങൾ ചെയ്ത ദ്രോഹവും വ്യക്തമാണ്. അദ്ദേഹത്തിന് ലഭിച്ച പുരോഗതിയും ഗോപ്യമല്ല. അദ്ദേഹത്തിന്റെ ശത്രുക്കൾ നശിച്ചൊടുങ്ങി, അദ്ദേഹത്തിന്റെ ദാസന്മാർ നിരവധി രാജ്യങ്ങളുടെ രാജാക്കന്മാരായി.

നമ്മുടെ യജമാനർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ), ലോകത്ത് ഏറ്റവുമധികം ആ പരിശുദ്ധ അസ്തിത്വത്തിന്റെ നാമം പരത്തുന്ന ആളായിരുന്നു. ഒരു പാശ്ചാത്യ എഴുത്തുകാരൻ പറയുന്നു, (നഊദുബില്ലാഹ്) അദ്ദേഹത്തിന് ദൈവം എന്നത് ഒരു ഭ്രാന്തായിരുന്നു. എപ്പോഴും ദൈവം, ദൈവം എന്ന് മാത്രമാണ് പറഞ്ഞിരുന്നത്. അദ്ദേഹത്തെ ഏഴ് സമുദായങ്ങൾ എതിർക്കുകയുണ്ടായി. സ്വന്തക്കാരും അന്യരും ശത്രുക്കളായി മാറി. എന്നിട്ടും ലോകത്തിന്റെ ഖജനാവുകൾ അദ്ദേഹം ജയിച്ചടക്കിയില്ലേ? ദൈവം ഇല്ലെങ്കിൽ ഈ സഹായം ചെയ്തത് ആരാണ്? ഇതെല്ലാം യാദൃച്ഛികമാണെങ്കിൽ, ഒരാൾ ദൈവാസ്തിക്യം സ്ഥാപിക്കാൻ നിയോഗിതനാവുകയും ലോകത്തിന് അദ്ദേഹത്തെ നിന്ദ്യനാക്കാൻ കഴിയുകയും ചെയ്യണമായിരുന്നു. എന്നാൽ, ദൈവനാമം ഉയർത്താൻ വന്നവർ എപ്പോഴും അന്തസ്സും ആധിപത്യവും പ്രാപിക്കുകയാണുണ്ടായത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَمَنْ يَّتَوَلَّ اللّٰهَ وَرَسُوْلَهٗ وَالَّذِيْنَ اٰمَنُوْا فَاِنَّ حِزْبَ اللّٰهِ هُمُ الْغٰلِبُوْنَ ﴿٥٧﴾

അല്ലാഹുവിനേയും അവന്റെ റസൂലിനേയും സത്യവിശ്വാസികളേയും മിത്രങ്ങളാക്കുന്നുവർ, അവർ അല്ലാഹുവിന്റെ സംഘമാകുന്നു, അവർ തന്നെയാണ് വിജയിക്കുന്നവർ.(5:57)

**എട്ടാമത്തെ തെളിവ്**

ദൈവാസ്തിക്യത്തിനു വിശുദ്ധ ഖുർആനിൽനിന്ന് ലഭിക്കുന്ന എട്ടാമത്തെ തെളിവ് ഇപ്രകാരമാകുന്നു. ദൈവം പ്രാർഥന സ്വീകരിക്കുന്നു. അതായത് ഏതെങ്കിലും ഒരു വ്യക്തി പരിഭ്രാന്തനായി അവന്റെ സവിധത്തിൽ പ്രാർഥിക്കുമ്പോൾ അവൻ അത് സ്വീകരിക്കുന്നു. ഇത് ഏതെങ്കിലും പ്രത്യേക കാലത്തേക്കല്ല.

മറിച്ച് എക്കാലത്തും അതിന്റെ ദൃശ്യങ്ങളുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَاِذَا سَاَلَكَ عِبَادِیْ عَنِّیْ فَاِنِّیْ قَرِیْبٌ ؕ اُجِیْبُ دَعْوَةَ الدَّاعِ

اِذَا دَعَانِ ۙ فَلْیَسْتَجِیْبُوْا لِیْ وَلْیُؤْمِنُوْا بِیْ لَعَلَّهُمْ یَرْشُدُوْنَ ﴿۱۸۷﴾

അതായത് എന്റെ ദാസന്മാർ എന്നെ സംബന്ധിച്ച് ചോദിച്ചാൽ പറയുക, ഞാൻ ഉണ്ട്, മാത്രമല്ല അവരുടെ സമീപസ്ഥനുമാണ്. വിളിക്കുന്നവൻ എന്നെ വിളിക്കുമ്പോൾ ഞാൻ അവന്റെ പ്രാർഥന കേൾക്കുന്നു. അവനും എന്റെ വാക്കുകൾ അംഗീകരിക്കുകയും എന്നിൽ വിശ്വസിക്കുകയും വേണം. അങ്ങനെയായാൽ അവർ സന്മാർഗം പ്രാപിച്ചേക്കാം. (2:187)

ദൈവം പ്രാർഥന സ്വീകരിക്കുന്നു എന്ന് എങ്ങനെ മനസ്സിലാകുമെന്നും യാദൃച്ഛികമായി ചില പ്രാർഥിതരുടെ കാര്യങ്ങൾ നടക്കുന്നുവെന്നും ആരെങ്കിലും പറയാനിടയുണ്ട്. ചിലരുടെ കാര്യങ്ങൾ നടക്കാറുമില്ലല്ലോ? എല്ലാ പ്രാർഥനയും സ്വീകരിക്കപ്പെടുന്നുവെങ്കിൽ ശരി. എന്നാൽ, ചിലരുടെ മാത്രം സ്വീകരിക്കപ്പെടുന്നതുകൊണ്ട് അത് യാദൃച്ഛികമല്ലെന്നും അത് ഏതോ ഒരു അസ്തിത്വം സ്വീകരിച്ചിരിക്കുന്നുവെന്നും എങ്ങനെ മനസ്സിലാകും?

ഇതിനുള്ള മറുപടി ഇതാകുന്നു: പ്രാർഥനാസ്വീകാര്യത സ്വയമേവ ദൃഷ്ടാന്തം വെളിപ്പെടുത്തുന്നു. വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) ദൈവാസ്തിക്യം സമർഥിക്കുന്നതിന് സമർപ്പിച്ച ഒരു തെളിവ് ഇതാകുന്നു: മാരകമായ അസുഖം ബാധിച്ച ഏതാനും രോഗികളെ തിരഞ്ഞെടുത്ത് വീതം വെക്കുക. ഒരു വിഭാഗത്തെ ഡോക്ടർ ചികിത്സിക്കട്ടെ, എന്റെ വിഹിതത്തിൽ വരുന്നവർക്കുവേണ്ടി ഞാൻ പ്രാർഥിക്കാം. എന്നിട്ട് ആരുടെ രോഗികളാണ് സുഖപ്പെടുന്നതെന്ന് നോക്കാം. ഇനി ഈ പരീക്ഷണമാർഗത്തിലും വല്ല സംശയവും ബാക്കിയുണ്ടോ?

പേപ്പട്ടി കടിച്ച ഒരാൾക്ക് പേയിളകി. അയാളെ ചികിത്സിച്ചിരുന്ന കസൗലിയിലെ ഡോക്ടർമാരെ വിവരം അറിയിച്ചു. അവർ നിസഹായരായിക്കൊണ്ടു 'ഇനി ഇയാൾക്ക് ഒരു ചികിത്സയുമില്ല' എന്ന വിവരമാണ് അറിയിച്ചത്. അയാൾക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രാർഥിക്കുകയും അയാൾ സുഖപ്പെടുകയും ചെയ്തു. വാസ്തവത്തിൽ പേപ്പട്ടി കടിച്ച് പേയിളകിയ ഒരാൾ ഒരിക്കലും സുഖപ്പെട്ടിരുന്നില്ല.

ചുരുക്കത്തിൽ പ്രാർഥന സ്വീകരിക്കപ്പെടുന്നത്, അത് സ്വീകരിക്കുന്നതിന് ഒരാൾ ഉണ്ട് എന്നുള്ളതിനുള്ള തെളിവാകുന്നു. പ്രാർഥന സ്വീകരിക്കപ്പെടുന്നത് ഏതെങ്കിലും പ്രത്യേക കാലവുമായി മാത്രം ബന്ധപ്പെട്ടതല്ല. മറിച്ച് എല്ലാ കാലത്തും അതിന്റെ ഉദാഹരണങ്ങൾ കാണാവുന്നതാണ്. മുൻകാലങ്ങളിൽ പ്രാർഥന സ്വീകരിക്കപ്പെട്ടതു പോലെ ഇപ്പോഴും സ്വീകരിക്കപ്പെടുന്നു.

**ഒമ്പതാമത്തെ തെളിവ്**

ദൈവാസ്തിക്യത്തിനു വിശുദ്ധ ഖുർആനിൽ നിന്ന് ലഭിക്കുന്ന ഒമ്പതാമത്തെ തെളിവ് ദൈവത്തിൽ നിന്നുവരുന്ന ഇൽഹാം(ദിവ്യവാണികൾ)ആകുന്നു. ഇതിനെ ഞാൻ ഒമ്പതാമത്തെ തെളിവായാണ് വെച്ചിട്ടുള്ളതെങ്കിലും ഇത് വാസ്തവത്തിൽ ഏറെ മഹത്തായ തെളിവാകുന്നു. ഇത് ദൈവത്തിന്റെ അസ്തിത്വത്തെ ദൃഢമായും സ്ഥാപിക്കുന്നു.

അല്ലാഹു പറയുന്നു:

یُثَبِّتُ اللّٰهُ الَّذِیْنَ اٰمَنُوْا بِالْقَوْلِ الثَّابِتِ فِی الْحَیٰوةِ الدُّنْیَا وَفِی الْاٰخِرَةِ ۚ

അതായത് അല്ലാഹു, തന്റെ വിശ്വസികളായ ദാസന്മാർക്ക് ഇഹലോകത്തും പരലോകത്തും ദൃഢവചനങ്ങൾ കേൾപ്പിച്ചുകൊണ്ട് പ്രബലത നല്കിക്കൊണ്ടിരിക്കുന്നതാണ്.(14:28)

അല്ലാഹു എല്ലാ കാലത്തും തന്റെ സൃഷ്ടികളോട് സംവദിച്ചു കൊണ്ടിരിക്കുന്നു. എന്നിരിക്കെ അവനെ എങ്ങനെയാണ് നിഷേധിക്കാൻ പറ്റുക? നബിമാരോടും റസൂൽമാരോടും മാത്രമല്ല ഔലിയാക്കളോടും സംസാരിക്കുന്നു. ചിലപ്പോൾ തന്റെ നിസ്സാരനായ ഒരു ദാസനോട് കരുണ കാണിച്ചുകൊണ്ട് അയാൾക്ക് സാന്ത്വനം നൽകാൻ അയാളുമായും സംസാരിക്കുന്നു. അങ്ങനെ ഈ വിനീതനോടും അവൻ സംസാരിച്ചുകൊണ്ട് തന്റെ അസ്തിത്വം തെളിവോടുകൂടി സമർഥിക്കുകയുണ്ടായി. ഇത് മാത്രമല്ല ചിലപ്പോൾ വളരെ ദുഷിച്ചതും മോശാവസ്ഥയിലുള്ള ആളുകളോടും അവർക്കുമേൽ ന്യായപൂർത്തി വരുത്താൻ സംസാരിക്കാറുണ്ട്. ചിലപ്പോൾ അധ:കൃതനും വ്യഭിചാരിയും ആയവർക്കുപോലും സൽസ്വപ്നങ്ങളും വെളിപാടുകളും ഉണ്ടാകാറുണ്ട്. അവയിലെ ഗോപ്യമായ വൃത്താന്തങ്ങൾ അത് കരുത്തുറ്റ ഒരു അസ്തിത്വത്തിൽ നിന്നാണ് എന്നതിനുള്ള തെളിവാകുന്നു. മാത്രമല്ല അവ യഥാസമയം പൂർത്തിയായി അത് മനുഷ്യമസ്തിഷ്കത്തിന്റേയോ ദഹനക്കേടിന്റേയോ പരിണിതിയല്ലെന്ന് വ്യക്തമാക്കുന്നു. ചില പ്പോൾ നൂറുക്കണക്കിന് വർഷങ്ങൾ കഴിഞ്ഞ് ഉണ്ടാകാനുള്ള വാർത്തകൾ പറയുന്നു. അതുകൊണ്ട് അത് വർത്തമാനകാലസംഭവങ്ങൾ സ്വപ്നമായി കണ്ടതാണെന്നും യാദൃച്ഛികമായി പൂർത്തിയായതാണെന്നും പറയാൻ അവസരം നൽകുന്നില്ല. തൗറാത്തിലും വിശുദ്ധഖുർആനിലും ക്രിസ്ത്യാനികൾക്ക് ഇപ്പോൾ ലഭ്യമായ പുരോഗതികളെക്കുറിച്ച് നേരത്തെ പരാമർശമുണ്ടായിരുന്നു. അതേക്കുറിച്ച് ലോകം ഇന്ന് അത്ഭുതം കൂറുന്നു. മാത്രമല്ല വ്യക്തമായ വാക്കുകളിൽ വിശദമായി പറഞ്ഞിരുന്നു.

മേലിൽ സംഭവിക്കാനുള്ള കാര്യങ്ങളെ പറ്റിയും പരാമർശമുണ്ട്. ഉദാഹരണമായി,

ഒന്ന് : وَاِذَا الْعِشَارُ عُطِّلَتْ ۪ۙ (81:5)

ഒരു കാലം വരാനിരിക്കുന്നു, അന്ന് ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുന്നതാണ്.

സ്വഹീഹ് മുസ്‌ലിം എന്ന ഹദീഥ് ഗ്രന്ഥത്തിൽ വന്നിട്ടുള്ള ഹദീഥിന്റെ വിശദീകരണത്തിൽ പറയുന്നു: وَلَتُتْرَكَنَّ الْقِلَاصُ فَلَا یُسْعٰی عَلَیْهَا

അതായത് ഒട്ടകങ്ങൾ ഉപയോഗിക്കപ്പെടുകയില്ല. ഇക്കാലത്ത് റെയിൽവേ ആരംഭിച്ചതോടുകൂടി ഈ പ്രവചനം പൂർത്തിയായി. റെയിൽവേയെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ വാക്കുകളിൽ കാണപ്പെടുന്ന സൂചനകളിൽനിന്ന് റെയിൽവേയുടെ ചിത്രം കൺമുന്നിൽ തെളിയുന്നു. പ്രവാചക വചനങ്ങളിലെ, അത് നീരാവികൊണ്ട് ചലിക്കുമെന്നും മുന്നിൽ ധൂമപടലമുണ്ടായിരിക്കുമെന്നും യാത്രാവാഹനമെന്ന നിലക്കും ചരക്ക് നീക്കുന്ന നിലക്കും കഴുതയെപോലെ ആയിരിക്കുമെന്നും അത് ചലിക്കുമ്പോൾ ശബ്ദമുണ്ടാക്കുമെന്നും മറ്റുമുള്ള കാര്യങ്ങൾ വാഹനമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാകുകയും ചെയ്യുന്നുണ്ട്.

രണ്ട് : وَاِذَا الصُّحُفُ نُشِرَتْ ۪ۙ (81:11)

അതായത്, ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും വർധിക്കുന്നതാണ്.

ഇന്നത്തെ പ്രസ്സുകൾ മുഖേന പ്രസിദ്ധീകരണത്തിൽ ഉണ്ടായിട്ടുള്ള വർധന പ്രത്യേകം വിവരിക്കേണ്ട കാര്യമില്ല.

മൂന്ന് : وَاِذَا النُّفُوْسُ زُوِّجَتْ ۪ۙ (81:8)

മനുഷ്യകുലത്തിന്റെ പരസ്പര ബന്ധം പുരോഗതി പ്രാപിക്കുന്നതും കൂടിക്കാഴ്ചക്കുള്ള മാർഗങ്ങൾ എളുപ്പമുള്ളതാക്കുന്നതുമാണ്. ഇതിന് വർത്തമാന കാലത്തേക്കാളും നല്ല ഉദാഹരണം ചിന്തിക്കാൻ തന്നെ പ്രയാസമാണ്.

നാല് : یَوْمَ تَرْجُفُ الرَّاجِفَةُ ۙ تَتْبَعُهَا الرَّادِفَةُ ؕ (79:7- 8)

തുടർച്ചയായതും അസാധാരണവുമായ ഭൂകമ്പങ്ങൾ വരുന്നതും എത്രത്തോളമെന്നാൽ ഭൂമി പ്രകമ്പനം കൊള്ളുന്നതുമാണ്. ഇതും വർത്തമാനകാലത്തിന്റെ പ്രത്യേകതയാണ്.

അഞ്ച്: وَاِنْ مِّنْ قَرْیَةٍ اِلَّا نَحْنُ مُهْلِكُوْهَا قَبْلَ یَوْمِ الْقِیٰمَةِ اَوْ مُعَذِّبُوْهَا

പുനരുത്ഥാനനാളിനുമുമ്പേ നാം നശിപ്പിക്കുകയോ വളരെ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു നാടുമില്ല. (17:59)

ഇക്കാലഘട്ടത്തിൽ പ്ലേഗും ഭൂകമ്പങ്ങളും പ്രളയവും അഗ്നിപർവത സ്ഫോടനവും പരസ്പര യുദ്ധങ്ങളും മുഖേന മനുഷ്യൻ നാശമടഞ്ഞു കൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിൽ മരണത്തിന് നിരവധി കാരണങ്ങൾ ഒരുമിച്ചു കൂടിയിരിക്കുന്നു. ഇത്രമാത്രം കാരണങ്ങൾ ഒരുമിച്ചു ചേർന്ന കാലം മുമ്പേയൊരിക്കലും ഉണ്ടായിട്ടില്ല.

എല്ലാ നൂറ്റാണ്ടിലും ദൈവിക വെളിപാടുകൾ സിദ്ധിക്കുന്ന ആളുകൾ ഇസ്‌ലാമിൽ ജനിക്കുകയും അവർ അഭൗമികമായ ദൃഷ്ടാന്തങ്ങൾ മുഖേന കഴിവുടയവനും തീരുമാനം എടുക്കുന്ന ആസൂത്രകനുമായ ഒരു അസ്തിത്വത്തെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒന്ന് : ഇക്കാലഘട്ടത്തിലെ ദൈവനിയോഗിതനെ തികച്ചും നിസ്സഹായവും അറിയപ്പെടാത്തതുമായ കാലത്ത് ദൈവം അറിയിച്ചു:

یَاْتِیْكَ مِنْ كُلِّ فَجٍّ عَمِیْقٍ۔ یَنْصُرُكَ رِجَالٌ

نُوْحِیْ اِلَیْهِمْ مِّنَ السَّمَآءِ۔ وَلَا تُصَعِّرْ لِخَلْقِ

اللّٰهِ وَلَا تَسْئَمْ مِنَ النَّاسِ

അതായത് എല്ലാ ഭാഗത്തുനിന്നും ജനങ്ങൾ നിന്റെ അടുക്കലെത്തും. അവരുടെ ആധിക്യം കാരണം വഴികൾ കുണ്ടും കുഴിയുമായി മാറും. നാം ഹൃദയങ്ങളിൽ ബോധനം നൽകുന്ന ആളുകൾ നിന്നെ സഹായിക്കുന്നതാണ്. നിന്റെ അടുക്കൽ വരുന്ന ജനങ്ങളോട് അപമര്യാദയായി പെരുമാററുത്. അവരുമായുള്ള കൂടിക്കാഴ്ചയിൽ ക്ഷീണിക്കുകയും അരുത്. (ബറാഹീനെ അഹ്മദിയ്യാ, ഭാഗം 3, റൂഹാനി ഖസാഇൻ ഭാഗം 1, പേജ് 267 അടിക്കുറിപ്പ്)

ഈ വിളംബരം ചെയ്യുന്നത് ഒരു കുഗ്രാമത്തിൽ വസിക്കുന്ന ഒരു വ്യക്തിയാണ്. അദ്ദേഹത്തെ പറ്റി നാഗരികലോകത്ത് ആർക്കും അറിയില്ലായിരുന്നു. പിന്നെ ശക്തമായ എതിർപ്പുകളും തടസ്സങ്ങളും ഉണ്ടായിട്ടും അമേരിക്ക, ആഫ്രിക്ക തുടങ്ങി ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ജനങ്ങൾ ഇവിടെ സന്നിഹിതരാകുന്നത് ലോകം കാണുന്നു. ജനങ്ങളുടെ ആധിക്യം എത്രത്തോളമെന്നാൽ എല്ലാവർക്കും ഹസ്തദാനം ചെയ്യുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്യാൻ സാധാരണ വ്യക്തിക്ക് സാധ്യമല്ല. ഒരു കഴിവുറ്റ സംഘം തങ്ങളുടെ പ്രിയപ്പെട്ട നാട് ഉപേക്ഷിച്ച് ഇവിടെ വസിക്കാൻ തയ്യാറാകുന്നു. ഖാദിയാന്റെ നാമം ലോകം മുഴുവൻ പ്രസിദ്ധമാകുന്നു. ഇതൊരു ചെറിയ കാര്യമാണോ? നിസ്സാരമായ ദൃഷ്ടിയോടെ തള്ളിക്കളയാവുന്ന അടയാളമാണോ?

രണ്ട് : ക്രിസ്തീയരിൽനിന്ന് അമേരിക്കയിൽ അലക്സാണ്ടർ ഡോയി, പ്രവാചകത്വം വാദിക്കുകയും തന്റെ മ്ലേച്ഛമായ വാക്കുകൾ ഇപ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു:

ഞാൻ ദൈവത്തോട് പ്രാർഥിക്കുകയാണ്, അവൻ ഇസ്‌ലാമിനെ എത്രയും വേഗം ലോകത്തു നിന്ന് വിപാടനം ചെയ്യുമാറാകട്ടെ, അല്ലയോ ദൈവമേ, നീ അങ്ങനെതന്നെ ചെയ്താലും! അല്ലയോ ദൈവമേ, ഇസ്‌ലാമിനെ നശിപ്പിക്കേണമേ!

ഇതിന്നെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മാത്രമായിരുന്നു വിളംബരം പ്രസിദ്ധപ്പെടുത്തിയത്. അതായത്,

പ്രവാചകത്വം വാദിക്കുന്ന മനുഷ്യാ, ഞാനുമായി മുബാഹല (ദൈവ സവിധത്തിൽ സത്യാസത്യ വിവേചനത്തിനുള്ള പ്രാർഥന) ചെയ്യുക. നമ്മുടെ മത്സരം പ്രാർഥനകൊണ്ട് നടത്താം. നമുക്ക് ഇരുവർക്കും ഇപ്രകാരം ദൈവത്തോട് പ്രാർഥിക്കാം; നമ്മളിൽ കള്ളവാദിയായ ആൾ ആദ്യം നശിക്കുമാറാകട്ടെ.(ടെലഗ്രാഫ് പത്രം, 5-7-1903)

എന്നാൽ, അയാൾ അഹങ്കാരത്തോടുകൂടി പറഞ്ഞു: ഞാൻ ഈ കൊതുകുകൾക്കും ഈച്ചകൾക്കും മറുപടി നൽകുമെന്നാണോ നിങ്ങൾ കരുതിയത്? ഞാൻ അവയ്ക്കുമേൽ കാൽ വെച്ചാൽ അവ ചതഞ്ഞരഞ്ഞ് പോകുന്നതാണ്. (ഡോയിയുടെ വിളംബരം, ഡിസംബർ 1903).

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 1903 ആഗസ്റ്റ് 23 ലെ വിജ്ഞാപനത്തിൽ ഇങ്ങനെ വിളംബരം ചെയ്തു:

തീർച്ചയായും അറിയുക, ഡോയി മത്സരത്തിൽനിന്ന് ഒളിച്ചോടിയാലും അയാളുടെ സിയോൺ നഗരത്തിൽ എത്രയും വേഗം നാശം ഇറങ്ങുന്നതായിരിക്കും. അല്ലയോ അല്ലാഹുവേ, സമ്പൂർണനായ ദൈവമേ, നീ ഈ തീരുമാനം എത്രയും വേഗം നടപ്പിൽ വരുത്തേണമേ!

പ്രിയ അനുവാചകരെ, ഇതിനുശേഷം എന്തുണ്ടായെന്ന് കേൾക്കുവിൻ! അയാൾ രാജകുമാരനെ പോലെ കഴിയുകയായിരുന്നു. അയാളുടെ പക്കൽ 7 കോടി റൊക്കം പണമുണ്ടായിരുന്നു. അയാളുടെ ഭാര്യയും മകനും അയാളുടെ ശത്രുക്കളായി മാറി. അയാളുടെ പിതാവ്, അയാൾ വ്യഭിചാര സന്തതിയാണെന്ന് വിളംബരപ്പെടുത്തി. അവസാനം അയാൾക്ക് പക്ഷാഘാതം പിടിപെട്ടു. പിന്നെ ദു:ഖപരവശതയാൽ ഭ്രാന്തായി. ഒടുവിൽ അല്ലാഹു താൻ നിയോഗിച്ച തന്റെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറിയിക്കുകയും അദ്ദേഹം 1907 ഫെബ്രുവരി 20ന് വിളംബരപ്പെടുത്തുകയും ചെയ്തതുപോലെ, അതായത് **'ഞാൻ ഒരു പുതിയ അടയാളം വെളിപ്പെടുത്തും, അതിൽ വിജയവും ലോകത്തിനു മുഴുവനും അടയാളവും ഉണ്ടായിരിക്കും'** എന്നതിന്റെ വെളിച്ചത്തിൽ 1907 മാർച്ച് മാസത്തിൽ നിരാശനും നിരാലംബനുമായി നശിക്കുകയും അങ്ങനെ ദൈവാസ്തികൃത്തിന് സാക്ഷ്യം നൽകുകയും ചെയ്തു.

മൂന്ന് : ഈ രാജ്യത്ത് ആര്യന്മാരുടെ ശക്തിയാണ്. അവരുടെ നേതാവ് ലേഖ്റാം ആയിരുന്നു. 'കറാമാത്തു സ്വാദിഖീൻ' എന്ന പ്രബന്ധത്തിൽ (പ്രസിദ്ധീകരണം: ഹിജ്റ 1311 സഫർ) ഇങ്ങനെ പ്രവചനം ഉണ്ടായിരുന്നു, ലേഖ്റാമിനെ സംബന്ധിച്ച് ദൈവം, എന്റെ പ്രാർഥന സ്വീകരിച്ചുകൊണ്ട് എനിക്ക് ഇപ്രകാരം അറിയിപ്പ് നൽകിയിരിക്കുന്നു:

അയാൾ ആറ്(6) വർഷങ്ങൾക്കുള്ളിൽ നശിപ്പിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ പ്രവാചകൻ(സ)നെ ചീത്ത പറയുന്നു എന്നതായിരുന്നു അയാളുടെ അപരാധം. വളരെ നിന്ദ്യമായ വാക്കുകളിൽ അവഹേളിച്ചിരുന്നു.

1893 ഫെബ്രുവരി 22 ന് അയാളുടെ മരണത്തിന്റെ അവസ്ഥയും പറഞ്ഞിരുന്നു.

عِجْلٌ جَسَدٌ لَّهٗ خُوَارٌ لَّهٗ نَصَبٌ وَّ عَذَابٌ

അതായത്, ലേഖ്റാം, സാമിരി ഉണ്ടാക്കിയ കാളക്കുട്ടിയെ പോലെയാകുന്നു. അത് ജീവനില്ലാത്തതാണ്. അതിന് കേവലം ശബ്ദം മാത്രമേ ഉള്ളു. അതിൽ ആത്മീയതയില്ല. അതുകൊണ്ട് സാമിരിയുടെ കാളക്കുട്ടിക്ക് കിട്ടിയതുപോലെ അതിന് ശിക്ഷ ലഭിക്കുന്നതാണ്. സാമിരിയുടെ കാളക്കുട്ടി തുണ്ടംതുണ്ടമാക്കപ്പെട്ടു എന്നും പിന്നെ കത്തിച്ച് നദിയിൽ ഒഴുക്കിയെന്നും എല്ലാവർക്കും അറിയാം.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഒരു ജാഗ്രതാ ദർശനത്തിൽ ഇങ്ങനെ കണ്ടു, ഒരു ഭയങ്കര രൂപിയായ വ്യക്തി അയാൾ മനുഷ്യനെ പോലെയല്ല, ക്രൂദ്ധരായ മലക്കുകളിൽപെട്ട ആളായിരുന്നു ചോദിച്ചു; ലേഖ്റാം എവിടെ?

കറാമാത്തു സ്വാദിഖീൻ എന്ന ഗ്രന്ഥത്തിൽ ഒരു ഈരടിയിൽ മരണദിവസവും പറഞ്ഞിരുന്നു.

وَبَشَّرَنِيْ رَبِّيْ وَقَالَ مُبَشِّرًا
سَتَعْرِفُ يَوْمَ الْعِيْدِ وَ الْعِيْدُ اَقْرَبُ

അതായത്, ഈദിന് അടുത്തദിവസം ശനിയാഴ്ച.

മാത്രമല്ല

الا اے دشمن نادان و بے راہ بترس از تیغ برّانِ محمد

(അല്ലയോ വിവരദോഷിയും വഴിപിഴച്ചവനുമായ ശത്രു, മുഹമ്മദ്(സ)ന്റെ മൂർച്ചയേറിയ വാളിനെ ഭയപ്പെട്ടു കൊള്ളുക)അന്ന് അഞ്ച് വർഷം മുമ്പേ പ്രസിദ്ധീകരിച്ചുകൊണ്ട് വധിക്കപ്പെടുന്ന രീതിയും പറയുകയുണ്ടായി. അവസാനം 1897 മാർച്ച് 6ന് ലേഖ്റാം കൊല്ലപ്പെട്ടു. ഈ പ്രവചനം വളരെ കൃത്യമായി പുലർന്നു കൊണ്ട് ദൈവാസ്തികൃത്തിനുള്ള സജീവ തെളിവ് സമർപ്പിച്ചുവെന്ന് എല്ലാവരും ഐകണ്ഠ്യേന സമ്മതിക്കുന്നു. ചുരുക്കത്തിൽ ദൈവികവാണികൾ ഉണ്ടായിക്കൊണ്ടിരിക്കെ ദൈവത്തെ നിഷേധിക്കുന്നത് അങ്ങേയറ്റം ലജ്ജാവഹമായ കാര്യമാകുന്നു.

**പത്താമത്തെ തെളിവ്**

ഇത് എല്ലാ തർക്കങ്ങൾക്കും പരിഹാരമായി വിശുദ്ധ ഖുർആൻ വിവരിക്കുന്ന തെളിവാകുന്നു. പറയുന്നു;

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവർക്ക് നാം നമ്മുടെ മാർഗം കാണിച്ചു കൊടുക്കുന്നതാണ്.(29:70) ഈ സൂക്തത്തിന്റെ വെളിച്ചത്തിൽ പ്രവർത്തിച്ചവരെല്ലാം എപ്പോഴും പ്രയോജനം കരസ്ഥമാക്കി കൊണ്ടിരുന്നു.

ദൈവം ഇല്ലെന്ന് പറയുന്നവൻ, അഥവാ ദൈവം ഉണ്ടെങ്കിൽ വളരെ പ്രയാസപ്പെടുമെന്ന് മനസ്സിലാക്കേണ്ടതാണ്. ആയതിനാൽ ഈ ചിന്തയുമായി യാഥാർഥ്യം കണ്ടെത്താൻ അയാൾക്കുള്ളിൽ വ്യഗ്രത ഉണ്ടെങ്കിൽ അയാൾ കരഞ്ഞ് കരഞ്ഞ്, വളരെ ശക്തി ചെലുത്തി ഇപ്രകാരം പ്രാർഥിക്കട്ടെ,

**ദൈവമേ, നീ ഉണ്ടെങ്കിൽ, നിന്നെ അംഗീകരിക്കുന്നവർ പറയുന്നതുപോലെ നീ അപരിമേയമായ കഴിവുള്ളവനാണെങ്കിൽ എനിക്കുമേൽ കരുണ ചൊരിഞ്ഞുകൊണ്ട് എനിക്ക് നിന്നിലേക്ക് വഴി കാണിച്ചാലും! ഞാൻ നഷ്ടപ്പെട്ടവനാകാതിരിക്കാൻ എന്റെ ഹൃദയത്തിലും ദൃഢജ്ഞാനവും വിശ്വാസവും നിറക്കേണമേ!**

ഇങ്ങനെ ആരെങ്കിലും സത്യഹൃദയത്തോടെ പ്രാർഥിക്കുകയാണെങ്കിൽ ചുരുങ്ങിയത് നാൽപത് ദിവസമെങ്കിലും ഇതിൽ മുഴുകിയാൽ അയാൾ ഏത് മതത്തിൽ ജനിച്ച വ്യക്തിയാണെങ്കിലും ഏത് രാജ്യത്ത് വസിക്കുന്നവനാണെങ്കിലും സർവലോകാധിനാഥൻ അയാൾക്ക് തീർച്ചയായും സന്മാർഗം നൽകുന്നതാണ്. അയാളുടെ ഉള്ളിൽനിന്ന് സംശയത്തിന്റെ മാലിന്യം പൂർണമായും അകന്നു പോകുന്ന തരത്തിൽ അല്ലാഹു തന്റെ അസ്തിത്വം തെളിയിച്ചു കൊടുക്കുന്നത് അയാൾക്ക് താമസം വിനാ കാണാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള തീരുമാനത്തിൽ ഒരു വഞ്ചനക്കും പ്രസക്തിയില്ല. സത്യാന്വേഷികൾക്ക് ഇപ്രകാരം പ്രവർത്തിക്കുന്നതിൽ പ്രയാസമുണ്ടോ?

വിശുദ്ധ ഖുർആനിൽ ഇനിയും തെളിവുകൾ ഉണ്ടെങ്കിലും ഇപ്പോൾ ഈ പത്ത് തെളിവുകളിൽ ഞാൻ ഈ ലേഖനം അവസാനിപ്പിക്കുകയാണ്. ആരെങ്കിലും ഈ തെളിവുകളിൽ പര്യാലോചന നടത്തുകയാണെങ്കിൽ മറ്റ് തെളിവുകളും കണ്ടെത്താൻ കഴിയുന്നതാണ്. വല്ലാഹു മുസ്തആൻ, അല്ലാഹുവാണ് സഹായകൻ

അവസാനമായി, ഈ ലഘുലേഖ കിട്ടുന്നവരോട് ഒരു അഭ്യർഥന, ഇത് വായിച്ചു കഴിഞ്ഞാൽ ഇത് പ്രയോജനപ്പെടുമെന്ന് കാണുന്നവർക്ക് കൊടുക്കുക. **(അൻവാറുൽ ഉലൂം ഭാഗം:1, പേജ്: 411-431)**

**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*

**പേജ് 4ൽ നിന്ന്**

എല്ലാ കഴിവുകളും. അവന്റെ കഴിവുകളെ നിഷേധിക്കുന്നവൻ ബുദ്ധികെട്ടവനാകുന്നു. അവന്റെ അഗാധമായ ശക്തികളെ കുറിച്ചറിയാത്തവൻ അന്ധനാകുന്നു. അവൻ എല്ലാം ചെയ്യുന്നു. അവന്റെ മഹത്ത്വത്തിന്നെതിരായതോ അവന്റെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമായതോ ആയ കാര്യങ്ങളൊഴിച്ച് എല്ലാം ചെയ്യാൻ കഴിയുന്നവനുമാകുന്നു. അവന്റെ സത്തയിലും ഗുണങ്ങളിലും പ്രവൃത്തികളിലും ശക്തി പ്രഭാവങ്ങളിലും അവൻ ഏകനാകുന്നു. അവന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിന് വിശുദ്ധ ഖുർആൻ തുറന്നിട്ട വാതിലൊഴികെ മറ്റെല്ലാ വാതിലുകളും അടഞ്ഞുപോയിരിക്കുന്നു. കഴിഞ്ഞുപോയ എല്ലാ നുബുവ്വത്തുകളേയും എല്ലാ കിതാബുകളേയും വെവ്വേറെ പിന്തുടരേണ്ട ആവശ്യം അവശേഷിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ മുഹമ്മദീ നുബുവ്വത്ത് അവയെ എല്ലാം ഉൾക്കൊള്ളുന്നതും അവയെ എല്ലാം സമാവരണം ചെയ്യുന്നതുമാകുന്നു. അതൊഴിച്ചുള്ള മറ്റെല്ലാ വഴികളും കെട്ടിയടക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനോളം എത്തിക്കുന്ന എല്ലാ സത്യതത്ത്വങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അതിനുശേഷം പുതിയൊരു സത്യതത്ത്വം വരികയില്ല. അതിൽ അടങ്ങിയിട്ടില്ലാത്ത ഒരു സത്യതത്ത്വവും ഉണ്ടായിരുന്നിട്ടുമില്ല. അതുകൊണ്ട് ആ നുബുവ്വത്തിനുമേൽ സകല നുബുവ്വത്തുകളും അവസാനിച്ചിരിക്കുന്നു. അങ്ങനെ അവസാനിക്കേണ്ടതുമായിരുന്നു.'(അൽവസിയ്യത്ത് , റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 309)

# നമ്മുടെ ദൈവം

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)യുടെ ഗ്രന്ഥമായ ഹമാരാ ഖുദായുടെ സംഗ്രഹമാണ് താഴെ അവതരിപ്പിക്കുന്നത്. ദൈവാസ്തിക്യത്തിനുള്ള ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകളടങ്ങിയ തും വളരെ ഹൃദയാവർജകവും സാധാരണക്കാർക്ക് മനസ്സിലാക്കാൻ പറ്റിയതുമാണ് ഈ ഗ്രന്ഥം. ഇപ്പോൾ 'ദൈവാസിത്ക്യം' എന്ന ശീർഷകത്തിൽ ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. ഈ ഗ്രന്ഥം ഒരിക്കലും അവഗണിക്കാൻ പറ്റുകയില്ല. പക്ഷേ, പരിമിതമായ പേജുകളായതുകൊണ്ട് അതിന്റെ സംക്ഷിപ്തമാണ് സമർപിക്കുന്നത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)തന്റെ ഈ ഗ്രന്ഥത്തെ കുറിച്ച് പറയുന്നു: 'രാജ്യത്തെ ആധുനിക വിദ്യാസമ്പന്നരായ യുവവിഭാഗത്തിനു വേണ്ടിയായിരുന്നു ഈ ഗ്രന്ഥം എഴുതിയത്. അവർ ഈ ഗ്രന്ഥത്തെ താൽപര്യത്തോടെ നോക്കുകയും ചാഞ്ചാടിക്കൊണ്ടിരുന്ന ചില കാലുകൾക്കും ഇളകിക്കൊണ്ടിരുന്ന മനസ്സുകൾക്കും ഇതു മുഖേന ആത്മീയമായ സമാധാനം കരസ്ഥമാകുകയും ചെയ്തു എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.'

അനുവാചകർ യഥാർഥ ഗ്രന്ഥം പാരായണം ചെയ്ത് തങ്ങളുടെ അറിവുകളിൽ വർധന ഉണ്ടാക്കുമെന്നും നിരീശ്വവാദികളുമായി സംസാരിക്കുന്ന നേരത്ത് ഇതിലെ തെളിവുകൾ അവർക്ക് പ്രയോജനപ്പെടുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**സാമ്പ്രദായിക വിശ്വാസം:** വർത്തമാനകാലത്തെ ജനങ്ങളിൽ സാധാരണ കണ്ടുവരുന്ന അത്യന്തം ശോചനീയവും അങ്ങേയറ്റം ശോകജനകവുമായ ദൈവവിശ്വാസത്തെ സംബന്ധിച്ചാണ് ഞാൻ ഒന്നാമതായി പറയാനുദ്ദേശിക്കുന്നത്. പറയുമ്പോൾ–ലോകത്തുള്ള സകലമതങ്ങളും ദൈവത്തിൽ വിശ്വസിക്കുന്നുണ്ട്. മതാനുയായികളിൽ അല്പം ചിലരൊഴിച്ച് മറ്റുള്ളവരെല്ലാം ദൈവത്തിൽ വിശ്വസിക്കുന്നവരെന്ന വാദമുള്ളവരാണ്. പക്ഷേ, ജനങ്ങളുടെ വിശ്വാസപരമായ അവസ്ഥയെ പരിശോധനയ്ക്ക് വിധേയമാക്കുകയും സൂക്ഷ്മദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുമ്പോൾ അത് പരമാർഥവുമായി ഒരു ബന്ധവുമില്ലാത്തതും ആചാരങ്ങളിൽ മാത്രം ഒതുങ്ങുന്നതുമാണെന്ന് കാണാം. ദൈവത്തെ നിഷേധിക്കാൻ ധാർഷ്ട്യം കാണിക്കാതെ തങ്ങൾക്കൊരു ദൈവമുണ്ടെന്ന വിശ്വാസത്തിൽ അവർ നിലനില്ക്കുന്നുവെന്നേയുള്ളൂ. വാസ്തവത്തിൽ അവർ ദൈവത്തിൽ വിശ്വസിക്കുന്നവരല്ല. അവരുടെ ഹൃദയം തകർന്നടിഞ്ഞ വീടുപോലെയാണ്.

എല്ലാ മതാനുയായികളിലും അതായത് സൗരാഷ്ട്രർ, ബുദ്ധമതക്കാർ, സിക്കുമതക്കാർ, ഹിന്ദുക്കൾ, യഹൂദികൾ, ക്രിസ്ത്യാനികൾ, മുസ്‌ലീംകൾ തുടങ്ങി എല്ലാവരിലും ഈ വിഷം–ഇതിനെ പറയേണ്ടത് അവിശ്വാസത്തിന്റെ വിഷമെന്നാണ്– കൂടിയും കുറഞ്ഞും സംക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഭൗതികതയുടെ ഭയാനകമായ തീക്ഷ്ണതയും കഠോരമായ സ്വാധീനവും സത്യവിശ്വാസത്തിന്റെ പൂന്തോട്ടത്തെ ഒന്നിനെയും ദഹിപ്പിക്കാതെ വിട്ടുകളഞ്ഞിട്ടില്ല. സൂര്യനെ സൂര്യനാണെന്ന് അവർ വിശ്വസിക്കുന്നു. ചന്ദ്രനെ ചന്ദ്രനാണെന്ന് അവർ വിശ്വസിക്കുന്നു. പർവ്വതത്തെ പർവ്വതമാണെന്ന് അവർ വിശ്വസിക്കുന്നു. നദിയെ നദിയാണെന്ന് അവർ വിശ്വസിക്കുന്നു. വീടിനെ വീടാണെന്ന് അവർ വിശ്വസിക്കുന്നു. പിതാവിനെ പിതാവാണെന്ന് അവർ വിശ്വസിക്കുന്നു. സുഹൃത്തിനെ സുഹൃത്താണെന്ന് അവർ വിശ്വസിക്കുന്നു. ഇതേ രീതിയിലുള്ള ദൃഢവിശ്വാസം അവർക്ക് ദൈവത്തെ സംബന്ധിച്ച് രൂഢമൂലമായിട്ടുണ്ടോ? ഇതാണെന്റെ ചോദ്യം. ഞാൻ വിശദീകരിച്ചുവന്ന വിശ്വാസം നിങ്ങൾക്ക് ലഭ്യമായിട്ടില്ലെങ്കിൽ അത് തനിമയാർന്ന വിശ്വാസമല്ലെന്ന് മനസ്സിലാക്കണം.

**ദൈവമുണ്ടെങ്കിൽ എന്തുകൊണ്ടു കാണുന്നില്ല?**

ദൈവത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ സാധാരണ ഉദിക്കാറുള്ള ഒരു സംശയമുണ്ട്– ദൈവമുണ്ടെങ്കിൽ എന്തുകൊണ്ട് കാണാൻ കഴിയുന്നില്ല? ഈ സംശയം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അനാദികാലം മുതലേ ഉള്ളതാണ്. ലോകത്ത് വൈവിധ്യമാർന്ന പല വസ്തുക്കളുമുണ്ട്. അവ ഓരോന്നിനെ സംബന്ധിച്ചും അറിയാൻ ഓരോ മാർഗമാണ് നാം സ്വീകരിക്കാറുള്ളത്. ചിലത് കാണുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് കേൾക്കുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് തിരിച്ചറിയുന്നത് രുചിച്ചുനോക്കിയാണ്. ചിലത് തിരിച്ചറിയണമെങ്കിൽ മണത്തു നോക്കണം. ചിലത് സ്പർശനംകൊണ്ട് തിരിച്ചറിയാം. ചിലത് ശ്രദ്ധാപൂർവ്വം പിടിച്ചുനോക്കിയെങ്കിലേ തിരിച്ചറിയാൻ കഴിയൂ. ഇങ്ങനെയുള്ള തിരിച്ചറിവുകളെല്ലാം അബദ്ധമുക്തവും സന്ദേഹരഹിതവുമായിരിക്കും. ഇന്ന വസ്തുവിനെ സംബന്ധിച്ച് ഇന്ന രീതിയിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന് പറയാൻ നമുക്ക് അവകാശമേയില്ല. ഉദാഹരണത്തിന് നിറങ്ങൾ തിരിച്ചറിയാനുള്ള മാർഗം കണ്ണുകളാണ് നിർവ്വഹിക്കുന്നത്. അതായത് നോക്കുമ്പോഴാണ് ഇന്ന നിറം ഇന്ന തരത്തിലുള്ളതാണെന്ന അറിവുണ്ടാകുന്നത്. അതുപോലെ മണത്തറിയുന്നത് മൂക്ക് മുഖേനയാണ്. ശബ്ദം തിരിച്ചറിയുന്നത് ചെവികൊണ്ടും. അപ്പോൾ ശബ്ദം കണ്ണുകൊണ്ട് കണ്ടെങ്കിലെ വിശ്വസിക്കൂവെന്ന് പറയുന്നതും, മൂക്കുകൊണ്ട് ഇന്ന നിറം മണത്തറിയാത്തിടത്തോളം സമ്മതിക്കുകയില്ലെന്ന് ശഠിക്കുന്നതും ഇന്ന ശബ്ദം കൈയിലെടുത്ത് നോക്കാത്തിടത്തോളം തൃപ്തിയാകുകയില്ലെന്ന് വാശിപിടിക്കുന്നതും കാടത്തമാണ്.

സ്നേഹിതന്മാരേ, ഒരു കാര്യം നിങ്ങൾ നല്ലവണ്ണം ഓർമിച്ചുകൊള്ളുക. ജഡിക വസ്തുക്കളെ അതിന്റെ വലുപ്പത്തിനനുസരിച്ച് ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് നമുക്ക് ക്ഷണത്തിൽ തിരിച്ചറിയാൻ കഴിയും. എന്നാൽ, സൂക്ഷ്മമായ വസ്തുക്കളെ അതേ രീതിയിൽ തിരിച്ചറിയാൻ ഒരിക്കലും സാധ്യമല്ല. അതിന്റെ വ്യാപ്തി കൂടുന്തോറും ബാഹ്യേന്ദ്രിയങ്ങൾ അതിൽനിന്ന് അകന്നകന്ന് പോകും. ഇതുകൊണ്ടാണ് അതിസൂക്ഷ്മമായ വസ്തുക്കളെ തിരിച്ചറിയുന്നതിനായി അതിന്റെ അടയാളങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും ഫലങ്ങളിലേക്കും നോക്കേണ്ടിവരുന്നത്. കാരണം നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾകൊണ്ടൊന്നും അതിനെ നേരിട്ട് തിരിച്ചറിയാൻ സാധ്യമല്ല. അപ്പോൾ, കണ്ടെങ്കിലേ ദൈവത്തിൽ വിശ്വസിക്കുകയുള്ളൂ എന്ന് പറയുന്നവരുടെ വാദം എത്രമാത്രം നിരർഥവും പൊള്ളയുമാണ്.

**ദൈവത്തെ അന്വേഷിക്കേണ്ടതിന്റെ ആവശ്യകത**

പറഞ്ഞതിന്റെ ചുരുക്കം, പ്രകൃതിയും ബുദ്ധിയും ദൈവാസ്തിക്യം എന്ന വിഷയം നമ്മുടെ മുമ്പിൽ വയ്ക്കുന്നത് നിഷേധിക്കാൻ പറ്റാത്ത രീതിയിലാണ്. അപ്പോൾ, നമുക്കൊരു സ്രഷ്ടാവുണ്ടോ? സ്രഷ്ടാവുണ്ടെങ്കിൽ അതാരാണ്? അവൻ എവിടെയാണ്? എന്താണവന്റെ വിശേഷഗുണങ്ങൾ? അവന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്താണ്? നമ്മുടെ സൃഷ്ടിപ്പിന് എന്തെങ്കിലും ലക്ഷ്യമുണ്ടെങ്കിൽ അതു നമുക്ക് നേടാൻ കഴിയുമോ? തുടങ്ങിയ ചോദ്യങ്ങൾ നിരർഥമാകുന്നതെങ്ങനെ? ഇതൊന്നും നിരർഥമല്ലാതാകുമ്പോൾ ബുദ്ധിമാനായ ആർക്കാണ് ഈ അന്വേഷണത്തെ നിഷേധിക്കാൻ കഴിയുക. ലോകത്തുള്ള സകലമതങ്ങളും ദൈവാസ്തിക്യം എന്ന വിഷയം നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. എന്നു മാത്രമല്ല, ആ എല്ലാമതങ്ങളുടേയും അധ്യാപനങ്ങളുടെ കേന്ദ്രബിന്ദുതന്നെ ദൈവത്തിന്റെ സവിശേഷ ഗുണങ്ങളാണ്. കാരണം, ലോകത്ത് വരികയും ലക്ഷക്കണക്കിന് മനുഷ്യരുടെ സ്വീകാര്യത പിടിച്ചുപറ്റുകയും ചെയ്തിട്ടുള്ള എല്ലാ മതങ്ങളും ആത്യന്തികമായി ദൈവത്തിൽ നിന്നുള്ളതാണ്.

**ദൈവത്തെ അന്വേഷിക്കേണ്ട വഴി**

ദൈവാന്വേഷണത്തിന്റെ വഴി എങ്ങനെയായിരിക്കണമെന്ന് ചുരുക്കി വിവരിക്കാനാണ് ഇനി ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഒരു വസ്തുവിനെ സംബന്ധിച്ചുള്ള ഗവേഷണത്തിന്റെ ശരിയായ രീതി നമുക്ക് വശമില്ലാത്തിടത്തോളം അതിൽ വിജയം വരിക്കുക ദുഷ്കരമാണ്. തെറ്റായ വഴി സ്വീകരിച്ചുകൊണ്ട് നാം നമ്മുടെ മുഴുവൻ അധ്വാനവും പാഴാക്കിക്കളയാനിടയുണ്ട്.

**അന്വേഷണ രംഗത്ത് ഉദ്ദേശ്യശുദ്ധിയുടെ സ്വാധീനം**

ഒരു തത്ത്വചിന്തകൻ അന്വേഷണം നടത്തുന്നു; ദൈവപാതയിൽ പ്രയാണം ചെയ്യുന്നവനും അന്വേഷണം നടത്തുന്നു. ഈ രംഗത്ത് കാലുവയ്ക്കുന്ന തത്ത്വചിന്തകന്റെ ഉദ്ദേശ്യം തന്റെ ബുദ്ധിയുടെ സഹായത്താൽ പ്രപഞ്ചത്തിൽ ദൃഷ്ടി പതിപ്പിച്ച് ഈ ബ്രഹ്മാണ്ഡ കടാഹത്തിന് സ്രഷ്ടാവായിട്ടാരെങ്കിലും ഉണ്ടോ ഇല്ലേ എന്നറിയുകയും അതിന്റെ ഫലം തന്റെ അറിവിന്റെ ഖജനാവിൽ നിക്ഷേപിക്കുകയും ചെയ്യുക എന്നതായിരിക്കും.

എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളേ! നിങ്ങൾ ദൈവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന് മുതിരുമ്പോൾ ഒരിക്കലും തത്ത്വചിന്തകന്റെ മാർഗം സ്വീകരിക്കരുത്. അതിലൂടെ നിങ്ങൾക്ക് ദൈവത്തെ പ്രാപിക്കാനൊക്കുകയില്ല. ആ അന്വേഷണം നിരർഥമാവുകയും ചെയ്യും. കാരണം വെറും അറിവ് സമ്പാദിച്ച് ദൈവാസ്തിക്യം തിരിച്ചറിഞ്ഞിട്ട് മിണ്ടാതിരിക്കാനാണെങ്കിൽ ഈ ബുദ്ധിമുട്ടുകളിൽ അകപ്പെടേണ്ട ആവശ്യമെന്താണ്? ദൈവം ഉണ്ടോ എന്നറിയുന്നതിന് നാം നമ്മുടെ വിലപിടിച്ച സമയവും ശ്രദ്ധയും ശക്തിയും വെറുതെ ചെലവഴിച്ചു! അതോടെ ആ അധ്യായം അവസാനിക്കുകയും ചെയ്തു! ഇത്തരം അറിവ് നമുക്ക് അണുവോളം ഫലം ചെയ്യുകയില്ല. നഷ്ടമായിരിക്കും ഉണ്ടാക്കി വെക്കുക. കാരണം ദൈവത്തെ അറിഞ്ഞതിനുശേഷം അവനിൽനി

ന്ന് മുഖം തിരിക്കുകയെന്നത് വൻകുറ്റമാണ്. അങ്ങനെ ചെയ്യുന്ന ആൾക്ക് തന്റെ മുഖം ഒരിക്കലും അവൻ വെളിപ്പെടുത്തുകയില്ല. മറിച്ച് അവന്റെ സാമീപ്യത്തിൽനിന്ന് ഫലമെടുക്കാനും അവനുമായി വ്യക്തിഗത ബന്ധം സ്ഥാപിച്ച് ഉന്നത പുരോഗതിയുടെ കവാടങ്ങൾ തുറപ്പിക്കാനും ഉൽക്കടമായ ഉത്സാഹത്തോടെ നമ്മൾ അവനിലേക്കെത്തിച്ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അവന് ബോധ്യപ്പെട്ടാൽ മാത്രമേ അവൻ നമുക്ക് വെളിപ്പെടുകയുള്ളൂ. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം അതാണ്. അതുകൊണ്ട് നിങ്ങളുടെ പരിശ്രമം പൂവണിയുന്നതിനും നിങ്ങളുടെ അധ്വാനം യഥാസ്ഥാനത്ത് എത്തിച്ചേരുന്നതിനും യഥാർഥമായ ഉത്സാഹവും ഹൃദയാവേശവും ഉണ്ടാക്കിത്തീർക്കുക.

**ദൈവവിശ്വാസത്തിന്റെ രണ്ടുനിലകൾ**

ദൈവവിശ്വാസം രണ്ടുനിലകളിൽ വിഭക്തമാണെന്ന് മുകളിൽ വിവരിച്ചത് ഓർക്കുമല്ലോ. ഒന്നാമത്തെ നില കേവലബുദ്ധിയുടെ സഹായത്താൽ പ്രാപിക്കാൻ സാധിക്കുന്നതാണ്. എന്നാൽ, രണ്ടാമത്തെ നില പ്രാപിക്കൽ (വാസ്തവത്തിൽ മതപരമായ സാങ്കേതികാർഥത്തിൽ ഈ നിലയുടെ പേരാണ് ദൈവവിശ്വാസം) കേവലബുദ്ധികൊണ്ട് സാധ്യമല്ല. ബുദ്ധിയെ സഹായിക്കാൻ ദൈവത്തിൽനിന്ന് പ്രത്യേക ഒരുക്കമുണ്ടായെങ്കിലേ അത് സാധ്യമാവുകയുള്ളൂ. ബുദ്ധികൊണ്ട് ലഭ്യമാകുന്ന വിശ്വാസത്തിന്റെ ആദ്യത്തെ നില, ബുദ്ധിപരമായ തെളിവുകൾകൊണ്ട് ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവോ ഉടമസ്ഥനോ 'ഉണ്ടായിരിക്കാം' എന്ന നിഗമനത്തിലെത്തിച്ചേരലാണ്. കാരണം ആകാശങ്ങളിലും ഭൂമിയിലും നമ്മൾ ഏതൊന്ന് കാണുന്നുവോ അവയൊന്നും സ്രഷ്ടാവോ ഉടമസ്ഥനോ കൂടാതെ യദൃച്ഛയാ ഉണ്ടായതാകാൻ തരമില്ല. ഇതാണ് വിശ്വാസത്തിന്റെ ഒന്നാമത്തെ നിലയെങ്കിൽ, അതിന് യഥാർഥത്തിൽ സ്രഷ്ടാവും ഉടമസ്ഥനും 'ഉണ്ട്' എന്നും അവന് ഇന്ന ഇന്ന വിശേഷഗുണങ്ങളാണുള്ളതെന്നും, ഇന്ന രീതിയിൽ മനുഷ്യന് അവനോളമെത്തിച്ചേരാൻ സാധിക്കുമെന്നുമുള്ളതാണ് വിശ്വാസത്തിന്റെ രണ്ടാമത്തെ നില. അതായത് ദൈവം 'ഉണ്ടായിരിക്കാം' എന്നതാണ് ഒന്നാമത്തെ നിലയെങ്കിൽ, ദൈവം 'ഉണ്ട്' എന്നുള്ളതാണ് രണ്ടാമത്തെനില.

**ദൈവാസ്തികൃത്തെ സംബന്ധിച്ച ബുദ്ധിപരമായ തെളിവുകൾ**

ദൈവാസ്തികൃത്തിനുള്ള തെളിവെന്താണെന്നു ഒരിക്കൽ ഇസ്‌ലാമിന്റെ നാലാം ഖലീഫ ഹസ്റത്ത് അലി(റ)യോട് ഒരാൾ ചോദിച്ചു. ചോദ്യകർത്താവ് നിഷ്കളങ്കനാണെന്ന് കണ്ട ഹസ്റത്ത് അലി(റ) പറഞ്ഞു: 'ദൈവം ഇല്ലെങ്കിൽ വിശ്വാസിയും അവിശ്വാസിയും സമമാണ്. ആർക്കും ഒരു നഷ്ടവും സംഭവിക്കാനില്ല. ദൈവമുണ്ടെങ്കിലോ നിഷേധിക്കുന്നവന് രക്ഷയുണ്ടാവില്ല എന്ന കാര്യം ഓർത്തുകൊള്ളുക.' ഈ മറുപടി ആ മനുഷ്യനെ തൃപ്തിപ്പെടുത്തി. പിന്നീടൊന്നും അയാൾക്ക് ചോദിക്കാനുണ്ടായില്ല. യഥാർഥത്തിൽ ദൈവമില്ലെങ്കിൽ, വിശ്വസിക്കുന്നതുകൊണ്ട് നമുക്കെന്തു നഷ്ടംവരാനാണ്. ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ഏതു വസ്തുവാണ് നമുക്ക് ഉപേക്ഷിക്കേണ്ടിവരുന്നത്? ദൈവവിശ്വാസം നിങ്ങളിൽനിന്ന് ഇല്ലായ്മ ചെയ്യിക്കുന്നത് വ്യഭിചാരം, കൊലപാതകം, മോഷണം, കവർച്ച, കളവ്, വഞ്ചന, ചതി തുടങ്ങിയ വലിയ വലിയ ക്രൂരകൃത്യങ്ങളാണ്. നിങ്ങളുടെ പ്രകൃതിയും നിങ്ങളുടെ ബുദ്ധിയും നിങ്ങളുടെ ഭരണകൂടവും നിങ്ങളിൽനിന്ന് തുടച്ചുനീക്കാൻ ശ്രമിക്കുന്നതും ഈ കാര്യങ്ങൾ തന്നെ. അപ്പോൾ ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നിങ്ങൾക്ക് എന്തു നഷ്ടമാണുണ്ടായത്? അനുവദനീയമായ നിങ്ങളുടെ എന്തെങ്കിലും ആഗ്രഹം അനുവദനീയമായ മാർഗ്ഗത്തിൽ പൂർത്തീകരിക്കുന്നതിന് ദൈവവിശ്വാസം ഒരിക്കലും തടസ്സമാകുന്നില്ല. നിങ്ങൾക്ക് തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ഉണരുകയും എഴുന്നേല്ക്കുകയും ഇരിക്കുകയും കളിക്കുകയും ചാടുകയും വായിക്കുകയും എഴുതുകയും പ്രവൃത്തിക്കുകയും സമ്പാദിക്കുകയും കൂട്ടുകൂടുകയും വിവാഹം കഴിക്കുകയും കുട്ടികളെ ഉൽപാദിപ്പിക്കുകയുമൊക്കെ ചെയ്യാം. ഈ പ്രവൃത്തികളിൽനിന്നൊന്നും ദൈവത്തിലുള്ള വിശ്വാസം നിങ്ങളെ തടയുന്നില്ല. നിങ്ങൾക്കും മറ്റുള്ളവർക്കും ഹാനികരവും നഷ്ടം വരുത്തുന്നതുമായ പ്രവൃത്തികളിൽനിന്നു മാത്രമാണ് അത് നിങ്ങളെ വിലക്കുന്നത്. നിങ്ങളുടെ പ്രകൃതിയും ബുദ്ധിയും സദാചാരമൂല്യങ്ങളും രാഷ്ട്രീയ നിയമങ്ങളും ചെയ്യരുതെന്ന് അനുശാസിക്കുന്ന കാര്യങ്ങളെത്തന്നെയാണ് അതും ചെയ്യാൻ പാടില്ലാ എന്ന് പറയുന്നത്.

**പ്രകൃതിദത്തമായ ദൃഷ്ടാന്തം**

ഇനി ഞാൻ യഥാർഥത്തിൽ നിങ്ങൾ ആഗ്രഹിക്കുന്ന തെളിവുകൾ വിശദീകരിക്കാനാഗ്രഹിക്കുന്നു. ദൈവസ്തികൃത്തെ സംബന്ധിച്ച് ഒന്നാമതായി ഞാൻ സമർപ്പിക്കാനുദ്ദേശിക്കുന്ന തെളിവ് നൈസർഗ്ഗികമായ അഥവാ പ്രകൃതിദത്തമായ തെളിവു തന്നെയാണ്. ദൈവാന്വേഷണത്തിന്റെ ആവശ്യകത എന്ന വിഷയം ചർച്ച ചെയ്ത അവസരത്തിൽ, ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവോ ഉടമസ്ഥനോ ഉണ്ടായിരിക്കേണ്ടതല്ലേ എന്ന ചോദ്യം നമ്മുടെ പ്രകൃതിതന്നെ നമ്മോട് ചോദിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്, അതവഗണിക്കാൻ സാധ്യമല്ലെന്ന് ഞാൻ പറഞ്ഞിരുന്നു. (നോട്ട്: ഈ വിഷയത്തിൽ ഒരു ലേഖനം ഇതിൽ ചേർത്തിട്ടുണ്ട്. അതിൽനിന്ന് ഫലമെടുക്കാവുന്നതാണ്)

**പ്രപഞ്ചസൃഷ്ടിയും ലോകവ്യവസ്ഥിതിയും**

തെളിവിന്റെ പ്രഥമഭാഗം സൃഷ്ടികളുടെ അസ്തിത്വത്തിൽ നിന്ന് സ്രഷ്ടാവിന്റെ അസ്തിത്വത്തിലേക്ക് ചെന്നുചേരുന്നതുമായി ബന്ധപ്പെട്ടതാകുന്നു. ഈ തെളിവ് അതിന്റെ ബാഹ്യത്തിൽ വളരെ ലളിതമാണ്. ഇങ്ങനെയായിരിക്കെ വിശാലമായ ഭൂമിയും, അനന്താകാശവും ചെറുതും വലുതുമായ ജന്തുക്കളും, വിവിധതരം സസ്യലതാദികളും, ഖനിപദാർഥങ്ങളും, വാനഗോളങ്ങളും, ഭൂവിഭാഗങ്ങളും, മനുഷ്യരുമെല്ലാം ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചം സർവസമർഥനായ ഒരു ശില്പിയുടെ കരവിരുതിന്റെ ഫലമല്ലെന്നും അവ സ്വയമേവ ഉണ്ടായതാണെന്നും ആരെങ്കിലും പറഞ്ഞാൽ ഞാനെങ്ങനെ അത് വകവെച്ചുകൊടുക്കും. എന്റെ മുമ്പിൽ ഇപ്പോൾ അറേബ്യയിലെ ഒരു ബദ്‌വിയുടെ മൊഴിയുണ്ട്. ആരോ അദ്ദേഹത്തോട് ഒരിക്കൽ ചോദിച്ചു. ദൈവം ഉണ്ടെന്നുള്ളതിന് നിന്റെ പക്കൽ വല്ല തെളിവുമുണ്ടോ? അദ്ദേഹം പ്രതിവചിച്ചു:

'ഏതെങ്കിലുമൊരു വ്യക്തി വിജനപ്രദേശത്തൂടെ നടന്നുപോകുമ്പോൾ ഒട്ടകത്തിന്റെ വിസർജ്ജിതം കണ്ടാൽ, ഒട്ടകം അതിലേ കടന്നുപോയിട്ടുണ്ടെന്ന് അയാൾ മനസ്സിലാക്കുന്നു. മണലാരണ്യത്തിൽ കാല്പാടുകൾ കണ്ടാൽ അതിലെ ആരോ പോയിട്ടുണ്ടെന്ന് അയാൾ കരുതും. അപ്പോൾ പ്രവിശാലമായ ജനപദങ്ങളോടുകൂടിയ ഈ ഭൂമിയും സൂര്യചന്ദ്രനക്ഷത്രാദികൾ ഉൾക്കൊള്ളുന്ന ഈ ആകാശവും കാണുമ്പോൾ ഇതിനേയും നിർമിച്ച ഒരു ശക്തി ഉണ്ടായിരിക്കാമെന്നുള്ള ചിന്ത നിങ്ങളിൽ ജനിക്കുന്നില്ലേ?.

അല്ലാഹ്! അല്ലാഹ്! മണലാരണ്യത്തിന്റെ നിരക്ഷര സന്താനമായ ആ മനുഷ്യന്റെ വായിൽനിന്ന് പുറത്തുവന്ന വചനം എത്രമാത്രം സത്യവത്തും നിഷ്കളങ്കവും ബുദ്ധിപൂർവ്വകവുമാണ്. എന്നാൽ, യൂറോപ്യൻ നാടുകളിലേയും അമേരിക്കയിലേയും തത്ത്വചിന്തകന്മാർക്ക് തങ്ങളുടേതായ യുക്തിയും തത്ത്വവും ഉണ്ടായിട്ടും അതിന്റെ ആഴത്തിലേക്ക് ഊളിയിട്ടിറങ്ങാൻ കഴിഞ്ഞില്ല.

**പാശ്ചാത്യ ഗവേഷകന്മാരും ദൈവവിശ്വാസവും**

ഈ ലോകം വ്യക്തമായ പ്രത്യേക നിയമത്തിനു വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് പാശ്ചാത്യ ഗവേഷകന്മാർ പറയുന്ന മറ്റൊരു കാര്യം. അവർ പറയുന്നു: ഇപ്പോഴും ഓരോ വസ്തുവും പ്രത്യേകമായൊരു നിയമത്തിനു വിധേയമായിത്തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ പരിണാമങ്ങളുടേയും അനക്കമടക്കങ്ങളുടേയും കാരണം ശാസ്ത്രീയ ഗവേഷണത്താൽ നമുക്ക് കണ്ടെത്താൻ കഴിയും.

ആഴത്തിൽ ചിന്തിക്കുന്ന പക്ഷം ഈ വാദങ്ങൾ നിരർഥമാണെന്ന് മനസ്സിലാക്കാൻ കഴിയും. പരിണാമ സിദ്ധാന്തത്തിന്റെ വിശകലനത്തിലേക്ക് നമുക്കിവിടെ പോകേണ്ട ആവശ്യമില്ല. അതു തെറ്റായാലും ശരിയായാലും, ഭാഗികമായി തെറ്റും ഭാഗികമായി ശരിയുമായിരുന്നാലും ദൈവാസ്തികൃത്തിന്നെതിരെയുള്ള ഒരു തെളിവായി ഉന്നയിക്കാൻ ഒരിക്കലും സാധ്യമല്ല. എന്തെന്നാൽ, ആ സിദ്ധാന്തം പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച് ഒരു വെളിച്ചവും വീശുന്നില്ല. അതിന്റെ ബന്ധം, ലോകത്ത് ഇന്ന് നിലവിലുള്ള വസ്തുക്കൾ എന്നും ഇതേ നിലയിലായിരുന്നില്ലെന്നും അവ അധഃസ്ഥിതമായ അവസ്ഥയിൽനിന്ന് അഭിവൃദ്ധിപ്പെട്ട് ഇപ്പോഴത്തെ അവസ്ഥയിൽ എത്തിച്ചേർന്നതാണെന്ന സിദ്ധാന്തവുമായിട്ടാണ്. എന്നാൽ, അധഃസ്ഥിതാവസ്ഥയിലുള്ള ആ വസ്തുക്കൾ എവിടെനിന്ന് വന്നുവെന്നതാണ് യഥാർഥ പ്രശ്നം. ഇതിനെ സംബന്ധിച്ച് യുക്ത്യാധിഷ്ഠിതമായി ഒരു വിശദീകരണം നല്കാൻ പരിണാമവാദികൾക്ക് സാധിച്ചിട്ടില്ല. ലോകോൽപ്പത്തിയെ സംബന്ധിച്ച് വിശദീകരിക്കാത്തിടത്തോളം കാലം പരിണാമസിദ്ധാന്തത്തെ ദൈവനിഷേധത്തിന് തെളിവായി ഉന്നയിക്കുന്നത് നിരർഥമായിരിക്കുകയേയുള്ളൂ.

ശാസ്ത്രജ്ഞന്മാർക്ക് ഏറ്റവും കൂടിയാൽ പറയാൻ കഴിയുന്നത് ഇത്രമാത്രമാണ്: ലോകം പണ്ടേ നിലനിന്നു വരുന്നു. ലോക വ്യവസ്ഥകൾ ഒരു നിയമ പരമ്പരയ്ക്ക് വിധേയമായി തന്നത്താൻ നടന്നുകൊണ്ടിരിക്കുകയാണ്. നിയമങ്ങളും തന്നത്താൻ നടപ്പിൽ വന്നുകൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ തുടക്കവും തന്നത്താൻ ഉണ്ടായതാണ്. ഇക്കാര്യം ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു! ഈ അന്വേഷണം കൊണ്ട് ഒരു ദൈവവുമില്ലെന്ന് അനുമാനിച്ചുപറയാൻ അവർക്കു സാധിച്ചേക്കും. പക്ഷേ, ദൈവത്തിന്റെ അഭാവം നേർക്കുനേരെ ശാസ്ത്രത്തിന്റെ ഗവേഷണ പരിധിയിൽപ്പെട്ടതല്ല.

ഇതിനും പുറമെ മറ്റൊരു കാര്യവും കൂടി ഓർമവയ്ക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ സാധാരണയായി ജനങ്ങൾ ശാസ്ത്രത്തെ സംബന്ധിച്ച് വലിയൊരു തെറ്റുധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. അവർ ശാസ്ത്രജ്ഞന്മാ

രുടെ സങ്കല്പങ്ങളിലും ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള സത്യങ്ങളിലും വ്യത്യാസം കല്പിക്കുന്നില്ല. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണ ഫലപ്രഖ്യാപനം മൂന്നുതരത്തിലാണെന്നുള്ള തെന്ന് സ്പഷ്ടമാണ്.

1. ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ
2. ശാസ്ത്രത്തിന്റെ അപൂർണമായ ഗവേഷണങ്ങൾ
3. ശാസ്ത്രം കൊണ്ട് സ്ഥാപിതമായ സത്യങ്ങൾ

ഇവ മൂന്നും വ്യത്യസ്ത തരത്തിലും പദവിയിലുമുള്ളതാണ്. ഇവയെ ഒരേതൂക്കത്തിൽ കണക്കാക്കുന്നത് ഗുരുതരമായ തെറ്റാണ്. വാസ്തവത്തിൽ അല്പമാത്രമെങ്കിലും അറിവുള്ള ഒരാൾക്ക് അറിയാൻ കഴിയും നിഗമനവും അപൂർണവുമായ ഗവേഷണങ്ങൾ വേറൊരു കാര്യമാണ്. സ്ഥാപിതമായിട്ടുള്ള യാഥാർഥ്യങ്ങൾ മറ്റൊരു കാര്യമാണ്.

**ദൈവത്തിന് സ്രഷ്ടാവോ?**

ദൈവമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതെങ്കിൽ ദൈവത്തെ ആരാണ് സൃഷ്ടിച്ചത്? ലോകത്തെ സംബന്ധിച്ച് അതിന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്നുള്ള പ്രശ്നം ഉത്ഭവിക്കുന്നുണ്ടെങ്കിൽ ദൈവത്തെ സംബന്ധിച്ചും അവന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്നുള്ള പ്രശ്നം ഉത്ഭവിക്കേണ്ടതല്ലേ എന്ന് ചിലർ പ്രത്യേകിച്ച് ചെറുപ്പക്കാർ സംശയിക്കുന്നു. ഈ സംശയത്തിനുള്ള ഉത്തരമിതാണ്. ഒന്നാമതായി ദൈവത്തെപ്പറ്റി അത്തരമൊരു പ്രശ്നം ഉത്ഭവിക്കാൻ അവകാശമില്ല. അതിനുള്ള കാരണം പിന്നീട് പറയുന്നതാണ്. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായിരിക്കുന്ന സത്തയെ അതിനുപരിയായ മറ്റൊരു സത്തയാണ് സൃഷ്ടിച്ചതെന്ന് സങ്കല്പിക്കുകയാണെങ്കിൽത്തന്നെയും അതൊരു എതിർ തെളിവായിത്തീരുന്നതല്ല. എന്തെന്നാൽ, അപ്പോൾ ആ ഉപരി സത്തയ്ക്കായിരിക്കും നാം ദൈവമെന്നു നാമകരണം ചെയ്യുക. അതിന്റെ കീഴിലുള്ള സത്തയെ സൃഷ്ടികളിൽ ഒരു സൃഷ്ടിയും കാരണശൃംഖലയിലെ ഒരു കണ്ണിയും സൃഷ്ടിപരമ്പരയിലെ ഒരു ഘടകവുമായി കരുതുന്നതാണ്. ഇനി ആ ഉപരിസത്തയുടെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്ന് വല്ലവരും ചോദിച്ചാൽ അതിനുള്ള മറുപടിയും ഇപ്പറഞ്ഞതു തന്നെയായിരിക്കും. ആ ഉപരിസത്തയും മറ്റൊരു പരമോപരി സത്തയുടെ സൃഷ്ടിയാണെങ്കിൽ ആ പരമോപരിസത്തയെയായിരിക്കും നാം ദൈവമെന്നു പറയുക. അതിനു കീഴിലുള്ള എല്ലാ സത്തകളെയും സൃഷ്ടിഭാഗമായി കണക്കാക്കുന്നതാണ്. ഇങ്ങനെ ഈ ശൃംഖല ഏതൊരു സത്തയിൽ അവസാനിപ്പിക്കപ്പെടുമോ, അതായത് ഏതൊരു സത്തയെ ഈ ശൃംഖലയുടെ ആദ്യത്തെ കണ്ണിയായും അതിനുമേലെ ഒരു സത്ത ഇല്ലാത്തതായും കരുതപ്പെടുമോ, അതിനാണ് നാം ദൈവമെന്നു പേർ നല്കുക. അതൊഴികെയുള്ള എല്ലാറ്റിനേയും സൃഷ്ടിവിഭാഗമായി കരുതുകയും ചെയ്യും.

**പ്രപഞ്ചം സ്വയംഭൂതമാണോ?**

ഇനി, പലരുടേയും ഹൃദയത്തിൽ ഉദിക്കാവുന്നതും യൂറോപ്പിലെ നാസ്തികന്മാർ സാധാരണയായി ഉന്നയിക്കാറുള്ളതുമായ മറ്റൊരു സംശയത്തിനുകൂടി ഉത്തരം പറയാം. ആ സംശയമിതാണ്– ദൈവം സൃഷ്ടിയല്ലെന്നും ഒരു സ്രഷ്ടാവും ഉടമസ്ഥനുമില്ലാതെ തന്നത്താൻ ഉള്ളവനാണെന്നും സമ്മതിക്കുകയാണെങ്കിൽ നമുക്ക് ഈ പ്രപഞ്ചത്തെപ്പറ്റിയും എന്തുകൊണ്ട് അങ്ങനെ സമ്മതിക്കുകയും എല്ലാ വിവാദവും ഇവിടെ ചുവട്ടിൽ വച്ചു തന്നെ അവസാനിപ്പിക്കുകയും ചെയ്തുകൂടാ? എന്നാൽ, ഗാഢമായി ചിന്തിക്കുകയാണെങ്കിൽ, ഈ സംശയം ചിന്താക്കുറവിന്റേയും വിവരക്കേടിന്റേയും ഫലമാണെന്നുകാണാം. ഇതിനെക്കാൾ കൂടുതൽ ഒരു നിലയുമില്ല. നമ്മൾ ലോകത്തെ സൃഷ്ടിയായി വിശ്വസിച്ചിരിക്കുന്നു. യഥാർഥത്തിൽ ഈ സംശയത്തിന്റെ അടിസ്ഥാനം, ദൈവം സ്വയം ഉണ്ടായതാവാമെങ്കിൽ മറ്റു വസ്തുക്കളും അങ്ങനെ ഉണ്ടായതാവാൻ സാധ്യതയുണ്ട് എന്നതിലാണ്. അപ്പോൾ ഈ ലോകത്തെ സൃഷ്ടിയായി കരുതാനോ അതിനുമേൽ ഒരു ദൈവം ഉണ്ടെന്ന് വിശ്വസിക്കാനോ ഒരു കാരണവും ഇല്ലാതാകും. അങ്ങനെവരുമ്പോൾ ഈ കഥ അവർക്കിവിടെ അവസാനിപ്പിക്കുകയും ചെയ്യാം! ദൈവം സൃഷ്ടി അല്ലാതിരിക്കാമെങ്കിൽ ഈ ലോകം തന്നെയും സൃഷ്ടിയല്ലെന്ന് എന്തുകൊണ്ട് നമുക്ക് സമ്മതിച്ചുകൂടാ? എന്ന സംശയത്തിനുള്ള ഉത്തരമിതാണ്.

**നന്മ തിന്മകളുടെ തിരിച്ചറിവ്**

ദൈവാസ്തിക്യം സംബന്ധിച്ച് ഇനി ഞാനിവിടെ സമർപ്പിക്കാൻ പോകുന്ന തെളിവ് മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ള ധാർമ്മിക നിയമവുമായി ബന്ധപ്പെട്ടതാണ്. ഇതിന് മുമ്പേ സമർപ്പിച്ച തെളിവ് മനുഷ്യനിലും ലോകത്തുള്ള മറ്റു വസ്തുക്കളിലും വ്യക്തിപരമായും സാമൂഹികമായും പ്രവർത്തിക്കുന്ന പ്രകൃതി നിയമവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇപ്പോൾ വിശദീകരിക്കാൻ പോകുന്ന തെളിവ് എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ കാണപ്പെടുന്നതും ബുദ്ധിയുള്ള ഒരാൾക്കും നിഷേധിക്കാൻ കഴിയാത്തതുമായ ധാർമ്മിക നിയമത്തിൽ അധിഷ്ഠിതമാണ്. നന്മതിന്മകളുടെ തിരിച്ചറിവ് മനുഷ്യപ്രകൃതിയിൽ അന്തർഭവിച്ചിട്ടുള്ളതാകുന്നു. ഈ തിരിച്ചറിവില്ലാത്ത ഒരു മനുഷ്യനേയും കാണാൻ കഴിയുകയില്ല. വല്ലവരുടേയും പ്രകൃതിസ്വഭാവം ബാഹ്യമായ സ്വാധീനശക്തിയുടെ ഫലമായി ബലഹീനമായിത്തീരുകയോ നിശ്ശേഷം നിർജ്ജീവമായതുപോലെ അമർന്നുപോവുകയോ ചെയ്യുകയെന്നത് തീർച്ചയായും സംഭാവ്യമാണ്. എന്നിരുന്നാലും ഏതെങ്കിലും വിധത്തിലും രൂപത്തിലും വല്ലപ്പോഴുമൊക്കെ അത് പ്രത്യക്ഷപ്പെടാതിരിക്കുകയില്ല. സകല മനുഷ്യരും അവരുടെ സ്ഥിതി എത്രതന്നെ അധഃസ്ഥിതമായിരുന്നാലും സ്വാഭാവികമായി നന്മയെ ഇഷ്ടപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്യുന്നവരാണ്. യഥാർഥ പ്രകൃതിക്ക് നിലവിലെ അവസ്ഥകളുമായോ രാഷ്ട്രീയ പാരമ്പര്യങ്ങളുമായോ സമുദായത്തിന്റെ അനുഭവവുമായോ ഒരു ബന്ധവുമുണ്ടായിരിക്കയില്ല. അത് എല്ലാ മനുഷ്യരിലും ജന്മനാ അടങ്ങിയിട്ടുള്ളതാണ്. ആ യഥാർഥ പ്രകൃതിയിൽ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം സമർഥമായനിലയിൽ നിക്ഷിപ്തമായിട്ടുണ്ട് എന്നത് അതിന്റെ പിന്നിൽ ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്രഷ്ടാവിന്റെ കൈയുണ്ടെന്നതിന് വ്യക്തമായ തെളിവാണ്. അവനാണ് പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടി ആ പ്രകാശം മനുഷ്യപ്രകൃതിയിൽ നിറച്ചുവെച്ചത്. വിശുദ്ധഖുർആൻ പറയുന്നത് നോക്കുക: **ഫ അൽഹമഹാ ഫുജൂറഹാ വ തഖ്‌വാഹാ** അല്ലാഹു എല്ലാ മനുഷ്യരുടെയും പ്രകൃതിയിൽ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം നിക്ഷേപിക്കുകയും ഇന്ന വഴി ചീത്തയും ഇന്ന വഴി നല്ലതുമാണെന്ന് അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.(91:9)

മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു: **വ ഹദയ്നാഹുന്നജ്ദയ്ൻ** നാം മനുഷ്യന് നന്മയുടെയും തിന്മയുടെയും മാർഗ്ഗങ്ങൾ വ്യക്തമായി കാണിച്ചുകൊടുത്തിരിക്കുന്നു. (90:11)

**സർവ്വാംഗീകൃത തെളിവ്:**

ഇതിനുശേഷം ഞാൻ സമർപ്പിക്കാനുദ്ദേശിക്കുന്ന തെളിവ് സർവരാലും അംഗീകരിക്കപ്പെട്ടതാണ്. ഏതെങ്കിലും സങ്കല്പം അല്ലെങ്കിൽ വിശ്വാസം സർവരാലും അംഗീകരിക്കപ്പെട്ട് എക്കാലവും സ്ഥിരമായി നിലനിന്നു വന്നിട്ടുണ്ടെങ്കിൽ അതതിന്റെ അസ്സലിന്റെ അടിസ്ഥാനത്തിൽ സത്യത്തിലും സന്മാർഗത്തിലുമധിഷ്ഠിതമായിരിക്കുമെന്നത് ഒരു തത്ത്വമാണ്.

ഉപര്യുക്ത തത്ത്വമനുസരിച്ച് നമ്മൾ ചർച്ചചെയ്തുവന്ന വിഷയത്തിൽ ദൃഷ്ടിപായിക്കുമ്പോൾ ദൈവത്തിലുള്ള വിശ്വാസം ബുദ്ധിമാനായ ആർക്കും നിഷേധിക്കാനാവാത്ത ഒരു വിശ്വാസമായി സ്ഫുടീകരിക്കപ്പെടുന്നു. ലോകവാസികളായ എല്ലാ ജനതയും–വലിയവരായാലും ചെറിയവരായാലും, സംസ്കാരചിത്തരായാലും സംസ്കാരശൂന്യരായാലും, വിദ്യാസമ്പന്നരായാലും, വിദ്യാഹീനരായാലും–അവരെവിടെയായിരുന്നാലും അവർക്കിടയിൽ നിരവധി അഭിപ്രായ വൈജാത്യങ്ങളുണ്ടായിട്ടും, ലോകവും അതിലുള്ളതും സ്വയംഭൂതമല്ല മറിച്ച് അതിനൊരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ട് എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഈ സങ്കല്പം ഇക്കാലത്തെ ജനതകളിൽ മാത്രം പരിമിതമല്ല. മറിച്ച് ഏതേതെല്ലാം കാലഘട്ടത്തിന്റെ ചരി ത്രം നമുക്ക് സുരക്ഷിതമായി ലഭിച്ചിട്ടുണ്ടോ അവയിലൊക്കെത്തന്നെ ലോകം ഒരു ഉന്നതമായ സത്തയുടെ സൃഷ്ടിയും അധീനയുമാണെന്ന വിശ്വാസത്തിൽനിന്ന് ഒരു ജനതയും ഒഴിഞ്ഞുനിന്നിട്ടില്ലെന്നു കാണാം. ആ ഉന്നത സത്തയുടെ ഗുണവിശേഷങ്ങളെക്കുറിച്ച് ധാരാളം വ്യത്യസ്ത വിശ്വാസങ്ങളുണ്ടെന്നത് ശരിതന്നെ. ഒരു വിഭാഗം ദൈവത്തെ ഒരു പ്രത്യേക രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കുമ്പോൾ മറ്റൊരു വിഭാഗം മറ്റൊരു തരത്തിൽ അവതരിപ്പിക്കുന്നു. ഒരു വിഭാഗം ദൈവം ഏകനാണെന്ന് വിശ്വസിക്കുന്നു. അവന്റെ താഴെയോ മുകളിലോ മറ്റൊരു ആരാധ്യനേയും അവർ അംഗീകരിക്കുന്നില്ല. എന്നാൽ, ചിലർ ചെറുതും വലുതുമായ നിരവധി ദൈവങ്ങളെ രൂപകല്പനചെയ്ത് അവയെ ആരാധിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു. ഇങ്ങനെ ദൈവത്തിന്റെ സത്തയേയും ഗുണവിശേഷങ്ങളേയും സംബന്ധിച്ച് ജനതകളിൽ വലിയ വലിയ ഭിന്നതകൾ കാണാം. പക്ഷേ, ഈ അഭിപ്രായഭിന്നതകളൊക്കെയുണ്ടായിട്ടും അവരുടെയെല്ലാം മതത്തിന്റെ കേന്ദ്രബിന്ദു, ഈ ലോകവും ഇതിലുള്ള സൃഷ്ടിജാലങ്ങളും സ്വയംഭൂതമല്ല, ഒരുന്നത സത്തയുടെ ശക്തിപ്രഭാവത്തിന്റെ അത്ഭുതകൃത്യമാകുന്നുവെന്നാണ്.

**ദൈവവിശ്വാസം**
**മിഥ്യാധാരണയുടെ ഫലമോ?**

ദൈവവിശ്വാസത്തെക്കുറിച്ചറിയാതെ ചില ജനതകൾ കടന്നുകഴിഞ്ഞിട്ടുണ്ടെന്ന് പാശ്ചാത്യ എഴുത്തുകാരിൽ ചിലർ എഴുതിയിട്ടുള്ളതായി ആരെങ്കിലും ആക്ഷേപിക്കുന്നുവെങ്കിൽ അതിനുള്ള മറുപടി ഇതാണ്: അങ്ങനെ ചിലർ എഴുതിയിട്ടുണ്ടെന്നുള്ളത് ശരിതന്നെ. പ്രത്യേകിച്ച് ആരംഭകാലഘട്ടത്തെക്കുറിച്ചുള്ള അക്കൂട്ടരുടെ ധാരണ ദൈവവിശ്വാസത്തെ സംബന്ധിച്ച് അറിവില്ലാതിരുന്ന ചില ജനതകൾ ഉണ്ടായിരുന്നുവെന്നതാണ്. പക്ഷേ,

സൂക്ഷ്മതയോടെ വായിച്ചാൽ അത്തരം എഴുത്തുകാർക്ക് അബദ്ധം പിണഞ്ഞിട്ടുണ്ടെന്ന് മനസ്സിലാകും. അവർ പൂർണമായ നിലയിൽ ഗവേഷണം നടത്താൻ മുതിർന്നിട്ടില്ല എന്നതാണ് വാസ്തവം. ബഹുദൈവവിശ്വാസം വെച്ചുപുലർത്തിയിരുന്ന ചില പുരാതന ജനതയുടെ വിശ്വാസത്തെ കേവലം ഭയത്തിലേക്കും അജ്ഞതയിലേക്കും ഊഹാരാധനയിലേക്കും കൂട്ടിച്ചേർത്തതാണ് അവർക്കുപറ്റിയ പരമാബദ്ധം. ആ ആളുകളുടെ ഉള്ളിൽ ഏകദൈവ വിശ്വാസം ഉണ്ടായിട്ടേയില്ലെന്ന് അവർ കരുതിപ്പോയി. വാസ്തവത്തിൽ ഇത് അടിമുടിതെറ്റാണ്, അജ്ഞതയുടെ ഫലമാണ്. ബഹുദൈവ വിശ്വാസമാണെങ്കിലും തീർച്ചയായും ദൈവ വിശ്വാസത്തിന്റെ ഒരു ശാഖയാണത്. തായ്‌വേരല്ല. അതായത് ദൈവവിശ്വാസത്തിന്റെ വികലമായ അവസ്ഥയുടെ ഫലമായിട്ടാണ് ബഹുദൈവവിശ്വാസം ഉടലെടുക്കുന്നത്. ദൈവ വിശ്വാസം ഇല്ലെങ്കിൽ ബഹുദൈവവിശ്വാസം ഉണ്ടാകുക അസംഭാവ്യമാണ്. ഒരു ജനത ആദ്യം ദൈവവിശ്വാസത്തിൽ നിലകൊള്ളുകയും പിന്നീട് പതുക്കെപ്പതുക്കെ അവരിൽ ബഹുദൈവ ചിന്താഗതി കടന്നുകൂടുകയും ചെയ്തതിനുള്ള ഉദാഹരണങ്ങൾ ലോകചരിത്രത്തിൽ വേണ്ടത്രയുണ്ട്.

**പ്രവാചകന്മാരുടെ വിജയം:**

ദൈവവിശ്വാസികളും ദൈവനിഷേധികളും (ആ നിഷേധം വിശ്വാസപരമാകട്ടെ പ്രവർത്തനപരമാകട്ടെ) തമ്മിൽ ആശയസംഘട്ടനമുണ്ടായപ്പോഴെല്ലാം വിജയം വരിച്ചത് വിശ്വാസികളായിരുന്നുവെന്ന് ചരിത്രം സുരക്ഷിതമാക്കപ്പെട്ട കാലം മുതൽ നാം കണ്ടുവരുന്നു. ഇതിൽനിന്ന് ഏതോ അദൃശ്യകരം വിശ്വാസികളുടെ പിന്നിൽ പ്രവർത്തിക്കുന്നതായി മനസ്സിലാകുന്നുണ്ട്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം എല്ലാത്തരം അഭിപ്രായഭിന്നതകളിലും വിശ്വാസികൾ, നിഷേധികൾക്കെതിരെ വിജയംവരിക്കുന്നു എന്നല്ല. കാരണം പൊതുവിൽ വിജയപരാജയങ്ങൾ പ്രകൃതി നിയമമനുസരിച്ചാണുണ്ടാകുന്നത്. ഒരു നിഷേധി വിജയമാർഗ്ഗം അവലംബിച്ചാൽ അവൻ പരാജയപ്പെടാനും, യുക്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കാത്ത വിശ്വാസി വിജയം വരിക്കാനും ഒരു കാരണവും കാണുന്നില്ല. സാധാരണ പരിതസ്ഥിതിയിൽ അങ്ങനെ ഒരിക്കലും സംഭവിക്കുകയുമില്ല. വിജയമുണ്ടാകുന്നത് വിജയത്തിന്റെ മാർഗ്ഗം അവലംബിക്കുന്നവനായിരിക്കും. അതാരായാലും ശരി. ലോകത്ത് പൊതുവിൽ കാണുന്ന അഭിപ്രായഭിന്നതകളോ സംഘട്ടനങ്ങളോ അല്ല ഇവിടെ എന്റെ ഉദ്ദേശ്യം. മറിച്ച്, ലോകത്ത് സത്യവിശ്വാസത്തിന്റെ സംസ്ഥാപനത്തിനായി ദൈവത്തിൽനിന്ന് നിയോഗിതനായിരിക്കുന്നു എന്ന വാദവുമായി സത്യസന്ധരായ വ്യക്തികൾ എഴുന്നേൽക്കുമ്പോഴെല്ലാം അവർ തങ്ങളുടെ ദൗത്യോദ്ദേശ്യത്തിൽ വിജയിക്കുകയും ലൗകികമായ ഒരു ശക്തിക്കും അവരുടെ വിജയപാതയിൽ തടസ്സമുണ്ടാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു എന്നതാണ്. വിശുദ്ധഖുർആൻ പറയുന്നു:

**"കതബല്ലാഹു ലഅഗ്‌ലിബന്ന അനാ വറുസുലീ"** ഞാനും എന്റെ പ്രവാചകന്മാരും എപ്പോഴും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു." (58:22)

**സാത്ത്വികജനങ്ങളുടെ സാക്ഷ്യം:**

ദൈവാസ്തികൃത്തിനുള്ള ബുദ്ധിപരമായ തെളിവുകളിൽ അവസാനമായി ഞാൻ പറയാനാഗ്രഹിക്കുന്നത് സാത്ത്വികജനങ്ങളുടെ സാക്ഷ്യമാണ്. അവരുടെ സത്യം പറയുന്ന സ്വഭാവവും സത്ത്വസമ്പന്നതയും ലോകം ഒന്നടങ്കം അംഗീകരിച്ചിട്ടുള്ളതാകുന്നു. ദൈവമുണ്ടെന്നും തങ്ങൾ അഗോചര വസ്തുക്കളെ കാണുകയും തിരിച്ചറിയുകയും ചെയ്തതുപോലെ അവനെ കാണുകയും തിരിച്ചറിയുകയും ചെയ്തു എന്നും ഉള്ളതിന് വ്യക്തിപരമായ സാക്ഷ്യം വഹിക്കുകയും അത് സമർപ്പിക്കുകയും ചെയ്യുന്നവരാണവർ.

**ദൈവവിശ്വാസം കൊണ്ടുള്ള മഹത്തായ നേട്ടങ്ങൾ**

ദൈവവിശ്വാസം കൊണ്ടുമാത്രം നേട്ടമുണ്ടാകുന്നതും ദൈവത്തിൽ വിശ്വസിക്കാതെ പൂർണമായ നേട്ടമുണ്ടാകാത്തതുമായ ചില തെളിവുകളാണ് ദൈവാസ്തികൃത്തെ സംബന്ധിച്ച് ഇനി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.

**ഏകാത്മബന്ധവും സഹോദരത്വവും**

ദൈവത്തിലുള്ള വിശ്വാസത്തിന്റെ നേട്ടമെന്ന നിലയിൽ ഒന്നാമതായി ഞാൻ പറയാനാഗ്രഹിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള ചിന്ത ജനഹൃദയങ്ങളിൽ ഏകാത്മബന്ധത്തിന്റേയും സഹോദരത്വത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഏറ്റവും വലിയ മാർഗമാകുന്നുവെന്നതാണ്. ഇത് മനുഷ്യവംശത്തിന്റെ പുരോഗതിയ്ക്കും അവരുടെ നന്മയ്ക്കും അനിവാര്യവും പ്രയോജനപ്രദവുമാണ്. ലോകസമാധാനത്തിനും ലോകജനതയുടെ ക്ഷേമത്തിനും, വിവിധ ജനതകൾ പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും സഹകരണത്തോടുംകൂടി ജീവിക്കേണ്ടതും അസൂയയ്ക്ക് മനസ്സിൽ ഇടം നല്കാതിരിക്കേണ്ടതും കഴിയുന്നിടത്തോളം മറ്റുള്ളവരോട് അനുകമ്പയോടും ത്യാഗമനോഭാവത്തോടും പെരുമാറേണ്ടതും സ്വന്തം താൽപര്യത്തെക്കാൾ മറ്റുള്ളവരുടെ താല്പര്യത്തിന് മുൻഗണന നല്കേണ്ടതും നിർബന്ധമാണ്. ഇപ്രകാരംതന്നെ വ്യക്തികൾ പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സഹതാപത്തിന്റേയും സഹകരണത്തിന്റേയും ചൈതന്യമുണ്ടാക്കിത്തീർക്കുകയും വേണം. കാരണം വ്യക്തികൾക്കും ജനതകൾക്കും ഒരുപോലെ അനിവാര്യമായ ഈ മനസ്ഥിതി കൂടാതെ ലോകത്ത് സമാധാനസ്ഥാപനവും മനുഷ്യവംശത്തിന്റെ പുരോഗതിയും അസംഭാവ്യമാണ്. അതുകൊണ്ട് ഓരോ മനുഷ്യനും പരസ്പരം ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും ബോധം ഉണ്ടാക്കിത്തീർക്കുന്നതും പുരോഗതിയ്ക്കാവശ്യമായിട്ടുള്ളതുമായ മാർഗങ്ങൾ സ്വീകരിക്കാൻ തയ്യാറായിരിക്കുകയും വെറുപ്പിന്റേയും അസൂയയുടേയും ചിന്ത ഹൃദയത്തിൽ കടക്കാൻ അനുവദിക്കാതിരിക്കുകയും വേണം. ഞാൻ പറഞ്ഞതുപോലെ ലോകസമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനമുണ്ടാക്കുന്നതുമായ ഒരു മാർഗമാണ് ദൈവത്തിലുള്ള വിശ്വാസം.

**ദൈവവിശ്വാസം തിന്മയെ തടയുന്നു, നന്മയ്ക്ക് പ്രചോദനം നല്കുന്നു.**

ദൈവവിശ്വാസം കൊണ്ടുള്ള രണ്ടാമത്തെ നേട്ടം പൊതുവെയുള്ളതാണ്. അത് തിന്മയിൽനിന്ന് മനുഷ്യനെ തടയുന്നു. മൂന്നുതരത്തിലുള്ള ചിന്തകളാണ് പാപപ്രവൃത്തികളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും അകന്നിരിക്കണമെന്ന മനസ്ഥിതിയുണ്ടാക്കുന്നത്. ഒന്നാമത്തേത് തെറ്റുചെയ്യാതിരുന്നാൽ എന്തെങ്കിലും പ്രതിഫലം കിട്ടുമെന്ന പ്രതീക്ഷ. രണ്ടാമത്തേത് തെറ്റുചെയ്താൽ ശിക്ഷ ലഭിക്കുമെന്നുള്ള ഭയം. മൂന്നാമത്തേത് തെറ്റുതെറ്റാണെന്നതുകൊണ്ട് അതിൽനിന്ന് ഒഴിയണമെന്നുള്ള ചിന്ത.

ദൈവവിശ്വാസം കൊണ്ടുള്ള മൂന്നാമത്തെ നേട്ടം അത് മനുഷ്യനെ നന്മചെയ്യാൻ പ്രേരിപ്പിക്കുന്നു എന്നതാണ്. ഈ വസ്തുതയും മുകളിൽ ചുരുക്കി വിവരിച്ചിട്ടുള്ള അതേ തെളിവുകൾകൊണ്ടു സ്ഥാപിക്കാൻ കഴിയും. ധിഷണാശാലികളിലാരെങ്കിലും ഇതിനെ നിഷേധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് അധികം വിശദീകരണം ഒഴിവാക്കുന്നു.

**വസ്തുക്കളുടെ യാഥാർഥ്യം കണ്ടുപിടിക്കുന്നതിൽ സഹായി**

ദൈവവിശ്വാസം കൊണ്ടുള്ള നാലാമത്തെ നേട്ടം വസ്തുക്കളുടെ യാഥാർഥ്യം കണ്ടെത്തുന്നതിനുള്ള ഗവേഷണത്തിൽ അത് സഹായിക്കുന്നുവെന്നതാണ്. ഈ പ്രപഞ്ചം സ്വയംഭൂവാണെന്നും, ഇക്കാണുന്നതെല്ലാം യാദൃച്ഛികമാണെന്നും ഏതോ ബലഹീനമായ അവസ്ഥയിൽനിന്ന് മെല്ലെമെല്ലെ പരിണാമത്തിന്റെ അന്ധമായനിയമത്തിന് വിധേയമായി പ്രപഞ്ചമഖിലവും ഇന്നുകാണുന്ന നിലയിലെത്തിയതാണെന്നും കരുതുന്നവർ, വസ്തുക്കളുടെ യാഥാർഥ്യവും പ്രകൃതിനിയമവും കണ്ടെത്തുന്ന വിഷയത്തിൽ സത്യവിശ്വാസികളെപ്പോലെ താൽപര്യവും ഉത്സാഹവും ഉള്ളവരല്ല. സകലവസ്തുക്കളും തന്റെ ദൈവം സൃഷ്ടിച്ചതാണെന്നുള്ള വിശ്വാസത്താൽ നിർഭരമായിരിക്കും സത്യവിശ്വാസിയുടെ ഹൃദയം. പ്രത്യേകമായ ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് അതെല്ലാം സൃഷ്ടിച്ചതെന്നും അവൻ ദൃഢമായും വിശ്വസിക്കുന്നു

**ദൈവവിശ്വാസിയും മനശ്ശാന്തിയും**

ദൈവവിശ്വാസം കൊണ്ടുള്ള അഞ്ചാമത്തെ നേട്ടം അത് മനഃശ്ശാന്തി നല്കുന്നു എന്നതാണ്. ജീവിതത്തിന്റെ സകലരംഗങ്ങളിലും അത് മനുഷ്യന് പ്രയോജനപ്പെടുകയും ചെയ്യുന്നു. മനഃശ്ശാന്തിയില്ലെങ്കിൽ ഒരു പ്രവൃത്തിയും ശുഭമായി പര്യവസാനിക്കുകയില്ലെന്നതാണ് വാസ്തവം.

**ദൈവവിശ്വാസവും ധാർമ്മികാവസ്ഥയും**

ദൈവവിശ്വാസം സൽസ്വഭാവത്തിന്റെ നിലവാരത്തെ കാത്തുസൂക്ഷിക്കുന്നതിന് കാരണമാകുന്നു എന്നതാണ് ആറാമത്തെ നേട്ടം. ദൈവവിശ്വാസത്തിന്റെ അസാന്നിദ്ധ്യത്തിൽ ഇതൊരിക്കലും സാദ്ധ്യമല്ല.മനുഷ്യൻ സ്വയം ഉണ്ടായതല്ലെന്നു വരുമ്പോൾ സൽസ്വഭാവം നിലനിറുത്താൻ സ്വയം എന്തെങ്കിലും ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യേണ്ട ആവശ്യം വരുന്നില്ല. ഏതു പ്രവൃത്തി നല്ലതെന്നും ഏതുവഴി ഉത്തമമെന്നും ചിന്തിച്ച് സമയം ചെലവഴിക്കേണ്ടതുമില്ല. കാരണം അവനൊരു ഉന്നതമായ സത്തയുടെ സൃഷ്ടിയാണ്. അപ്പോൾ ആ ഉന്നത സത്തയല്ലാതെ മാതൃകായോഗ്യവും അനുകരിക്കാൻ പറ്റിയതുമായ മറ്റൊന്ന് ഉണ്ടാകുക സാധ്യമല്ല. അങ്ങനെ വരുമ്പോൾ തന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ആ ദൈവത്തിന്റെ ഗുണവിശേഷങ്ങളുടെ ഉദാത്തമായ നിറം സ്വായത്തമാക്കുന്നതിലായിരിക്കും അവന്റെ സൽസ്വഭാവം നിലകൊള്ളുന്നത്. നബി(സ)തിരുമേനി അരുൾ ചെയ്തിരിക്കുന്നു. **തഘല്ലഖൂ ബി അഘ്‌ലാഖില്ലാഹ്** "ജനങ്ങളേ! നിങ്ങൾ നിങ്ങളുടെ സ്വഭാവങ്ങളെ അല്ലാഹുവിന്റെ സ്വഭാവത്തിനനുസൃതമാക്കി മാറ്റുക." അതുകൊണ്ടുതന്നെയാണ്, ദൈവം മനുഷ്യനെ തന്റെ ഉൽകൃഷ്ട സ്വഭാവങ്ങളുടെ പ്രതിച്ഛായയിൽ സൃഷ്ടിച്ചിരിക്കുന്നുവെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നത്. ●

പേജ് 1ൽ നിന്ന്

ങ്ങുന്നു. ബിംബാരാധകരുടെ ഒരു നഗരത്തിലേക്ക്; മാനസാന്തരപ്പെടുകയും തന്റെ ദൗത്യത്തിൽ വിശ്വസിക്കുകയും ചെയ്യാനാഹ്വാനം ചെയ്തുകൊണ്ട്; യോനാ പ്രവാചകൻ നിനേവായിലേക്കെന്ന പോലെ! തന്റെ ദൗത്യം ദൈവത്തിൽനിന്നുള്ളതാണെന്നതിൽ അദ്ദേഹത്തിനു ഉണ്ടായിരുന്ന ഉറച്ച വിശ്വാസത്തിന്റെ ആഴത്തിലേക്ക് ഇതു നിശ്ചയമായും വെളിച്ചം വീശുന്നുണ്ട്."(തിരുനബി ചരിത്രം പേജ് 46)

തൗഹീദിനുവേണ്ടിയുള്ള ജീവാർപണത്തിൽ പ്രകാശം വിതറുന്ന മറ്റൊരു സംഭവമുണ്ട്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'തീർച്ചയായും ബഹുദൈവവിശ്വാസികൾ അശുദ്ധരാണ്, മലിനരാണ്, ശർറുൽബരിയ്യായാണ്, വിഡ്ഢികളാണ്, സാത്താന്റെ സന്തതികളാണ്, അവരുടെ ആരാധ്യർ നരകത്തിലെ ഇന്ധനമാണ് എന്നീ ആയത്തുകൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ് നബി(സ) തിരുമേനിയെ വിളിച്ചിട്ടു പറഞ്ഞു: 'എന്റെ സഹോദരപുത്രാ! 'നിന്റെ ഈ പ്രവൃത്തികൊണ്ട് ജനങ്ങൾ പ്രകോപിതരായിരിക്കുകയാണ്. അവർ അടുത്തുതന്നെ നിന്നെ വധിച്ചേക്കാം; നിന്നോടൊപ്പം എന്നേയും. നീ അവരിലെ ബുദ്ധിമാന്മാരെ വിഡ്ഢികളെന്ന് പറഞ്ഞിരിക്കുന്നു. അവർ ആദരിക്കുന്ന ആരാധ്യവസ്തുക്കൾക്ക് നരകത്തിലെ വിറകെന്നും നരകത്തിലെ ഇന്ധനമെന്നും പേരിട്ടിരിക്കുന്നു. മൊത്തത്തിൽ അവയെല്ലാം അശുദ്ധമെന്നും സാത്താന്റെ സന്തതിയെന്നും മാലിന്യമെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിന്റെ നന്മ ആഗ്രഹിച്ചുകൊണ്ടു പറയുകയാണ്, നീ നിന്റെ നാവ് നിയന്ത്രിക്കുക. ചീത്തപറയുന്നതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ ജനതയെ നേരിടാൻ എനിക്കു ശക്തിയില്ല.' നബി(സ)തിരുമേനി അതിനുള്ള മറുപടിയിൽ പറഞ്ഞു: 'അല്ലയോ പിതൃവ്യാ!ഇത് ചീത്ത പറയലല്ല. മറിച്ച് സംഭവത്തിന്റെ പ്രകടനമാണ്. വിഷയത്തിന്റെ യഥാർഥ അവസ്ഥയിലുള്ള വിവരണമാണ്. ഈ ജോലി ചെയ്യാനാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഞാൻ മരിക്കേണ്ടിവന്നാൽ ഞാൻ സന്തോഷത്തോടെ എനിക്കുവേണ്ടി മരണം സ്വീകരിക്കുന്നു. എന്റെ ജീവിതം ഇതേ വഴിയിൽ അർപിതമാണ്. മരണത്തെ ഭയന്ന് സത്യം പറയാതിരിക്കാൻ എനിക്കു പറ്റില്ല. അല്ലയോ പിതൃവ്യാ! താങ്കൾക്ക് താങ്കളുടെ ദൗർബല്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും ചിന്തയാണെങ്കിൽ എന്നിൽനിന്ന് വേർപെട്ട് പൊയ്ക്കൊള്ളുക! അല്ലാഹുവാണ! എനിക്ക് താങ്കളുടെ ഒരു ആവശ്യവുമില്ല. ദൈവകല്പന എത്തിക്കുന്നതിൽനിന്ന് ഞാനൊരിക്കലും പിന്മാറുകയില്ല. എനിക്കെന്റെ യജമാനെന്റെ കല്പന എന്റെ ജീവിതത്തെക്കാൾ പ്രിയപ്പെട്ടതാണ്. ഞാൻ ഈ വഴിയിൽ വധിക്കപ്പെടുകയാണെങ്കിൽ ഞാനാഗ്രഹിക്കുന്നത് വീണ്ടും വീണ്ടും ജീവിക്കുകയും എപ്പോഴും ഈ വഴിയിൽ വധിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യണമെന്നാണ്. ഇത് ഭയപ്പെടേണ്ട ഇടമല്ല. പ്രത്യുത അവന്റെ വഴിയിൽ ദുഃഖം സഹിക്കുക എന്നതിൽ എനിക്ക് അതിരറ്റ ആനന്ദമാണുള്ളത്. നബി(സ)തിരുമേനി ഈ പ്രസംഗം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സത്യസന്ധതയും പ്രകാശവുംകൊണ്ട് മുഖകമലത്തിൽ ഒരു തേജസ് പ്രകടമായിക്കൊണ്ടിരുന്നു. അവിടന്ന് ആ പ്രസംഗം അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ സത്യത്തിന്റെ വെളിച്ചംകണ്ട് അനിയന്ത്രിതമായി അബുത്വാലിബിന്റെ കണ്ണീരൊഴുകി. അദ്ദേഹം പറഞ്ഞു: 'ഞാൻ നിന്റെ ഈ മഹനീയാവസ്ഥ അറിഞ്ഞിരുന്നില്ല. നീ മറ്റൊരു വർണത്തിലും പ്രൗഢിയിലുമാണുള്ളത്. പോകുക! നിന്റെ ജോലിയിൽ മുഴുകുക. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം, എനിക്ക് ശക്തിയുള്ളിടത്തോളം ഞാൻ നിന്നോടൊപ്പം നില്ക്കുന്നതായിരിക്കും.' ★(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാള്യം 3, പേജ് 110)

നബി(സ)തിരുമേനി തന്റെ ജനതയ്ക്ക് ഏകദൈവത്വത്തിന്റെ(തൗഹീദ്)പാഠം നല്കി. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ ഒരു നിമിഷവും ഒരു മുക്കും മൂലയും അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നും അല്ലാഹുവിനെക്കുറിച്ച് ചിന്തിക്കുന്നതിൽനിന്നും ശൂന്യമാക്കി വെച്ചില്ല. നബി(സ)തിരുമേനിയുടെ ഈ വാക്യം അല്ലാഹുവിനോടുള്ള സ്നേഹത്താൽ എത്രമാത്രം നിർഭരമാണ്. അതു കണക്കുകൂട്ടുക ദുഷ്കരമാണ്. അവിടന്ന് പറഞ്ഞു: 'എന്റെ നമസ്കാരമാണ് എന്റെ കണ്ണിന്റെ കുളിർമ.' രാത്രി മുഴുവൻ തന്റെ റബ്ബിന്റെ സ്മരണയിലും സ്നേഹത്തിന്റേയും അനുരക്തിയുടേയും സ്വകാര്യം പറയുന്നതിലും കഴിച്ചുകൂട്ടി. അവിടത്തെ ഈ നിർദേശം വളരെ അത്ഭുതാവഹമാണ്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: 'ആഇശാ!എന്റെ കണ്ണുകൾ ഉറങ്ങിപ്പോകാറുണ്ട്. എന്നാൽ, എന്റെ മനസ്സ് ഉറങ്ങാറില്ല.' തന്റെ ജീവൻ ജീവനുടയവനെ ഏല്പിച്ചുകൊണ്ട് അവിടത്തെ അന്തിമ ഉപദേശം ഇതായിരുന്നു: 'ഏകദൈവത്തെ മാത്രം ആരാധിക്കുക. യഹൂദികളെപ്പോലെ ശിർക്കിൽ അകപ്പെടരുത്. എന്റെ ഖബ്റിനെ സുജൂദിന്റെ ഇടമാക്കരുത്.'

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു: 'അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അവസ്ഥ ഇതായിരുന്നു, ഒരു ഇടവേളയ്ക്കുശേഷം മഴപെയ്യുമ്പോൾ തന്റെ നാവിൽ വെള്ളത്തുള്ളികളെടുക്കുകയും എന്റെ റബ്ബിന്റെ പുതിയ നിഅ്മത്താണിതെന്ന് പറയുകയും ചെയ്യുമായിരുന്നു.'

മജ്ലിസിൽ ഇരിക്കുമ്പോൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കും. അവിടത്തെ ഉമ്മത്തും അവിടന്നുമായി ബന്ധം വെക്കുന്ന ആളുകളും അല്ലാഹുവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടുന്നതിനും അവന്റെ പൊറുക്കലിന് അർഹരായിത്തീരുന്നതിനും മിക്കപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുമായിരുന്നു. എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുന്നതിന്റെ സ്മരണ ആർദ്രമാക്കിവെക്കുമായിരുന്നു.

ദൈവത്തിന്റെ സാമീപ്യത്തിന് അവിടന്ന് നിരന്തരം പ്രാർഥിച്ചു കൊണ്ടിരുന്നു. അവിടത്തെ സന്തത പ്രാർഥനകളിൽ ഒന്നിതാണ്: *അല്ലാഹുമ്മജ്അൽ ഫീ ഖൽബീ നൂറൻ, വ്വഫീ ബസ്വ്‌രീ നൂറൻ, വ്വ ഫീ സംയീ നൂറൻ, വ്വ അൻ യമീനീ നൂറൻ, വ്വ അൻ യസാരീ നൂറൻ, വ്വ ഫൗഖീ നൂറൻ, വ്വ തഹ്ത്തീ നൂറൻ, വ്വ അമാമീ നൂറൻ, വ്വ ഖൽഫീ നൂറൻ, വ്വജ്അൽലീ നൂറാ*

"അല്ലാഹുവേ, എന്റെ ഹൃദയത്തിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ കണ്ണുകളിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ കാതുകളിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ വലത്തും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ ഇടത്തും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ മുകളിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ കീഴെയും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ മുമ്പിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, എന്റെ പിമ്പിലും നിന്റെ പ്രകാശം നിറയ്ക്കേണമേ, അല്ലാഹുവേ എന്നെയാകെ നീ പ്രകാശംതന്നെ പ്രകാശമാക്കേണമേ!"(തിരുനബി ചരിത്രം 307)

അല്ലാഹുവിനെക്കുറിച്ച് അവിടന്ന് പറയുമ്പോഴെല്ലാം അവിടത്തെ സ്വഭാവത്തിൽ ആവേശമുണ്ടാകുകയും അവിടത്തെ ശരീരത്തിന്റെ ഉൾഭാഗത്തുനിന്നും പുറത്തുനിന്നും പൂർണമായ നിലയിൽ അല്ലാഹുവിന്റെ സ്നേഹം കീഴടക്കി എന്നു തോന്നുമായിരുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിൽ നബി(സ)തിരുമേനിക്ക് ലാളിത്യം എത്രമാത്രം ഇഷ്ടമായിരുന്നുവെന്നാൽ താഴെ ഒന്നും വിരിച്ചിട്ടില്ലാത്ത മസ്ജിദിന്റെ തറയിൽ നമസ്കരിക്കുമായിരുന്നു. മറ്റുള്ളവരെ നമസ്കരിപ്പിച്ചിരുന്നു. മഴ പെയ്യുമ്പോൾ പലപ്രാവശ്യവും മസ്ജിദ് ചോരുമായിരുന്നു. നബി(സ)തിരുമേനിയുടെ വസ്ത്രം വെള്ളവും ചേറുംകൊണ്ട് അഴുക്കാകുമായിരുന്നു. എന്നാൽ, അവിടന്ന് തടസമൊന്നുമില്ലാതെ നമസ്കാരത്തിൽ മുഴുകുമായിരുന്നു. തന്റെ വസ്ത്രത്തിൽ അഴുക്കുപുരളുമെന്നും അതുകൊണ്ട് വേറെ എവിടെയെങ്കിലുംപോയി നമസ്കരിക്കാമെന്നുമുള്ള ചിന്ത ഒരിക്കലും നബി(സ)തിരുമേനിയിൽ ഉണ്ടായില്ല.

തന്റെ സ്വഹാബത്തിന്റെ ആരാധനകളേയും നബി(സ) തിരുമേനി ശ്രദ്ധിക്കാറുണ്ടായിരുന്നു. ഒരിക്കൽ അങ്ങേയറ്റം ഉത്തമനും പരിശുദ്ധ സ്വഭാവിയുമായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നെ പറ്റി നബി(സ)തിരുമേനി പറഞ്ഞു: 'തഹജ്ജുദും പതിവായി നമസ്കരിച്ചിരുന്നുവെങ്കിൽ അബ്ദുല്ലാഹ് ബിൻ ഉമർ എത്ര നല്ല ആളാണ്.' ഇതറിഞ്ഞപ്പോൾ അബ്ദുല്ലാഹ് ബിൻ ഉമർ(റ) അന്നു മുതൽ തഹജ്ജുദ് നമസ്കാരം പതിവായി നമസ്കരിക്കാൻ തുടങ്ങി. (Ibid പേജ് 274)

അല്ലാഹുവിൽ ഭരമേല്പിക്കലിന്റെ(തവക്കുൽ) അവസ്ഥ എന്തായിരുന്നുവെന്നാൽ, ഒരാൾ നബി തനിയെയാണെന്ന് കണ്ട് ആ മഹാത്മാവിന്റെ നേരെ വാളെടുക്കുന്നു. നിന്നെ ആരാണ് എന്നിൽനിന്ന് രക്ഷിക്കുക എന്ന് അയാൾ നബിയോടു ചോദിക്കുന്നു. തന്റെ കൈയിൽ വാളൊന്നുമില്ലാതിരുന്നിട്ടും കിടക്കുകയായിരുന്നിട്ടും അനങ്ങാൻപോലും സാധിക്കാതിരുന്നിട്ടും അവിടന്ന് വളരെ ശാന്തമായി പറയുന്നു, 'അല്ലാഹ്!' ഈ വാക്ക് എത്രമാത്രം ദൃഢഗാഢമായും ശക്തിയോടുംകൂടിയാണ് ആ മഹാത്മാവിന്റെ വായിൽനിന്ന് പുറപ്പെട്ടതെന്നാൽ ആ അവിശ്വാസിയുടെ മനസ്സിനും അവിടത്തെ ഈമാനിന്റെ ഉന്നതിയും അവിടത്തെ ദൃഢമായ വിശ്വാസവും അംഗീകരിക്കാതിരിക്കാൻ നിർവാഹമുണ്ടായിരുന്നില്ല. അയാളുടെ കൈയിൽനിന്ന് വാള് താഴെ വീണു. ആ മഹാത്മാവിന്റെ മുമ്പിൽ കുറ്റവാളിയെപ്പോലെ നിന്നുപോയി.(Ibid പേജ് 270)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉപദേശങ്ങൾ സമർപിച്ചുകൊണ്ട് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: 'യാഥാർഥ്യമിതാണ്. ലോകത്തിലെ ഏറ്റവും വലിയ മുറബ്ബി (ശിക്ഷണം നല്കുന്നവൻ)സകല നബിമാരെക്കാളും ശ്രേഷ്ഠനായ നബിയാണ്; അതായത് ആരുടെ കൈയാലാണോ ദുൻയാവിലെ ഏറ്റവും വലിയ ഉപദ്രവം(ശിർക്ക്) പരിഷ്കരിക്കപ്പെട്ടിട്ടുള്ളത് അയാൾ. അദ്ദേഹം കളഞ്ഞുപോയ തൗഹീദിനെ വീണ്ടും ലോകത്ത് സ്ഥാപിച്ചു. അദ്ദേഹം എല്ലാ നിരർഥമതങ്ങളേയും തെളിവും പ്രമാണവുംകൊണ്ട് പരാജയപ്പെടുത്തി. എല്ലാ ഓരോ വഴിതെറ്റിയവരുടേയും സംശയങ്ങൾ ദൂരീകരിച്ചു. അദ്ദേഹം എല്ലാ ഓരോ മുൽഹദിന്റേയും ദുർബോധനങ്ങൾ അകറ്റി. മോക്ഷത്തിന്റെ യഥാർഥമായ ദ്രവ്യങ്ങൾ - അതിനുവേണ്ടി ഒരു നിരാപരാധിയേയും കുരിശിലേറ്റേണ്ട ആവശ്യമില്ല. ദൈവത്തെ അവന്റെ പുരാതനവും അനന്തവുമായ സ്ഥലത്തുനിന്ന് വലിച്ച് ഏതെങ്കിലും സ്ത്രീയുടെ വയറ്റിലിടേണ്ട ആവശ്യവുമില്ല - സത്യമായ അധ്യാപനത്താൽ സമ്പൂർണമായും നല്കി.'(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസാഇൻ വാള്യം 1 പേജ് 97, അടിക്കുറിപ്പ്)

**ഉന്നതപദവിയിലുള്ള നബി**

നബി(സ)തിരുമേനി ഉന്നതപദവിയിലുള്ള ഏകവർണനും പരിശുദ്ധനും അല്ലാഹുവിനുവേണ്ടി ജീവിതാർപണം ചെയ്ത ആളും സൃഷ്ടികളുടെ പേടിയിൽനിന്നും പ്രതീക്ഷയിൽനിന്നും തികച്ചും മുഖം തിരക്കുന്ന ആളും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നയാളുമായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ ആഗ്രഹത്തിലും ഇഷ്ടത്തിലും വിലയം പ്രാപിച്ച് തൗഹീദ് പ്രബോധിച്ചിരുന്നതുകൊണ്ട് ഏതെല്ലാം കെടുതികൾ തനിക്ക് വഹിക്കേണ്ടിവരുന്നും അന്യാരാധകരുടെ കൈയിൽനിന്ന് എന്തെന്തല്ലാം ദുഃഖവും വിഷമവും സഹിക്കേണ്ടിവരുമെന്നൊന്നും അശേഷം നോക്കിയില്ല.(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസാഇൻ വാള്യം 1 പേജ് 111)

നമ്മുടെ നബിനായകർ മുഹമ്മദ് നബി(സ)സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് (മുജദ്ദിദെ അഅ്ളം) ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബിനായകരോടൊപ്പം മറ്റൊരു നബിയ്ക്കും പങ്കില്ല. സകലലോകവും പൂർണമായ അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടന്നു കണ്ടത്. അവിടുത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി; അവിടന്നു വെളിപ്പെട്ട ജനത മുഴുവനും തന്നെ 'ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവച്ചു തൗഹീദിന്റെ അഥവാ ഏകദൈവാദർശത്തിന്റെ പുതപ്പണിയുന്നതുവരെ! (ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 206)

അല്ലാഹു നമ്മുടെ മനസ്സുകളിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹമുണ്ടാക്കുകയും അതിന്റെ ഫലമായി ആ മഹാത്മാവിനെ അനുധാവനം ചെയ്യാനും പൂർണമായും പിൻപറ്റാനും തൗഫീഖ് പ്രദാനം നല്കുകയും ചെയ്യുമാറാകട്ടെ, ആമീൻ (മൻസ്വൂർ അഹ്മദ് മസ്റൂർ)

---

★ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അബൂത്വാലിബ് പറഞ്ഞ ഈ എല്ലാ കാര്യങ്ങളും ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ എല്ലാ വാക്യങ്ങളും ഇൽഹാമിയാണ്. അത് അല്ലാഹു ഈ വിനീതന്റെ മനസ്സിൽ ഇറക്കിയതാണ്. അതിൽ ചിലതിനെ വിശദീകരിച്ചുള്ള വചനം ഈ വിനീതൻ എഴുതിയിട്ടുള്ളതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ദൈവാസ്തികൃം

## വിശുദ്ധ ഖുർആൻ, ഹദീഥുകൾ, വാഗ്ദത്ത മഹ്ദി മസീഹിന്റെ ഉപദേശങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ

(മാമൂൻ അർറശീദ് തബ്രീസ്, മുറബ്ബിയെ സിൽസില, അഹ്മദിയ്യാ ചരിത്ര വിഭാഗം ഖാദിയാൻ)

അല്ലാഹു പ്രപഞ്ചത്തിന്റെ മുഴുവൻ സ്രഷ്ടാവാകുന്നതോടൊപ്പം, നിലവിലുള്ള എല്ലാത്തിന്റേയും ജീവനുമാണ്. അവൻ എല്ലായിടത്തുമുണ്ട്. എല്ലാ വസ്തുവും അവന്റെ ശക്തിപ്രഭാവത്തിന്റെ കൈപിടിയിലുമാണ്. അവന്റെ അറിവിന് പുറത്ത് ഒരു വസ്തുവുമില്ല. അവൻ അതിസൂക്ഷ്മനാണ്. പിന്നിന്റെ പിന്നിലുള്ളവനാണ്. അവനെ മനുഷ്യന് തന്റെ ബാഹ്യമായ കണ്ണുകൊണ്ട് കാണാൻ കഴിയുകയില്ല. എന്നാൽ, ഏതുപോലെ ഭൗതികമായ വസ്തുക്കളേയും മൂല്യങ്ങളേയും അവയുടെ സവിശേഷതകൾ മുഖേന തിരിച്ചറിയപ്പെടുന്നുവോ അതുപോലെ ദൈവദർശനം അന്വേഷിക്കുന്ന മനുഷ്യർക്ക് ദൈവത്തെ അവന്റെ സവിശേഷ ഗുണങ്ങൾ പ്രകടമാകുന്നതിലൂടെ ലഭിക്കുന്നുവെന്നതാണ് സത്യം. മനുഷ്യൻതന്നെ ഇക്കാര്യത്തിന് തെളിവാണ്. കാരണം മനുഷ്യനേയും അല്ലാഹു തന്റെ സവിശേഷഗുണങ്ങൾ പ്രകടിപ്പിക്കുന്നവനായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. തന്റെ സവിശേഷഗുണങ്ങളുടെ അറിവ് അല്ലാഹു വിശുദ്ധഖുർആനിൽ നേരിട്ട് നല്കിയിരിക്കുന്നു. അവൻ പറയുന്നു: **വ ലില്ലാഹിൽ അസ്മാഉൽഹുസ്നാ ഫദ്ഊഹു ബിഹാ വദറുല്ലദീന യുൽഹിദൂന ഫീ അസ്മാഇഹീ സയുജ്സൗന മാകാനൂ യഅ്മലൂൻ** (7:181)

ഏറ്റവും ഉത്തമമായ ഗുണനാമങ്ങൾ അല്ലാഹുവിനു മാത്രമുള്ളതാണ്. അതുകൊണ്ട് അവ മുഖേന നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുക. അവന്റെ ഗുണനാമങ്ങളിൽ വക്രത കൈക്കൊള്ളുന്നവരെ വർജിക്കുക. അവർ ചെയ്തുകൊണ്ടിരുന്നതിന് അവർക്ക് പ്രതിഫലം നല്കപ്പെടുന്നതാണ്.

അല്ലാഹു തന്റെ ഗുണനാമങ്ങൾ കേവലം വായിക്കുന്നതിനും ആവർത്തിച്ചാവർത്തിച്ച് ഉരുവിടുന്നതിനുമല്ല മനുഷ്യന് നല്കിയിട്ടുള്ളത്; തസ്വവ്വുകാർ ചെയ്യുന്നതുപോലെ-സൂഫികൾ ചെയ്യുന്നതുപോലെ അങ്ങനെ ഒരിക്കലുമല്ല. പ്രത്യുത ഗുണനാമങ്ങളിലുള്ള ദൈവിക സവിശേഷഗുണങ്ങളെ മുന്നിൽവച്ചുകൊണ്ട് ദൈവത്തിന്റെ സിവശേഷഗുണങ്ങൾ മനുഷ്യനിൽ പ്രകടമാകുന്നതിന് ദൈവത്തെ സ്മരിക്കേണ്ടതാണ്. മനുഷ്യൻ സ്വയവും ആ സവിശേഷഗുണങ്ങളെ തന്റെ ഉള്ളിൽ സൃഷ്ടിക്കുക. ദൈവത്തിന്റെ സവിശേഷഗുണങ്ങൾ വേറിട്ട വസ്തുവൊന്നുമല്ല. മറിച്ച് ഗുണനാമങ്ങളുടെ ഉള്ളടക്കമാണ്. അവന്റെ ഓരോ നാമത്തിൽനിന്നും അവന്റെ പ്രത്യേകതയും ഗുണവും വെളിവാകുന്നു. ഹദീഥിൽ വന്നിരിക്കുന്നു:

**'അൻ അബീ ഹുറയ്റത്ത ഖാല ഖാല റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ഇന്ന ലില്ലാഹി തിസ്അത്തൻ വ്വ തിസ്യീന ഇസ്മൻ മിഅത്തൻ ഗയ്റ വാഹിദത്തിൻ മൻ അഹ്സ്വാഹാ ദഖലൽ ജന്നത്ത.'** (തിർമുദി, കിതാബുദ്ദുഅ്വാത്ത്, ബാബു ഫീ അസ്മാഉൽഹുസ്നാ മഅ ദിക്രിഹാ തമാമൻ 3507)

അതായത് അല്ലാഹുവിന് 99 ഗുണനാമങ്ങളുണ്ട്. അതിനെ ജീവിതത്തിന് മുമ്പിൽവെക്കുന്നവനും അവയുടെ പ്രതിബിംബമാകാൻ ശ്രമിക്കുന്നവനും സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. പ്രസ്തുത ഹദീഥിന്റെ അടുത്തഭാഗത്ത് നബി (സ)തിരുമേനി ആ 99 (ഗുണ)നാമങ്ങളും പറഞ്ഞിട്ടുണ്ട്. ഈ വിഷയം ആഗ്രഹിക്കുന്നത് ആ എല്ലാ നാമങ്ങളും ഇവിടെ രേഖപ്പെടുത്തുക എന്നതാണ്. ഹദീഥിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമമനുസരിച്ച് ആ ഗുണനാമങ്ങൾ ഇവയാണ്.

1. **അർറഹ്മാൻ(പരമകാരുണികൻ):** വിശുദ്ധ ഖുർആനിലെ ആദ്യവചനമായ ബിസ്മില്ലാഹിർറഹ്മാനിർറഹീമിൽ ഇത് വിവരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ ഒന്നും ചോദിക്കാതെതന്നെ അവൻ ജനിക്കുന്നതിന് മുമ്പേ എല്ലാം നല്കുന്നവൻ. ഇത് നല്കപ്പെടുന്നതിന് നിബന്ധനയൊന്നും വെക്കപ്പെട്ടിട്ടില്ല. വെള്ളം, വെളിച്ചം, വായു തുടങ്ങിയവപോലെ. അത് എല്ലാ മനുഷ്യർക്കും ഒരുപോലെ സൃഷ്ടിച്ചു. 'റഹ്മാൻ' എന്ന ഗുണനാമമനുസരിച്ച് അല്ലാഹു ഒരു വിവേചനവും കൂടാതെ എല്ലാവർക്കും ഫലം എത്തിക്കുന്നു.

2.**അർറഹീം(കരുണാമയൻ):** തുടർന്ന് അതേ വചനത്തിൽത്തന്നെ റഹീമിയ്യത്ത് എന്ന ഗുണം പറഞ്ഞിരിക്കുന്നു. അതിന്റെ അർഥം സൽക്കർമങ്ങൾ പാഴാക്കാതെ സ്വന്തം സൃഷ്ടികൾക്ക് തന്റെ കരുണകൊണ്ട് സൽഫലങ്ങൾ പ്രദാനം ചെയ്യുന്നവൻ എന്നാണ്.

3. **അൽമലിക്(ഉടമസ്ഥൻ):** മലിക് എന്ന ഗുണനാമത്താൽ മുഴുലോകത്തിലേയും എല്ലാ വസ്തുക്കളിലും ഓരോ കണങ്ങളിലും ഉടമസ്ഥത പ്രകടിപ്പിക്കുന്നു. എല്ലാ വസ്തുവിന്റേയും സൃഷ്ടിപ്പിലും അതിന്റെ നിലനില്പിലും അവൻ പൂർണമായും ഉടമസ്ഥനാണ്.

4. **അൽഖുദ്ദൂസ്(പരമപരിശുദ്ധൻ):** ഇന്ദ്രിയങ്ങൾ കണ്ടെത്തുന്നതോ ഭാവന സങ്കല്പിക്കുന്നതോ തോന്നലിനാൽ ജന്യമാകുന്നതോ മനസ്സ് മെനഞ്ഞെടുക്കുന്നതോ ചിന്ത വിധിക്കുന്നതോ ആയ സർവവിധ വർണനകളിൽനിന്നും അതീതനായവൻ.

5. **അസ്സലാം(അന്യൂനൻ):** സത്ത തകരാറിൽ നിന്നും ഗുണങ്ങൾ ന്യൂനതയിൽനിന്നും പ്രവൃത്തി ദോഷത്തിൽനിന്നും സുരക്ഷിതനായവനാണ് അസ്സലാം. അത് അല്ലാഹു മാത്രം. അങ്ങനെയാകുമ്പോൾ ലോകത്തെങ്ങുമുള്ള ഏതൊരു രക്ഷയും അവനോടു ബന്ധപ്പെട്ടതായിരിക്കും. അവനിൽനിന്ന് ഉത്ഭൂതമായതായിരിക്കും.

6. **അൽമുഅ്മിൻ(അഭയദായകൻ):** ഭീതിയുടെ വഴികൾ അടച്ച് അഭയവും നിർഭയത്വവും നൽകുന്നവനാണ് അൽമുഅ്മിൻ. ഭീതി ഉണ്ടാകുന്നിടത്താണല്ലോ നിർഭയത്വത്തിന്റെ ആവശ്യമുണ്ടാവുക. ഇല്ലായ്മയും നാശനഷ്ടവുമാണ് ഭയത്തിന്റേയും ഭീതിയുടേയും ഹേതുക്കൾ. സർവവിധ അഭയത്തിന്റേയും സ്രോതസ്സായിരിക്കും സമ്പൂർണനായ അഭയദായകൻ. അതു അല്ലാഹു മാത്രം.

7. **അൽമുഹ്യ്മീൻ (സംരക്ഷകൻ):** അല്ലാഹുവിനെ കുറിച്ച് പറയുമ്പോൾ ഈ വാക്കിന്റെ അർഥം സൃഷ്ടികളുടെ പ്രവൃത്തികളും അന്നവും ആയുസ്സും നിറവേറ്റിക്കൊടുക്കുന്നവൻ എന്നാണ്.

8. **അൽഅസീസ് (പ്രതാപശാലി):** വളരെ ഗംഭീരമായത്. അതുപോലുള്ളത് ദുർലഭമായേ കാണു. അത് എല്ലാവർക്കും അത്യാവശ്യമായി വേണ്ടതുമാണ്. ഈ മൂന്ന് ഗുണങ്ങൾ ഒരുമിച്ച് കൂടിയതിനാണ് അൽ അസീസ് എന്നു പറയുന്നത്.

9. **അൽജബ്ബാർ(അടക്കിഭരിക്കുന്നവൻ):** നന്നാക്കുന്നവൻ. മാനഷികമായ തെറ്റുകളിൽ, നന്നാക്കുന്നതിനുള്ള സാധനമുണ്ടാക്കുന്നവൻ. വലിയ സ്വാധീനശക്തിയുള്ളവൻ.

വാസ്തവത്തിൽ ജബ്ബാർ എന്ന പദം മുബാലഗയുടെ ക്രിയാരൂപമാണ്. അത് ജബ്റുമായി ബന്ധപ്പെട്ടിരിക്കുന്നു. 'ജബ്ർ' എന്നതിന്റെ അർഥം 'പൊട്ടിയതിനെ കൂട്ടിച്ചേർക്കുന്നവൻ' എന്നാണ്. ആരുടെയെങ്കിലും അവസ്ഥ നന്നാക്കിത്തീർക്കുക. ആരെയെങ്കിലും ശക്തിയോ ആധിപത്യമോ കൊണ്ട് എന്തെങ്കിലും ജോലി ചെയ്യാൻ പ്രേരിപ്പിക്കുക.

10. **അൽമുതകബ്ബിർ (അർഹതയോടെ അഹങ്കരിക്കുന്നവൻ):** താഴെ പറയുന്ന ഗുണങ്ങളുള്ളവനാണ് അൽ മുതകബ്ബിർ. മഹത്ത്വവും ഔന്നത്യവും തനിക്ക് മാത്രമാണെന്നും തന്റെ മുന്നിൽ മറ്റെല്ലാം നിസ്സാരമാണെന്നും കരുതുന്നവൻ. എല്ലാതരത്തിലുള്ള ശിർക്കിൽനിന്നും പരിശുദ്ധനും ഉന്നതനും. തികവുറ്റ മഹത്ത്വങ്ങളുടെ ഉടമസ്ഥൻ.

11. **അൽഖാലിഖ്(സൃഷ്ടി പദ്ധതി ആവിഷ്കരിച്ചവൻ):** എല്ലാ വസ്തുക്കളേയും പൂർണമായ യുക്തിയോടുകൂടി ഉദ്ദേശിച്ചെടുക്കുന്നവൻ. ലോകത്തുള്ള എല്ലാറ്റിന്റേയും സ്രഷ്ടാവ്.

12. **അൽബാരിഅ്(സൃഷ്ടിപദ്ധതി നടപ്പിലാക്കിയവൻ):** എല്ലാ ഓരോ വസ്തുക്കളിൽനിന്നും ഉത്തമമായ സംഗ്രഹം മാറ്റിവെക്കുന്നവൻ. ഇല്ലാത്ത അവസ്ഥയിൽനിന്നുണ്ടാക്കുന്നവൻ. ഇല്ലായ്മയിൽനിന്ന് നിലവിൽ കൊണ്ടുവരുന്നവൻ.

13. **അൽമുസ്വവ്വിർ(അനുയോജ്യമായ ആകാരമേകുന്നവൻ):** സൃഷ്ടികളെ പല രൂപങ്ങളിലും ഉണ്ടാക്കുന്നവൻ. രൂപം നല്കുന്നവൻ. രൂപകല്പന ചെയ്യുന്നവൻ.

ഇവ മൂന്നും പര്യായങ്ങളാണെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാറ്റിന്റേയും അർഥം സൃഷ്ടിയും നിർമാണവുമാണെന്നും അവർ കരുതുന്നു. ഈ ധാരണ ശരിയല്ല. ഇല്ലാത്തതിനെ ഉണ്ടാക്കുമ്പോൾ അതിനൊരു പദ്ധതി വേണം. അതനുസരിച്ച് നിർമാണം നടത്തണം. ഉണ്ടാക്കപ്പെടുന്ന വസ്തുവിന് പറ്റിയ ആകാരംവേണം. അല്ലാഹു സൃഷ്ടി പദ്ധതി ആവിഷ്കരിക്കുന്നു എന്ന നിലക്ക് അൽഖാലിഖാണ്. ഇല്ലാത്തതിനെ ഉണ്ടാക്കുന്നു എന്ന നിലക്ക് അൽബാരിഉം. നിർമിച്ച വസ്തുവിന് അനുയോജ്യമായ ആകാരം നല്കുന്നു എന്ന നിലക്ക് അൽമുസ്വവ്വിറും.

5 മുതൽ 12 വരെയുള്ള ദൈവഗുണങ്ങൾ വിശുദ്ധ ഖുർആനിലെ അൽഹശ്ർ എന്ന അധ്യായത്തിന്റെ അവസാനം ഇങ്ങനെ വന്നിരിക്കുന്നു: **ഹുവല്ലാഹുല്ലദീ ലാ ഇലാഹ ഇല്ലാഹുവ അൽമലിക്കുൽഖുദ്ദൂസുസ്സലാമുൽ മുഅ്മിനുൽ മുഹയ്മിനുൽ അസീസുൽ ജബ്ബാ**

**റുൽമുത്തകബ്ബിർ സുബ്ഹാനല്ലാഹി അമ്മാ യുശ്‌രിക്കൂൻ ഹുവല്ലാഹുൽ ഖാലിഖുൽ ബാരിഉൽ മുസ്വവ്വിറുലഹുൽ അസ്മാ ഉൽ ഹുസ്നാ യുസബ്ബിഹു ലഹൂ മാഫിസ്സമാവാത്തി വൽഅർള് വഹുവൽ അസീസുൽ ഹക്കീം.** (59: 23–24)

14. **അൽഗഫ്ഫാർ(വളരെ മാപ്പരുളുന്നവൻ):** ഭംഗിയായതിനെ പ്രകടിപ്പിക്കുകയും വിരൂപമായതിനെ മറച്ചുവെക്കുകയും ചെയ്യുന്നവനാണ് അൽഗഫ്ഫാർ. പാപവൃത്തികൾ വൈരൂപ്യങ്ങളിൽപ്പെടുന്നു. അവയെ അല്ലാഹു മറച്ചുവെക്കുന്നു.

വിശുദ്ധ ഖുർആനിൽ പറയുന്നു: **റബ്ബുസ്സമാവാത്തി വൽഅർളി വമാ ബയ്നഹുമൽ അസീസുൽഗഫ്ഫാർ**(38:67) ആകാശങ്ങളുടേയും ഭൂമിയുടേയും അവയ്ക്കിടയിലുള്ളവയുടേയും നാഥൻ; പ്രതാപവാനും സർവഥാ പൊറുത്തുകൊടുക്കുന്നവനും.

15.**അൽഖഹ്ഹാർ(സർവാതിജയൻ):** അതിശക്തരായ ശത്രുക്കളെപ്പോലും അടക്കിവാഴുന്നവനാണ് അൽഖഹ്ഹാർ. അല്ലാഹു സർവരേയും അടക്കിവാഴുന്നു. മരിപ്പിച്ചും നിന്ദ്യരാക്കിയും. സകലസൃഷ്ടികളും അവന് വിധേയർ; അവന്റെ ആധിപത്യത്തിനുകീഴിൽ.

അൽഖഹ്ഹാർ വാസ്തവത്തിൽ അൽഖാഹിറിന്റെ മുബാലഗയാണ്. വിശുദ്ധ ഖുർആൻ തന്നെ അൽഖാഹിറിന്റെ അർഥം പറഞ്ഞിരിക്കുന്നു: **യാ സ്വാഹിബയിസ്സിജ്നി അ അർബാബുൻ മ്മുത്തഫർരിഖൂന ഖയ്റുൻ അമില്ലാഹുൽ വാഹിദുൽ ഖഹ്ഹാർ**(12:40) എന്റെ രണ്ടു ജയിൽ സഹോദരന്മാരേ! അന്യോന്യം ഭിന്നിച്ച് നില്ക്കുന്ന ദൈവങ്ങളാണോ അതോ അഖിലത്തേയും അടക്കിവാഴുന്ന ഏകനായ അല്ലാഹുവാണോ ഉത്തമൻ?

16. **അൽവഹ്ഹാബ് (അത്യുദാരൻ):** 'ഹിബഃ' (ദാനം) എന്ന വാക്കിൽനിന്നാണ് വഹ്ഹാബ് ഉണ്ടായത്. പകരം കിട്ടണമെന്ന് താൽപര്യം ഇല്ലാത്ത ദാനത്തിനാണ് ഹിബഃ എന്നുപറയുന്നത്. ഇത്തരത്തിലുള്ള ദാനം ധാരാളമായി ചെയ്യുന്നവന് 'വഹ്ഹാബ്' എന്നു പറയും. വിശുദ്ധഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു.

**റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദയ്ത്തനാ വഹബ്ലനാ മിൻല്ലുദൻക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്**(3:9) ഞങ്ങളുടെ നാഥാ നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.

17. **അർറസ്സാഖ് (അന്നദാതാവ്):** ദൈവത്തിന്റെ ഈ ഗുണം റാസിഖിന്റെ മുബാലഗ(അതിവർണന)യാണ്.

'രിസ്ഖ്' രണ്ടുതരം. ഒന്ന് ബാഹ്യരിസ്ഖ്. അഥവാ ബാഹ്യ വസ്തുക്കൾക്ക് അഥവാ ശരീരങ്ങൾക്ക് ആവശ്യമായ ഭക്ഷണം. രണ്ട് ഹൃദയങ്ങളുടെ ആഹാരമായ ആന്തരിക രിസ്ഖ് ഈ പേരിന്റെ ഉള്ളടക്കം വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലത്ത് വന്നിട്ടുണ്ട്. എന്നാൽ, 'റസ്സാഖ്' ഒരു സ്ഥലത്താണ് വന്നിട്ടുള്ളത്.

**ഇന്നല്ലാഹ ഹുവർറസ്സാഖു ദുൽഖുവ്വത്തിൻ മത്തീനു** (51:59)

അല്ലാഹു തന്നെയാണ് എല്ലാവർക്കും ഉപജീവനം നല്കുന്നവൻ; ശക്തനും പ്രബലനും.

18. **അൽ ഫത്താഹ് (വളരെയേറെ തുറക്കുന്നവൻ):** 'ഫതഹ' തുറക്കുന്നതിനും കല്പിക്കുന്നതിനുമാണ് പറയുന്നത്. വിശുദ്ധഖുർആൻ പറയുന്നു: **ഥുമ്മ യഫ്ത്തഹു ബയ്നനാ ബിൽ ഹഖ്ഖി വഹുവൽ ഫത്താഹുൻഅലീം**(34:27) പിന്നീട് (നമ്മുടെ അല്ലാഹു) നമ്മുടെയിടയിൽ സത്യമനുസരിച്ച് വിധി കല്പിക്കുകയും ചെയ്യുന്നതാണ്. അവൻ സർവശക്തനായ വിധികർത്താവാകുന്നു.

19. **അൽഅലീം (സർവ്വജ്ഞൻ):** സർവ വസ്തുക്കളെക്കുറിച്ചും സകല കാര്യങ്ങളും സമ്പൂർണമായും വ്യക്തമായും അറിയുക. അവയെക്കുറിച്ച് അതിലപ്പുറം ഒരു വിവരവും അവശേഷിക്കാതിരിക്കുക. ഇതിനെക്കുറിച്ച് ഉപര്യുക്ത വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

20. **അൽ ഖാബിളു(ചുരുട്ടുന്നവൻ):** ജനങ്ങളുടെ ഉപജീവനം തടയുന്നവൻ.

21. **അൽബാസിത് (നിവർത്തുന്നവൻ):** ജനങ്ങളുടെ ഉപജീവനം വർധിപ്പിക്കുന്നവൻ. വിശാലത നല്കുന്നവൻ.

ഈ രണ്ടു ഗുണങ്ങളും വിപരീതമായിട്ട് വരുന്നു. ഇതിന്റെ ഉദ്ദേശ്യമിതാണ്. അല്ലാഹുവിനുവേണ്ടി മനുഷ്യൻ നല്കുന്ന ഏതു വസ്തുവിനേയും അല്ലാഹു വാങ്ങുന്നു. പിന്നീട് 'ബസത്' എന്ന ഗുണമനുസരിച്ച് അതിനെ വർധിപ്പിക്കുകയും പരത്തുകയും ചെയ്യുന്നു. ഈ രണ്ടു ഗുണങ്ങളും വിശുദ്ധഖുർആനിൽ ഇങ്ങനെ വരുന്നു. **വല്ലാഹു യഖ്ബിളു വ യബ്സുത്വു വ ഇലയ്ഹി തുർജഊന** (21:246) അല്ലാഹു വാങ്ങുകയും അത് വർധിപ്പിക്കുകയും ചെയ്യുന്നു. അവനിലേക്കു തന്നെയാണ് നിങ്ങളുടെ മടക്കം.

22. **അൽ ഖാഫിള് (താഴ്ത്തുന്നവൻ):** അല്ലാഹു സത്യനിഷേധികളെ താഴ്ത്തുന്നവനാണ്. മരിച്ചതിനുശേഷം അവരെ 'റഫഅ'(ഉയർത്തൽ) ചെയ്യുകയില്ല.

23. **അർറാഫിഅ് (ഉയർത്തുന്നവൻ):** അനുസരണശാലികളുടെ പദവികൾ ഉയർത്തുന്നവൻ. മരിച്ചതിനുശേഷം അവരുടെ പദവി ഉയർത്തുന്നു.

ഈ രണ്ടു ഗുണങ്ങളുടേയും അർഥം അല്ലാഹു തന്റെ അനുസരണശാലികൾക്ക് ലോകത്ത് സാമീപ്യത്തിന്റെ സമ്പത്ത് പ്രദാനം ചെയ്യുകയും മരിച്ചതിനുശേഷം അവർക്ക് ഉയർച്ച ഉണ്ടാകുകയും ചെയ്യുന്നു എന്നാണ്. നിഷേധികൾക്കും ധിക്കാരികൾക്കും ആത്മീയമായ ഉയർച്ച ഉണ്ടാകുകയില്ല. വിശുദ്ധഖുർആനിൽ ഈസായെ കുറിച്ച് വന്നിരിക്കുന്നു. **യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ** (3:52). ഈസാ! തീർച്ചയായും നിന്നെ ഞാൻ മരിപ്പിക്കുകയും എന്നിലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്.

24. **അൽമുയിസ്സ് (പ്രതാപമേകുന്നവൻ):**

25. **അൽമുദില്ല് (നിന്ദിതനാക്കുന്നവൻ):**

താനുദ്ദേശിക്കുന്നവർക്ക് ആധിപത്യം നല്കുകയും താനുദ്ദേശിക്കുന്നവരിൽനിന്ന് അത് പിടിച്ചെടുക്കുകയും ചെയ്യുന്നവനാണ് ഈ വാക്കുകൾ ഉപയോഗിക്കുക. അത് അല്ലാഹു മാത്രം. ഈ രണ്ടു ഗുണവും വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു.

**വ തുയിസ്സു മൻ തശാഉ വ തുദില്ലു മൻതശാഉ**(3:24) നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ് നല്കുന്നു, നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു.

26. **അസ്സമിഅ് (സർവശ്രോതസ്സ്):** ഒരുപാട് കേൾക്കുന്നവൻ. എല്ലാവരുടേയും കേൾക്കുന്നവൻ. ദുആ സ്വീകരിക്കുന്നവൻ.

അല്ലാഹു നമ്മളെ കേൾക്കുന്നുവെന്ന് പറയുമ്പോൾ അതിന്റെ അർഥം നമ്മൾ വായുവിന്റെ സഹായത്താൽ കേൾക്കുന്നതുപോലെ അവൻ ചെവികൊണ്ടു കേൾക്കുന്നുവെന്നല്ല. അല്ലാഹു വായുവിന് ആശ്രിതനല്ല. വിശുദ്ധഖുർആനിലുള്ള ഹദ്റത്ത് ഇബ്റാമിന്റെ(അ) ദുആ ഇങ്ങനെയാണ്: **റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻതസ്സമീഉൽഅലീം** (2:128)

നാഥാ ഞങ്ങളിൽനിന്ന്(ഈ സേവനം)സ്വീകരിക്കേണമേ. നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ.

27. **അൽബസ്വീർ (സർവസ്രഷ്ടാവ്):** ഈ നാമവും പലതവണ ദൈവികഗുണമെന്ന നിലയിൽ വിശുദ്ധഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു. **വല്ലാഹു ബസ്വീറുൻ ബിൽയിബാദ്**(3:16) അല്ലാഹു അവന്റെ ദാസന്മാരുടെ സ്ഥിതിഗതികൾ നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്.

28. **അൽഹകം (വിധികർത്താവ്):** സൃഷ്ടികളുടെ വിധികർത്താവ്. ശരിയായ നിലയിൽ വിധിക്കുന്നവൻ. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു.**വല്ലാഹു യഹ്കുമു ലാ മുഅഖ്ഖിബലി ഹുക്മിഹീ**(13:42). അല്ലാഹു വിധിക്കുന്നു. അവന്റെ വിധിയെ ദുർബലപ്പെടുത്തുന്നവരാരുമില്ല. അവൻ കണക്കെടുക്കുന്നവനിൽ വേഗമുള്ളവനാകുന്നു.

29. **അൽഅദ്ൽ(നീതിമാൻ):** വിധി പറയുമ്പോൾ അക്രമം കാണിക്കാത്തവൻ.

30. **അല്ലത്വീഫ് (ഗൂഢരഹസ്യമറിയുന്നവൻ):** വിട്ടുവീഴ്ചയും ദയയും കാണിക്കുന്നവൻ.

31. **അൽഖബീർ (സൂക്ഷ്മജ്ഞൻ):** മുന്നറിയിപ്പ്, അറിയുന്നവൻ, ജ്ഞാനി, വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു: **ലാ തുദ്‌രികുഹുൽ അബ്സ്വാറു വഹുവ യുദ്‌രികുൽ അബ്സ്വാറു വഹുവല്ലത്വീഫുൽഖബീർ** (6:104). ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല; എന്നാൽ, അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.

32. **അൽഹലീം(അത്യധികം സഹനമുള്ളവൻ):** ധിക്കാരികൾ തന്നോടു അനുസരണക്കേട് കാണിക്കുമ്പോൾ പെട്ടെന്ന് ക്ഷോഭിക്കുകയോ പ്രതികരിക്കുകയോ ചെയ്യാത്തവനാണ് അൽഹലീം. എന്തും ചെയ്യാനുള്ള കഴിവ് അവനുണ്ടായിരിക്കും. പക്ഷേ, അത്രപെട്ടെന്ന് ഒന്നും ചെയ്യുകയില്ല. അല്ലാഹു പറയുന്നു: **വല്ലാഹു ഗഫൂറുൻ ഹലീം** (2:226) അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും സഹിഷ്ണുതയുള്ളവനുമാകുന്നു.

33. **അൽഅളീം(മഹാൻ):** വലിയവൻ, മഹത്വമുള്ളവൻ.

വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. **വസിഅ കുർസിയ്യുഹുസ്സമാവാത്തി വൽഅർള വലായഊദുഹു ഹിഫ്ളുഹുമാ വഹുവൽ അലിയ്യുൽഅളീം** (2;256) അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചുനിൽക്കുന്നു. അവയുടെ സംരക്ഷണം അവനെ തളർത്തുകയില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു.

34. **അൽഗഫൂർ(ഏറെ പൊറുക്കുന്നവൻ):** മറച്ചുവെക്കുന്നവൻ. പാപങ്ങൾ മൂടിവെക്കുന്നവൻ. 'ഗഫ്ഫാർ' ഉം 'ഗഫൂർ' ഉം രണ്ടും മുബാലഗയുടെ(അതിവർണന)പട്ടികയിൽ പെട്ടതാണ്. എന്നാൽ, 'ഗഫൂർ' ൽ അതിവർണന കൂടുതലാണ്. അതായത് അവന്റെ പാപപ്പൊറുതി തികവുറ്റതും പരിപൂർണവുമാണ്.

35. **അശ്ശകൂർ(വളരെ നന്ദിയുള്ളവൻ):** അല്പമായ അനുസരണത്തിന് പ്രതിഫലമായി വലിയ പദവികളും അൽപകാലത്തെ കർമങ്ങൾക്ക് പകരമായി പരലോകത്തെ ശാശ്വതമായ സുഖ

സന്തോഷവും നല്കുന്നവനാണ് അശ്ശകൂർ. 'അൽഗഫൂർ'ഉം 'അശ്ശകൂർ'ഉം ഈ രണ്ട് ദൈവഗുണങ്ങളും ഒരുമിച്ചും ഉപയോഗിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: **വ ഖാലുൽഹംദുലില്ലാഹില്ലദീ അദ്ഹബ അന്നൽഹസന ഇന്ന റബ്ബനാ ല ഗഫൂറുൻ ശകൂർ** (35:35). അവൻ പറയും, ഞങ്ങളിൽനിന്ന് വ്യസനം അകറ്റിത്തന്ന അല്ലാഹുവിനാണ് സർവസ്തുതിയും. നിശ്ചയമായും ഞങ്ങളുടെ നാഥൻ സർവഥാ പൊറുക്കുന്നവനും (സൽകർമങ്ങളെ) വിലയിരുത്തുന്നവനുമാകുന്നു.

36. **അൽഅലിയ്യ്(അത്യുന്നതൻ):** അല്ലാഹു ഏറ്റവും ഉന്നതമായ പദവിയിലുള്ളവനാണ്. അതിനുമീതെ ഒരു പദവിയുമില്ല. അതുകൊണ്ട് അവന്റെ നാമം 'അൽഅലിയ്യ്' എന്നാണ്.

37. **അൽകബീർ (മഹനീയൻ):** എല്ലാ മാഹാത്മ്യങ്ങൾക്കും അർഹൻ. വലിയ അന്തസ്സുള്ളവൻ.

അൽഅലിയ്യ്, അൽകബീർ ഈ രണ്ട് ഗുണങ്ങളും പൊതുവെ ഒരുമിച്ചാണ് വന്നിട്ടുള്ളത്. അൽഅലിയ്യുൽഅളീം എന്നും വന്നിട്ടുണ്ട്. ആദ്യത്തേതിലുള്ള ഉദാഹരണം സൂറ സബായിൽ കാണാം: **ഖാലുൽഹഖ്ഖ വഹുവൽ അലിയ്യുൽ കബീർ** (34:24). അവർ പറയും, 'സത്യം' അവൻ പരമോന്നതനും മഹാനുമാകുന്നു.

38. **അൽഹഫീള് (സംരക്ഷകൻ):** മേൽനോട്ടക്കാരൻ. എല്ലാവരേയും കാത്തുസൂക്ഷിക്കുന്നവൻ. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു: **ഇന്ന റബ്ബീ അലാ കുല്ലി ശയ്ഇൻ ഹഫീള്** (11:58). തീർച്ചയായും എന്റെ നാഥൻ സർവകാര്യങ്ങളേയും കാത്തുസൂക്ഷിക്കുന്നവനാണ്.

39. **അൽമുഖീത്ത്(അന്നദായകൻ, മേൽനോട്ടം വഹിക്കുന്നവൻ):** അൽമുഖീത്ത്, ഖുവ്വത്തിൽനിന്ന് നിഷ്പന്നമാണ്. ശക്തി നല്കുക എന്നർഥത്തിലും വരുന്നുണ്ട്. വിശുദ്ധഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു: **വകാനല്ലാഹു അലാകുല്ലി ശയ്ഇൻ മുഖീത്താ**(4:86). അല്ലാഹു സർവ കാര്യങ്ങളുടേയും മേൽനോട്ടം വഹിക്കുന്നവനാകുന്നു.

40. **അൽഹസീബ്(മതിയായവൻ):** കണക്കെടുക്കുന്നവനാണ് അല്ലാഹു. ഈ നാമം രണ്ടർഥങ്ങളിലും ഉപയോഗിക്കുന്നു. ഒരു അർഥത്തിൽ ഏതെങ്കിലും വസ്തു മതിയാകുക എന്നതാണ്. ഹസ്ബിശ്ശയ് എന്നതുപോലെ. അതായത് ഈ സാധനം എനിക്കു മതിയായതാണ്. ചില ഉലമാ ഇതിന്റെ അർഥം 'കണക്കെടുക്കുന്നവൻ' എന്നു പറയുന്നത് സൂറ നിസാഇൽ വന്നിരിക്കുന്നു. **ഇന്നല്ലാഹ കാന അലാ കുല്ലി ശയ്ഇൻ ഹസീബ** (4:87) തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കണക്കെടുക്കുന്നവനാകുന്നു.

41. **അൽജലീൽ (ശ്രേഷ്ഠൻ):** ഭീതിതമായ ദൃഷ്ടാന്തം വെളിപ്പെടുത്തുന്നവൻ. ഉൾക്കണ്ണുകൾക്ക് ആസ്വാദ്യകരമായ സുന്ദര ആന്തരിക ഗുണങ്ങൾ ഉള്ളവനാണ് ദാസന്മാരിൽ ജലീൽ.

42. **അൽകരീം (ഉൽകൃഷ്ടൻ):** ശിക്ഷ നല്കാൻ ആധിപത്യമുള്ളപ്പോൾ മാപ്പുകൊടുക്കുന്നവനാണ് കരീം. എന്തെങ്കിലും വാഗ്ദാനം ചെയ്താൽ നിറവേറ്റുക. കൊടുക്കുകയാണെങ്കിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ കൊടുക്കുക. ആരെങ്കിലും അവനിലേക്ക് അപേക്ഷ കൊണ്ടുപോകുകയാണെങ്കിൽ അത് പാഴാക്കിക്കളയാതിരിക്കുക. ഇത് ചിലപ്പോൾ ആദരവ് ധർമിഷ്ഠൻ എന്ന അർഥങ്ങളിലും ഉപയോഗിക്കാറുണ്ട്. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. **വമൻ കഫറ ഫ ഇന്ന റബ്ബീ ഗനിയ്യുൻ കരീം** (27:41) ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാൽ തീർച്ചയായും എന്റെ നാഥൻ സ്വാശ്രയനും ഔദാര്യവാനുമാകുന്നു.

43. **അർറഖീബ് (നിരീക്ഷകൻ, മേൽനോട്ടക്കാരൻ):** വിശുദ്ധഖുർആനിൽ നിസാഅ് എന്ന അധ്യായത്തിൽ ഈ വിശേഷഗുണത്തെ കുറിച്ച് പറയുന്നുണ്ട്. **ഇന്നല്ലാഹ കാന അലയ്ക്കും റഖീബാ** (4:2) നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ടക്കാരനാണ്.

44. **അൽമുജീബ് (ദുആക്ക് ഉത്തരം നൽകുന്നവൻ, ദുആ സ്വീകരിക്കുന്നവൻ):** മറുപടി നല്കുന്നതിനും ദുആ സ്വീകരിക്കുന്നതിനും ഇജാബത്ത് എന്നു പറയുന്നു. ആരാണോ അല്ലാഹുവിനെ സത്യഹൃദയത്തോടെ വിളിക്കുന്നത് അവൻ അതിന് മറുപടി നല്കുകയും അവന്റെ ദുആകൾ സ്വീകരിക്കുകയും ചെയ്യുന്നു. ആ ദുആ സ്വീകാരം ഏതു വർണത്തിലാണെങ്കിലും. വിശുദ്ധഖുർആൻ പറയുന്നു: **ഇന്ന റബ്ബീ ഖരീബുൻമ്മുജീബ്** (11:62) തീർച്ചയായും എന്റെ നാഥൻ സമീപസ്ഥനും പ്രാർഥനക്ക് ഉത്തരം നല്കുന്നവനുമാകുന്നു.

45. **അൽവാസിഅ് (വിശാലൻ):** ഈ വിശേഷഗുണം 'സഅത്തുൻ' എന്നതിൽനിന്ന് നിഷ്പന്നമാണ്. അതിന്റെ അർഥം വിശാലത വിശാലമാക്കുകുയം വളഞ്ഞെടുക്കുകയും ചെയ്യുക എന്നാണ്. വിശുദ്ധഖുർആനിൽ വിശാലവും അഗാധവുമായ ജ്ഞാനം വിശാലമായ പൊറുക്കൽ, വിശാലമായ അറിവ്, വിശാലമായ കാരുണ്യം എന്നീ അർഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

വിശാലമായ യുക്തിജ്ഞാനത്തെ അത് പറയുന്നു. **വകാനല്ലാഹു വാസിഅൻ ഹക്കീമാ** (4:131) അല്ലാഹു വളരെ വിശാലമായ ഔദാര്യമുള്ളവനും യുക്തിജ്ഞനുമാകുന്നു.

വിശാലമായ പൊറുക്കലിനെ കുറിച്ച് പറഞ്ഞു. **ഇന്ന റബ്ബക്ക വാസിഉൽമഗ്ഫിറത്തി** (53:33) നിന്റെ നാഥൻ പൊറുത്തുകൊടുക്കുന്നതിൽ തീർച്ചയായും വിശാലതയുള്ളവനാണ്. വിശാലമായ അറിവിനെ സംബന്ധിച്ച് പറഞ്ഞു: **ഇന്നല്ലാഹ വാസിഉൻ അലീം** (2:116) നിശ്ചയമായും അല്ലാഹു വിശാലത നല്കുന്നവനും സർവ്വജ്ഞനുമാകുന്നു. വിശാലമായ കാരുണ്യത്തെക്കുറിച്ച് പറഞ്ഞു. **ഫഖുൽ റബ്ബുക്കും ദൂ റഹ്മത്തിൻ വാസിഅത്തിൻ** (6:148) നിങ്ങളുടെ നാഥൻ വിശാലമായ കാരുണ്യമുള്ളവനാണ്.

46. **അൽഹകീം (യുക്തിമാൻ):** വസ്തുക്കളുടെ യാഥാർഥ്യങ്ങളുടെ അറിവുള്ളവൻ. ശ്രേഷ്ഠമായ കാര്യം ശ്രേഷ്ഠജ്ഞാനത്തിലൂടെ അറിയുക. ഇതാണ് ഹിക്മ. സൃഷ്ടികളേയും നിർമിത വസ്തുക്കളേയും അതിസൂക്ഷ്മതയോടെ അറിയുന്നവൻ. മലക്കുകൾ പറഞ്ഞതായി വിശുദ്ധഖുർആൻ പറയുന്നു: **ഖാലൂ സുബ്ഹാനക്ക ലാ ഇൽമലനാ ഇല്ലാ മാ അല്ലംതനാ ഇന്നക്ക അൻതൽ അലീമുൽ ഹക്കീം** (2:33)

അവർ പറഞ്ഞു: നീ പരിശുദ്ധനാണ്. ഞങ്ങൾക്ക് നീ പഠിപ്പിച്ചുതന്നതല്ലാതെ ഒരുവിധ അറിവുമില്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു.

47. **അൽ വദൂദ് (വളരെ സ്നേഹമുള്ളവൻ. നല്ലയാളുകളെ സ്നേഹിതനാക്കുന്നവൻ):** സർവസൃഷ്ടികൾക്കും നന്മ ആഗ്രഹിക്കുകയും അങ്ങനെ അവർക്ക് ഗുണം ചെയ്യുകയും ചെയ്യുന്നവനാണ് അൽവദൂദ്. വിശുദ്ധഖുർആൻ പറയുന്നു: **വഹുവൽ ഗഫൂറുൽവദൂദ്**(85:15) അവൻ സർവഥാ പൊറുക്കുന്നവനും അങ്ങേയറ്റം സ്നേഹിക്കുന്നവനുമാകുന്നു.

48. **അൽമജീദ് (അത്യധികം മഹത്ത്വമുള്ളവൻ):** ശ്രേഷ്ഠമായ സത്തയുള്ളവൻ. പ്രവൃത്തികൾ ഭംഗിയായി ചെയ്യുന്നവൻ. കൈയയച്ച് ദാനവും ഔദാര്യവും ചെയ്യുന്നവൻ. ഈ ഗുണങ്ങൾ ഉള്ളവനാണ് മജീദ്. വിശുദ്ധഖുർആനിൽ ഹദ്റത്ത് ഇബ്റാഹീം(അ) പറഞ്ഞ വാക്യം രേഖപ്പെടുത്തിയിരിക്കുന്നു: **ഖാലൂ അതഅ്ജബീന മിൻ അംരില്ലാഹി റഹ്മത്തുല്ലാഹി വബറക്കാത്തുഹു അലയ്ക്കും അഹ്ലൽബയ്ത്തി ഇന്നഹു ഹമീദുൻമ്മജീദ്** (11:74)

അവർ പറഞ്ഞു: അല്ലാഹുവിന്റെ കാര്യത്തെ സംബന്ധിച്ച് നീ അത്ഭുതപ്പെടുകയാണോ? വീട്ടുകാരേ! അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങൾക്ക് ഉണ്ടാവട്ടെ. തീർച്ചയായും അല്ലാഹു സ്തുത്യർഹനും മഹത്ത്വമുടയവനുമത്രെ.

49. **അൽബായിഥ് (പുനർജീവിപ്പിക്കുന്നവൻ):** പുനരുഥാന ദിവസം സൃഷ്ടികളെ ഉയിർത്തെഴുന്നേല്പിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്നവൻ. റസൂലിനെ അയക്കുന്നവൻ. ഉറങ്ങുന്നവരെ ഉണർത്തുന്നവൻ. വിശുദ്ധഖുർആൻ പറയുന്നു: **ഹുവല്ലദീ ബഅഥ ഫിൽഉമ്മിയ്യീന റസൂലൻ** (62:3) അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്.

50. **അശ്ശഹീദ് (തെളിഞ്ഞത് അറിയുന്നവൻ, സാക്ഷി):** മേൽനോട്ടക്കാരൻ. ശുഹൂദ് എന്നു പറഞ്ഞാൽ ഹാജരാകുക. ശഹാദത്തിന്റെ അർഥം സാക്ഷ്യം. സൃഷ്ടികളുടെ എല്ലാ അവസ്ഥയും അറിയുന്നവൻ. വിശുദ്ധഖുർആനിൽ ഹദ്റത്ത് ഈസാ(അ)യുടെ വാക്യമുണ്ട്. **വ കുൻതു അലയ്ഹിം ശഹീദൻ മാ ദുംത്തു ഫീഹിം ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം. വ അൻത അലാകുല്ലി ശയ്ഇൻ ശഹീദ്** (5:118)

ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം കാലം ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു.

51. **അൽഹഖ്ഖ് (സത്യം):** നിരുപാധികസത്യം യഥാർഥ അസ്തിത്വമുള്ള അല്ലാഹു മാത്രമാണ്. അവനിൽനിന്നാണ് മറ്റേതൊരു സത്യവും അതിന്റെ അസ്തിത്വം നേടുന്നത്. വിശുദ്ധഖുർആൻ പറയുന്നു: **ഥുമ്മ റുദ്ദൂ ഇലല്ലാഹി മൗലാഹുമുൽഹഖി**(6:63). പിന്നെ അവരുടെ യഥാർഥ രക്ഷാധികാരിയായ അല്ലാഹുവിലേക്ക് അവർ മടക്കപ്പെടും

52. **അൽവകീൽ (ഭരമേൽപിക്കപ്പെടുന്നവൻ):** കാര്യങ്ങൾ ഏല്പിച്ചുകൊടുക്കുന്നവൻ. തന്റെ എല്ലാ ജോലിയും ആരെയാണോ ഏല്പിക്കുന്നത് അവനെ വക്കീൽ എന്നു പറയുന്നു. എല്ലാ നിയന്ത്രണങ്ങളും അവന്റെ കൈയിലായിരിക്കും. അല്ലാഹു അവന്റെ കൃപാതിരേകം ഒന്നുകൊണ്ടുമാത്രം തന്റെ അടിയാറുകളുടെ എല്ലാ കാര്യങ്ങളുടേയും നിയന്ത്രണം തന്റെ കൈയിൽ വെച്ചിരുന്നു. സൂറ ആലു ഇംറാനിൽ പറയുന്നു. **വ ഖാലൂ ഹസ്ബുനല്ലാഹു വ നിഅ്മൽ വക്കീൽ** (3:174) അവർ പറഞ്ഞു, ഞങ്ങൾക്ക് അല്ലാഹു മതി. അവൻ ഏറ്റവും നല്ല കാര്യനിർവാഹകനാണ്.

53. **അൽഖവിയ്യ് (ശക്തൻ):** ഹദ്റത്ത് ഇമാം ഗസ്സാലി പറയുന്നു: 'ഖുവ്വത്ത്' സമ്പൂർണശക്തിയേയും, 'മതാനത്' കഠിനശക്തിയേയും കുറിക്കുന്നു. അല്ലാഹു മാത്രമാണ് സമ്പൂർണ ശക്തനും കഠിനശക്തനും.

വിശുദ്ധഖുർആനിൽ പറയുന്നു: **അല്ലാഹു ലത്വീഫുൻ ബി ഇബാദിഹീ യർസുഖു മൻയ്യ**

**ശാഉ വഹുവൽഖവിയ്യുൽ അസീസു** (42:20) അല്ലാഹു തന്റെ ദാസന്മാരോടു വളരെ കരുണയുള്ളവനാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ ജീവിതം വിഭവം നല്കുന്നു. അവൻ ശക്തനും പ്രതാപവാനുമത്രെ.

54. **അൽവത്തീൻ (പ്രബലൻ, ശക്തൻ):** വിശുദ്ധഖുർആൻ പറയുന്നു: **ഇന്നല്ലാഹ ഹുവർ റസ്സാഖു ദുൽഖുവ്വത്തിൽ മത്തീൻ** (52:59) അല്ലാഹു തന്നെയാണ് എല്ലാവർക്കും ഉപജീവനം നല്കുന്നവൻ; ശക്തനും പ്രബലനും.

55. **അൽവലിയ്യ് (രക്ഷാകർത്താവ്):** അല്ലാഹു തന്റെ മിത്രങ്ങളെ സ്നേഹിക്കുകയും സഹായിക്കുകയും ശത്രുക്കളെ എതിർക്കുകയും അമർച്ച ചെയ്യുകയും ചെയ്യുന്നു.

56. **അൽഹമീദ് (സ്തുത്യൻ):** ഈ ഗുണം വിശുദ്ധഖുർആനിൽ നിരവധി സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. ശൂറാ അധ്യായത്തിൽ വലിയ്യുൻഹമീദ് എന്ന് ചേർത്തു വന്നിരിക്കുന്നു. **വ യൻശുറു റഹ്മത്തഹു വഹുൽവ ലിയ്യുൽഹമീദ്** (42:29) അവൻ തന്റെ കാരുണ്യത്തെ വ്യാപിപ്പിക്കുന്നു. അവൻ രക്ഷാകർത്താവും സ്തുത്യനുമാകുന്നു.

57. **അൽമുഹ്സ്വി (ക്ലിപ്തമായ അറിയുന്നവൻ):** വസ്തുക്കളെ ശരിക്ക് തിട്ടപ്പെടുത്തിയും എണ്ണിക്കണക്കാക്കിയും കൃത്യമായും സൂക്ഷ്മമായും അറിയുന്നവനാണ് അൽമുഹ്സ്വി. വിശുദ്ധഖുർആൻ പറയുന്നു. **വ അഹാത്വ ബിമാ ലദയ്ഹിം വ അഹ്സ്വാ കുല്ല ശയ്ഇൻ അദദാ.** (72:29) അവരുടെ അടുത്തുള്ളതിനെ കുറിച്ച് അവൻ പരിപൂർണജ്ഞാനമുള്ളവനാണ്. സർവവസ്തുക്കളേയും അവൻ എണ്ണിക്കണക്കാക്കിയിട്ടുണ്ട്.

58. **അൽ മുബ്ദിഅ് (സൃഷ്ടി ആരംഭിക്കുന്നവൻ):**

59. **അൽമുയീദ് (സൃഷ്ടി ആവർത്തിക്കുന്നവൻ):** ഖുർആൻ പറയുന്നു. **ഇന്നഹൂ ഹുവ യുബ്ദിഉ വ യുയീദു** (85:14) സൃഷ്ടി ആരംഭിക്കുന്നതും ആവർത്തിക്കുന്നതും അവൻ തന്നെയാണ്.

മുകളിൽ പറഞ്ഞ രണ്ട് സ്വിഫത്തുകളും സൂറത്ത് ബുറൂജിൽ ചേർത്തുപറഞ്ഞിരിക്കുന്നതായി കാണാം. **ഇന്നഹൂ ഹുവ യുബ്ദിഉ വയുയീദു**(85:14) സൃഷ്ടി ആരംഭിക്കുന്നതും(പിന്നീട് അത്) ആവർത്തിക്കുന്നതും അവൻ തന്നെയാണ്.

60. **അൽമുഹ്യി (ജീവിപ്പിക്കുന്നവൻ):** സൃഷ്ടികൾക്ക് ജീവിതം പ്രദാനം ചെയ്യുന്നവൻ. സൂറത്ത് അർറൂമിൽ പറയുന്നു. **ഇന്ന ദാലിക്ക ലമുഹ്‌യിൽമൗത്താ വഹുവ അലാകുല്ലി ശയ്ഇൻ ഖദീർ** (30:51) തീർച്ചയായും അവൻ മരിച്ചവരെ ജീവിപ്പിക്കുന്നവനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനത്രെ.

61. **അൽമുമീത് (മരിപ്പിക്കുന്നവൻ):** വിശുദ്ധഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു. **വല്ലാഹു യുഹ്‌യീ വ യുമീത്തു** (3:157) ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹുവാണ്.

62. **അൽഹയ്യ് (എന്നെന്നും ജീവിച്ചിരിക്കുന്നവൻ):** അങ്ങേയറ്റത്തെ പ്രവർത്തനശേഷിയും ഗ്രഹണശക്തിയുമുള്ളവനാണ് അൽഹയ്യ്; സ്വയം ജീവിച്ചിരിക്കുകയും മറ്റുള്ളവർക്ക് ജീവിതത്തിനു നിമിത്തവും കാരണവും.

63. **അൽഖയ്യൂം (സ്വയം നിലനില്ക്കുകയും പ്രപഞ്ചത്തെ നിലനിറുത്തുകയും ചെയ്യുന്നവൻ):** ഏതെങ്കിലും കാര്യത്തിൽ സ്ഥിരമായി നില്ക്കുന്നവൻ. ഒരിക്കലും ക്ഷീണിക്കുകയില്ല. സൂറ ആലു ഇംറാനിലെ മൂന്നാമത്തെ വചനത്തിലും ആയത്തുൽകുർസിയിൽ തുടക്കത്തിലും ഇങ്ങനെ കാണാം. **അല്ലാഹു ലാ ഇലാഹ ഇല്ലാഹുവൽഹയ്യുൽ ഖയ്യൂം** (3:3) അല്ലാഹു അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്ക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാകുന്നു.

64. **അൽവാജിദ് (ആവശ്യമായതെല്ലാം ഉള്ളവൻ):** ഉദ്ദേശ്യത്തിൽ വിജയിക്കുന്നവനും ചെയ്യുന്നവനും.

65. **അൽമാജിദ് (മാഹാത്മ്യമുള്ളവൻ):** ഇതിനും അൽമജീദിന്റെ അതേ അർഥംതന്നെ. അൽമജീദ് കൂടുതൽ വ്യാപകമായ അർഥം ഉൾക്കൊള്ളുന്നുവെന്നു മാത്രം.

66. **അൽവാഹിദ് (ഏകൻ):** ഭാഗിക്കാനാവാത്തതും അദ്വിതീയവുമാണ് അൽവാഹിദ്. വിശുദ്ധഖുർആൻ പറയുന്നു. **വമാ മിൻ ഇലാഹിൻ ഇല്ലല്ലാഹുൽവാഹിദുൽ ഖഹ്ഹാർ** (38:66) ഏകനും പ്രപഞ്ചസകലത്തേയും അടക്കിഭരിക്കുന്നവനുമായ അല്ലാഹു അല്ലാതെ വേറെ ഒരാരാധ്യനുമില്ല.

67. **അൽഅഹദ് (ഏകൻ. അവനെപ്പോലെ ആരുമില്ല):** സൂറഃ ഇഖ്‌ലാസിൽ പറയുന്നു: **ഖുൽ ഹുവല്ലാഹു അഹദ്** (112:2) നീ പറയുക, അവൻ അല്ലാഹുവാകുന്നു; ഏകൻ. അഹദും വാഹിദും തമ്മിലുള്ള വ്യത്യാസം നമ്മുടെ ഭാഷയിൽ ഏകനും ഒന്നും തമ്മിലുള്ളതാണ്.

68. **അസ്സ്വമദ് (സർവാശ്രിതൻ):** ആവശ്യനിർവഹണത്തിലും ആഗ്രഹപൂർത്തീകരണത്തിലും സർവരും ഏതൊരുവനെ ആശ്രയിക്കുന്നുവോ അവനാണ് അസ്സ്വമദ്. സർവോന്നത പദവിയിലുമായിരിക്കും. വിശുദ്ധഖുർആൻ പറയുന്നു. **അല്ലാഹുസ്സ്വമദ്** (112:3) അല്ലാഹു സർവാധിനാഥനാണ്.

69. **അൽഖാദിർ (കഴിവുള്ളവൻ):** വിശുദ്ധഖുർആനിൽ സൂറഃഅൻആമിൽ വന്നിരിക്കുന്നു. **ഖുൽഹുവൽഖാദിറു അലാ അൻയ്യബ്അഥ അലയ്ക്കും അദാബൻമ്മിൻ ഫൗഖിക്കും ഔ മിൻ തഹ്ത്തി അർജുലിക്കും ഔ യൽബിസക്കും ശിയഅൻ വ്വ യുദീഖ ബഅ്ളക്കും ബഅ്സ ബഅ്ളിൻ ഉൻള്വുർ കയ്ഫ അസ്വരിഫുൽ ആയാത്തി ലഅല്ലഹു യഫ്ഖഹൂന** (6:66)

പറയുക: നിങ്ങളുടെ മേൽഭാഗത്തുനിന്നോ നിങ്ങളുടെ കാലിന്നടിയിൽനിന്നോ നിങ്ങളുടെ മേൽ ഒരു ശിക്ഷ അയക്കുവാൻ കഴിവുള്ളവനാണ് അവൻ. അല്ലെങ്കിൽ നിങ്ങളെ വിവിധ കക്ഷികളാക്കി ഭിന്നിപ്പിക്കുവാനും അങ്ങനെ നിങ്ങളിൽ ചിലരുടെ ദ്രോഹകൃത്യങ്ങളുടെ രുചി മറ്റു ചിലരെ അനുഭവിപ്പിക്കാനും (അവനു കഴിവുണ്ട്). നോക്കൂ, അവൻ ഗ്രഹിക്കുന്നതിനായി നാം എങ്ങനെയെല്ലാമാണ് ദൃഷ്ടാന്തങ്ങൾ വിവിധ രൂപത്തിൽ വിശദീകരിക്കുന്നത്.

70. **അൽ മുഖ്തദിർ (കഴിവുറ്റവൻ):** അൽഖാദിറിന്റേയും അൽമുഖ്തദറിന്റേയും അർഥം ഒന്നുതന്നെയാണ്. എന്നാൽ, അൽമുഖ്തദറിന്റെ അർഥത്തിന് കൂടുതൽ വ്യാപ്തിയുണ്ട്. വിശുദ്ധഖുർആൻ പറയുന്നു. **ഇന്നൽ മുത്തഖീന ഫീ ജന്നാത്തിൻ വ്വ നഹർ ഫീ മഖ്അദി സ്വിദ്ഖിൻ യിൻദ മലീക്കിൻമ്മുഖ്തദിർ** (54:55–56) നിശ്ചയമായും ദോഷബാധയെ സൂക്ഷിക്കുന്നവർ ആരാമങ്ങളിലും അരുവികളിലുമായിരിക്കും. സത്യത്തിന്റെ ഇരിപ്പിടത്തിൽ, സർവശക്തനായ രാജാവിന്റെ സാമീപ്യത്തിൽ.

71. **അൽമുഖദ്ദിം (മുന്നിലാക്കുന്നവൻ):** മുന്നോട്ടുനയിക്കുന്നവൻ. (തന്റെ സ്നേഹിതരെ അല്ലാഹുവിന്റെ സവിധത്തിലേക്ക് കൊണ്ടുപോകുന്നവൻ). മുന്നിലാക്കുന്നുവെന്നു പറഞ്ഞാൽ അടുപ്പിക്കുന്നുവെന്നർഥം.

72. **അൽമുഅഖ്ഖിർ (പിന്നിലാക്കുന്നവൻ):** ശത്രുക്കളെ തന്റെ ആധിപത്യംകൊണ്ട് പിന്നിലേക്ക് മാറ്റുന്നവൻ.

73. **അൽഅവ്വൽ (ആദ്യൻ):** അല്ലാഹുവിനെ സംബന്ധിച്ച് പറയുന്നു. **ഹുവൽ അവ്വലു ലയ്സ ഖബ്‌ലിഹി ശയ്ഉൻ.** ഏറ്റവും ആദ്യത്തേത്. അതിനു മുമ്പേ ഒരു വസ്തുവുമില്ല. സൃഷ്ടികളിൽപെട്ട ഒരു വസ്തുവും അല്ലാഹുവിനു മുമ്പേയുള്ളതായിട്ടില്ല.

74. **അൽആഖിർ (അന്ത്യൻ):** അല്ലാഹുവിനെ സംബന്ധിച്ച് ഇങ്ങനേയും വരുന്നുണ്ട്. **ഹുവൽ ആഖിറു ലയ്സ ബഅ്ദഹു ശയ്ഉൻ.** എല്ലാ വസ്തുവും നശിച്ചതിനും അസ്തമിച്ചതിനും ശേഷവും അവന്റെ പരിശുദ്ധ സത്ത നിലവിലുണ്ട്.

75. **അള്ളാഹിർ (വ്യക്തമായവൻ):** അല്ലാഹുവിനെ സംബന്ധിച്ച് ഇങ്ങനേയും വരുന്നുണ്ട്. **ഹുവള്ളാഹിറു ലയ്സ ഫൗഖിഹി ശയ്ഉൻ.** എല്ലാ വസ്തുവിന്റേയും മീതെ അവന്റെ ആധിപത്യം പ്രകടമാണ്; അവൻതന്നെ. അതിനു മീതെ ഒരു വസ്തുവും കാണാൻ കഴിയില്ല.

76. **അൽബാത്വിൻ (ഗോപ്യമായവൻ):** അല്ലാഹുവിനെ സംബന്ധിച്ച് വന്നിരിക്കുന്നു. **ഹുവൽബാത്വിനു ലയ്സ ദൂനിഹി ശയ്ഉൻ.** അവൻ മറഞ്ഞിരിക്കുന്ന രഹസ്യമാണ്. അവനല്ലാതെ ഒരു വസ്തുവുമില്ല. അത്തരം രഹസ്യങ്ങൾ ഉൾക്കൊള്ളുന്നവൻ. ഈ നാലു സ്വിഫത്തുകൾ ഹദീദ് എന്ന അധ്യായത്തിൽ ലഭിക്കുന്നു. പറയുന്നു. **ഹുവൽ അവ്വലു വൽആഖിറു വള്ളാഹിറു വൽബാത്വിനു വഹുവ ബികുല്ലി ശയ്ഇൻ അലീം** (57:4) അവൻ ആദ്യനും അന്ത്യനും പ്രത്യക്ഷനും ഗോപ്യനുമാണ്. അവൻ എല്ലാ കാര്യങ്ങളും പൂർണമായും അറിയുന്നവനുമാകുന്നു.

77. **അൽവാലീ (എല്ലാ കാര്യങ്ങളുടേയും ഭരണം നടത്തുന്നവനും എല്ലാത്തിന്റേയും ഉടമസ്ഥനും):** വിശുദ്ധഖുർആനിൽ ഇങ്ങനെ കാണാം. **വ ഇദാ അറാദല്ലാഹു ബി ഖൗമിൻ സൂഅൻ ഫലാ മറദ്ദ ലഹൂ വമാ ലഹും മിൻ ദൂനിഹീ മിൻവ്വാലിൻ** (13:12) അല്ലാഹു ഒരു ജനതയ്ക്ക് ദോഷം വരുത്തണമെന്ന് ഉദ്ദേശിക്കുന്നതായാൽ അത് തട്ടിനീക്കുക ആർക്കും സാധ്യമല്ല. അവനു പുറമെ അവർക്കൊരു സഹായിയുമില്ല.

78. **അൽമുത്തആലി (സർവോന്നതൻ):** സൂറഃറഅ്ദിൽ പറയുന്നു: **ആലിമുൽ ഗയ്ബി വശ്ശഹാദത്തിൽ കബീറുൽമുത്തആൽ**(13:10) അദൃശ്യകാര്യങ്ങളും ദൃശ്യകാര്യങ്ങളും അറിയുന്നവനും മഹിത സ്ഥാനീയനും സർവോന്നതനുമാണവൻ.

79. **അൽബർറു (വലിയ ഉദാരൻ):** ഏതെല്ലാം ഔദാര്യങ്ങളുണ്ടോ അവയുടെയൊക്കെ സ്രോതസ്സ് ഏതൊരുവനാണോ അവനാണ് നിരുപാധിക അൽബർറ്. അത് അല്ലാഹു മാത്രം. സൂറ ത്വൂറിൽ വന്നിരിക്കുന്നു. **ഇന്നാ കുന്നാ മിൻഖബ്‌ലു തദ്ഊഹു ഇന്നഹൂ ഹുവൽ ബർറുർറഹീമു** (52:29) നിശ്ചയമായും ഇതിനു മുമ്പേ (പൂർവലോകത്തുവച്ച്) നാം അവനെ വിളിച്ചു പ്രാർഥിക്കാറുണ്ടായിരുന്നു. അവൻ ഉദാരനും കരുണാമയനുമാണ്.

80. **അത്തവ്വാബ് (അങ്ങേയറ്റം പശ്ചാത്താപം സ്വീകരിക്കുന്നവൻ):** അത്തവ്വാബ്, തൗബയിൽ നിന്ന് നിഷ്പന്നമാണ്. തൗബയുടെ യഥാർഥ അർഥം മടങ്ങുക എന്നാണ്. ഏതെങ്കിലും തിന്മ

യിൽനിന്ന് തൗബ ചെയ്യുക എന്നതിന്റെ പൊരുൾ ആ തിന്മ ഉപേക്ഷിച്ച് അതിന്നെതിരിൽ നന്മ ചെയ്യുക എന്നാണ്. ഉദാഹരണത്തിന് കള്ളന്റെ തൗബ എന്നു പറയുന്നത് വിശ്വസ്തത കൈക്കൊള്ളുക എന്നതാണ്. ദുർവൃത്തന്റെ തൗബ എന്നു പറയുന്നത് അവൻ പവിത്രത ഇഷ്ടപ്പെടുക എന്നതാണ്. തൗബ മനുഷ്യനിൽ നിന്നാകുമ്പോൾ അതിന്റെ ഉദ്ദേശ്യം പാപത്തിൽനിന്ന് അകന്നുമാറുക എന്നതാണ്. നന്മ സ്വീകരിക്കുക. അല്ലാഹുവിനെ സംബന്ധിച്ചാകുമ്പോൾ അതുകൊണ്ടുള്ള ഉദ്ദേശ്യം ആ തൗബ സ്വീകരിക്കലാണ്. കാരുണ്യത്തിലേക്ക് മടങ്ങുക എന്നതാണ്. ഈ സിഫത്ത് വിശുദ്ധഖുർആനിൽ പലയിടത്തും വന്നിട്ടുണ്ട്. **ഇല്ലല്ലദീന താബൂ വ അസ്‌ലഹൂ വ ബയ്യനൂഫ ഉലാഇക്ക അതൂബു അലയ്ഹിം വ അനത്തവ്വാബുർറഹീം** (2:161)

എന്നാൽ പശ്ചാത്തപിക്കുകയും സ്വജീവിതം നന്നാക്കുകയും (മറച്ചുവെച്ച സത്യം) വെളിപ്പെടുത്തുകയും ചെയ്യുന്നവർ അതിലുൾപ്പെടുകയില്ല. അവരുടെനേരെ ഞാൻ കാരുണ്യത്തോടെ തിരിയുന്നതാണ്. (എന്റെ ദാസരുടെ നേരെ) ഞാൻ സർവഥാ കാരുണ്യത്തോടെ തിരിയുന്നവനും അതീവ ദയാലുവുമാകുന്നു.

81. **അൽമുൻതഖിം (ശിക്ഷിക്കുന്നവൻ):** കുറ്റവാളികളോടു പകരം ചോദിക്കുന്നവൻ. ധിക്കാരികൾക്ക് ശിക്ഷ നല്കുന്നവൻ. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു: **വമൻ അള്‌ലമു മിമ്മൻ ദുക്കിറ ബി ആയാത്തി റബ്ബിഹീ ഥുമ്മ അഅ്‌റള അൻഹാ ഇന്നാ മിനൽ മുജ്‌രിമീന മുൻതഖിമൂൻ**(32:23)തന്റെ നാഥന്റെ ദൃഷ്ടാന്തങ്ങൾ ഓർമിപ്പിക്കപ്പെട്ടിട്ടും പിന്നെ അതിൽനിന്ന് തിരിഞ്ഞുമാറിക്കളയുന്നവനെക്കാൾ വലിയ അക്രമി ആരാണ്. തീർച്ചയായും നാം കുറ്റവാളികളോടു പ്രതിക്രിയ ചെയ്യുന്നവരാണ്.

82. **അൽഅഫുവ്വ്(ഏറെ വിട്ടുവീഴ്ച ചെയ്യുന്നവൻ):**തിന്മകൾ മായ്ച്ചു കളയുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുന്നവനാണ് അൽഅഫുവ്വ്. ഏതാണ് അൽഗഫൂറിന്റെ അതേ അർഥം തന്നെ. അതിനെക്കാൾ കൂടുതൽ അർഥം ഇതിനുണ്ടെന്ന് മാത്രം. നിസാഅ് അധ്യായത്തിൽ പറയുന്നു: **വ കാനല്ലാഹു അഫുവ്വൻ ഗഫൂറൻ**(4:100) അല്ലാഹു വളരെയധികം മാപ്പു നല്കുന്നവനും പൊറുത്തുകൊടുക്കുന്നവനുമാകുന്നു.

83. **അർറഊഫ് (വളരെ കൃപയുള്ളവൻ):** ഇതിന്റേയും അർറഹീമിന്റെയും അർഥം ഏതാണ്ട് ഒന്നുതന്നെ. ഇതിന്റെ അർഥത്തിൽ കൂടുതൽ വ്യാപ്തിയുണ്ട്. വളരെ വാത്സല്യത്തോടെ പെരുമാറുന്നവൻ. ഇതിന്റെ മസ്ദർ റഅ്ഫത് ആണ്. വിശുദ്ധഖുർആനിൽ മിക്ക സ്ഥലങ്ങളിലും ഈ വിശേഷഗുണം റഹീം എന്ന വിശേഷഗുണത്തോടൊപ്പമാണ് വന്നിട്ടുള്ളത്. **വലൗ ലാ ഫള്‌ലുല്ലാഹി അലയ്ക്കും വ റഹ്‌മത്തുഹു വ അന്നല്ലാഹ റഊഫുർറഹീം** (24:21) നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും അല്ലാഹു ദയാലുവും കരുണാമയനുമാണെന്ന സ്ഥിതിയും ഇല്ലായിരുന്നുവെങ്കിൽ (നിങ്ങൾ ദുഃഖത്തിലകപ്പെട്ടുപോകുമായിരുന്നു)

84. **മാലികുൽമുൽക് (പ്രപഞ്ചാധിപതി):** വിശുദ്ധഖുർആനിലെ ആലുഇംറാൻ എന്ന അധ്യായത്തിൽ വന്നിരിക്കുന്നു. **ഖുലില്ലാഹുമ്മ മാലിക്കുൽമുൽക്കി തുഅ്തിൽമുൽക്ക മൻ തശാഉ വതൻസിഉൽമുൽക്ക മിമ്മൻതശാഉ** (3:27) പറയുക. സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു; നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം നീക്കിക്കളയുന്നു.

85. **ദുൽജലാലി വൽഇക്റാം (മഹിതപ്രഭാവവും ആദരവുമുള്ളവൻ):** റഹ്‌മാൻ എന്ന അധ്യായത്തിൽ വന്നിരിക്കുന്നു. **തബാറക്കസ്‌മു റബ്ബിക്ക ദിൽജലാലി വൽഇക്റാം** (55:78–79) പ്രഭാവത്തിന്റേയും ആദരവിന്റേയും ഉടമസ്ഥനായ നിന്റെ നാഥന്റെ നാമം അത്യധികം അനുഗ്രഹപൂർണംതന്നെ.

86. **അൽമുഖ്സിത്വ് (നീതിനടപ്പാക്കുന്നവൻ):** അക്രമത്തിനു വിധേയനായവനിൽനിന്ന് നീതിയും അവകാശവും നേടിക്കൊടുക്കുന്നവനാണ് അൽമുഖ്സിത്വ്. ആലുഇംറാൻ അധ്യായത്തിൽ വന്നിരിക്കുന്നു. **ശഹിദല്ലാഹു അന്നഹു ലാ ഇലാഹ ഇല്ലാ ഹുവ വൽ മലാഇക്കത്തു വ ഉലുൽഇൽമി ഖാഇമ്മൻ ബിൽഖിസ്ത്വി ലാ ഇലാഹ ഇല്ലാഹുവൽഅസീസുൽഹക്കീം** (3:19) താനല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്നു നീതിയെ മുൻനിറുത്തി അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (അപ്രകാരംതന്നെ) മലക്കുകളും ജ്ഞാനികളും സാക്ഷ്യം വഹിക്കുന്നു. പ്രതാപശാലിയും അഗാധജ്ഞനുമായ അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല.

87. **അൽജാമിഅ് (സമ്മേളിപ്പിക്കുന്നവൻ):** എല്ലാ സൃഷ്ടികളേയും ഒരുമിച്ചുകൂട്ടുന്നവൻ. എല്ലാ ശ്രേഷ്ഠതകളുടേയും കേന്ദ്രം. ഒന്നിപ്പിക്കുന്നവൻ. ആലുഇംറാൻ എന്ന അധ്യായത്തിൽ വന്നിരിക്കുന്നു. **റബ്ബനാ ഇന്നക്ക ജാമിഉന്നാസി ലിയൗമിൻല്ലാ റയ്ബ ഫീഹി** (4:10)

ഞങ്ങളുടെ നാഥാ! തീർച്ചയായും ഒരു നാളിൽ എല്ലാ മനുഷ്യരേയും ഒരുമിച്ചു കൂട്ടുന്നവനാണ് നീ. അതിൽ സംശയമേയില്ല.

88. **അൽഗനിയ്യ് (ഐശ്വര്യവാൻ):** തന്റെ സത്തയുടേയും ഗുണങ്ങളുടേയും കാര്യത്തിൽ മറ്റാരുടേയും ആശ്രയം വേണ്ടാത്തവനെ അൽഗനിയ്യ് എന്നു പറയുന്നു. ഒരാളുടെ സത്തയോ ഗുണങ്ങളോ പുറത്തുള്ള വല്ലതിനേയും ആശ്രയിക്കുകയാണെങ്കിൽ അയാൾക്ക് സമ്പാദനത്തിന്റെ ആവശ്യമുണ്ടെന്നർഥം. അത് ദിവ്യത്വത്തിന് എതിര്. ഹജ്ജ് എന്ന അധ്യായത്തിൽ ഒരു വിശേഷഗുണം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: **ലഹൂ മാ ഫിസ്സമാവാത്തി വ മാഫിൽഅർളി വ ഇന്നല്ലാഹ ലഹുവൽ ഗനിയ്യുൽ ഹമീദു.** (22:65) ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവനുള്ളതാണ്. തീർച്ചയായും അല്ലാഹു സ്വാശ്രയനും സ്തുത്യർഹനുമാകുന്നു.

89. **അൽമുഗ്നി (ഐശ്വര്യം നല്കുന്നവൻ):** സമ്പന്നനാക്കുന്നവൻ. നൂർ എന്ന അധ്യായത്തിൽ നിക്കാഹിന് തൗഫീഖില്ലാത്ത മനുഷ്യരെക്കുറിച്ച് പറയുന്നു. **വൽ യസ്ത്തഅ്ഫിഫില്ലദീന ലായജിദൂന നിക്കാഹൻ യുഗ്നിയഹുമുല്ലാഹു മിൻഫള്‌ലിഹി.** (24:34)വിവാഹത്തിന് കഴിവില്ലാത്തവൻ, അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതുവരെ ചാരിത്രം സംരക്ഷിക്കട്ടെ.

90. **അൽമാനിഅ് (നാശനഷ്ട ഹേതുക്കൾ തട്ടിമാറ്റി സംരക്ഷിക്കുന്നവൻ):** മതജീവിതത്തേയോ ശരീരത്തേയോ ബാധിക്കുന്ന വിനാശകാരികളായ ഹേതുക്കളെ തട്ടിമാറ്റുകയും പകരം സംരക്ഷണ ഹേതുക്കൾ ഒരുക്കുകയും ചെയ്യുന്നവനാണ് അൽമാനിഅ്.

91. **അള്ളാർറ് (ദോഷം വരുത്തിവെക്കുന്നവൻ):** ദുഷ്കർമങ്ങൾക്ക് ദുഷ്ഫലം നല്കുന്നവൻ. ദോഷങ്ങളുടെ ഉടമസ്ഥൻ.

92. **അന്നാഫിഅ്. (ഗുണം ചെയ്യുന്നവൻ):** ഗുണം, ദോഷം, ഉപകാരം, ഉപദ്രവം എന്നിവയുടെ സ്രോതസ്സ് ആരാണോ അവനെ കുറിച്ചാണ് ഈ വാക്കുകൾ ഉപയോഗിക്കുക. അതായത് അല്ലാഹു അവനാണ് ഇതൊക്കെ ഉണ്ടാക്കുന്നത്.

93. **അന്നൂർ (പ്രകാശം):** വെളിച്ചത്തിന്റെ ഉറവിടം. പ്രകാശിപ്പിക്കുന്നവൻ. നൂർ എന്ന അധ്യായത്തിൽ പറയുന്നു: **അല്ലാഹു നൂറുസ്സമാവാത്തി വൽഅർളി മഥലു നൂരിഹീ കമിശ്ക്കാത്തിൻ ഫീഹാ മിസ്‌ബാഹുൻ അൽമിസ്‌ബാഹു ഫീ സുജാജത്തിൻ അസ്സുജാജത്തു കഅന്നഹാ കൗക്കബുൻ ദുർരിയ്യുൽയ്യൂഖദു മിൻശജ്‌റത്തിൻമ്മുബാറക്കത്തിൻ സയ്ത്തൂനത്തിൻ ല്ലാ ശർഖിയ്യത്തിൻ വ്വലാ ഗർബിയ്യത്തിൻ യ്യക്കാദു സയ്ത്തുഹാ യുളീഉ വലൗലം തംസസ്ഹു നാറുൻ, നൂറുൻ നൂറുൻ അലാ നൂരിൻ യഹ്ദില്ലാഹു ലിനൂരിഹീ മൻ യ്യശാഉ വ യജ്‌രിബുല്ലാഹുൽ അംഥാല ലിന്നാസി വല്ലാഹു ബികുല്ലി ശയ്ഇൻ അലീം.** (24:36)

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി (ചുവരിൽ വിളക്കുവെക്കാനുണ്ടാക്കുന്ന) ഒരു തട്ട് പോലെയാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടിക കൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ആ സ്ഫടികക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ–പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലിവ് വൃക്ഷത്തിന്റെ– എണ്ണകൊണ്ടാണ് കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് സ്വയം പ്രകാശിക്കാറാകും. പ്രകാശത്തിനുമേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനാകുന്നു.

94. **അൽഹാദി (മാർഗദർശകൻ):** വിജയിപ്പിക്കുന്നവൻ. സന്മാർഗം നല്കുന്നവൻ. വിശുദ്ധഖുർആൻ പറയുന്നു. **വല്ലാഹു യഹ്ദീ മൻയ്യശാഉ ഇലാ സ്വിറാത്വിൻ മ്മുസ്തഖീമിൻ** (24:47) താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു നേർമാർഗത്തിലേക്ക് നയിക്കുന്നു.

95. **അൽബദീഅ് (അതുല്യൻ):** ബഖറ അധ്യായത്തിൽ പറയുന്നു: **ബദീഉ സ്സമാവാത്തി വൽഅർളി വഇദാ ഖളാ അംറൻ ഫഇന്നമാ യഖൂലു ലഹൂ കുൻഫയക്കൂനൂ** (2:118) മുൻ മാതൃകയില്ലാതെ ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനത്രേ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ഉണ്ടാവുക എന്നു മാത്രം അവൻ പറയുന്നു. അപ്പോൾ അതുണ്ടാകുന്നു.

96. **അൽബാഖി (എന്നെന്നും അവേശിക്കുന്നവൻ):** അല്ലാഹുവും സ്വയംഭൂവും ശാശ്വതനുമാണ്. ഭാവിയിൽ അനന്തനായി നിലനിൽക്കുന്നതിനാൽ അവനെ അൽബാഖി എന്നു പറയുന്നു. റഹ്‌മാൻ എന്ന അധ്യായത്തിൽ പറയുന്നു. **വ യബ്ഖാ വജ്ഹു റബ്ബിക്ക ദുൽജലാലി വൽഇക്റാം.** (55:28) പ്രഭാവത്തിന്റേയും ആദരവിന്റേയും ഉടമസ്ഥനായ നിന്റെ നാഥന്റെ മുഖം (ഉദ്ദിഷ്ടകാര്യം മാത്രം) അവശേഷിക്കും.

97. **അൽവാരിഥ് (അനന്തരാവകാശി):** ആളുകളൊക്കെ മരിച്ചുകഴിഞ്ഞാൽ അവരുടെ വസ്തുക്കളുടെ അവകാശം ഏതൊരുവനാണോ ലഭിക്കുക അവനാണ് അൽവാരിഥ്. ഹിജ്ർ അധ്യായത്തിൽ പറയുന്നു. **വ ഇന്നാ ലനഹ്നു നുഹ്‌യീ വ നുമീത്തു വനഹ്നുൽവാരിഥൂന**

(15:20) തീർച്ചയായും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് നാം തന്നെയാണ്. എല്ലാറ്റിന്റേയും അവകാശിയും നാം തന്നെ.

98. **അർറശീദ്. (വിവേകി):** ആരുടെയെങ്കിലും ഉപദേശമോ നിർദ്ദേശമോ മാർഗദർശനമോ ഇല്ലാതെതന്നെ തന്റെ പദ്ധതികൾ ശരിയായ രീതിയിൽ മുന്നോട്ടുനീക്കുകയും ലക്ഷ്യത്തിലെത്തിക്കുകയും ചെയ്യുന്നവനാണ് അർറശീദ്. വിശുദ്ധഖുർആനിൽ ഹദ്റത്ത് ഇബ്റാഹീമിനെ കുറിച്ച് വന്നിരിക്കുന്നു. **വലഖദ് ആത്തയ്നാ ഇബ്റാഹീമ റുശ്ദഹൂ മിൻ ഖബ്ലു വകുന്നാ ബിഹീ ആലിമീന** (21:52) സത്യമായും നാം ഇതിനുമുമ്പേ ഇബ്റാഹീമിന് അദ്ദേഹത്തിന്റെ യോഗ്യത നല്കിയിട്ടുണ്ടായിരുന്നു. നാം അദ്ദേഹത്തെക്കുറിച്ച് നല്ലവണ്ണം അറിവുള്ളവരായിരുന്നു.

99. **അസ്സ്വബൂർ (അങ്ങേയറ്റം ക്ഷമയുള്ളവൻ):** ശിക്ഷ നല്കുന്നതിൽ ധിറുതി കാണിക്കാത്തവൻ. യഥാർഥത്തിൽ സ്വബ്റിന്റെ അർഥം, ക്ഷമ, സഹനം എന്നൊക്കെയാണ്. അല്ലാഹു തന്റെ ദാസരുടെ വികൃതിത്തരവും അനുസരണക്കേടും ക്ഷമിക്കുന്നു. ശിക്ഷ നല്കുന്നതിൽ ധിറുതി കാണിക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ ചശ്മയെ മഅ്രിഫയിൽ അല്ലാഹുവിന്റെ സ്വിഫത്തുകൾ എന്ന വിഷയം സൂക്ഷ്മമായ രീതിയിൽ വിവരിക്കുന്നു. അവിടന്ന് പറയുന്നു: അല്ലാഹു ദുർബലരായ മനുഷ്യർക്ക് തന്റെ പരിപൂർണമായ മഅ്രിഫത്തിന്റെ ജ്ഞാനം നല്കുന്നതിനുവേണ്ടി തന്റെ വിശേഷഗുണങ്ങളെ വിശുദ്ധഖുർആനിൽ രണ്ടു വർണത്തിൽ പ്രകടിപ്പിച്ചു.

(1)ഒന്നാമതായി ഏതു രീതിയിലാണ് വിവരിച്ചിട്ടുള്ളതെന്നാൽ, അതുമുഖേന അവന്റെ വിശേഷഗുണങ്ങൾ ആലങ്കാരികമായ രീതിയിൽ സൃഷ്ടിയുടെ വിശേഷഗുണങ്ങളുടെ ഒരേ രൂപമുള്ളതാണ്; അവൻ കരീമും റഹീമും മുഹ്സിനുമാണെന്നപോലെ. അവൻ കോപവും ഉൾക്കൊള്ളുന്നു. അവനിൽ സ്നേഹവുമുണ്ട്. അവന് കൈയുമുണ്ട്. അവന് കണ്ണുകളുമുണ്ട്. അവന് കൈത്തണ്ടകളുമുണ്ട്. അവന് ചെവിയുമുണ്ട്. ഇപ്രകാരംതന്നെ അതിപുരാതനകാലം മുതലേ സൃഷ്ടികൾ അവനോടൊപ്പം നടന്നുവരുന്നു. എന്നാൽ, ഒരു വസ്തുവിനും അവനെതിരിൽ വ്യക്തിപരമായ അനശ്വരത്വമില്ല; വർഗപരമായുണ്ട്. അതും ദൈവത്തിന്റെ വിശേഷഗുണമായ സൃഷ്ടിപ്പിന് ഒരു നിർബന്ധമായ കാര്യമല്ല. കാരണം സൃഷ്ടിപ്പ് അതായത് ഉണ്ടാക്കുക എന്നത് അവന്റെ വിശേഷഗുണങ്ങളിൽപ്പെട്ടതാണ്. അതുപോലെ ഇടയ്ക്കും ഏതെങ്കിലും കാലത്തും ഏകത്വത്തിന്റെ ജ്യോതിസ്സും തനിച്ചുള്ള അവസ്ഥയും അവന്റെ വിശേഷഗുണങ്ങളിൽപെട്ടതാണ്. ഒരു വിശേഷഗുണത്തിനും അനശ്വരമായ മാറ്റം അനുവദനീയമല്ല. അതേ കാലാനുവർത്തിയായ മാറ്റം അനുവദനീയമാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട്, ഏതൊരു സ്വിഫത്തുകളോടുകൂടി മനുഷ്യന് ബാഹ്യമായി പങ്കാളിത്വം ഉൽക്കൊള്ളാൻ കഴയുമോ ആ സാദൃശപരമായ തന്റെ സ്വിഫത്തുകൾ അവനിൽ പ്രകടിപ്പിച്ചു; സ്രഷ്ടാവ് ആകുക എന്നതുപോലെ. കാരണം മനുഷ്യനും തന്റെ പരിധിയിൽ വസ്തുക്കളുടെ സ്രഷ്ടാവാണ്. നിർമാതാവാണ്. അതുപോലെ മനുഷ്യനെ കരീം എന്നും പറയാവുന്നതാണ്. കാരണം അവൻ തന്റെ പരിധിക്കുള്ളിൽ ദയയുടെ സ്വിഫത്ത് ഉൾക്കൊള്ളുന്നു. ഇതേപോലെ മനുഷ്യനെ റഹീം എന്നും പറയാവുന്നതാണ്. കാരണം തന്റെ പരിധിക്കുള്ളിൽ അവൻ കരുണാശക്തിയും ഉൾക്കൊള്ളുന്നുണ്ട. കോപാശക്തിയും അവനിലുണ്ട്. അപ്രകാരംതന്നെ കണ്ണ് ചെവി തുടങ്ങി എല്ലാം മനുഷ്യനിലുണ്ട്. അതിനാൽ ഈ സാദൃശപരമായ സ്വിഫത്തുകളിൽ ആരുടെ എങ്കിലും മനസ്സിൽ സംശയമുണ്ടാകാമായിരുന്നു. അതായത് മനുഷ്യൻ ഈ സ്വിഫത്തുകളിൽ അല്ലാഹുവിന്റെ സദൃശനാണെന്ന്. അതുകൊണ്ടാണ് അല്ലാഹു ഈ സ്വിഫത്തുകൾക്കെതിരിൽ വിശുദ്ധ ഖുർആനിൽ തൻസീഹി സ്വിഫത്തുകളും വിവരിച്ചിട്ടുള്ളത്. അതായത് അത്തരം പങ്കാളിത്വം മനുഷ്യരുമായിട്ടില്ല. മനുഷ്യന് അവനുമായി ഒരു പങ്കുചേരലുമില്ല. മനുഷ്യൻ സൃഷ്ടിക്കുന്നതുപോലെയല്ല അവന്റെ സൃഷ്ടിപ്പ്. അവന്റെ കാരുണ്യം മനുഷ്യന്റെ കാരുണ്യം പോലെയല്ല. അവന്റെ കോപം മനുഷ്യന്റെ കോപംപോലെയല്ല. അവന്റെ സ്നേഹവും മനുഷ്യന്റെ സ്നേഹംപോലെയല്ല. അവനേതെങ്കിലും വീടിന് ആശ്രിതനുമല്ല.'(റൂഹാനീ ഖസാഇൻ വാള്യം 23, ചശ്മയെ മഅ്രിഫത്ത് പേജ് 260)

★★★

# ആരാധന ഏകനായ ദൈവത്തിന് !

എല്ലാ മതങ്ങളും വിഭാവന ചെയ്യുന്നത് ഏകദൈവ സിദ്ധാന്തവും ആ ദൈവത്തെ അനുസരിക്കലുമാണ്. അവരെല്ലാം അവരുടെ തനതായ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയി. പക്ഷേ, അവരുടെ മതഗ്രന്ഥങ്ങളിൽ ഇന്നും ആ അധ്യാപനം കാണാം. ഏകനായ ദൈവത്തെ സംബന്ധിച്ച് ഭഗവത് ഗീതയിൽ പറയുന്നു:

**ഈശ്വരഃ സർവഭൂതാനാം**
**ഹൃദ്ദേശേർജ്ജുന, തിഷ്ഠതി**
**ഭ്രാമയൻ സർവഭൂതാനി**
**യന്ത്രാരൂഢാനി മായയാ**

അർജുനാ, ഈശ്വരൻ എല്ലാ ഭൂതങ്ങളുടേയും ഹൃദയത്തിൽ എല്ലാ ഭൂതങ്ങളേയും യന്ത്രത്തിൽ കയറ്റിവച്ചവണ്ണം മായയാൽ ചലിപ്പിച്ചുകൊണ്ട് സ്ഥിതി ചെയ്യുന്നു.

**തമേവ ശരണം ഗഛ**
**സർവഭാവേന, ഭാരത**
**തൽപ്രസാദാൽ പരം ശാന്തിം**
**സ്ഥാനം പ്രാപ്സ്യസി ശാശ്വതം**

ഭാരതാ, സർവാത്മനാ ആ ഹൃദയസ്ഥിതനായ ഈശ്വരനെത്തന്നെ നീ ശരണം പ്രാപിക്കുക. ആ ഈശ്വരന്റെ പ്രസാദത്താൽ പരമമായ ശാന്തിയും നിത്യവും പുനരാവൃത്തിരഹിതവുമായ സ്ഥാനവും നീ പ്രാപിക്കും.

ഇവിടെപ്പറയുന്നത് ശാന്തിയും സമാധാനവും ലോകത്ത് നിലനില്ക്കണമെങ്കിൽ സർവേശ്വരനെ പ്രാപിച്ചു ജീവിക്കണമെന്നാണ്. ബൈബിളും ഏകദൈവത്തെ സ്നേഹിക്കാനാണ് പഠിപ്പിക്കുന്നത്. എല്ലാത്തിലും മുഖ്യമായ കല്പനയായി യേശു പറയുന്നു:

"യിസ്രായേലേ കേൾക്ക. നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കേണം...... ഏകനേയുള്ളു. അവനല്ലാതെ മറ്റൊരുത്തനുമില്ല."(മാർക്കോസ് 12-ാം അധ്യായം 32-ാം വചനം)

വിശുദ്ധ ഖുർആൻ പറയുന്നു:

**ഖുൽ യാ അഹ്‌ലൽ കിതാബി,**
**തആലൗ ഇലാ കലിമത്തിൻ,**
**സവായിം ബയ്നനാ വ ബയ്നക്കും,**
**അല്ലാ നഅ്ബുദ ഇല്ലല്ലാഹ,**
**വലാ നുശ്‌രിക്ക ബിഹീ ശയ്യാ**

നീ പറയുക, അല്ലയോ ഗ്രന്ഥം നല്കപ്പെട്ടവരെ, ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യ സമ്മതമായ ഒരു കാര്യത്തിലേക്ക്, അതായത് ഏകദൈവമായ അല്ലാഹുവിനെ അല്ലാതെ നമ്മൾ ആരേയും ആരാധിക്കുകയില്ലെന്നും അവനോട് ഒരു വസ്തുവിനേയും പങ്കുചേർക്കുക ഇല്ലെന്നുമുള്ള കാര്യത്തിലേക്ക് നിങ്ങൾ വരിക.

പ്രവാചകന്മാരും ദൈവദൂതന്മാരും ഋഷിമാരും മുനിമാരും എല്ലാം നല്കിയ സത്യസന്ദേശം ഏക ദൈവത്തെ മാത്രം ആരാധിച്ചുകൊണ്ടും ആ ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ടും ജീവിക്കുക എന്നാണ്. ആ മഹാത്മാക്കളുടെ കാലശേഷം സത്യദൈവത്തിൽനിന്ന് ജനങ്ങൾ മെല്ലെ മെല്ലെ വ്യതിചലിക്കാൻ തുടങ്ങുന്നു. അത് പരിധി കടക്കുമ്പോൾ ദൈവം തന്റെ സനാതന നിയമമനുസരിച്ച് ജനങ്ങൾക്ക് നേരായ മാർഗം കാണിച്ചുകൊടുക്കുന്നതിന് ആളെ നിയോഗിക്കുന്നു. അങ്ങനെ ഈശ്വരൻ ഇക്കാലത്ത് സമാധാനം സ്ഥാപിക്കാനായി 'തന്നെ നിയോഗിച്ചിരിക്കുന്നു' എന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ദൈവനാമത്തിൽ നമ്മെ അറിയിച്ചിട്ടുള്ളത്.

ഇന്ന് ഇസ്‌ലാം മതത്തെ പാശ്ചാത്യലോകം ഭീകരമതമായി ചിത്രീകരിച്ചുകൊണ്ടിരിക്കുകയാണ്. മുസ്‌ലിമീങ്ങളിലെ ഒരു പറ്റം ആളുകളുടെ പ്രവർത്തനം കണ്ടുകൊണ്ട് മറ്റുള്ളവർ അതു ശരിയാണെന്ന് ധരിക്കുകയും ചെയ്യുന്നു. ഇത്തരം ഒരു അവസ്ഥ ഇസ്‌ലാമിന് വന്നു ഭവിക്കുമെന്ന് പ്രവാചകൻ മുഹമ്മദു നബി(സ) കാലേകൂട്ടി പ്രവചിച്ചിട്ടുള്ളതാണ്. ആ പ്രവചന പുലർച്ചയാണ് ഇന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നത്. അക്കാലത്ത് ഒരു ദിവ്യാത്മാവ് മുഖേന ഇസ്‌ലാമിന്റെ പുനരുദയം ഉണ്ടാകുമെന്നും പ്രവാചകൻ മുഹമ്മദു നബി(സ) പ്രവചിച്ചിരുന്നു. ആ ദിവ്യാത്മാവ് ആഗതനാകുകയും അദ്ദേഹത്തെ തിരിച്ചറിഞ്ഞ ഒരു സമൂഹം ഇവിടെ രൂപം കൊള്ളുകയും ചെയതു. ആ സമൂഹമാണ് അഹ്മദീ മുസ്‌ലിമീങ്ങൾ. ഇന്ന് ഒരേയൊരു ആത്മീയ നേതൃത്ത്വത്തിന്റെ കീഴിൽ, ഒരു ഖലീഫയുടെ കീഴിൽ ലോക സമാധാനത്തിനായി പക്വതയോടെ 213 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിച്ചു വരുന്നു. സമാധാനസംസ്ഥാപനം ഈ അഖിലലോക സംഘത്തിലൂടെമാത്രമേ സാധ്യമാകുകയുള്ളുവെന്ന് അതിനെ തൊട്ടറിയുന്ന ആളുകൾ സമ്മതിച്ചു തുടങ്ങിയിരിക്കുന്നു.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂ ഉബയ്ദിന്റെ മകൾ സഫിയ്യ നബി(സ)യുടെ ചില ഭാര്യമാരിൽ നിന്നും അവർ നബി(സ)തിരുമേനിയിൽ നിന്നും നിവേദനം. അവിടന്ന് പറഞ്ഞു: 'പ്രശ്നം വെക്കുന്നവനെ' സമീപിച്ച് അയാളോടു വല്ലതും ചോദിച്ചവന്റെ നാല്പതു ദിവസത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല.' (മുസ്‌ലിം, ഹദീഥ് 1496)**

ത്വാലിബെ ദുആ
M.K.Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# മുഹമ്മദുനബി(സ) അല്ലാഹുവിന്റെ മഹാനായ പ്രേമി

**സലീഖ് അഹ്മദ് നാഇഖ്, മുറബ്ബി നളാറത്ത് ഉൽയാ ഖാദിയാൻ**
**വിവർത്തകൻ മൗലവി സഫ്ർ അഹ്മദ് എച്ച്.എ. കോഴിക്കോട്.**

*ഖലാഇഖ് കെ ദിൽ ഥെ യഖീൻ സെ തഹി*
*ബുത്തോ(ൻ)നെ ഥി ഹഖ് കി ജഗഹ് ഘേർ ലീ*
*ഉലാലത്ത് ഥി ദുൻയാ പെ വൊ ഛാ രഹി*
*കെ തൗഹീദ് ഢൂണ്ടേ സെ മിൽത്തി ന ഥി*
*ഹുവാ ആപ്കെ ദം സെ ഉസ്കാ ഖിയാം*
*അലയ്ക്കസ്സ്വലാത്തു വ അലയ്ക്കസ്സലാം*

മനുഷ്യസൃഷ്ടികളുടെ ഹൃദയം ദൈവവിശ്വാസത്തിൽനിന്ന് ഒഴിയുകയും സത്യത്തിന്റെ സ്ഥലം ബിംബങ്ങൾ വളയുകയും ചെയ്തിരുന്നു. ലോകത്ത് അന്ധകാരം പരന്നിരുന്നു. എവിടെയൊക്കെ തിരഞ്ഞുനടന്നിട്ടും തൗഹീദ് (ഏകദൈവവിശ്വാസം)കിട്ടാനുണ്ടായിരുന്നില്ല. അങ്ങനെ ആ ദിവ്യാത്മാവിന്റെ ഊത്തുകൊണ്ട് അത് സ്ഥാപിതമായി. അല്ലയോ നബി!അങ്ങയുടെമേൽ കാരുണ്യവും സമാധാനവും വർഷിക്കുമാറാകട്ടെ. മുഴുപ്രപഞ്ചത്തിന്റേയും നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ വ്യക്തിത്വം അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ പ്രകടനമായിരുന്നു. അദ്ദേഹത്തിന്റെ ഓരോ സംസാരവും പ്രവൃത്തിയും അല്ലാഹുവിന്റെ സ്നേഹത്തിൽ നിർഭരമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തികച്ചും തന്റെ യജമാനന്റെ പ്രീതിക്കുവേണ്ടി അർപ്പണം ചെയ്തിരുന്നു. അതുകൊണ്ടുതന്നെ 'ഏ നബി! പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവലോകപരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു. അവന് ഒരു കൂട്ടുകാരനുമില്ല. അതാണ്, എന്നോട് കല്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നു.'(6:163-164)

അല്ലാഹു തന്നെ കുറിച്ചുള്ള രഹസ്യങ്ങൾ മറ്റാർക്കും വെളിപ്പെടുത്തിക്കൊടുക്കാത്തവിധം അദ്ദേഹത്തിന് വെളിപ്പെടുത്തുവെന്നത് ആ ദിവ്യാത്മവിന്റെ അനുഗൃഹീത വ്യക്തിത്വത്തിനുള്ള സവിശേഷതയാണ്. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി പറയുന്നു: അല്ലാഹു തന്റെ സ്തുതിയുടേയും സ്തോത്രത്തിന്റേയും ജ്ഞാനങ്ങൾ എനിക്ക് മുമ്പേ ആർക്കും നൽകാത്തവിധത്തിൽ എനിക്ക് നൽകിയിരിക്കുന്നു. (സ്വഹീഹ് ബുഖാരി)

അല്ലാഹുവിനുവേണ്ടി നബി(സ)തിരുമേനിയുടെ ഹൃദയം എത്രമാത്രം മുഴുകിയിരുന്നുവെന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ ഓരോ സംഭവത്തിലൂടെയും അത് വളരെ വ്യക്തമായി പ്രകടമാവുന്നുണ്ട്. അത്തരത്തിലുള്ള ഏതാനും സംഭവങ്ങൾ വായനക്കാരുടെ മുന്നിൽ സമർപിക്കുന്നു.

നബി(സ)തിരുമേനിയുടെ ആരാധനയുടെ നിലവാരം അങ്ങേയറ്റം ഉന്നതമായിരുന്നു. അല്ലാഹുവിനോടുള്ള പരിപൂർണവും കളങ്കരഹിതവുമായ സ്നേഹത്താൽ അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞിരുന്നു. കുട്ടിക്കാലത്തായാലും യുവത്വത്തിലായാലും എല്ലാ ഘട്ടങ്ങളിലും അല്ലാഹുവിനെ സ്മരിക്കുകയെന്നതായിരുന്നു ആ മഹാത്മാവിന്റെ ജീവിതലക്ഷ്യം. ലോകത്തുനിന്ന് ഒഴിഞ്ഞുമാറി ഏകാന്തനായി ക്കൊണ്ട് തന്റെ പ്രേമഭാജനവുമായി ബന്ധം സ്ഥാപിക്കുകയെന്നത് ആ പുണ്യാത്മാവിന്റെ ഹൃദയത്തിന്റെ സമാധാനത്തിനും ആശ്വാസത്തിനും കാരണമായി മാറുന്നു. അതിനാൽ യുവത്വത്തിൽത്തന്നെ നബി(സ)തിരുമേനിയ്ക്ക് സൽസ്വപ്നങ്ങൾ ഉണ്ടാവാറുണ്ടായിരുന്നു. (ബുഖാരി)

യുവത്വത്തിൽ നബി(സ)തിരുമേനി ഓരോ വർഷവും ഓരോ മാസം ഹിറാ ഗുഹയിൽ ഇഅ്തികാഫ് (ഭജനം)ഇരിക്കുകയും ഏകാന്തതയിൽ അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജാഹ്ലിയ കാലഘട്ടത്തിലെ ഖുറയ്ശികളുടെ ഒരു ആരാധന രീതിയാണിത്. നബി(സ)തിരുമേനിയുടെ ഈ ഇഅതികാഫ് അവസാനിക്കുമ്പോൾ മടങ്ങിവന്ന് ആദ്യം കഅ്ബ ത്വവാഫ് ചെയ്യുകയും പിന്നീട് വീട്ടിൽ പോവുകയും ചെയ്യുമായിരുന്നു. നബി(സ) തിരുമേനിക്ക് ആദ്യമായി വെളിപാട് ഉണ്ടായതും റമളാൻ മാസത്തിലായിരുന്നു. ആ സമയത്ത് അദ്ദേഹം ഹിറാ ഗുഹയിൽ ഇഅ്തികാഫിരിക്കുകയായിരുന്നു. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, വാള്യം 1, പേജ് 250-251, മക്തബ മുസ്ത്വഫാ അൽബാബിൽഹൽബീ)

ആരാധനയുടെ കാര്യം വെറും ഫർള് നമസ്കാരത്തിൽ മാത്രം ഒതുങ്ങിയതായിരുന്നില്ല. മറിച്ച് ഇതിനു പുറമെ പ്രത്യേകിച്ച് രാത്രി സമയങ്ങളിൽ നബി(സ)തിരുമേനി അല്ലാഹുവിന്റെ അഗാധമായ സ്നേഹത്താൽ ഭരിതനാ യി അങ്ങേയറ്റം വണക്കത്തോടും ഭയഭക്തിയോടുംകൂടി വളരെ ദീർഘനേരം നമസ്കരിക്കുമായിരുന്നു. നബി(സ)തിരുമേനിയുടെ കാലിൽ നീര് വന്നു വിങ്ങാറു പോലുമുണ്ടായിരുന്നു. തന്റെ റബ്ബിനെ ആരാധിക്കുകയെന്നത് നബി (സ)തിരുമേനിക്ക് മറ്റെല്ലാ വസ്തുക്കളെക്കാളും പ്രിയങ്കരമായിരുന്നു.

ഒരേ സമയത്ത് നബി(സ)തിരുമേനിയുടെ അടുത്ത് ഒൻപത് ഭാര്യമാരുണ്ടായിരുന്നു. തന്റെ ഏറ്റവും പ്രിയപ്പെട്ട ഭാര്യ ഹദ്റത്ത് ആഇശായുടെ അടുത്ത് ഒൻപതാമത്തെ ദിവസമാണ് ഊഴം വന്നിരുന്നത്. ഒരിക്കൽ ശൈത്യകാലത്ത് തണുപ്പുള്ള രാത്രിയിൽ പുതപ്പിനുള്ളിൽ പ്രവേശിച്ചതിനുശേഷം അവരോട് പറഞ്ഞു: 'ആഇശാ! നീ അനുവാദം തരികയാണെങ്കിൽ ഇന്ന് രാത്രിയിൽ എന്റെ റബ്ബിന്റെ ആരാധനയിൽ ഞാൻ കഴിച്ചുകൂട്ടുമായിരുന്നു.' അവർ വളരെ സന്തോഷത്തോടുകൂടി അനുവാദം നൽകുകയും ആ രാത്രി മുഴുവനും ആ ദിവ്യാത്മാവ് ആരാധനയിൽ കഴിച്ചുകൂട്ടുകയും കരഞ്ഞുകരഞ്ഞ് തന്റെ സുജൂദിന്റെ സ്ഥലം ആർദ്രമാക്കി മാറ്റുകയും ചെയ്തു. (അദ്ദുർറുൽ മൻഥൂർ ഫിത്തഫ്സീറിൽ മഅ്ഥൂർ ലിസ്സുയൂത്തി വാള്യം 6, പേജ് 27, പ്രസാധനം ബെയ്റുത്ത്)

ദൈവത്തോടുള്ള സ്നേഹം നബി(സ)തിരുമേനിയുടെ തൗഹീദ് സ്ഥാപനത്തിന്റെ പരിശ്രമത്തിൽനിന്ന് വ്യക്തമാണ്. അദ്ദേഹത്തിന്റെ ശരീഅത്തിന്റെ ആദ്യപാഠംതന്നെ തൗഹീദ് കലിമ ലാ ഇലാഹ ഇല്ലല്ലാഹ് എന്നാണ്. അതായത് അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. നബി(സ)തിരുമേനിയുടെ വിരിപ്പും പുതപ്പും തൗഹീദ് അഥവാ ഏകദൈവ വിശ്വാസമായിരുന്നു. ദിവസം ഉദിച്ചുയരുമ്പോ ൾ അവിടത്തെ ചുണ്ടുകളിൽ ഈ ദുആ ഉണ്ടാകും: 'നാം ഇസ്ലാമിന്റെ പ്രകൃതത്തിലും കലിമ ഇഖ്ലാസിലും(അതായത് തൗഹീദ്) നമ്മുടെ നബി, മുഹമ്മദ്(സ)ന്റെ മതത്തിലും നമ്മുടെ പിതാവ് ഇബ്റാഹിമിന്റെ മതത്തിലും നേരം വെളുപ്പിച്ചു. അദ്ദേഹം ഏക വിശ്വാസിയായിരുന്നു. ബഹുദൈവ വിശ്വാസികളിൽപെട്ടവനായിരുന്നില്ല.'(മുസ്നദ് അഹ്മദ്, വാള്യം 3, പേജ് 406, പ്രസാധനം ബെയ്റുത്ത്)

വൈകുന്നേരമായാൽ ഈ ദുആ നാവിലുണ്ടാകുമായിരുന്നു: **'അംസയ്നാ വ അംസൽമുൽക്കു ലില്ലാഹ്'** 'നമ്മളും മുഴുലോകവും അല്ലാഹുവിനുവേണ്ടി വൈകുന്നേരം കഴിച്ചുകൂട്ടി. സർവ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് പങ്കുകാരനായി ആരുമില്ല. സകല അധികാരവും അവനുള്ളതാണ്. സകല സ്തുതികളുടെയും ഉടമസ്ഥൻ അവൻ തന്നെയാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.' (മുസ്ലിം, കിതാബുദ്ദിക്ർ, ഹദീഥ് നമ്പർ 4901)

എന്തെങ്കിലും വിപത്തോ ക്ലേശങ്ങളോ ഉണ്ടാവുകയാണെങ്കിൽ ഇപ്രകാരം ദുആ ചെയ്യാറുണ്ട്: ലാ ഇലാഹ ഇല്ലല്ലാഹുൽഅളീമുൽഹലീം 'അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ തന്നെയാണ് മഹത്ത്വമുടയവനും സഹനശീലനും. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ മഹത്തായ അർശിന്റെ നാഥനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. അവൻ ആകാശഭൂമികളുടെ നാഥനാകുന്നു. അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. അവൻ ആദരണീയമായ അർശിന്റെ നാഥനാണ്.' (ബുഖാരി കിതാബുദ്ദഅ്വാത്ത്, ബാബു അദ്ദുആഉ യിൻദൽ കർബ്, നമ്പർ 5869)

ഹദ്റത്ത് മുഹമ്മദു മുസ്തപാ(സ) തന്നെയാണ് ബഹുദൈവാരാധനയും ബിംബാരാധനയും നിറഞ്ഞുനിന്നിരുന്ന ചുറ്റുപാടിൽ തൗഹീദിന്റെ മുദ്രാവാക്യം ഉയർത്തിയതും പിന്നീട് ജീവിതകാലം മുഴുവൻ തൗഹീദിന്റെ കൊടി ഉയർത്തിപിടിച്ചതും. അതിനു അവിടന്ന് ഒരിക്കലും ഒരു കുറവും വരുത്തിയിട്ടില്ല. ഈ തൗഹീദിനുവേണ്ടി എല്ലാവിധ ബുദ്ധിമുട്ടുകളും പീഢനങ്ങളും ആ മഹാത്മാവ് സഹിച്ചു. തന്റെ ജീവനുതുല്യം സ്നേഹിക്കുന്ന സുഹൃത്തുക്കളെ ത്യാഗം ചെയ്തു. സ്വയം തന്റെ ജീവൻ ബലിയർപ്പിക്കാൻ മടികാണിച്ചില്ല. തൗഹീദിന്റെ സംസ്ഥാപനത്തിനുവേണ്ടി സമചിത്തതയോടുകൂടി എല്ലാ പരീക്ഷണങ്ങളേയും നേരിട്ടു. നബി(സ)തിരുമേനി തൗഹീദ് മോക്ഷത്തിനുള്ള മാർഗമായി ഗണിക്കുകയും ഏതൊരുവൻ സത്യഹൃദയത്തോടുകൂടി തൗഹീദ് അംഗീകരിച്ചുവോ അവൻ സ്വർഗസ്ഥനാണെന്ന് പറയുകയും ചെയ്തു.' (മുസനദ് അഹ്മദ്, വാള്യം 4, പേജ് 4-11, പ്രസാധനം: ബെയ്റുത്ത്)

ഇതിനു പുറമെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന വലിയ വലിയ പരീക്ഷണങ്ങളിൽ നബി(സ)തിരുമേനിയുടേയും അദ്ദേഹത്തിന്റെ സ്വഹാബാക്കളുടേയും ജീവൻ അപകടത്തിലായപ്പോഴും ആ പുണ്യാത്മാവ് തൗഹീദിന്റെ സംരക്ഷണത്തിൽനിന്ന് അശ്രദ്ധനായില്ല. മറിച്ച് ആ ദിവ്യാത്മാവിൽ തൗഹീദിനോടുള്ള സ്നേഹം പരിപൂർണമായ നിലയിൽ പ്രകടമായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. 'ഹദ്റത്ത് ബറാഅ്(റ) നിവേദനം ചെയ്യുന്നു: 'നബി(സ)തിരുമേനി ഉഹുദ് ദിവസം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ(റ)ന്റെ നേതൃത്വത്തിൽ കരസേനയിൽ 50 ആളുകളെ നിയോഗിക്കുകയും അവർക്ക് ഇങ്ങനെ എനിർദേശം നല്കുകയും ചെയ്തു: 'ഞങ്ങളെ മൃഗങ്ങൾ കടിച്ചുവലിച്ചുകൊണ്ടുപോകുന്നതുകണ്ടാലും, ഞങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തിയെന്നും അവരെ കീഴ്പ്പെടുത്തിയെന്നും അറിഞ്ഞാലും ഞാൻ കല്പിക്കാത്തിടത്തോളം നിങ്ങൾ ഈ സ്ഥലത്തുനിന്ന് നീങ്ങിപോവരുത്.' അതിനുശേഷം യുദ്ധം ആരംഭിക്കുകയും മുസ്‌ലിമീങ്ങൾ സത്യനിഷേധികളെ പരാജയപ്പെടുത്തുകയും ചെയ്തത് കണ്ടപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്ർ(റ)ന്റെ കൂട്ടുകാർ, 'ജനങ്ങളേ! യുദ്ധമുതലിന്റെ സമയമാണ്, നമ്മളുടെ കൂട്ടുകാർ വിജയിച്ചിരിക്കുന്നു. ഇനി എന്താണ് നമുക്ക് കാത്തുനില്ക്കാനുള്ളതെന്ന് പറയുകയും ചെയ്തു. ഇതുകേട്ടപ്പോൾ നിങ്ങൾ നബി(സ)തിരുമേനിയുടെ കല്പന മറന്നുപോയോയെന്ന് ഹദ്റത്ത് ജുബയ്ർ(റ) ചോദിച്ചു. അതിന് അവർ മറുപടി പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങളും മറ്റു സൈന്യത്തോടൊപ്പം യുദ്ധമുതൽ കരസ്ഥമാക്കുന്നതാണ്.' സൈന്യത്തോടൊപ്പം വന്നുചേർന്നപ്പോൾ അവരുടെ മുഖം തിരിക്കുകയും പരാജയപ്പെട്ട് ഓടിപ്പോവുകയും ചെയ്തു. ഇതിനെ സംബന്ധിച്ചാണ്, 'നിങ്ങളെ നബി(സ)തിരുമേനി പിന്നിൽനിന്ന് വിളിച്ചപ്പോൾ' എന്ന വിശുദ്ധഖുർആനിലെ ആയത്ത് അവതരിച്ചത്. ആ സമയത്ത് നബി(സ)തിരുമേനിയുടെ അടുത്ത് 12 പേർ മാത്രമാണുണ്ടായിരുന്നത്. അങ്ങനെ സത്യനിഷേധികൾ നമ്മുടെ 70 ആളുകളെ വധിച്ചു. നബി(സ)തിരുമേനിയും സ്വഹാബാക്കളും ബദ്ർ യുദ്ധത്തിൽ സത്യനിഷേധികളുടെ 140 പേരെ വധിച്ചിരുന്നു. എന്നാൽ, ഉഹുദ് യുദ്ധത്തിൽ 70 മുസ്‌ലിമീങ്ങളെ അവർ വധിക്കുകയും 70 പേരെ തടവിലാക്കുകയും ചെയ്തു.

ചുരുക്കത്തിൽ സൈന്യം ചിന്നിച്ചിതറുകയും നബി(സ)തിരുമേനിയുടെ അടുത്ത് ചെറിയ സംഘം മാത്രം അവശേഷിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ 'നിങ്ങളിൽ മുഹമ്മദ്(സ) ജീവിച്ചിരിപ്പുണ്ടോ' എന്ന് അബു സുഫ്‌യാൻ ചോദിച്ചു. ഇക്കാര്യം മൂന്നു പ്രാവശ്യം ആവർത്തിച്ചു. എന്നാൽ, മറുപടി പറയാൻ നബി(സ)തിരുമേനി അവരെ വിലക്കിയിരുന്നു. അതിനുശേഷം നിങ്ങളിൽ അബു ഖുഹാഫയുടെ മകൻ (ഹദ്റത്ത് അബൂബക്ർ) ഉണ്ടോയെന്ന് മൂന്ന് പ്രാവശ്യം ഉച്ചത്തിൽ ചോദിച്ചു. അതിനും മറുപടി പറഞ്ഞില്ല. പിന്നീട് നിങ്ങളിൽ ഇബ്നു ഖത്വാബ് -ഹദ്റത്ത് ഉമർ(റ)-ജീവിച്ചിരിപ്പുണ്ടോയെന്ന് മൂന്ന് പ്രാവശ്യം ഉച്ചത്തിൽ ചോദിച്ചു. എന്നിട്ടും മറുപടി കിട്ടാതായപ്പോൾ തന്റെ കൂട്ടുകാരുടെ ഭാഗത്തേക്ക് തിരിഞ്ഞുകൊണ്ട് ഇവരൊക്കെ മരിച്ചിരിക്കുന്നുവെന്ന് അബൂസുഫ്‌യാൻ പ്രഖ്യാപിച്ചു. ഇക്കാര്യം ഹദ്റത്ത് ഉമർ(റ)കേട്ടപ്പോൾ 'അല്ലയോ അല്ലാഹുവിന്റെ ശത്രു! നീ കള്ളം പറഞ്ഞിരിക്കുന്നു. നീ ആരുടെ പേരാണോ വിളിച്ചിട്ടുള്ളത് അവരെല്ലാവരും ജീവിച്ചിരിപ്പുണ്ട്. നീ ഇഷ്ടപ്പെടാത്ത കാര്യം ഇപ്പോഴും ബാക്കിയുണ്ട്' എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു: 'ഇന്നത്തെ ദിവസം ബദ്റിന് പകരമായി നിങ്ങളുടെ വധിക്കപ്പെട്ട ചിലരെ ഞങ്ങൾ അവരുടെ മൂക്കും ചെവിയും ഛേദിച്ച് വികൃതമാക്കിയ നിലയിൽ നിങ്ങൾ കാണും. ഞാൻ ഇതിനു കല്പന നൽകിയിട്ടില്ല. എന്നാൽ ഞാൻ ഇത് ഇഷ്ടപെടാതിരുന്നിട്ടുമില്ല. പിന്നീട് അഭിമാനത്തോടെ വളരെ ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു: ഉഅ്‌ലു ഹുബൽ, ഉഅ്‌ലു ഹുബൽ അതായത് ഏ ഹുബൽ(ബിംബമേ)!നിന്റെ പദവി ഉയരട്ടെ, ഹുബൽ നിന്റെ പദവി ഉയരട്ടെ എന്ന് വിളിച്ചു പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി നിങ്ങളെന്തുകൊണ്ട് മറുപടി നല്കുന്നില്ലെന്ന് ചോദിച്ചു. 'അല്ലയോ റസൂലേ!ഞങ്ങൾ എന്താണ് മറുപടി നല്കേണ്ടതെന്ന് സ്വഹാബത്ത് ചോദിച്ചു.' നബി(സ)തിരുമേനി പറഞ്ഞു, അല്ലാഹു അഅ്‌ലാ വ അജ്ൽ അല്ലാഹുതന്നെയാണ് അത്യുന്നതനും അതിശ്രേഷ്ഠനും. അബൂസുഫ്‌യാൻ ഇതുകേട്ടിട്ട് പറഞ്ഞു: 'ഞങ്ങളുടെ ഒരു ബിംബം ഉസ്സയാണ്. നിങ്ങൾക്കൊരു ഉസ്സയുമില്ല.' നബി(സ)തിരുമേനി പറഞ്ഞു: പറയുക, അല്ലാഹു മൗലാനാ വലാ മൗലാലകും. അതായത് അല്ലാഹു ഞങ്ങളുടെ സ്നേഹിതനും വേണ്ടുംപ്രകാരം കാര്യങ്ങൾ നിയന്ത്രിക്കുന്നവനുമാണ്.(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ്)

ഹദ്റത്ത് അബ്ദുല്ലാഹു ബിൻ ഉമർ(റ) നിവേദനം. നബി(സ)തിരുമേനി മിമ്പറിൽ കയറി ഈ ആയത്ത് ഓതി ഖുത്വ്ബ കൊടുത്തു: 'അവൻ ആകാശത്തെ തന്റെ വലംകൈകൊണ്ട് ചുരുട്ടിപിടിച്ചിരിക്കുന്നു. അവൻ പരിശുദ്ധനും ഇവർ പങ്കുചേർക്കുന്നതിൽനിന്ന് ഉന്നതനുമാണ്.' പിന്നീട് നബി(സ)തിരുമേനി പറഞ്ഞു. അല്ലാഹു പറയുന്നു: 'ഞാൻ സർവശക്തുമാനും നഷ്ടത്തെ നീക്കിക്കളയുന്നവനുമാണ്. മഹത്ത്വം എനിക്കുള്ളതാണ്.' നബി(സ)തിരുമേനി ഈ വചനങ്ങൾ വളരെ ആവേശത്തോടുകൂടി ആവർത്തിച്ചു. ഇങ്ങേയറ്റം മിമ്പർ പ്രകമ്പനം കൊള്ളുകയും മിമ്പർ വീണുപോകുമോയെന്നുപോലും ഞങ്ങൾക്ക് തോന്നിപോയി. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2, പേജ് 88)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിക്ക്, ബഹുദൈവാരാധനയുടേയും ബിംബാരാധനയുടേയും അന്ധകാര നിബിഢമായ കാലഘട്ടത്തിൽ തൗഹീദിന്റെ സംസ്ഥാപനത്തിനുള്ള അതിമഹത്തായ പ്രവർത്തനം ചെയ്യേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു ആരംഭത്തിൽത്തന്നെ അല്ലാഹു നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ തൗഹീദിനോടുള്ള സ്നേഹവും ബിംബാരാധനയോടുള്ള വെറുപ്പും നിക്ഷേപിച്ചിരുന്നു. തന്റെ പ്രത്യേക ഉദ്ദേശ്യത്തോടെ നബി(സ)തിരുമേനിയെ എല്ലാവിധ ശിർക്കിൽനിന്നും സംരക്ഷിക്കുകയുണ്ടായി.

നബി(സ)തിരുമേനിയുടെ പോറ്റുമ്മ ഉമ്മു അയ്മൻ വിവരിക്കുന്നു:'ബുവാന' എന്നൊരു ബിംബമുണ്ടായിരുന്നു. ഖുറയ്ശികൾ ഇതിനെ വളരെ ആദരിക്കുകയും അതിന്റെയടുത്തുപോയി ബലിയിടുകയും വർഷത്തിൽ ഒരു ദിവസം അവിടെ ഭജനമിരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അബുത്വാലിബ് തന്റെ സമുദായത്തോടൊപ്പം അവിടെ പോവുകയും നബി(സ) തിരുമേനിയെ കൂടെ കൊണ്ടുപോകാൻ ആഗ്രഹിക്കും എന്നാൽ, നബി(സ)തിരുമേനി അത് നിഷേധിക്കും. ചിലപ്പോൾ നബി(സ)തിരുമേനിയുടെ പിതൃസഹോദരിയും അബുത്വാലിബും ആ ദിവ്യാത്മാവിനോടു കോപിക്കുകവരെ ഉണ്ടായിട്ടുണ്ട്. നബി(സ)തിരുമേനി ബിംബത്തെ കാണുമ്പോൾ തനിക്ക് പേടിയാവുന്നുവെന്നു പറയുമായിരുന്നു.

ഒരിക്കൽ പിതൃസഹോദരിയുടെ നിർബന്ധത്താൽ നബി(സ)തിരുമേനി അവിടെ പോവുകയുണ്ടായി. എന്നാൽ, വളരെ ഭയന്ന് തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു: 'ഞാൻ അവിടെ ഒരു അത്ഭുതകാഴ്ച കണ്ടു.' പിതൃസഹോദരി പറഞ്ഞു: 'ഈ നല്ല മനുഷ്യനെ പിശാച് ബാധിക്കുകയില്ല.' എന്താണ് കണ്ടതെന്ന് അവർ ചോദിച്ചു. നബി(സ) പറഞ്ഞു: 'ഞാൻ ബിംബത്തിന്റെയടുത്ത് പോവുമ്പോൾ വെള്ളനിറത്തിലുള്ള വലിയ പൊക്കമുള്ള ഒരാൾ വന്ന്, ഏ മുഹമ്മദേ!(സ) പിന്നിൽ നിൽക്കുക. ആ ബിംബത്തെ തൊടരുതെന്ന് ഉച്ചത്തിൽ പറയുന്നതുകേട്ടു.' പിന്നീട് പിതൃസഹോദരിമാർ ബിംബത്തിന്റെയടുത്ത് പോവുന്നതിന് നിർബന്ധിക്കാറില്ല. അല്ലാഹു എന്നെന്നേക്കുമായി നബി(സ)തിരുമേനിയെ ഇത്തരത്തിലുള്ള ബഹുദൈവാരാധനപരമായ ആചാരങ്ങളിൽനിന്ന് സംരക്ഷിക്കുകയുണ്ടായി. (ദലായിലുൽ നുബുവ്വത്തി ലിൽബയ്ഹഖി, വാള്യം 2, പേജ് 26-29, പ്രസാധനം ബെയ്റുത്ത്)

അല്ലാഹുവിനോടുള്ള നബി(സ)തിരുമേനിയുടെ പ്രേമത്തിന്റെ പ്രകടനം അവിടന്ന് ദൈവകല്പന പാലിച്ചിരുന്നതിലൂടേയും വെളിവാകുന്നുണ്ട്. അല്ലാഹുവിന്റെ കല്പന ലഭിക്കുന്നതുവരെ നബി(സ)തിരുമേനി മക്കയിൽനിന്ന് പുറപ്പെട്ടില്ല. ഹദ്റത്ത് ആഇശാ(റ) പറയുന്നു: 'ഞങ്ങൾ ഒരു ദിവസം ഉച്ചനേരത്ത് വീട്ടിലിരിക്കുകയായിരുന്നു. അപ്പോൾ റനബി(സ)തിരുമേനി വീട്ടിൽ വന്നു. തലേക്കെട്ടുണ്ടായിരുന്നു. ആ നേരത്ത് നബി(സ)തിരുമേനി ഒരിക്കലും വീട്ടിൽ വരാറില്ലായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. ഈ നേരത്ത് അങ്ങ് എന്തെങ്കിലും പ്രധാനകാര്യത്തിന് വന്നതായിരിക്കും.' ഹദ്റത്ത് ആഇശാ(റ) പറയുന്നു: നബി(സ)തിരുമേനി അനുവാദം ചോദിച്ചു. അനുവാദം കിട്ടിയപ്പോൾ വീട്ടിൽ കയറി. എന്നിട്ട് പറഞ്ഞു: 'ആരാണോ ഇരിക്കുന്നത് അവരെ എഴുന്നേല്പിക്കുക. അബൂബക്ർ(റ) പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! അവർ അങ്ങയുടെ കുടുംബക്കാരാണ്.' നബി(സ) തിരുമേനി പറഞ്ഞു: 'എനിക്ക് ഹിജ്റത്ത് ചെയ്യാനുള്ള കല്പന ലഭിച്ചിരിക്കുന്നു.' ഇതുകേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'എനിക്കും അങ്ങയുടെ കൂടെ സഹവാസത്തിന് ഭാഗ്യം ലഭിക്കുമോ?' നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ചുകൊണ്ട് അനുവാദം നൽകി.' (ബുഖാരി കിതാബുൽമനാഖിബ്, ബാബ് ഹിജ്റത്തുന്നബി)

അല്ലാഹുവിന്റെ കല്പന കിട്ടുന്നതുവരെ നബി(സ)തിരുമേനി മക്കയിൽനിന്ന് പുറപ്പെട്ടില്ലെന്നും അല്ലാഹുവിന്റെ കല്പനയില്ലാതെ ഒരു പ്രവൃത്തിയും ചെയ്യുകയില്ലെന്ന കാര്യത്തിൽ അവസാനം സമയംവരെ ഉറച്ചുനിന്നുവെന്നും ഈ സംഭവത്തിൽനിന്ന് മനസ്സിലാകുന്നു.

പ്രേമഭാജനത്തോടുള്ള സ്നേഹപ്രകടനത്തിന്റെ ഒരു അടയാളം പ്രേമഭാജനത്തോടുള്ള ഭയവും പേടിയും സ്നേഹത്തോടൊപ്പം

ജീവന് ബുദ്ധിമുട്ടുണ്ടാകാറുണ്ടെന്നതുമാണ്. ഭയത്തിന്റെ ഹൃദയഹാരിയായ ഈ ഭാഗവും അസൂയ ഉളവാക്കുന്നതാണെന്ന് മനസ്സിലാകുന്നു. ഇതിന്റെ ഉദാഹരണം ബദ്ർ യുദ്ധത്തിൽ കാണാൻ സാധിച്ചു. ബദ്ർ യുദ്ധാവസരത്തിൽ നബി(സ)തിരുമേനി ജീവൻ ബലിയർപ്പിക്കാൻ തയ്യാറായ സ്വഹാബത്തിനേയും കൂട്ടി ശത്രുക്കൾക്കെതിരിൽ നിൽക്കുകയായിരുന്നു. ദൈവികസഹായത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിരുന്നു. സത്യനിഷേധികൾ തങ്ങളുടെ ചുവടുകൾ ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടി ആ പ്രദേശത്ത് ക്യാമ്പ് കെട്ടി. മുസ്‌ലിമങ്ങൾക്കു അവർ ഉപേക്ഷിച്ചുപോയ മൺപ്രദേശമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, അല്ലാഹു മഴ വർഷിച്ചുകൊണ്ട് നിഷേധികളുടെ ടെന്റിൽ ചെളി നിറയുകയും മുസ്‌ലിമീങ്ങളുടെ സ്ഥലം ഉറപ്പുള്ളതായിതീരുകയും, ഇപ്രകാരം മറ്റുപല ദൈവിക സഹായങ്ങളും പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ, ഇതൊക്കെയായിരുന്നിട്ടും അല്ലാഹുവിനോടുള്ള ഭയം എത്രമാത്രം പൊങ്ങിനിന്നിരുന്നുവെന്നാൽ എല്ലാ വാഗ്ദാനങ്ങളും അടയാളങ്ങളും ഉണ്ടായിട്ടും അവന്റെ സ്വാശ്രയത്വം മനസ്സിലാക്കിക്കൊണ്ട് ഭയപ്പെട്ടുകൊണ്ടിരിക്കുകയും മുസ്‌ലിമീങ്ങൾക്ക് വിജയം നൽകേണമേയെന്ന് അസ്വസ്ഥനായി അവന്റെ സന്നിധിയിൽ ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഇപ്രകാരം ദുആ ചെയ്യുകയും താണുകേണുള്ള ആ അവസ്ഥയിൽ അദ്ദേഹത്തിന്റെ ഷാൾ ചുമലിൽനിന്ന് വീണുകൊണ്ടിരിക്കുകയും ചെയ്തിരുന്നു:

**അല്ലാഹുമ്മ ഇന്നീ അൻശദു അഹ്ദക്ക വ വഅ്ദക്ക അല്ലാഹുമ്മ ഇന്ന തഹ്‌ലിക്ക ഹാദിഹിൽ ഇസ്വാബത്ത മിൻ അഹ്‌മലിൽ ഇസ്ലാമി ലാ തുഅ്ബുദു ഫിൽഅർളി** (താരിഖ് ത്വിബ്‌രി)

എന്റെ അല്ലാഹുവേ! നിന്റെ വാഗ്ദാനത്തേയും നിന്റെ സഹായത്തേയും പൂർത്തിയാക്കിയാലും. അല്ലാഹുവേ മുസ്‌ലിമീങ്ങളുടെ ഈ ജമാഅത്ത് ഇന്ന് നശിപ്പിക്കപ്പെടുകയാണെങ്കിൽ ഭൂലോകത്ത് നിന്നെ ആരാധിക്കുന്നവരായി ആരുംതന്നെ ഉണ്ടാവുകയില്ല. അന്നേരം നബി(സ)തിരുമേനി വളരെയധികം ദുഃഖാവസ്ഥയിലായിരുന്നു. അതിന്റെ ഫലമായി നബി(സ)തിരുമേനി ചിലപ്പോൾ സുജൂദ് ചെയ്യുകയും ചിലപ്പോൾ നിന്നുകൊണ്ടും അല്ലാഹുവിനെ വിളിച്ച് പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. നബി(സ)തിരുമേനി(സ)യുടെ ഷാൾ ചുമലിൽനിന്ന് വീണുകൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് അലി(റ) പറയുന്നു: 'ഞാൻ യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ നബി(സ)തിരുമേനിയെ കുറിച്ചുള്ള ചിന്ത വരികയും ഞാൻ ഓടി അവിടെ എത്തുമ്പോൾ ആ പുണ്യാത്മാവിനെ സുജൂദിന്റെ അവസ്ഥയിൽ കാണുകയും ചെയ്യും. അദ്ദേഹം യാ ഹയ്യു യാ ഖയ്യൂം എന്നു ഉരുവിട്ടുകൊണ്ടിരിക്കുന്നുണ്ടാകും. ഹദ്റത്ത് അബൂബക്ർ(റ) സ്നേഹവേശത്താൽ നബി(സ)തിരുമേനിയുടെ ഈ അവസ്ഥ കണ്ട് അസ്വസ്ഥനാവുകയും എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്തു: 'അല്ലയോ അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. അങ്ങ് ഭയപ്പെടരുത്. അല്ലാഹു തീർച്ചയായും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതാണ്.' എന്നാൽ, 'ഹർകെ ആരിഫ് തറാസത്ത് തർസാൻ തർ' എന്ന പഴമൊഴിയനുസരിച്ച് തുടർച്ചയായി നബി(സ)തിരുമേനി ദുആയിലും കേണപേക്ഷയിലും മുഴുകിക്കൊണ്ടിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ നമുക്ക് മനസ്സിലാകാത്ത എന്തെങ്കിലും രഹസ്യങ്ങൾ ഉണ്ടാവുകയും അതുകാരണം ദൈവികവിധി മാറ്റിമറിക്കപ്പെടുമോയെന്നുള്ള ഭയമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നത്. (സ്വഹീഹ് ബുഖാരി, കിതാബു ജിഹാദ്)

ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ ദൈവസ്നേഹത്തിന്റെ തിളക്കം കണ്ടിട്ട് 'മുഹമ്മദ് തന്റെ റബ്ബിൽ ഉമ്മത്തനായിരിക്കുന്നു'വെന്ന് മക്കക്കാർ പ്രചരിപ്പിക്കാൻ തുടങ്ങി. നബി(സ)തിരുമേനി തന്റെ റബ്ബിൽ അനുരക്തനായിരിക്കുന്നുവെന്ന കാര്യത്തിൽ എന്ത് സംശയമാണുള്ളത്. നബി(സ)തിരുമേനിയുടെ സ്നേഹപ്രകടനം നമസ്കാരത്തിലും ആരാധനയിലും ദുആയിലും ദൈവസ്മരണയിലും എല്ലാറ്റിലും നല്ലപോലെ പ്രകടമായിരുന്നു. നബി(സ)തിരുമേനിയുടെ ദൈവസ്നേഹത്തിന്റെ അവസ്ഥ എത്രമാത്രമാണെന്നുവെച്ചാൽ ഹദ്റത്ത് ദാവൂദ്(അ)ന്റെ ദുആ വളരെ ഉത്സാഹത്തോടുകൂടി തന്റെ ദുആയോടൊപ്പം ചേർക്കുമായിരുന്നു. **അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഹുബ്ബക്ക വ ഹുബ്ബ മൻ യുഹിബ്ബുക്ക വൽ അമലല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക അല്ലാഹമ്മജ്അൽ ഹുബ്ബക്ക അഹബ്ബ ഇലയ്യ മിൻ നഫ്സീ വ മാലീ വ അഹ്‌ലീ വമിനൽമാഇൽ ബാരിദ്**

അല്ലാഹുവേ ഞാൻ നിന്റെ സ്നേഹത്തെ ചോദിക്കുന്നു. നിന്നോട് സ്നേഹം കാണിക്കുന്നവരുടെ സ്നേഹത്തേയും (ഞാൻ ചോദിക്കുന്നു). നിന്റെ സ്നേഹത്തിൽ എത്തിക്കുന്ന പ്രവൃത്തികൾ ചെയ്യാനുള്ള തൗഫീഖ് ചോദിക്കുകയും ചെയ്യുന്നു. അല്ലാഹുവേ എന്റെ ആത്മാവിനോടുള്ള സ്നേഹത്തേക്കാളും എന്റെ ധനത്തോടുള്ള സ്നേഹത്തേക്കാളും എന്റെ കുടുംബത്തോടുള്ള സ്നേഹത്തേക്കാളും തണുത്ത വെള്ളത്തിനോടുള്ള സ്നേഹത്തേക്കാളും കൂടുതലായി നിന്നോട്ടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ ഇട്ടുതരേണമേ. (തിർമുദി കിതാബുദ്ദഅ്വത്ത, ഹദീഥ് 3412)

എന്നാൽ, നബി(സ)തിരുമേനി ദൈവസ്നേഹത്തെക്കുറിച്ചുള്ള ദുആ നമുക്ക് പഠിപ്പിച്ചുതന്നത് അത് ഹദ്റത്ത് ദാവൂദ്(അ)ന്റെ ദുആയേക്കാളും ഉന്നതവും മഹത്ത്വവുമുള്ളതുമാണ്. നബി(സ)തിരുമേനി തന്റെ യജമാനന്റെ സന്നിധിയിൽ അപേക്ഷിക്കുന്നു: **അല്ലാഹുമ്മർസുഖ്നീ ഹുബ്ബക്ക വ ഹുബ്ബ മൻ യൻഫഉനീ ഹുബ്ബഹു ഇൻദക്ക അല്ലാഹുമ്മ മാ റസഖ്തനീ മിമ്മാ ഉഹിബ്ബു ഫജ്അൽഹു ഖുവ്വത്തൻല്ലീ ഫീമാ തുഹിബ്ബു വമാ സവയ്ത്ത അന്നീ മിമ്മാ ഉഹിബ്ബു ഫജ്അൽഹു ഫറാഗൻ ല്ലീ ഫീമാ തുഹിബ്ബു**

അല്ലാഹുവേ, നീ എനിക്ക് നിന്റെ സ്നേഹം നൽകേണമേ. ഏതൊരു സ്നേഹം നിന്റെ സന്നിധിയിൽ എനിക്ക് പ്രയോജനപ്രദമാകുന്നുവോ ആ സ്നേഹം എനിക്ക് നൽകേണമേ. അല്ലാഹുവേ എനിക്ക് നൽകിയിട്ടുള്ള എന്റെ ഇഷ്ടമുള്ള വസ്തുക്കളെ എന്റെ പ്രേമഭാജനത്തിന്റെ സ്നേഹം കരസ്ഥമാക്കാനുള്ള നിമിത്തമാക്കി മാറ്റേണമേ. നിന്നെ അകറ്റുന്ന എന്റെ ഇഷ്ടമുള്ള വസ്തുക്കൾക്ക് പകരം നിന്റെ സ്നേഹം കരസ്ഥമാക്കുന്ന കാര്യങ്ങൾ എനിക്ക് നൽകേമേ.' (തിർമിദി കിതാബ് ദഅ്വത്ത്)

**മരണത്തിനുമുമ്പേയുള്ള അവസാനത്തെ ആഗ്രഹം:**

നബി(സ)തിരുമേനിയുടെ തൗഹീദ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അവസാനത്തെ ആശയും ആഗ്രഹവും ഇതായിരുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു.

**അല്ലാഹുമ്മ ലാ തജ്അൽ ഖബ്‌രീ വഥ്നൻ 'അല്ലാഹുവേ!എന്റെ ഖബ്റിനെ ബിംബാരാധനയുടെ ഇടമാക്കി മാറ്റരുതേ.'**(മുസ്നദ് അഹ്‌മദ് വാള്യം 2, പേജ് 246)

നോക്കുക! ഏകദൈവവിശ്വാസിയായ തന്റെ ദാസന്റെ തൗഹീദിനോടുള്ള അഭിമാനത്തെ അല്ലാഹു എങ്ങനെയാണ് മാനിച്ചത്. ഏകദൈവവിശ്വാസിയുടെ രാജാവിന്റെ അനുഗൃഹീത ഖബ്ർ എല്ലാവിധ ശിർക്കിന്റെ മാലിന്യങ്ങളിൽനിന്നും ഖബ്റാരാധനയിൽനിന്നും പരിശുദ്ധമാക്കി. അല്ലാഹു നമ്മളേവരുടേയും ഹൃദയത്തെ ദൈവസ്നേഹത്തിന്റെ വെളിച്ചംകൊണ്ട് പ്രകാശമയമാക്കുകയും നമ്മുടെ ഹൃദയത്തെ അല്ലാഹുവിനോടുള്ള ഭയത്താലും സ്നേഹത്താലും നിറയ്ക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം:**
**നബി(സ)തിരുമേനി പറയുന്നത് അദ്ദേഹം കേട്ടു:**
**'നിശ്ചയം, കരിഞ്ചീരകത്തിൽ മരണമൊഴികെ മറ്റെല്ലാ രോഗങ്ങൾക്കും ശമനമുണ്ട്.'(മുസ്‌ലിം, ഹദീഥ് 1473)**

ത്വാലിബെ ദുആ:
**K.Muhammad Shareef &Family,**
**Ahmadiyya Jama-ath Vaniyambalam, Kerala**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഉബാദതുബ്നുസ്സാമിത്തിൽനിന്ന് നിവേദനം.**
**നബി(സ)തിരുമേനി പറഞ്ഞു: 'സത്യവിശ്വാസിയുടെ സ്വപ്നം പ്രവാചകത്വത്തിന്റെ നാൽപത്താറു ഭാഗങ്ങളിൽ ഒന്നാണ്.'**
**(മുസ്‌ലിം, ഹദീഥ് 1519)**

ത്വാലിബെ ദുആ:
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

# ദൈവാസ്തിക്യം;
# ദുആ സ്വീകാര്യതയുടെ ദർപ്പണത്തിൽ

**സയ്യിദ് കലീമുദ്ദീൻ അഹ്മദ് ഖാളീ സിൽസിയ**
**വിവർത്തനം: മൗലവി മുഹമ്മദ് മൻസിൽ**

**വ ഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദായി ഇദാ ദആനി ഫൽയസ്ത്തജീബൂലി വൽയുഅ്മിനൂ ബി ലഅല്ലഹും യർശുദൂൻ**(2:187)

(ഏ റസൂൽ) എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്നപക്ഷം, (പറയുക), 'നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കും. അതുകൊണ്ട് അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ.

അല്ലാഹുവിന്റെ ഒരു വിശേഷഗുണം 'മുജീബ്' എന്നാകുന്നു. അതനുസരിച്ച് അവൻ തന്റെ ദാസരുടെ വിളി കേൾക്കുകയും ദുആ സ്വീകാരത്തിലൂടെ തന്റെ അസ്തിത്വത്തിനുള്ള തെളിവ് നൽകുകയും ചെയ്യുന്നു. ഒരു ഭാഗത്ത് അല്ലാഹു നിർബന്ധിതരുടെയും വിവശരുടെയും നിരാശ്രയരുടെയും വ്യാകുലരുടെയും ദുആകൾ കേട്ട് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. മറുഭാഗത്ത് തന്റെ പ്രത്യേകമായ കാരുണ്യം മുഖേന ദൈവനിയുക്തർക്ക് ദുആ സ്വീകാര്യതയുടെ അത്ഭുതാടയാളം നൽകുന്നു. ഇപ്രകാരം അല്ലാഹു തന്റെ അസ്തിത്വം പ്രകടിപ്പിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ സ്വീകാര്യതയെ ദൈവാസ്തിക്യത്തിന്റെ അതിമഹത്തായ അടയാളത്തനുള്ള തെളിവായി സമർപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഒരുപാട് സ്ഥലത്ത് പലരീതിയിൽ നമുക്കിത് കാണാൻ കഴിയും. അദ്ദേഹം പറയുന്നു:

"പ്രാർഥനയുടെ ഫലമായി ദൈവത്തിന്റെ ശ്രദ്ധ ആവേശം കൊള്ളുകയും മനഃസമാധാനവും സ്വസ്ഥതയും സന്തോഷാവസ്ഥയും ലഭ്യമാവുകയും ചെയ്യുന്നുവെന്നത് പുരാതന കാലം മുതൽക്കേയുള്ള ദൈവത്തിന്റെ ഒരു ആത്മീയമായ പ്രകൃതിനിയമമാണതിനുള്ള ആശ്വാസദായകമായ തെളിവല്ലേ. ഒരു ലക്ഷ്യത്തിന്റെ തേട്ടത്തിൽ, നമ്മൾ തെറ്റിലല്ലെങ്കിൽ ആ ലക്ഷ്യം കരസ്ഥമാകുന്നു. തന്റെ മാതാവിനോട് പാമ്പോ തീക്കനലോ ആവശ്യപ്പെടുന്ന നിഷ്കളങ്കനായ കുട്ടിയെപോലെ തങ്ങളുടെ പ്രാർഥനയിലും ആവശ്യം ചോദിക്കുന്നതിലും നമ്മൾ തെറ്റായ വഴിയിലാണെങ്കിൽ ദൈവം നമുക്ക് അതു തരാതെ അതിനെക്കാൾ ഉത്തമമായിട്ടുള്ളത് നല്കുന്നതാണ്. കൂടാതെ രണ്ട് രീതിയിൽ നമ്മുടെ വിശ്വാസത്തിന് അഭിവൃദ്ധി നൽകുന്നതുമാണ്. എന്തുകൊണ്ടെന്നാൽ ദുആ മുഖേന കാലേക്കൂട്ടി നമുക്ക് ദൈവത്തിൽനിന്ന് അറിവ് ലഭ്യമാവുകയും നമ്മൾ ദൈവത്തെ കാണുന്നതുപോലുള്ള വിശ്വാസം വർധിക്കുകയും ചെയ്യുന്നു. മനുഷ്യനുണ്ടായകാലം മുതൽ തുടർന്നുകൊണ്ടേപോവുന്ന ഒരു ബന്ധം പ്രാർഥനയിലും അതിന്റെ സ്വീകാര്യതയിലുമുണ്ട്. ദൈവത്തിന്റെ ഉദ്ദേശ്യം ഏതെങ്കിലും ഒരു കാലത്തേക്ക് തിരിയുമ്പോൾ അവന്റെ ഒരു ആത്മാർഥ ദാസൻ അസ്വസ്ഥതയോടും ദുഃഖത്തോടും ആധിയോടുംകൂടി ദുആയിൽ മുഴുകുകയും തന്റെ മുഴുവൻ കരുത്തും മുഴുവൻ ശ്രദ്ധയും ആ കാര്യസാധ്യത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നു എന്നത് അവന്റെ ചര്യയിൽപെട്ട കാര്യമാകുന്നു. അപ്പോൾ ദൈവത്തിൽ വിലയം പ്രാപിച്ച ആ പുരുഷന്റെ പ്രാർഥനകൾ ആകാശത്തിൽനിന്ന് ദൈവികാനുഗ്രഹങ്ങൾ വലിച്ചെടുക്കുകയും പ്രവൃത്തികൾ എളുപ്പമാവുന്നതിനായിട്ടുള്ള ഹേതുക്കൾ ദൈവം ഒരുക്കുകയും ചെയ്യുന്നു. ഈ ദുആ ബാഹ്യലോകത്ത് മനുഷ്യകരങ്ങളാൽ സംഭവിക്കുന്നതാണെങ്കിലും യഥാർഥത്തിൽ ആ മനുഷ്യൻ ദൈവത്തിൽ വിലയം പ്രാപിച്ചവനായിരിക്കും. ദൈവികസവിധത്തിൽ വിലയനത്തിന്റെ പാദങ്ങളുമായിട്ടായിരിക്കും ദുആ ചെയ്യുന്ന നേരത്ത് അവൻ വരിക. അന്നേരം ആ കൈകൾ അയാളുടെ കൈകളായിരിക്കില്ല. മറിച്ച് ദൈവത്തിന്റെ കൈകളായിരിക്കും. ഈ ദുആയിലാണ് ദൈവം തിരിച്ചറിയപ്പെടുന്നത്. അങ്ങനെ ആയിരക്കണക്കിന് മറകൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന ആ പ്രതാപവാന്റെ അസ്തിത്വം തിരിച്ചറിയപ്പെടുന്നതായിരിക്കും." (അയ്യാമുസ്സുൽഹ് റൂഹാനീ ഖസാഇൻ, വാള്യം 14, പേജ് 238)

വീണ്ടും പറയുന്നു: "ദുആ നിരർഥവും അയുക്തികവുമായ കാര്യമാണെന്ന് ഭോഷന്മാർ കരുതുന്നു. എന്നാൽ, ദുആ ഒന്നുകൊണ്ടു മാത്രമാണ് പ്രതാപവാനായ അല്ലാഹു, തന്നെ അന്വേഷിക്കുന്നവരുടെമേൽ തന്റെ ശ്രേയസ്സ് വെളിപ്പെടുത്തുന്നതും 'അനൽഖാദിർ' എന്ന ബോധനം അവരുടെ ഹൃദയങ്ങളിലിടുന്നതുമെന്ന് അവരറിയുന്നില്ല. ഈ ജീവിതത്തിൽ ആത്മീയപ്രകാശത്തിന്റെ ആവശ്യക്കാർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസം പ്രദാനം ചെയ്യാനും എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിച്ച് കൊടുക്കാനുമുള്ള മാർഗ്ഗം ദുആ ഒന്നുമാത്രമാണെന്ന് ദൃഢവിശ്വാസത്തിന്റെ വിശപ്പും ദാഹവുമുള്ള ഓരോരുത്തരും ഓർത്തുകൊള്ളട്ടെ." (അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ, വാള്യം 14, പേജ് 239)

വീണ്ടും പറയുന്നു: 'അല്ലാഹു തആല വിശുദ്ധ ഖുർആനിൽ ഒരിടത്ത് തന്നെ തിരിച്ചറിയുന്നതിനുള്ള അടയാളമായി പറഞ്ഞിരിക്കുന്നത് വ്യാകുലചിത്തരായി പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുന്നവനാണ് നിങ്ങളുടെ ദൈവം. അവൻ പറയുന്നു: അമ്മൻയ്യുജീബുൽ മുള്ത്വർറ ഇദാ ദആഹു ദൈവം ദുആ സ്വീകാര്യതയെ തന്റെ അസ്തിത്വത്തിനുള്ള അടയാളമാക്കിയിരിക്കുന്നു. അപ്പോൾ പിന്നെ ദുആ ചെയ്യുമ്പോൾ സ്പഷ്ടമായ അടയാളങ്ങൾ ഉണ്ടാവുന്നില്ലെന്നും വെറും ആചാരപരമായ കാര്യമാണെന്നും അതിൽ ആത്മീയത അൽപംപോലുമില്ലെന്നും ബുദ്ധിയും ലജ്ജയുമുള്ള ഒരാൾക്ക് എങ്ങനെയാണ് ഊഹിക്കാൻ സാധിക്കുക? സത്യമായ വിശ്വാസമുള്ള ഒരു വ്യക്തി ഇത്തരം അപമര്യാദ ഒരിക്കലും ചെയ്യുകയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാഹു പറയുന്നു: ഭൂമിയേയും ആകാശത്തേയും പറ്റി ചിന്തിക്കുമ്പോൾ സത്യദൈവം തിരിച്ചറിയപ്പെടുന്നതുപോലെ ദുആ സ്വീകാര്യത കണ്ട് അനുഭവിക്കുന്നതിലൂടെ ദൈവത്തിൽ ദൃഢവിശ്വാസമുണ്ടാകുന്നു. ദുആയിൽ ആത്മീയത ഇല്ലാതിരിക്കുകയും യഥാർഥമായ ദുആയിൽ പ്രത്യേകമായ അനുഗ്രഹം ഇടുകയും ചെയ്യുന്നില്ലെങ്കിൽ ഭൂമിയുടെയും ആകാശത്തിന്റെയും ഭാഗങ്ങളും വസ്തുക്കളും ദൈവത്തെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമാവുന്നതുപോലെ ദുആ ദൈവത്തെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായി എങ്ങനെ മാറാനാണ്? മറിച്ച് ദൈവത്തെ മനസ്സിലാക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗം ദുആയാണെന്നും അവന്റെ അസ്തിത്വത്തിന്റേയും പരിപൂർണ വിശേഷഗുണങ്ങളുടേയും ദൃഢവും പരിപൂർണവുമായ ദൈജ്ഞാനം ദുആയിലൂടെയല്ലാതെ മറ്റൊരു മാർഗ്ഗത്തിലൂടെയും ലഭിക്കുകയില്ലെന്നുമാണ് വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നത്. മനുഷ്യനെ മിന്നൽപ്രകാശംപോലെ അന്ധകാരത്തിന്റെ പടുകുഴിയിൽനിന്ന് വലിച്ചെടുത്തു പ്രകാശത്തിന്റെ വിശാലമായ അന്തരീക്ഷത്തിലേക്ക് കൊണ്ടുവന്ന് ദൈവികസന്നിധിയിൽ നിറുത്തുന്നത് ദുആ മാത്രമാണ്. ദുആ മുഖേന ആയിരക്കണക്കിന് ദുർനടപ്പുകാരും മോശപ്പെട്ടവരും യോഗ്യരും നേർമാർഗികളുമായി മാറുന്നു.' (അയ്യാമുസ്സുൽഹ് റൂഹാനി ഖസാഇൻ, വാള്യം 14, പേജ് 259)

ദൈവാസ്തിക്യം എന്ന ഈ വിഷയം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടേയും അവിടത്തെ ആത്മീയസുതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ മഹാന്മാരായ ഖലീഫമാരുടേയും ദുആ സ്വീകാര്യതയുടെ വിശ്വാസവർദ്ധക സംഭവങ്ങളുടെ വെളിച്ചത്തിൽ സമർപ്പിക്കുകയാണ്. ഇൻശാഅല്ലാഹ്.

നമ്മൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ ചരിത്രവും ഹദീഥുകളും പാരായണം ചെയ്യുമ്പോൾ ദുആ സ്വീകാര്യതയുടെ സംഭവങ്ങൾകൊണ്ട് നമ്മുടെ അത്ഭുതങ്ങൾക്ക് അതിരില്ലാത്തതായി പോകുന്നതായി കാണാം. ഇവിടെ അവയിൽനിന്നുള്ള ഒന്ന് രണ്ട് സംഭവങ്ങൾ മാത്രം സമർപിക്കുകയാണ്.

നബി(സ)തിരുമേനിയുടെ ദുആയുടെ ഫലമായി തന്റെ മാതാവ് ഇസ്ലാം സ്വീകരിച്ച സംഭവം ഹദ്റത്ത് അബു ഹുറയ്റ(റ) വിവരിക്കുന്നു: 'എന്റെ മാതാവ് ബിംബാരാധകയായിരുന്നു. ഞാനവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഞാനവർക്ക് സത്യസന്ദേശമെത്തിച്ചപ്പോൾ അവർ നബി(സ) തിരുമേനിയെ സംബന്ധിച്ച് ഞാനിഷ്ടപ്പെടാത്ത ചില വാക്കുകൾ പറഞ്ഞു. ഞാൻ കരഞ്ഞുകൊണ്ട് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ഞാൻ പറഞ്ഞു: ഞാനെന്റെ മാതാവിന് ഇസ്ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അവർ നിഷേധിച്ചുകൊണ്ടിരുന്നു. ഇന്ന് ഞാനവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവർ അങ്ങയെപറ്റി ഞാനിഷ്ടപ്പെടാത്ത വാക്കുകൾ പറഞ്ഞു. അങ്ങ് ദുആ ചെയ്താലും അല്ലാഹു അബൂഹുറയ്റ(റ)യുടെ മാതാവിന് സന്മാർഗം നൽകുമാറാകട്ടെ.'

നബി(സ)തിരുമേനി ദുആ ചെയ്തു: അല്ലാഹു മ്മഹ്ദി ഉമ്മി അബീഹുറയ്റത്ത 'അല്ലാഹുവേ! അബൂ ഹുറയ്റയുടെ മാതാവിന് സന്മാർഗം നൽകേണമേ.'ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു: 'ഞാൻ അവിടത്തെ ദുആയുടെ കാരണത്താൽ സന്തോഷത്തോടെ വീട്ടിലേക്ക് തിരിച്ചു. വീടിന്റെ വാതിൽക്കലെത്തിയപ്പോൾ വീട് അടഞ്ഞുകിടക്കുകയായിരുന്നു. എന്റെ മാതാവ് എന്റെ കാലടി ശബ്ദം കേട്ടപ്പോൾ വിളിച്ചുപറഞ്ഞു, 'അബൂഹുറയ്റ! അവിടെ നിൽക്കുക.' അതിന്നിടയിൽ ഞാൻ വെള്ളം വീഴുന്ന ശബ്ദം കേട്ടു. അദ്ദേഹം പറയുന്നു: 'എന്റെ മാതാവ് കുളിച്ച് വസ്ത്രം മാറി തട്ടം പുതച്ച് വാതിൽ തുറന്നു. എന്നിട്ട് പറഞ്ഞു: 'അബുഹുറയ്റാ! *അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ.* ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു ഞാൻ സന്തോഷംകൊണ്ട് കണ്ണീർവാർത്ത് നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. ആശംസകളർപ്പിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹു അങ്ങയുടെ ദുആകൾ കേട്ടിരിക്കുന്നു. അബൂഹുറയ്റ(റ)യുടെ മാതാവിന് സന്മാർഗം നൽകിയിരിക്കുന്നു.' അപ്പോൾ അവിടന്ന് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: നന്നായി! ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! അല്ലാഹു എന്നേയും എന്റെ മാതാവിനേയും സത്യവിശ്വാസികൾക്ക് പ്രിയപ്പെട്ടവരാക്കുകയും അവർ ഞങ്ങൾക്ക് പ്രിയപ്പെട്ടവരാവുകയും ചെയ്യുമാറാകാൻ അങ്ങ് അല്ലാഹുവിനോട് ദുആ ചെയ്താലും.' അപ്പോൾ നബി(സ) ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ! നീ നിന്റെ ദാസൻ അബൂഹുറയ്റയേയും അദ്ദേഹത്തിന്റെ മാതാവിനേയും സത്യവിശ്വാസികൾക്ക് പ്രിയപ്പെട്ടവരും സത്യവിശ്വാസികൾ അവർക്ക് പ്രിയപ്പെട്ടവരുമാക്കേണമേ.' ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: 'എന്നെ കാണാതെ എന്നെപ്പറ്റി കേട്ടറിഞ്ഞതായ വിശ്വാസികൾപോലും എന്നെ സ്നേഹിക്കുന്നു.' (സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇലു സ്വഹാബ ബാബു മിൻ ഫളായിലി അബീ ഹുറയ്റ)

ഈ ഹദീഥിൽനിന്ന് ദുആ സ്വീകാര്യതയുടെ അതിമഹത്തായ രണ്ട് അടയാളങ്ങൾ ദൈവാസ്തികൃത്തിന് തെളിവായി ലഭിക്കുന്നു. അതുപോലെ ബുഖാരിയിൽ ഒരു നിവേദനമുണ്ട്. ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: 'ഒരിക്കൽ ഒരു വ്യക്തി മസ്ജിദ് നബ്വിയുടെ മിമ്പറിന്റെ സമീപത്തുള്ള വാതിലിലൂടെ പ്രവേശിച്ചു. അപ്പോൾ നബി(സ)തിരുമേനി നിന്നുകൊണ്ട് ഖുത്ബ നടത്തുകയായിരുന്നു. ആ വ്യക്തി നബി(സ)തിരുമേനിയുടെ ശ്രദ്ധ തന്നിലേക്ക് ക്ഷണിച്ചുകൊണ്ട് പറഞ്ഞു, 'അല്ലാഹുവിന്റെ ദൂതരേ! ഒട്ടകങ്ങളും ആടുകളും നശിച്ചു. അതുകൊണ്ട് അങ്ങ് അല്ലാഹുവിനോടു ഞങ്ങൾക്കുവേണ്ടി പ്രാർഥിച്ചാലും. അവൻ ഞങ്ങൾക്ക് മഴ വർഷിച്ചു തരുവാൻ. അപ്പോൾ നബി(സ) കൈകളുയർത്തി ദുആ ചെയ്തു: അല്ലാഹുമ്മ അസ്ഖിനാ(അല്ലാഹുവേ ഞങ്ങളുടെമേൽ മഴ വർഷിച്ചാലും) നിവേദകൻ വിവരിക്കുന്നു. ആ സമയത്ത് ആകാശത്ത് കാർമേഘത്തിന്റെ ചെറുകഷണംപോലും കാണാനുണ്ടായിരുന്നില്ല. പെട്ടെന്ന് 'സൽഅ്' മലയുടെ പിന്നിൽനിന്ന് ചെറിയ മേഘക്കൂട്ടം പ്രത്യക്ഷപ്പെട്ടു. അത് ആകാശത്തിന്റെ മധ്യത്തിലേക്ക് വ്യാപിച്ചു. മഴ വർഷിക്കാൻ തുടങ്ങി. പിന്നീട് തുടർച്ചയായി ആറ് ദിവസംവരെ സൂര്യൻ ദൃശ്യമായില്ല. അടുത്ത ജുമുഅക്ക് അതേ വ്യക്തി വീണ്ടും ഹാജരായിക്കൊണ്ട് മഴയെ തടയുവാനായി അപേക്ഷിച്ചു. അപ്പോഴും നബി(സ) കൈകളുയർത്തി ദുആ ചെയ്തു. നിവേദകൻ വിവരിക്കുന്നു. അവിടന്ന് ദുആ ചെയ്തതും മഴ നിലച്ചു. ജുമുഅ നമസ്കരിച്ച് പുറത്തിറങ്ങുമ്പോൾ വെയിൽ വന്നിട്ടുണ്ടായിരുന്നു. (ബുഖാരി, കാതാബുൽ ജുമുഅ, ബാബു ഇസ്തിസ്ഖാഅ് ഫിൽമസ്ജിദിൽ ജാമിഅ്)

സുബ്ഹാനല്ലാഹ്! ദുആ സ്വീകാര്യതയുടെ അതിമഹത്തായ ഈ ദിവ്യാത്ഭുതം ദൈവാസ്തികൃത്തിനുള്ള തെളിവല്ലേ? അതെ തീർച്ചയായും അതെ. പക്ഷേ, ബുദ്ധിമാന്മാർ മാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ ഒന്ന് രണ്ട് സംഭവങ്ങൾ വിവരിക്കാം. അത് വായിക്കുമ്പോൾ ഹൃദയം സന്തോഷംകൊണ്ട് നിറയുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ സഹോദരപുത്രനും ജാമാതാവുമായിരുന്ന ഹദ്റത്ത് ഹക്കീം ഫള്ൽദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ അത്ഭുതകരവും അത്യപൂർവ്വവുമായ ഒരു സംഭവം വിവരിക്കുന്നു: അദ്ദേഹം പറയുന്നു: 1907-ൽ എന്റെ രണ്ടാമത്തെ മകൻ അബ്ദുൽ ഹഫീള് ജനിച്ചു. തണുപ്പ് കാലമായിരുന്നു. പ്രസവിക്കുന്ന സ്ത്രീകൾ തളർച്ച രോഗംകൊണ്ട് മരണപ്പെട്ടിരുന്ന ദിനങ്ങളായിരുന്നു അത്. പ്രസവിക്കുന്നവർക്ക് ഈ രോഗം വളരെ അപകടകരമായിരുന്നു. അനേകരിലൊന്ന് മാത്രമാണ് രക്ഷപ്പെട്ടിരുന്നത്. എന്റെ ഭാര്യ ഹഫ്സ(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ (മകൾ)യിൽകുട്ടി ജനിച്ചതിന്റെ ഏഴാം ദിവസം മഗ്രിബിനോടടുത്ത് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ കാണാൻ തുടങ്ങി. ആ ദിനങ്ങളിൽ ഇത് ഒരു മഹാമാരിയായിരുന്ന കാരണത്താൽ അതിലേക്ക് വളരെയധികം ശ്രദ്ധയുണ്ടായി. ഞാൻ മഗ്രിബിനുശേഷം ഹദ്റത്ത് സാഹിബിന്റെ സവിധത്തിലേക്ക് ഓടിചെന്നുകൊണ്ട് കാര്യങ്ങൾ പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു: 'ഇത് അപകടകാരിയായ രോഗത്തിന്റെ ലക്ഷണമാകുന്നു. നീ ഉടൻ തന്നെ അവൾക്ക് 10 തൂക്കം കായം നൽകുക. ഒന്ന് ഒന്നര മണിക്കൂറിനുശേഷം എന്നെ അറിയിക്കുക.' ഞാൻ ഇശാഅയ്ക്കുശേഷം വീണ്ടും ഹാജരായിക്കൊണ്ട് പറഞ്ഞു: 'രോഗം മൂർച്ചിച്ചിരിക്കുകയാണ്.' അവിടന്ന് പറഞ്ഞു, '10 തൂക്കം കസ്തൂരി നൽകുക.' എന്നിട്ട് ഒരു മണിക്കൂറിനുശേഷം വീണ്ടും എന്നെ അറിയിക്കുക. ഞാൻ ഉറങ്ങിയിട്ടുണ്ടാകുമെന്നു വിചാരിക്കരുത്. പുരുഷന്മാരുടെ ഭാഗത്തുള്ള കോണിപ്പടിയിൽനിന്ന് വിളിച്ചാൽമതി.' ഞാൻ ചോദിച്ചു: 'ഈ സമയത്ത് ഞാൻ കസ്തൂരി എവിടെനിന്ന്കൊണ്ടുവരാനാണ്. ഹുദൂർ ഒരു പിടി കസ്തൂരി കൊണ്ടുവന്ന് എനിക്കു തന്നിട്ട് പറഞ്ഞു: 'ഇത് 10 തൂക്കം ഉണ്ടായിരിക്കും.' ഞാൻ പറഞ്ഞു: 'ഹുസൂർ ഇത് കൂടുതലാണ്.'അവിടന്ന് പറഞ്ഞു: 'കൊണ്ടുപൊയ്ക്കൊള്ളു. പിന്നീട് ഉപയോഗപ്പെടും.' ഞാൻ അതുംവാങ്ങി 10 തൂക്കം അവൾക്ക് നൽകി. ഒരു മണിക്കൂറിനുശേഷം വീണ്ടും ചെന്ന് പറഞ്ഞു: 'രോഗം വളരെ കൂടിയിരിക്കുയാണ്.' അവിടന്ന് പറഞ്ഞു: '10 തോല കസ്റ്റർ ഓയിൽ നൽകുക.' ഞാൻ 10 തോല കസ്റ്റർ ഓയിൽ നൽകി. അതിനുശേഷം കഠിനമായ ഛർദ്ദി ഉണ്ടായി. ഛർദ്ദി ആ രോഗത്തിന്റെ അവസാന ഘട്ടമാണ്. ഛർദ്ദിക്കുശേഷം ശ്വാസമടങ്ങി. കഴുത്ത് പിന്നോട്ട് വലിഞ്ഞു. കണ്ണുകളിൽ ഇരുട്ടുമൂടി. നാവ് നിലച്ചു. ഞാൻ ഓടി കോണിപ്പിടിയിൽ കയറി. എന്റെ ശബ്ദം കേട്ട് ഹുദൂർ വാതിൽ തുറന്നു. 'എന്തേ! സുഖമില്ലേ' എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: 'വളരെ ഗുരുതരാവസ്ഥയിലാണുള്ളത്. ശ്വാസമടങ്ങിയിരിക്കുന്നു. കഴുത്ത് വലിഞ്ഞിരിക്കുന്നു. കണ്ണുകളിൽ പ്രകാശം ഇല്ലാതായിരിക്കുന്നു. നാവ് നിലച്ചിരിക്കുന്നു.' അവിടന്ന് പറഞ്ഞു: 'ദുൻയാവിലുള്ള സകല ആയുധങ്ങളും നാം പ്രയോഗിച്ച് കഴിഞ്ഞിരിക്കുന്നു. ഇനി ഒരു ആയുധം ബാക്കിയുണ്ട്. അത് ദുആയാണ്. നിങ്ങൾ പോവുക അവൾക്ക് ആരോഗ്യം ലഭിക്കുമ്പോൾ മാത്രമേ ഞാൻ ദുആയിൽനിന്ന് തലയുയർത്തുകയുള്ളൂ.' ഇതുകേട്ട് ഞാൻ തിരിച്ചുവന്നു. അവളോട് പറഞ്ഞു: 'ഇനി നിനക്ക് ചിന്തിക്കാൻ എന്തിരിക്കുന്നു. ഇപ്പോൾ കരാറുകാരൻ സ്വയം കരാർ ഏറ്റെടുത്തിരിക്കുകയാണ്.' അപ്പോൾ രാത്രി 2 മണി ആയിട്ടുണ്ടായിരുന്നു. ഞാൻ വീട്ടിലെത്തി രോഗിയെ അതേ അവസ്ഥയിൽ വിട്ടുകൊണ്ട് മറ്റൊരു മുറിയിൽ കട്ടിലിരുന്ന് ഉറങ്ങി. രാവിലെ പാത്രങ്ങൾ ഇളകുന്ന ശബ്ദം കേട്ട് എന്റെ കണ്ണുകൾ തുറന്നപ്പോൾ എന്റെ കാലിന്റെ ഭാഗത്തുനിന്ന് എന്റെ ഭാര്യ പാത്രങ്ങൾ നേരെയാക്കുന്നതാണ് ഞാൻ കണ്ടത്. 'എന്താ വിശേഷം എന്ന് ഞാൻ ചോദിച്ചു.' അവൾ പറഞ്ഞു: 'നിങ്ങൾ ഉറങ്ങുകയായിരുന്നു. രണ്ട് മണിക്കൂറിനുശേഷം അല്ലാഹു അനുഗ്രഹം വർഷിച്ചു.' (സീറത്ത് അഹ്മദ്, തയ്യാറാക്കിയത് ഖുദ്റത്തുല്ല സന്നൗരി സാഹിബ്, പേജ് 170-172)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മഹോന്നതഗ്രന്ഥമായ ഹഖീഖത്തുൽ വഹ്യിൽ ദുആ സ്വീകാര്യതയുടെ അതിമഹത്തായ ഒരു സംഭവം സ്മരിച്ചുകൊണ്ട് എഴുതുന്നു: 'ദക്ഷിണേന്ത്യയിലെ ഹൈദരാബാദ് സ്വദേശിയായ അബ്ദുർറഹ്മാന്റെ മകൻ അബ്ദുൽ കരീം എന്ന കുട്ടി നമ്മുടെ മദ്രസയിലെ വിദ്യാർഥിയായിരുന്നു. നിയതിനിയമം കൊണ്ട് അവനെ പേപ്പട്ടി കടിച്ചു. ചികിത്സക്കായി അവനെ നാം 'കസൗലി'യിലേക്കയച്ചു. കസൗലിയിൽ ഏതാനും ദിവസം അവന്റെ ചികിത്സ നടന്നുകൊണ്ടിരുന്നു. പിന്നീട് അവൻ ഖാദിയാനിൽ തിരിച്ചെത്തി. കുറച്ച് ദിവസങ്ങൾക്കുശേഷം അവനിൽ വീണ്ടും പേവിഷബാധയുടെ ലക്ഷണങ്ങൾ കാണാൻ തുടങ്ങി. വെള്ളത്തെ ഭയക്കാൻ തുടങ്ങി. അവസ്ഥ ഭയാനകമായി. അപ്പോൾ സ്വന്തംനാട്ടിൽ നിന്ന് അകന്നു കഴിയുന്ന ആ പാവം കുട്ടിക്കുവേണ്ടി എന്റെ ഹൃദയം വളരെ അസ്വസ്ഥമാകുകയും ദുആ ചെയ്യുന്നതിന് പ്രത്യേകമായൊരു ശ്രദ്ധ ഉണ്ടാകുകയും ചെയ്തു. ആ പാവംകുട്ടി ഏതാനും മണിക്കൂറുകൾക്കുള്ളിൽ മരിച്ചുപോവുമെന്ന് ഓരോരുത്തരും മനസ്സിലാക്കി. നിസ്സഹായനായ അവനെ ബോർഡിംഗിന് പുറത്ത് മറ്റൊരു കെട്ടിടത്തിൽ എല്ലാവിധ സുരക്ഷിതത്വത്തോടുംകൂടി താമസിപ്പിച്ചു. കസൗലിയിലുള്ള ഇംഗ്ലീഷ് ഡോക്ടർമാർക്ക് കമ്പി സന്ദേശം നൽകികൊണ്ട് ഈ അവസ്ഥയിൽ അവന് ചികിത്സ സാധ്യമാണോ എന്ന് അന്വേഷിച്ചു. അവിടെനിന്നും കമ്പി സന്ദേശം വഴി മറുപടി വന്നു. 'ഇനി അവന് ഒരു ചികിത്സയുമില്ല.' എന്നാൽ, ആ പാവപ്പെട്ടവനും സ്വദേശം വെടിഞ്ഞവനുമായ ആ കുട്ടിക്കുവേണ്ടി എന്റെ ഹൃദയത്തിൽ പ്രത്യേകമായ ശ്രദ്ധ ഉണ്ടായി. അവനുവേണ്ടി ദുആ ചെയ്യാൻ എന്റെ സ്നേഹിതന്മാരും പറഞ്ഞുകൊണ്ടിരുന്നു. കാരണം

സ്വന്തം നാടുപേക്ഷിച്ച് ഇവിടെ വന്ന ആ കുട്ടി പ്രത്യേകം കരുണ അർഹിച്ചിരുന്നു. ഇനി അവൻ മരിക്കുകയാണെങ്കിൽ മോശമായ അവസ്ഥയെ കുറിച്ച് ശത്രുക്കളുടെ പരിഹാസത്തിന് പാത്രമാകും എന്ന ഭയവും മനസ്സിലുണ്ടായി. അപ്പോൾ എന്റെ മനസ്സിൽ അവനുവേണ്ടി കഠിനമായ വേദനയും ദുഃഖവുമുണ്ടാകുകയും അനിയന്ത്രിതമായി ദൈവത്തിൽനിന്നു മാത്രമുണ്ടാകുന്ന അസാധാരണമായൊരു ശ്രദ്ധ കൈവരികയും ചെയ്തു. അത്തരം ശ്രദ്ധ ഉണ്ടാകുകയാണെങ്കിൽ ദൈവകല്പനയാൽ മരിച്ചവന് ജീവൻ ലഭിക്കുന്ന തരത്തിലുള്ള പ്രഭാവം അതു കാണിക്കുന്നതാണ്. അതിന് സ്വീകാര്യതയുടെ ഒരു അവസ്ഥ കൈവന്നു. ആ ശ്രദ്ധ അതിന്റെ പാരമ്യതയിലെത്തിയപ്പോൾ വേദന എന്റെ മനസ്സിൽ പൂർണമായ സ്വാധീനം ചെലുത്തി. അപ്പോൾ യഥാർഥത്തിൽ മൃതനായിത്തീർന്ന ആ രോഗിയിൽ ആ ശ്രദ്ധ അതിന്റെ പ്രഭാവം കാണിക്കാൻ തുടങ്ങി. വെള്ളം കാണുമ്പോൾ ഭയപ്പെടുകയും വെളിച്ചത്തിൽനിന്ന് ഓടുകയും ചെയ്തിരുന്ന അവന്റെ പ്രകൃതി സാധാരണ നിലയിലേക്ക് തിരിയാൻ തുടങ്ങി. തനിക്ക് വെള്ളം കാണുമ്പോൾ ഭയം തോന്നുന്നില്ലെന്ന് അവൻ പറഞ്ഞു. വെള്ളം നല്കിയപ്പോൾ നിർഭയം അതു വാങ്ങുകയും വുളു എടുക്കുകയും നമസ്കരിക്കുകയും ചെയ്തു. രാത്രി മുഴുവൻ സുഖമായി ഉറങ്ങി. ഭയാവസ്ഥ നീങ്ങി. ഏതാനും ദിവസംകൊണ്ട് പൂർണമായും സുഖം പ്രാപിച്ചു. അപ്പോൾ അവവിലുണ്ടായ ഭ്രാന്തിന്റെ അവസ്ഥ അവനെ നശിപ്പിക്കുന്നതിനല്ല ദൈവത്തിന്റെ ദൃഷ്ടാന്തം പ്രകടമാകുന്നതിലായിരുന്നുവെന്ന് പെട്ടെന്ന് എന്റെ മനസ്സിൽ ഇടപ്പെട്ടു.'(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 480-481)

ഇനി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ദുആ സ്വീകാര്യതയുടെ സംഭവങ്ങളിൽനിന്നുള്ള ഒന്നുരണ്ട് സംഭവങ്ങൾ സമർപിക്കാം. ബഹുമാന്യ ചൗദ്വരി ഗുലാം മുഹമ്മദ് സാഹിബ് ബി.എ വിവരിക്കുന്നു: '1909-ൽ വർഷകാലത്ത് എട്ടുദിവസം തോരാമഴ പെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി ഖാദിയാനിലെ ഒരുപാട് കെട്ടിടങ്ങൾ നിലംപതിച്ചു. ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് ഖാദിയാന് പുറത്ത് പുതിയതായി പണികഴിപ്പിച്ച മാളികയും നിലംപതിച്ചു. എട്ടാമത്തേയോ പത്താമത്തേയോ ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ളുഹ്ർ നമസ്കാരാനന്തരം പറഞ്ഞു, 'ഞാൻ ദുആ ചെയ്യുകയാണ്. നിങ്ങളെല്ലാവരും ആമീൻ പറയുക.' ദുആയ്ക്കുശേഷം അവിടന്ന് പറഞ്ഞു. 'ഞാനിന്ന് നബി(സ) തിരുമേനി തങ്ങളുടെ മുഴുവൻ ജീവിതത്തിൽ ഒരുതവണ മാത്രം ചെയ്ത ദുആയാണ് ചെയ്തിരിക്കുന്നത്.' ദുആയുടെ നേരത്ത് ശക്തമായ മഴ പെയ്തുകൊണ്ടിരിക്കുകയായിരുന്നു. അതിനുശേഷം മഴ നിലച്ചു. അസ്ർ നമസ്കാരത്തിന്റെ നേരത്ത് ആകാശം പൂർണമായും തെളിഞ്ഞിരുന്നു. വെയിൽ വ്യാപിച്ചിട്ടുണ്ടായിരുന്നു.' (ഹയാത്തെ നൂർ 440-441)

അതുപോലെ ഹയാത്തെനൂറിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ദുആ സ്വീകാര്യതയുടെ വിശ്വാസവർദ്ധകമായ ഒരു സംഭവം പദ്യരൂപത്തിൽ ഇപ്രകാരം രേഖപ്പെട്ടുകിടക്കുന്നു. ഈ പദ്യത്തെ സംബന്ധിച്ച് ഹുദൂർ(റ)പറയുകയുണ്ടായി. ഇത് എന്റെ മനസ്സിൽ വളരെയധികം പ്രഭാവം ഉളവാക്കിയിട്ടുള്ളതാണ്. അത് അന്ന് പത്രത്തിന്റെ അസിസ്റ്റന്റ് എഡിറ്ററായിരുന്ന ഖാളി സുഹ്റുദ്ദീൻ സാഹിബ് അക്മലിന്റെ വരികളായിരുന്നു. ആ വരികളിതാണ്:

*ആർളീ രങ്കെ ബഹാ ഥാ മുജെ മഅ്ലൂം ന ഥാ സുർമയെ ചശ്മയെ ഫനാ ഥാ മുജെ മഅ്ലൂം ന ഥാ*

(താൽക്കാലിക നിറം നിലനിൽക്കുന്നുണ്ടായിരുന്നു. കണ്ണിന്റെ സുറുമ മരണമായിരുന്നുവെന്ന് എനിക്കറിയില്ലായിരുന്നു.

ബഹുമാന്യ ഖാളി സാഹിബ് ഇതുമായി ബന്ധപ്പെട്ട് ഹുദൂറിന്റെ ദുആ സ്വീകാര്യതയുടെ ഒരത്ഭുത സംഭവം വിവരിക്കുന്നു. അദ്ദേഹം എഴുതുന്നു: 'ഞാൻ ബദ്ർ ഓഫീസിൽ കട്ടിലിൽ കിടന്നുകൊണ്ട് വിരിപ്പുതലയണയാക്കി മുമ്പിൽ മേശവച്ച് എഡിറ്ററുടേയും മാനേജരുടേയും ഉത്തരവാദിത്വം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. എനിക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ഒരു ചീട്ട് ലഭിച്ചു. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു:

'ഞാൻ താങ്കൾക്ക് വേണ്ടി വളരെയധികം ദുആ ചെയ്തിരിക്കുന്നു. അല്ലാഹു പകരം നല്ലതു നൽകുന്നതാണ്.' ഞാനല്പം അത്ഭുതപ്പെട്ടു. എന്തുകൊണ്ടെന്നാൽ എന്റെ രണ്ട് ആൺമക്കൾ ഒന്നിന് പിറകെ മറ്റൊന്നായി നാൽപത് ദിവസത്തിനുള്ളിൽ ഗോലികീയിൽ (ജില്ല ഗുജറാത്തിൽ) വഫാത്തായിട്ടുണ്ടായിരുന്നു. ജംശീദ് 1908 ഒക്ടോബർ ഏഴിന് ഒൻപതര മാസം പ്രായത്തിലും ഖുർശിദ് 1908 നവംബർ 11 ന് 5 വയസും 8 മാസവും പ്രായമുള്ളപ്പോഴും. എന്നാൽ, ഞാൻ ഹുദൂറിന്റെ സന്നിധിയിൽ ദുആക്ക് അറിയിച്ചിട്ടുണ്ടായിരുന്നില്ല. എന്റെ ഈ പദ്യം അബ്ദുസ്സലാമിന്റെ മാതാവ് ഹദ്റത്ത് അമ്മാജി വളരെ ഈണത്തോടെ വീട്ടിൽ ആലപിച്ചുവെന്നാണ് അവസാനം മനസ്സിലായത്. ഹദ്റത്ത് ഖലീഫ അവ്വൽ(റ) കണ്ണുകളടച്ച് കിടക്കുകയായിരുന്നു. പെട്ടെന്ന് എഴുന്നേറ്റിരുന്നു. എന്നിട്ട് പറഞ്ഞു, 'അൽഹംദുലില്ലാഹ് എനിക്കറിയാമായിരുന്നു.'

അമ്മാജി പറഞ്ഞു: ഈ കവിത താങ്കളുടെ വിദ്യാർഥിനി സക്കീനത്തുന്നിസാഇന്റെ ഭർത്താവ് അക്മൽ സാഹിബിന്റേതാണ്. പാവങ്ങളുടെ രണ്ടു മക്കൾ ഒന്നിനുശേഷം മറ്റൊന്നായി വഫാത്തായിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിൽ അത് സ്വാധീനം ചെലുത്തുകയും ദുആയിലേക്ക് പ്രത്യേക ശ്രദ്ധ തിരിയുകയും ചെയ്തു. അതിനുശേഷമാണ് ഹുദൂർ മേൽപ്രസ്താവിച്ച കുറിപ്പ് എനിക്കെഴുതി.

അതിനുശേഷം 1910 ൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ വീട്ടിൽ ആൺകുഞ്ഞ് ജനിച്ചു. അവിടന്ന് അവന് അബ്ദുർറഹ്മാൻ എന്ന് പേരിട്ടു.(ജുനയ്ദ് ഹാഷ്മി ബിഎ). കൂടാതെ രണ്ടേമുക്കാൽ വർഷത്തിന് ശേഷം 1913ൽ രണ്ടാമത്തെ ആൺകുഞ്ഞും ജനിച്ചു. അവന്റെ പേര് അവിടന്ന് അബ്ദുർറഹീം എന്നുവച്ചു. (ശിബ്ലി എംകോം) ഇപ്രകാരം അവിടത്തെ ദുആ സ്വീകാര്യതയുടെ ദൃശ്യം ഞങ്ങൾ കണ്ടു.

ഇനി നമ്മൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)ന്റെ 52 വർഷത്തെ ഖിലാഫത്ത് കാലഘട്ടത്തിൽ ദൃഷ്ടിപായിക്കുമ്പോൾ അവിടത്തെ അനുഗ്രഹീതകാലത്ത് ആഗോള അഹ്മദിയ്യാ ജമാഅത്തിലെ സഹോദരങ്ങൾ ദുആ സ്വീകാര്യതയുടെ അസംഖ്യം സംഭവങ്ങൾ ദർശിക്കുകയുണ്ടായതായി കണാം. മുസ്ലിഹ് മൗഊദ്(അ)നെ സംബന്ധിച്ച പ്രവചനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപാട് വചനങ്ങളിലെ വാക്കുകൾ ഇപ്രകാരം കാണാവുന്നതാണ്. അതായത് 'അവൻ ലോകത്തുവന്ന് തന്റെ മസീഹി ഗുണവും റൂഹുൽ ഹഖിന്റെ(സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും.' കൃത്യം അപ്രകാരംതന്നെ അടയാളങ്ങൾ പ്രകടമായിക്കൊണ്ടിരുന്നു. അവയിൽനിന്ന് രണ്ട് മൂന്ന് സംഭവങ്ങൾ സമർപിക്കുകയാണ്.

സേഠ് അബ്ദുല്ലാഹ് ഭായി അലാഹ് ദീൻ സാഹിബ് എഴുതുന്നു: 1918-ൽ ഞാൻ എന്റെ മകൻ അലി മുഹമ്മദ് സാഹിബിനേയും സേഠ് അലാഹ്ദീൻ ഇബ്റാഹിം ഭായി തന്റെ മകൻ ഫാളിൽ ഭായിയേയും വിദ്യാഭ്യാസത്തിന് ഖാദിയാനിലേക്ക് അയച്ചു. അലി മുഹമ്മദ് 1920ൽ മെട്രിക്ക് പാസ്സായി അദ്ദേഹത്തിന് ലണ്ടനിലേക്ക് പോവേണ്ടതുണ്ടായിരുന്നു. രണ്ടുപേരും വീട്ടിൽ തിരിച്ച് വരുന്നതിന് തയ്യാറെടുപ്പ് നടത്തുകയായിരുന്നു. പെട്ടെന്ന് ഫാളിൽ ഭായിക്ക് ടൈഫോയിഡ് ബാധിച്ചു. നൂർ ഹോസ്പിറ്റലിലെ ഡോക്ടർ ജനാബ് ഹശ്മത്തുല്ലാഹ് സാഹിബ് തന്നെക്കൊണ്ട് ആവുന്നതെല്ലാം ചെയ്യുകയും ആരോഗ്യനില നന്നാവുകയും ചെയ്തു. എന്നാൽ, പഥ്യം പാലിക്കാത്ത കാരണത്താൽ ജീവിതത്തിന്റെ പ്രതീക്ഷപോലും ഇല്ലാത്തനിലയിൽ ആരോഗ്യാവസ്ഥ വഷളായി. ഈ വിവരം ഹദ്റത്ത് അമീറുൽ മുഅമിനീൻ ഖലീഫത്തുൽ മസീഹ് ഥാനി അറിഞ്ഞപ്പോൾ അദ്ദേഹം നേരിട്ട് ബോർഡിംഗിലേക്ക് വന്നു. ഒരുപാട് സമയം ദുആ ചെയ്തു. അതിനുശേഷം ആരോഗ്യസ്ഥിതി അത്ഭുതകരമായ നിലയിൽ മെച്ചപ്പെട്ടു തുടങ്ങി. ദൈവത്തിന്റെ അപാരമായ അനുഗ്രഹത്താൽ ഫാളിൽഭായിക്ക് പുതുജീവൻ ലഭിച്ചു. 'മരണം മാറിപ്പോവുകയില്ല; എന്നാൽ, ദുആകൊണ്ട്'എന്ന് നബി(സ)തിരുമേനി പറഞ്ഞതിന്റെ യാഥാർഥ്യം ഞങ്ങൾ വ്യക്തമായ നിലയിൽ ദർശിക്കുകയുണ്ടായി.' (അൽഹക്കം ഡിസംബർ 1939 ജൂലായ്, നമ്പർ പേജ് 37)

അതുപോലെതന്നെ ബഹുമാന്യ മലിക് ഹബീബുല്ലാഹ് സാഹിബ് റിട്ടയേർഡ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ദുആ സ്വീകാര്യതയെ സംബന്ധിച്ച് എഴുതുന്നു: 'ശുജാആബാദിൽ താമസിക്കുന്ന കാലത്ത് പിടിപെട്ട ഒരു രോഗം കാരണത്താൽ ഞാൻ മൃതനെപ്പോലെ തളർന്നുപോയി. കുറച്ച് ദിവസങ്ങൾക്കുശേഷം വയറ്റിൽ അതികഠിനമായ വേദന ആരംഭിച്ചതിനാൽ ഞാൻ അബോധാവസ്ഥയിലായിപ്പോകുകയായിരുന്നു. ഏകദേശം രണ്ടുവർഷം ഞാൻ എല്ലാതരത്തിലുള്ള ചികിത്സയും ചെയ്തു. എന്നാൽ, അവസ്ഥ മോശമായിക്കൊണ്ടിരുന്നു. അവസാനം ഗത്യന്തരമില്ലാതെ ഞാൻ അമൃതസറിലെ സർക്കാർ ഹോസ്പിറ്റലിൽ അഡ്മിറ്റായി. അവിടെ നടത്തിയ ടെസ്റ്റിനുശേഷം എന്റെ പിത്തസഞ്ചിയുടേയും അപ്പന്റിക്സിന്റേയും രണ്ടിന്റേയും ഓപ്പറേഷൻ നടത്താൻ തീരുമാനമായി. എനിക്ക് വളരെയധികം പരിഭ്രമമുണ്ടായി. ഒരു ദിവസം ഞാൻ അനുവാദമില്ലാതെ ആശുപത്രിയിൽനിന്ന് ഇറങ്ങിപ്പോയി; ഖാദിയാനിലെത്തി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ സന്നിധിയിൽ ഹാജരായി എല്ലാ സംഭവങ്ങളും വിവരിച്ചു. ഹുദൂർ(റ) എല്ലാം സശ്രദ്ധം കേട്ടതിനുശേഷം പറഞ്ഞു: 'താങ്കൾക്ക് ഒന്നുമില്ല. എന്നാൽ, പിത്തസഞ്ചിയിൽ പോരായ്മയുണ്ട്. താങ്കൾ ചികിത്സ നടത്തുക. ഞാൻ ദുആ ചെയ്യാം ഇൻശാഅല്ലാഹ്. സുഖപ്പെടുന്നതായിരിക്കും.'

അതിനുശേഷം ഞാൻ സുഖംപ്രാപിക്കുമെന്ന് എനിക്ക് ഉറച്ചവിശ്വാസം വന്നു. അതുകൊണ്ട് ഞാൻ ജോലിയിൽ തിരിച്ചെത്തി. മുൽത്താനിലെ ഒരു വൈദ്യനിൽനിന്ന് നിസ്സാര മരുന്നുകൾ വാങ്ങി സേവിച്ച് തുടങ്ങി. മൂന്ന് നാല് മാസങ്ങൾക്കുശേഷം രോഗത്തിന്റെ അടയാളം പോലും കണ്ടില്ല. എന്നാൽ, അതിന് മുമ്പേ ഏദേശം രണ്ട് വർഷം യൂനാനി –അലോപ്പതി മരുന്നുകൾ ഉപയോഗിച്ചിട്ടുണ്ടായിരുന്നു. എന്നെപ്പോലെ മൃതാവസ്ഥയിലുള്ള രോഗിക്ക് പൂർണ്ണമായ നിലയിൽ രോഗശമനം ലഭിച്ചത് തീർച്ചയായും ഹുദൂറിന്റെ ദുആയുടെ അത്ഭുതകരമായ പ്രഭാവമായിരുന്നു. അതിനുശേഷം ഭക്ഷണകാര്യത്തിൽ കാര്യമായ പഥ്യം പാലിക്കാതിരുന്നിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഇന്നേവരെ വയറിന് ഒരുവിധ പ്രയാസവും ഉണ്ടായിട്ടില്ല. (അൽഫള്ൽ ഡെയ്‌ലി 1966 മാർച്ച് 20, പേജ് 5)

ബഹുമാന്യ മുഹമ്മദ് അഹ്മദ് സാഹിബ് മലിക്ക് തന്റെ ഒരു ലേഖനത്തിൽ എഴുതുന്നു: 'ഒരിക്കൽ ധാക്കയിലെ ഒരു സുഹൃത്ത് ഫയ്ള് ആലം സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ സന്നിധിയിൽ ദുആക്ക് കത്തെഴുതി. തന്റെ ഭാര്യക്ക് ചികിത്സയില്ലാത്ത സ്ത്രീസംബന്ധമായ രോഗം ബാധിച്ചിരിക്കുന്നുവെന്നും ചികിത്സ ചെയ്തിട്ടും രോഗം വർധിച്ചുകൊണ്ടിരിക്കുകയാണെന്നും എല്ലാ ്രതീക്ഷയും അസ്തമിച്ചിരിക്കുകയാണെന്നും അറിയിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്തു. അതിനുശേഷം അവരെ അറിയിച്ചു: 'സുഖം പ്രാപിക്കുന്നതാണ്.' ആ നേരത്തു തന്നെ അദ്ദേഹത്തിന്റെ ഭാര്യ സ്വപ്നത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം പറയുന്നതായി കേട്ടു: 'ദുആയെ ഔഷധമായി ഉപയോഗിക്കുക.' അങ്ങനെ ചികിത്സയില്ലാത്ത രോഗമായിരുന്നിട്ടും സുഖം പ്രാപിക്കുകയും മക്കളുണ്ടാവുകയും ചെയ്തു.' (അൽഫള്ൽ ഇന്റർനാഷണൽ 1998 ഫെബ്രുവരി 20)

*ഗയ്ർ മുംകിൻകൊ മുംകിൻ മെ ബദൽദേത്തിഹെ*
*ഏ മേരെ ഫിലസഫിയോ! സോരെ ദുആ ദേഘോ തൂ*

അസാധ്യമായതിനെ സാധ്യമുള്ളതാക്കി മറ്റുന്നു, അല്ലയോ തത്ത്വചിന്തകരേ! ദുആയുടെ ശക്തി നോക്കുക. (കലാമെ മഹ്മൂദ്)

നമ്മൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ കാലഘട്ടത്തിലേക്ക് ഒന്ന് ദൃഷ്ടിപായിക്കുമ്പോൾ അവിടത്തെ ദുആ സ്വീകാര്യതയുടെ അത്ഭുതകരമായ മാതൃകകൾ കാണാൻ കഴിയുന്നു. മിയാൻ മുഹമ്മദ് അസ്‌ലം പത്തൂക്കീ എഴുതുന്നു: 'ഈയുള്ളവൻ 1963 നവംബർ 11ന് അഹ്മദിയ്യത്ത് സ്വീകരിച്ചു. 1965 ഏപ്രിൽ 9ന് എന്റെ വിവാഹം നടന്നു. 12 വർഷമായിട്ടും എനിക്ക് കുട്ടികളുണ്ടായില്ല. എല്ലാ ബന്ധുക്കളും അനഹ്മദികളായിരുന്നു. ജമാഅത്തിന്റെ എതിരാളികളുമായിരുന്നു. ഇവൻ അഹ്മദിയായ കാരണത്താൽ സന്താനരഹിതനായിരിക്കുന്നുവെന്ന് ഗ്രാമവാസികൾ പറഞ്ഞു. (നഊദ്ബില്ലാഹ്) ഞാൻ ഈ കാലയളവിൽ എല്ലാ തരത്തിലുള്ള ചികിത്സകളും നടത്തിക്കൊണ്ടിരുന്നു. എന്നിട്ടും മക്കളുണ്ടായില്ല. മറുഭാഗത്ത് എന്റെ സഹധർമിണിയും എന്റെ ബന്ധുക്കളുടെ കുത്തുവാക്കുകൾ കേട്ട് എന്റെ രണ്ടാം വിവാഹം നടത്തുന്ന കാര്യത്തിൽ സംതൃപ്തയായിരുന്നു.

ഈ കാലയളവിൽ ഞാൻ എല്ലാ കാര്യങ്ങളും എഴുതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)യുടെ സന്നിധിയിൽ സന്താനഭാഗ്യത്തിന് ദുആക്കപേക്ഷിച്ചു. ഹുദുർ മറുപടി കത്തിൽ പറഞ്ഞു: 'അല്ലാഹു താങ്കളെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. തീർച്ചയായും ആൺകുട്ടികളെ നൽകി അനുഗ്രഹിക്കുന്നതായിരിക്കും.' ഹുദൂറിന്റെ ദുആയുടെ ബർക്കത്തുകൊണ്ട് ഇന്ന് എനിക്ക് നാല് ആൺമക്കളുണ്ട്.

ഇവർക്ക് മക്കൾ എങ്ങനെയുണ്ടായി എന്നതിൽ എല്ലാവരും അത്ഭുതപ്പെടുകയാണ്. കാരണം ഈ സ്ത്രീക്ക് മക്കളുണ്ടാവുകയില്ലെന്ന് ലേഡീ ഡോക്ടർമാർ പറഞ്ഞിരുന്നു. ഞാൻ അതിന് മറുപടിയായി തന്റെ അനഹ്മദി ബന്ധുക്കളോട് പറഞ്ഞു: 'അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ ദുആയുടെ ഫലമായി മക്കളെ നൽകി എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ജീവൽദൃഷ്ടാന്തമാണ്.' (ഖാലിദ് മാസിക, സയ്യിദുനാ നാസിർ നമ്പർ, ഏപ്രിൽ, മെയ് 1983 പേജ് 292–293)

സുബ്ഹാനല്ലാഹ് നമ്മുടെ ദൈവം എത്രമാത്രം സത്യവാഗ്ദാനങ്ങൾ നൽകുന്നവനാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. *വഖാല റബ്ബുക്കുമുദ്ഊനീ അസ്തജിബ് ലക്കും* അതായത് നിങ്ങളുടെ നാഥൻ പറയുന്നു, 'എന്നെ വിളിക്കുക. ഞാൻ നിങ്ങളുടെ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്.' (40:61) ഇത് ആ ദൈവത്തിന്റെ വാഗ്ദാനമാണ്. നിങ്ങളുടെ വിശ്വാസം സത്യവും പരിപൂർണ്ണവുമാണെങ്കിൽ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടും. ഈ കാര്യം സർവശക്തനായ അസ്തിത്വത്തിന്റെ തെളിവ് ആകുന്നതോടൊപ്പംതന്നെ സത്യവിശ്വാസികളുടെ വിശ്വാസവർദ്ധനയ്ക്ക് കാരണവുമാണ്.

അതുപോലെതന്നെ ചൗദ്ദരി മുഹമ്മദ് സയീദ് കലീം സാഹിബ് ദാറുൽ ഉലൂം ഗർബി റബ്‌വ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ ദുആ സ്വീകാര്യതയുടെ ഒരു സംഭവം ഇപ്രകാരം എഴുതുന്നു: 'ഇപ്പോൾ ജർമനിയിലുള്ള എന്റെ മരുമകൾക്ക് വയറുവേദന ഉണ്ടാകുമായിരുന്നു. അവിടുത്തെ ഡോക്ടർമാർ ഓപ്പറേഷൻ ചെയ്യാനുള്ള അഭിപ്രായമാണ് നൽകിയത്. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്)ന്റെ സന്നിധിയിൽ, ഹുദൂർ ഓപ്പറേഷൻ കൂടാതെതന്നെ രോഗം സുഖമാകാൻ ദുആചെയ്യാൻ അപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അവൾക്ക് എഴുതുക. ഈ ഓപ്പറേഷൻ ചെയ്യിക്കരുത്. ഞാൻ ദുആ ചെയ്യുന്നതാണ്. അവൾ സുഖപ്പെടുന്നതായിരിക്കും.' അതുകൊണ്ട് ഞാൻ ഹുദൂറിന്റെ വാക്കുകൾ എഴുതി അവളെ അറിയിച്ചു. അവൾ ഓപ്പറേഷൻ കൂടാതെതന്നെ സുഖംപ്രാപിച്ചു. ഇതുവരെയും സുഖമായിരിക്കുന്നു. അൽഹംദുലില്ലാഹ്.' (ഖാലിദ് മാസിക സയ്യിദുനാ നാസിർ നമ്പർ ഏപ്രിൽ, മെയ് 1983, പേജ് 291)

നാലാം ഖിലാഫത്തിന്റെ കാലഘട്ടത്തിലും ദുആ സ്വീകാര്യതയുടെ അത്ഭുതകരമായ ദൃശ്യങ്ങൾ കാണുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലായുടെ ദുആ സ്വീകാര്യതയുടെ ഒന്ന് രണ്ട് സംഭവങ്ങൾ രേഖപ്പെടുത്തുകയാണ്.

ഡോക്ടർ സയ്യിദ് ബറക്കാത്ത് അഹ്മദ് സാഹിബ് ഇന്ത്യൻ ഫോറിൻ സർവീസിലിരുന്നുകൊണ്ട് പല ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനവും ചെയ്തിട്ടുണ്ട്. അദ്ദേഹം മൂത്രസഞ്ചിയിൽ കാൻസർ കാരണം രോഗിയായി. അമേരിക്കയിൽ 8 മണിക്കൂർ നേരം നടന്ന ഓപ്പറേഷൻ നിഷ്ഫലമായി. ഡോക്ടർമാർ നാല് മുതൽ ആറ് ആഴ്ചവരെയേ ജീവിക്കൂ എന്നു പറഞ്ഞു. ഹുദൂർ അൻവറിന്റെ സന്നിധിയിൽ ദുആക്കപേക്ഷിച്ചുകൊണ്ടു എഴുതിയപ്പോൾ മറുപടി വന്നു: 'ദുആക്കപേക്ഷിച്ചുകൊണ്ടുള്ള താങ്കളുടെ വേദനാനിർഭരമായ കത്ത് വളരെയധികം പ്രഭാവം ഉളവാക്കി. താങ്കൾക്കുവേണ്ടി അങ്ങേയറ്റം വിനയത്തോടും ഭിക്ഷുക്കളെപ്പോലെയും ദുആ ചെയ്യാൻ തൗഫീഖ് ലഭിച്ചു. ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു നിമിഷം എന്റെ ശരീരം വിറകൊണ്ടു. ഞാൻ കാരുണ്യവാനിൽ പ്രതീക്ഷയർപ്പിച്ചിരിക്കുന്നു.' അതായത് ഇത് ദുആ സ്വീകാര്യതയുടെ അടയാളമാണ്. ഹുദൂറിന്റെ ദുആ സ്വീകാര്യതയുടെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം നാല് വർഷംവരെ വിജ്ഞാനപരമായ രംഗത്തും ഗവേഷണതൽപരതയോടും കൂടി വളരെയധികം പ്രവർത്തിച്ചുകൊണ്ട് ജീവിച്ചു. ഡോക്ടർമാർ അദ്ദേഹത്തിന്റെ വൈജ്ഞാനികമേഖലയിലെ സജീവമായ അവസ്ഥയിലുള്ള ജീവിതം കണ്ട് അത്ഭുതപരതന്ത്രരായിരുന്നു. ഞങ്ങളുടെ ആത്മീയ നേതാവിന്റെ ദുആ ദൈവം കേട്ടിരിക്കുന്നുവെന്ന് ബർക്കാത്ത് സാഹിബ് പറയുമ്പോൾ ഡോക്ടർമാർ തലകുലുക്കിക്കൊണ്ട് പറയും, 'അതെ ദിവ്യദൃഷ്ടാന്തമാണ്. ദിവ്യദൃഷ്ടാന്തമാണ്.' (അൽഫള്ൽ 2000 ഡിസംബർ 9, അൽഫള്ൽ സയ്യിദുനാ ത്വാഹിർ സ്പെഷ്യൽപതിപ്പ്, 2003 ഡിസംബർ 27, പേജ് 53)

അതുപോലെതന്നെ മറ്റൊരു സംഭവം ഇപ്രകാരമാണ്. ഇറാനിൽനിന്ന് ഡോക്ടർ ഫാത്വിമ സുഹ്റ എഴുതുന്നു: 'എന്റെ ഏകമകൻ വലത് കാലിന് തളർച്ച ഉണ്ടായ കാരണത്താൽ രോഗിയായി. ദിനംപ്രതി അവസ്ഥ വഷളായിക്കൊണ്ടിരുന്നു. ഏതുവരെയെന്നാൽ അവൻ ഞൊണ്ടി നടക്കാൻ തുടങ്ങി. വിദഗ്ദ്ധ ഡോക്ടർമാരെ കാണിച്ചു. എന്നാൽ, രോഗം നിർണ്ണയിക്കാൻ സാധിച്ചില്ല. അവർ അവന്റെ ആരോഗ്യത്തെ സംബന്ധിച്ച് നിരാശ പ്രകടിപ്പിച്ചു.' അവർ പറയുന്നു: 'പെട്ടെന്ന് എനിക്ക് ദുആയുടെ ചിന്ത വന്നു. സ്വയവും ദുആ ചെയ്തു. ഹുദൂറിനും ദുആക്ക് വേണ്ടി കത്തെഴുതി. അല്ലാഹുവിന്റെ മഹത്ത്വമാണ് ഏതൊരു രോഗിയെയാണോ ചികിത്സയില്ലായെന്ന് വിധിച്ചത് ആ ദിവസം മുതൽ ആരോഗ്യാവസ്ഥയിലേക്ക് അവൻ മടങ്ങാൻ തുടങ്ങി. അവന്റെ രോഗത്തെ സംബന്ധിച്ച് ഡോക്ടർമാർക്ക് ഒന്നും മനസ്സിലാവാത്തത് കാരണത്താൽ ചികിത്സയും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ചികിത്സയില്ലാതെതന്നെ ആ ദിവസം മുതൽ നോക്കിക്കൊണ്ടിരിക്കേ അവന്റെ അവസ്ഥയിൽ മാറ്റം ഉണ്ടാകാൻ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ എഴുതുന്ന സമയംവരെ അവൻ സുഖമായിരിക്കുന്നു.' (ഖുത്ബാത്തെ ത്വാഹിർ, വാള്യം 5, പേജ് 526, ജുമുഅ ഖുത്ബ 1986 ജൂലൈ 25)

ദുആ സ്വീകാര്യതയെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു: 'ഇന്ന് ഈ മൈതാനം കാലിയായി കിടക്കുകയാണ്. ഇന്ന് ബില്യൺ കണക്കിന് ദൈവദാസർ ദൈവത്തിലേക്ക് പുറന്തിരിഞ്ഞ് ദുൻയാവിന്റെ സുഖങ്ങളിലേക്ക് നടക്കുകയാണ്. ദൈവത്തെ ദൈവമെന്ന് അംഗീകരിച്ചുകൊണ്ട് വിളിക്കുന്നവർ ഈ മൈതാനത്തിൽ

എത്രപേരുണ്ട്? ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുകയാണ്. ശുദ്ധഹൃദയത്തോടെ ദൈവത്തെ സ്മരിക്കുന്ന ഓരോ ശബ്ദവും പരിപൂർണമായ ദൃഢവിശ്വാസത്തോടെ തന്റെ റബ്ബിനെ വിളിക്കുന്ന ഓരോ ശബ്ദവും തീർച്ചയായും കേൾക്കപ്പെടുന്നതായിരിക്കും. നിങ്ങളിൽ ബലഹീനതകൾ ഉണ്ടെങ്കിലും അല്ലാഹു നിങ്ങളോട് സ്നേഹത്തോടെ പെരുമാറുന്നതായിരിക്കും. അതുകൊണ്ട് ഇത് പ്രയാസകരമായ ജോലിയല്ല. എല്ലായിടത്തും എല്ലാ അഹ്മദിക്കും ആത്മീയശക്തികളെ സ്പഷ്ടമാക്കുന്നതിന്, ആത്മീയശക്തികളെ പ്രകാശിപ്പിക്കുന്നതിന് ഏതെങ്കിലും വലിയ മുഖങ്ങളുടെ ആവശ്യമില്ല. എന്റെ ജീവിതകാലമത്രയുമുള്ള അനുഭവജ്ഞാനത്തിന്റെ ചുരുക്കമിതാണ്. നിഷ്കളങ്കതയോടും സ്നേഹത്തോടും വേദനയോടും കൂടി നിങ്ങളുടെ റബ്ബിനെ വിളിച്ചുനോക്കുക. എപ്രകാരമാണ് അല്ലാഹു നിങ്ങളുടെ സ്നേഹത്തിന് സ്നേഹത്തോടെ ഉത്തരം നൽകുന്നത്. തീർച്ചയായും ഇത് പരീക്ഷിക്കപ്പെട്ട കാര്യങ്ങളാണ്. ഇതിൽ എന്ത് പ്രയാസമാണുള്ളത്. ഏത് വലിയ പ്രയാസകരമായ പരീക്ഷണഘട്ടത്തിലൂടെയാണ് കടന്നുപോവേണ്ടത്. പരീക്ഷണത്തിന്റേയും പ്രയാസത്തിന്റേയും എല്ലാ ഘട്ടങ്ങളുടെയും ചികിത്സ ഇതിലുണ്ട്. ദുൻയാവിന്റെ പ്രയാസങ്ങൾ എത്രത്തോളം നിങ്ങളുടെ മുമ്പിൽ വാ പിളർത്തി പ്രകടമായിക്കൊണ്ടിരിക്കുന്നുവോ, എത്രത്തോളം പ്രയാസങ്ങൾ നിങ്ങളെ വലയം ചെയ്തുകൊണ്ടിരിക്കുന്നുവോ അവ എല്ലാത്തിനും ഒറ്റ ഉത്തരമാണുള്ളത്. അത് വിശുദ്ധഖുർആനിലെ ഈ വചനത്തിലൂടെ അല്ലാഹു നൽകുന്ന ഉത്തരമാണ്. പറയുന്നു: *അമ്മൻയ്യുജീബുൽ മുള്ത്വർറ ഇദാദആഹു വ യക്ശിഫുസ്സൂഅ വ യജ്അലുക്കും ഖുലഫാഅൽഅർളി അ ഇലാഹുൻ മഅല്ലാഹ് ഖലീലൻമ്മാ തദക്കറൂൻ*(27:63) (ഖുത്ബാത്തെ താഹിർ വാള്യം 5, പേജ് 529–530, ജുമുഅ ഖുത്വ്ബ, 1986 ജൂലൈ 25)

നമ്മുടെ ഇപ്പോഴത്തെ ഇമാം സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ സമർപ്പിക്കുന്നതാണ്. ആഗോള അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ ഇക്കാലത്ത് അതിന് സാക്ഷികളായിക്കൊണ്ടിരിക്കുന്നു.

2015–ൽ ജർമനി വാർഷിക സമ്മേളനത്തിൽ മുഖ്ലിസായ ഒരു നവഅഹ്മദി സുഹൃത്ത് ഋലോ സാഹിബ് തന്റെ കുടുംബസമേതം പങ്കെടുത്തു. അദ്ദേഹം ഏതാനും വർഷം മുമ്പേ ക്രിസ്തുമതത്തിൽനിന്ന് ഇസ്‌ലാം സ്വീകരിച്ചതായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ ബയ്അത്ത് ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞിരുന്നത് എനിക്ക് മൂന്ന് പെൺമക്കളാണുള്ളത്, ഒരു ആൺകുഞ്ഞിനെ ലഭിക്കുകയാണെങ്കിൽ ഞാനും അഹ്മദിയാകുന്ന തായിരിക്കുമെന്നാണ്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായ്ക്ക് ദുആക്കായി കത്തെഴുതി. അടുത്ത വർഷം അവർ വീണ്ടും ജൽസയിൽ പങ്കെടുക്കാൻ വന്നപ്പോൾ ഏഴുമാസം ഗർഭിണിയായിരുന്നു. കൂടിക്കാഴ്ചാവേളയിൽ അവർ കുട്ടിക്ക് പേരിടാൻ അപേക്ഷിച്ചു. 'ജാഹിദ്' എന്ന ആൺകുട്ടിയുടെ പേര് മാത്രം ഹുദൂർ പറഞ്ഞു.

ജൽസ കഴിഞ്ഞ് തിരിച്ച് ചെന്നപ്പോൾ അവർ മുബല്ലിഗിനോട് പറഞ്ഞു പെൺകുട്ടിയാണെന്ന് ഡോക്ടർമാർ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പെൺകുട്ടിയുടെ പേരുകൂടി നൽകാൻ ഹുദൂറിന് ഒരു കത്തെഴുതുക. അപ്പോൾ മുബല്ലിഗ് സാഹിബ് പറഞ്ഞു, 'ആൺകുട്ടിയാണെങ്കിൽ അഹ്മദിയാവുന്നതാണെന്ന് നിങ്ങൾ പറഞ്ഞിരുന്നു. ഹുദൂറും ആൺകുട്ടിയുടെ പേര് മാത്രമാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ഇൻശാ അല്ലാഹ് ആൺകുഞ്ഞ് തന്നെയായിരിക്കും. ഡോക്ടർമാർ എന്ത് വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ അവരുടെ മെഷീനുകൾ എന്തു തന്നെ വെളിപ്പെടുത്തിക്കൊള്ളട്ടെ എന്നാൽ, നിങ്ങൾക്ക് ആൺകുഞ്ഞ് തന്നെയായിരിക്കും. എന്തുകൊണ്ടെന്നാൽ ഖലീഫത്തുൽ മസീഹ് ആൺകുഞ്ഞിനുള്ള പേരാണ് വച്ചിരിക്കുന്നത്.' അതുകേട്ട് അവർ പറഞ്ഞു, 'ഞാൻ നേരത്തേ അഹ്മദി ആയിരിക്കുന്നു.' അങ്ങനെ അല്ലാഹു അവർക്ക് ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. അവർ ജൽസാവേളയിൽ ആ കുഞ്ഞിനെയും കൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. നോക്കൂ ഖലീഫയുടെ ദുആ സ്വീകാര്യതയുടെ അടയാളമാണിത് എന്ന് അവർ ജനങ്ങളോട് പറഞ്ഞുകൊണ്ടിരുന്നു.' (അൽഫള്ൽ ഇന്റർനാഷണൽ 2015 സെപ്തംബർ 25 പേജ് 15)

ഇതുപോലെതന്നെ ഹുദൂർ അയ്യദഹുല്ലായുടെ ദുആ സ്വീകാര്യതയുടെ വിശ്വാസവർധകവും ഏറെ രസകരവുമായ ഒരു സംഭവം വായിക്കുകയും കേൾക്കുകയും ചെയ്യേണ്ടതാണ്. 2004ലെ ആഫ്രിക്കൻ പര്യടനവേളയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) നൈജീരിയായിൽനിന്ന് ബെനിനിലെത്തി മിഷൻഹൗസിലെത്തുമ്പോൾ അസ്ർ നമസ്കാര സമയമായിരുന്നു. അതിശക്തമായ മഴ പെയ്തുകൊണ്ടിരിക്കുകയായിരുന്നു. നമസ്കാരത്തിന് മുറ്റത്ത് പന്തലിട്ടിരുന്നു. നാലു ഭാഗവും തുറന്നതായിരുന്നു അത്. മഴ കാരണത്താൽ അവിടെ നമസ്കരിക്കുന്നത് പോവട്ടെ നിൽക്കാൻപോലും പ്രയാസകരമായിരുന്നു. ഹുദൂർ പുറത്തുവന്ന് നമസ്കാരത്തെ കുറിച്ച് ചോദിച്ചു. അമീർ സാഹിബ് പറഞ്ഞു: 'ഇപ്പോൾ ശക്തമായ മഴപെയ്യുന്നു, നമസ്കാരത്തിന് പുറത്ത് പന്തലിട്ടിരിക്കുകയാണ്. എന്നാൽ, മഴ കാരണം പ്രയാസപ്പെടുകയാണ്.'

ഹുദൂർ മുകളിലേക്ക് നോക്കിക്കൊണ്ട് പത്ത് മിനിറ്റിനുശേഷം നമസ്കരിക്കുന്നതാണെന്ന് പറഞ്ഞു. അതിനുശേഷം ഹുദൂർ അകത്തേക്ക് പോയി. രണ്ട് മൂന്ന് മിനിറ്റ് കഴിഞ്ഞതേയുള്ളൂ പെട്ടെന്ന് മഴ നിലച്ചു. ആകാശം തെളിഞ്ഞു. നോക്കിക്കൊണ്ടിരിക്കേ വെയിൽ വന്നു. അതേ പന്തലിൽ നമസ്കാരത്തിനുള്ള ഏർപ്പാട് ആയി. പ്രദേശവാസികൾ ഈ അടയാളം കണ്ട് അത്ഭുതപ്പെട്ടു. കാരണം അവിടെ മഴ ആരംഭിച്ചുകഴിഞ്ഞാൽ മണിക്കൂറുകളോളം പെയ്തുകൊണ്ടിരിക്കും. ഹുദൂർ പത്ത് മിനിറ്റ് പറഞ്ഞപ്പോൾ മഴ മൂന്ന് മിനിറ്റുകൊണ്ട് നിന്നു. നിന്നു എന്നത് മാത്രമല്ല മറിച്ച് മഴക്കാറും അപ്രത്യക്ഷമായി.' (അൽഫള്ൽ ഇന്റർനാഷണൽ 2015 സെപ്തംബർ 25 പേജ് 14)

ഏതാനും ചില സംഭവങ്ങളാണ് ഞാൻ പറഞ്ഞത്. ഇതിൽനിന്ന് ദൈവത്തിന്റെ ദുആ സ്വീകാര്യതയെ സംബന്ധിച്ച അറിവും അവന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസവും ലഭിക്കുന്നതാണ്. ദുആ സ്വീകാര്യതയുടെ ഈ ദൃശ്യം ദൈവം എല്ലാകാലത്തും എല്ലാ രാജ്യത്തും പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. മേലിലും അവൻ അവന്റെ വാഗ്ദാന പ്രകാരം പ്രകടമാക്കിക്കൊണ്ടിരിക്കുന്നതാണ്. ഇത് ഇസ്‌ലാം സമർപിച്ച ജീവൽദൈവത്തിന്റെ അസ്തിത്വത്തിനുള്ള അതിമഹത്തായ തെളിവാണ്. അതിലൂടെ നമ്മുടെ ദൈവം ദുആകൾ കേൾക്കുകയും ഉത്തരം നൽകുകയും അതിന്റെ മാധുര്യമേറിയ ഫലങ്ങൾ നൽകുകയും ചെയ്യുന്നതാണെന്ന് അഹ്മദിയ്യാ ജമാഅത്ത് ഒരു നൂറ്റാണ്ടിലേറെ കാലമായി ദൈവകൃപയാൽ ലോകത്തിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുകയാണ്. ഹുദൂർ അലയ്ഹിസ്സലാം പറയുന്നു: 'ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ നമ്മുടെ വേദനയുണ്ടെങ്കിൽ അത് അവന്റെ അനുഗ്രഹത്തെയും കാരുണ്യത്തേയും ആവേശം കൊള്ളിക്കുന്നതായിരിക്കും. സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. ദുആ സ്വീകരണം മുഖേന ലഭിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹത്തെയും കാരുണ്യത്തെയും എന്നിലേക്ക് വലിച്ചെടുക്കുന്നത് ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അത്രയുമല്ല അതനുഭവിക്കാനോ കാണാനോ ഇക്കാലത്തെ ആത്മീയാന്തരായ തത്ത്വചിന്തകന്മാർക്ക് സാധിച്ചില്ലെന്ന് വന്നാലും ഈ പരമാർഥം ലോകത്തുനിന്ന് തൂത്തെറിയപ്പെടുകയില്ലെന്ന് ഞാൻ പറയും; പ്രത്യേകിച്ച് എപ്പോഴും ദുആ സ്വീകാരത്തിന്റെ മാതൃക കാണിക്കാൻ ഞാൻ തയ്യാറായിരിക്കുന്ന ഈ അവസ്ഥയിൽ! (മൽഫൂദാത്ത് വാള്യം 1, പേജ് 128, പുതിയ എഡിഷൻ 2003)

THE WEEKLY
AL HAKAM
www.alhakam.org

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് സൗബാൻ(റ)നിവേദനം. നബി(സ)തിരുമേനി പ്രസ്താവിച്ചു: 'ഒരു മുസ്‌ലിം രോഗിയായ തന്റെ സഹോദരനെ സന്ദർശിച്ചാൽ അയാൾ അവിടെനിന്ന് മടങ്ങുന്നതുവരെ സ്വർഗപ്പൂങ്കാവനത്തിലും അതിലെ പഴങ്ങൾ പറിച്ചുകൊണ്ടിരിക്കുന്നതിലുമായിരിക്കും.' (മുസ്‌ലിം, ഹദീഥ് 1464)**

**ത്വാലിബെ ദുആ:
Rahman Shakeer & Family,
Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ജാബിർ(റ)നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ രോഗത്തിനും മരുന്നുണ്ട്. രോഗത്തിന് അനുയോജ്യമായ മരുന്നു കണ്ടെത്തപ്പെട്ടാൽ(അങ്ങനെയതു പ്രയോഗിച്ചാൽ) അല്ലാഹുവിന്റെ അനുമതിപ്രകാരം സുഖപ്പെടുന്നു.' (മുസ്‌ലിം, ഹദീഥ് 1467)**

**ത്വാലിബെ ദുആ:
P.Abdul Ameer, Sadr,
Ahmadiyya Jama-ath Pathapiriyam, Kerala**

# ദൈവാസ്തികൃത്തിനുള്ള ബൗദ്ധിക തെളിവുകൾ

(മുഹമ്മദ് ശരീഫ് കൗസർ-മുറബ്ബി സിൽസില, ഉസ്താദ് ജാമിഅ അഹ്മദിയ്യ, ഖാദിയാൻ)
വിവർത്തനം: മൗലവി പി. അബ്ദുന്നാസ്വിർ പത്തപ്പിരിയം

ഇക്കാലത്ത് ലോകത്ത് വലിയൊരു വിഭാഗം നിർമത നിരീശ്വരത്വത്തിലേക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രപഞ്ചം സ്വയംഭൂവാണെന്നും ഇതിനൊരു സ്രഷ്ടാവുമില്ലെന്നും ഇതാരുടേയും സൃഷ്ടിയല്ലെന്നും അവർ കരുതുന്നു. അവർ ദൈവസങ്കല്പത്തേയും വിശ്വാസത്തേയും പാടേ നിരാകരിക്കുകയും ചെയ്യുന്നു. അവരുടെ ചോദ്യങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും തൃപ്തികരമായ മറുപടി നൽകാൻ കഴിയുന്നവനെ അവർക്ക് കണ്ടെത്താൻ കഴിയുന്നില്ല എന്നുള്ളത് ഇതിനുള്ള വലിയ കാരണമാണ്. മഹ്ദിമസീഹായ ഹദ്റത്ത് അഹ്മദ്(അ)ന്റെ ആവിർഭാവം ഇല്ലായിരുന്നെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള യഥാർഥ വിശ്വാസംതന്നെ ഒരുപക്ഷേ ജനഹൃദയങ്ങളിൽ അവശേഷിക്കുമായിരുന്നില്ല എന്നുള്ളതും ഒരു പരമാർഥമാണ്. അല്ലാഹു തന്റെ അളവറ്റ അനുഗ്രഹംമൂലം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശുദ്ധഖുർആനിന്റെ അപാരജ്ഞാനം പ്രദാനം ചെയ്ത കാരണത്താൽ അദ്ദേഹം നിരീശ്വരവാദികളുടെ ഓരോ ചോദ്യങ്ങൾക്കും തെളിവോടുകൂടിയ മറുപടി നൽകുകയും അവരുടെ ആശയക്കുഴപ്പങ്ങൾ അകറ്റാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ മുഖേന നിരവധി സൗഭാഗ്യർ നിരീശ്വര നിർമതവാദത്തിന്റെ ചെളിക്കുണ്ടിൽ നിന്നു പുറത്തുവരികയും യഥാർഥ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം കൈവരിക്കുകയും ചെയ്തുവെന്നുള്ളതും അല്ലാഹുവിന്റെ ഒരു ഔദാര്യമാണ്.

മിയാൻ മുഹമ്മദ് ദീൻ പട്ട്വാരി(റ) തന്റെ അനുഭവം ഇപ്രകാരം വിവരിക്കുന്നു:'ആര്യ-ബ്രഹ്മ സമാജക്കാരുടേയും നിരീശ്വരവാദികളുടേയും പ്രഭാഷണങ്ങളും മറ്റും എന്നേയും എന്നെപോലുള്ള മറ്റു പലരേയും നാശത്തിലാക്കിയിരുന്നു. അതിന്റെ സ്വാധീനത്താൽ ഞാൻ അലക്ഷ്യമായ ജീവിതം നയിക്കുകയായിരുന്നു. അങ്ങനെ ഞാൻ ബറാഹീനെ അഹ്മദിയ്യ വായിക്കുന്നതിനിടയിൽ ദൈവാസ്തികൃത്തിനുള്ള തെളിവുകൾ വായിച്ചുകൊണ്ട് 90-ാം പേജിന്റെ അടിക്കുറിപ്പും 149-ാം പേജിന്റെ 11-ാം നമ്പർ അടിക്കുറിപ്പും വായിച്ചപ്പോൾ, എന്റെ നിരീശ്വര ചിന്താഗതിതന്നെ മാറിമറയുകയുണ്ടായി. അങ്ങനെ ഞാൻ ഉറങ്ങിയവൻ ഉറക്കമുണർന്നപോലെയോ മരിച്ചവൻ ജീവിച്ചതുപോലെയോ ആയിത്തീർന്നു. (അൽഹക്കം പത്രം ഒക്ടോബർ 14, 1938)

ആത്മീയമായും മതപരമായും മൃതരായവർ പുനർജ്ജനിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ അനുഗ്രഹമാണിത്. ആത്മീയമായ പ്രതികരണശേഷി നഷ്ടപ്പെട്ടവരുടെ ശരീരത്തിൽ ജീവനത്തിന്റെ തുടിപ്പുകൾ പ്രകടമാക്കിയ അമൃതാണിത്. അതുകൊണ്ടുതന്നെ ജമാഅത്തംഗങ്ങൾ റൂഹാനീഖസാഇൻ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചിരിക്കേണ്ടതാണ്. അതോടൊപ്പം നിരീശ്വരത്വത്തിന്റെ രോഗത്താൽ ഗ്രസ്ഥരായവരുടെ ശമനത്തിനായി ഈ ഗ്രന്ഥങ്ങൾ പാരായണം ചെയ്യാൻ നൽകേണ്ടതാണ്. ഈ ലഘു ആമുഖത്തിനു ശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അഹ്മദിയ്യത്തിന്റെ ഖലീഫമാരും സമർപ്പിച്ചിട്ടുള്ള അധ്യാപനങ്ങളിലൂടെ അല്ലാഹുവിന്റെ അസ്തിത്വം തെളിയിക്കുന്ന ബൗദ്ധികമായ തെളിവുകൾ ഉദ്ധരിക്കുന്നതായണ്. ഒരു നിരീശ്വരവാദി സദുദ്ദേശ്യത്തോടുകൂടി ഈ തെളിവുകൾ പരിശോധിക്കുകയാണെങ്കിൽ തീർച്ചയായും അവർ ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നവരായി മാറുന്നതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന നിരീശ്വര ചിന്താഗതിയെക്കുറിച്ച് പറയുന്നു:'ഇന്ന് ക്രിസ്തുമതം ശോഷണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവരുമായും ഒരു പോരാട്ടം ഉണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ, ശക്തമായിട്ടുള്ള, ശക്തമായിക്കൊണ്ടിരിക്കുന്ന അപായം നിരീശ്വരത്വത്തിന്റേതാണ്. മറ്റു മതങ്ങൾ ദൈവവുമായുള്ള ബന്ധം ദർശിക്കാതെ കണ്ട് മതത്തിൽനിന്ന് അകലം പാലിക്കാൻ തുടങ്ങിയിരിക്കുന്നു. അവരിൽ ഭൂരിഭാഗവും നിർമതരായിരിക്കുകയാണ്. നിങ്ങൾ ഇന്ന് നിരീശ്വരത്വത്തെ ഇല്ലായ്മ ചെയ്യുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.'(2018 മാർച്ച് 25ന് യുകെ ജാമിആയുടെ സനദ്ദാന ചടങ്ങിൽ ചെയ്ത പ്രഭാഷണം). നിങ്ങൾ നിരീശ്വരത്തെ വിപാടനം ചെയ്യുകയും തൗഹീദിനെ സംസ്ഥാപിക്കുകയും ചെയ്യണമെന്നാണ് അദ്ദേഹം പറഞ്ഞത്. നിരീശ്വരവാദികൾ പൊതുവെ മതഗ്രന്ഥത്തിലെ തെളിവുകൾ അംഗീകരിക്കുകയില്ലെന്നത് ഒരു വസ്തുതയാണ്. അതിനാൽ ബൗദ്ധികമായ തെളിവുകളിലൂടെ വേണം അവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ. ബൗദ്ധികമായ തെളിവുകളിൽ ആദ്യം പ്രകൃതിപരമായ തെളിവുകളാൽ അവർക്ക് കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കാവുന്നതാണ്.

**പ്രകൃതിപരമായ തെളിവുകൾ**: ദൈവാസ്തിക്യം സംബന്ധമായ തെളിവുകളിൽ മുഖ്യമായ ഒരു തെളിവ് മനുഷ്യപ്രകൃതത്തിന്റെ സാക്ഷ്യം തന്നെയാണെന്നുള്ള വസ്തുത മനസ്സിലാക്കിവേണം നിരീശ്വരവാദികളോട് സംവദിക്കേണ്ടതും അവരുടെ അന്തരംഗത്തെ ഉണർത്തേണ്ടതും. ഈ പ്രപഞ്ചത്തിനൊരു സ്രഷ്ടാവും ഉടമസ്ഥനും ഉണ്ടോ ഇല്ലേ എന്നും, നമ്മെ ആര് എന്തിന് സൃഷ്ടിച്ചുവെന്നുമുള്ള ഒരു ചോദ്യം മനുഷ്യപ്രകൃതത്തിൽ ഉരുത്തിരിഞ്ഞുക്കൊണ്ടിരിക്കാറുണ്ട്. അന്തരംഗത്തിൽനിന്നുയരുന്ന ഇത്തരം ചോദ്യങ്ങൾ കാരണം പലരിലും അധികമായ അന്വേഷണത്വര ഉയർന്നുവരാറുണ്ട്. അത്തരക്കാർ തങ്ങളോടുതന്നെ തന്റെ അസ്തിത്വം യാദൃച്ഛികം മാത്രമാണോ അതോ തന്നെ ഒരുന്നത അസ്തിത്വം സൃഷ്ടിച്ചതാണോ എന്ന് ചോദിക്കുന്നതാണ്. ഈ ചോദ്യത്തിനുള്ള മറുപടിയെന്നോണം അവൻ ബൗദ്ധികമായ തെളിവുകളുടെ പിന്നാലെ സഞ്ചരിച്ച് വിചിന്തനം ചെയ്ത് ഒരു നിഗമനത്തിലെത്തിച്ചേരുന്നതിന് മുമ്പേ തന്നേയും ഈ പ്രപഞ്ചത്തേയും സൃഷ്ടിച്ചിട്ടുള്ള ഒരു സ്രഷ്ടാവുണ്ടെന്ന ബോധ്യത്തിലെത്തിച്ചേരുന്നതാണ്. ചിലർ തങ്ങളുടെ പ്രകൃതത്തിന്റെ ഈ മന്ത്രണത്തെ അടക്കിയൊതുക്കി അതിനെ അവഗണിച്ചുകൊണ്ട് നിരീശ്വരത്വത്തിന്റെ പാതയിലൂടെ പ്രയാണം ചെയ്തുകളയുന്നു. ചുരുക്കത്തിൽ മനുഷ്യപ്രകൃതവും അവന്റെ അസ്തിത്വവും അവന്റെ സൃഷ്ടിയുമെല്ലാംതന്നെ ദൈവാസ്തികൃത്തിനുള്ള ഒരു ശക്തമായ സാക്ഷ്യം തന്നെയാണ്. ഒരു ബുദ്ധിമാന് ഇക്കാര്യം നിഷേധിക്കാൻ സാധ്യമല്ല. നമ്മുടെ മാർഗദർശനത്തിനായി നമ്മുടെ പ്രകൃതത്തിൽതന്നെ വിശ്വാസത്തിന്റെ വിത്തിടപ്പെട്ടിരിക്കുന്നുവെന്നത് നമ്മുടെമേൽ ദൈവം ചെയ്തിരിക്കുന്ന വലിയൊരു ഔദാര്യമാണ്.

അല്ലാഹു പറയുന്നു: **അവ ലം യറൽ ഇൻസാനു അന്നാ ഖലഖ്നാഹു മിൻന്നുത്വ്ഫത്തിൻ ഫഇദാഹുവ ഖസീമുൻ മ്മുബീൻ. വ ളറബലനാ മഥലൻ വ്വ നസിയ ഖൽഖഹൂ**(36:78-79) നാം മനുഷ്യനെ രേതസ്കണത്തിൽനിന്നു സൃഷ്ടിച്ചതും അവൻ കാണുന്നില്ലേ? എന്നിട്ടും അവൻ വ്യക്തമായ കുതർക്കിയായിതീരുന്നു. നമുക്കെതിരിൽ തന്നെ സംസാരിക്കുകയും തന്റെ സൃഷ്ടിപ്പിനെത്തന്നെ വിസ്മരിച്ചുകളയുകയും ചെയ്യുന്നു.' ഈ ആയത്തിന്റെ വെളിച്ചത്തിൽ ഒരു നിരീശ്വരവാദിയെ നമുക്ക് ബോധ്യപ്പെടുത്താൻ കഴിയുന്ന കാര്യം—

(a) മനുഷ്യനെ ദൈവം രേതസ്കണത്തിൽനിന്നു സൃഷ്ടിച്ചു. അവൻ തന്റെ മാതാവിന്റെ ഗർഭപാത്രത്തിൽനിന്നു പുറത്തുവരുമ്പോൾ അവന് ശ്വസിക്കാൻ ഓക്സിജൻ ആവശ്യമാണ്. ഈ ഓക്സിജൻ സ്വയം ഉണ്ടായതാണോ? അവിടം വിഷവായുവും മറ്റും ആയിരുന്നെങ്കിൽ അവന് ശ്വസിക്കാൻ സാധ്യമാകുമായിരുന്നോ? ജനനത്തിനുശേഷം അവന്റെ ലോലമായ ആമാശയത്തിന് ലോലമായ ഭക്ഷണം ആവശ്യമായിരുന്നു. അതിനായി മാതാവിൽ പാ ൽ ചുരത്തിക്കൊടുത്തു. അവന് പാൽ ലഭ്യമാകില്ലെന്നു പറയപ്പെട്ടാൽ അവന് റൊട്ടിയോ സസ്യഭുക്കുകളായ മൃഗങ്ങളെപ്പോലെ സസ്യലതാദികൾ ഭക്ഷിച്ച് ജീവൻ നിലനിറുത്താൻ സാധിക്കുമായിരുന്നോ? ഒരിക്കലുമില്ല. ഈ വ്യവസ്ഥിതിയും ഈ ക്രമീകരണവും സന്ദർഭോചിതമായ രീതിയിൽ ജീവന്റെ നിലനിൽപ്പിനാവശ്യമായ വസ്തുക്കളെല്ലാംതന്നെ സ്വയം ലഭ്യമായതാണോ ഒരിക്കലുമല്ല. മറിച്ച് റബ്ബുൽ ആലമീനായുള്ളോന്റെ പരിപാലനം മുഖേന ജീവൻ നിലനിന്നുപോരുന്നു. നിരീശ്വരവാദികളും ദൈവത്തിൽ ദൃഢവിശ്വാസമില്ലാത്തവരും മേൽ വിവരിച്ച യാഥാർഥ്യങ്ങളെ കുറിച്ച് ശക്തമായ വിചിന്തനം നടത്തേണ്ടതാണ്. അങ്ങനെയാണെങ്കിൽ അവർ നിസ്സംശയം അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവും ജ്ഞാനവും കരസ്ഥമാക്കുന്നതാണ്.

**പ്രപഞ്ചസൃഷ്ടിപ്പിന്റെ ബൗദ്ധിക സാക്ഷ്യം**: വിശുദ്ധുർആനിലുള്ള നിരവധി വചനങ്ങളിൽ ഒരു നിരീശ്വരവാദി സത്യസന്ധമായി നിരീക്ഷണം നടത്തുകയാണെങ്കിൽ അയാൾക്ക് ദൈവാസ്തിത്വത്തെക്കുറിച്ചുള്ള അവബോധം ഉണ്ടായിത്തീരുന്നതാണ്. അവർ പ്രപഞ്ചസൃഷ്ടിപ്പിനെക്കുറിച്ച് വിചിന്തനം നടത്തേണ്ടതാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. **ഖാലത്ത് റുസുലുഹും അഫില്ലാഹി ശക്കുൻ ഫാത്വിരിസ്സമാവാത്തി വൽഅർള്** (14:11). അതായത് അവരുടെ ദൂതന്മാർ പറഞ്ഞു: 'ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിനെക്കുറിച്ചും സംശയത്തിന് സ്ഥാനമുണ്ടോ?'ഈ വചനത്തിൽ ദൈവത്തെ നിഷേധിക്കുന്നവരോട് പറയുകയാണ്, ആകാശങ്ങളേയും ഭൂമിയേയും അല്ലാഹുവാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ നിങ്ങൾക്ക് വല്ല സന്ദേഹവുമുണ്ടോ? എന്ന്. അതായത് ആകാശവും ഭൂമിയും നിങ്ങളുടെ കൺമുന്നിലുണ്ട്. ഇവ അല്ലാഹുവിന്റെ കല്പനയാൽ തങ്ങളുടെ കർത്തവ്യങ്ങൾ നിരന്തരം നിർവഹിച്ചുകൊണ്ടിരിക്കുന്നു. അവയുടെ സൃഷ്ടിപ്പും ലക്ഷക്കണക്കിന് വർഷങ്ങളായി അവയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള, അല്ലാഹു അവയെ ഏല്പിച്ചിട്ടുള്ള നിർബന്ധ കടമകളും ഉത്തമമായ രീതിയിൽ അവ നിർവഹിച്ചുകൊണ്ടിരിക്കുന്നതും അവയുടെ പിന്നിൽ ഒരു ചാലക ശക്തിയുണ്ടെന്ന യാഥാർഥ്യം വെളിവാക്കുന്നില്ലേ?

പണ്ടൊരു കാലത്ത് ഒരു നിരീശ്വരവാദി ഒരു മുസ്‌ലിം രാജാവിന്റെ അടുക്കൽ വന്ന് ഞാൻ ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നില്ലെന്നും ഈ പ്രപഞ്ചം സ്വയംഭൂവാണെന്നും ഈ വ്യവസ്ഥിതിയെല്ലാംതന്നെ സ്വയമേവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണെന്നും പറയുകയുണ്ടായി. ഒരു പണ്ഡിതനെ വിളിച്ച് ഈ വിഷയത്തിൽ ഒരു സംവാദം നടത്താൻ ഏർപ്പാടുണ്ടാക്കണമെന്നും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അതനുസരിച്ച് നദിയുടെ മറുകരയിൽ താമസിക്കുന്ന ഒരു മുസ്‌ലിം പണ്ഡിതനോട് തന്റെ രാജസദസ്സിൽ ഹാജരാകുവാൻ രാജാവ് സന്ദേശമയച്ചു. സന്ദേശവാഹകനോട് കൊട്ടാരത്തിൽ ഹാജരാകാൻ കല്പിച്ചതിന്റെ കാരണം എന്തെന്ന് ആ മുസ്‌ലിം പണ്ഡിതൻ ആരായുകയുണ്ടായി. അപ്പോൾ നിരീശ്വരവാദിയുടെ ചോദ്യങ്ങളെക്കുറിച്ച് പറയപ്പെട്ടു. അങ്ങനെ ആ മുസ്‌ലിം പണ്ഡിതൻ രാജകൊട്ടാരത്തിൽ ഹാജരായ ഉടൻ ആ നിരീശ്വരവാദിയുടെ സാന്നിധ്യത്തിൽ രാജാവിനെ അഭിവാദ്യം ചെയ്തു. തുടർന്ന് മഹാ

രാജൻ ഇന്ന് എനിക്ക് അത്ഭുതകരമായ ഒരു സംഭവം നേരിടേണ്ടിവന്നു. ഞാൻ രാജസദസ്സിൽ ഹാജരാകുന്ന തിനുവേണ്ടി നദിക്കരയിൽ വഞ്ചി കാത്തുനിൽക്കുക യായിരുന്നു. പെട്ടെന്ന് വെള്ളത്തിൽ വലിയ വലിയ തടി ക്കഷണങ്ങൾ പ്രത്യക്ഷപ്പെടുകയും അത് പരസ്പരം ചേർന്ന് നിൽക്കുകയും ഉടൻതന്നെ ചില ആണികൾ പ്ര ത്യക്ഷപ്പെട്ട് അത് അവയെ യോജിപ്പിച്ച് നിറുത്തുകയും പിന്നീട് വെള്ളത്തിൽ നിറക്കൂട്ടുകളുടെ വലിയ വലിയ ടിന്നുകൾ പ്രത്യക്ഷപ്പെടുയും ആ തടിക്കഷണങ്ങളിൽ ചായം പൂശുകയും അവസാനം അതൊരു വഞ്ചിയായി രൂപംപ്രാപിക്കുകയും പിന്നീടത് എന്റെ അടുക്കൽ ന ദിക്കരയിൽ വന്നണയുകയും ഞാനതിൽ കയറിയപ്പോൾ ഒന്നും ഉരിയാടാതെതന്നെ അത് മറുകരയിലെത്തി നി ലയുറപ്പിക്കുകയുമുണ്ടായെന്നും അതിൽനിന്നു ഇറങ്ങി യാണ് ഞാനിപ്പോൾ താങ്കളുടെ ദർബാറിൽ ഹാജരായിട്ടു ള്ളതെന്നും പറയുകയുണ്ടായി.

നിരീശ്വരവാദിയായ ആ മനുഷ്യൻ ഈ കഥ കേട്ടയുടൻ ദേഷ്യപ്പെട്ടുകൊണ്ട് രാജാവിനോട് ഈ വിഡ്ഢിയെ യാണോ താങ്കളെന്നോട് സംവാദത്തിന് കൊണ്ടുവന്ന തെന്നും പണിതെടുത്ത തടിക്കഷണങ്ങൾ എങ്ങനെ യാണ് വെള്ളത്തിൽ പ്രത്യക്ഷപ്പെട്ട് വഞ്ചിയായി തീരു കയെന്നും ഇതൊരിക്കലും സംഭവ്യമല്ലല്ലെന്നും ഇത് മനസ്സിലാക്കാനുള്ള ബുദ്ധിപോലും ഇദ്ദേഹത്തിനില്ലേ എന്നും ചോദിക്കുകയുണ്ടായി. അപ്പോൾ ആ മുസ്‌ലിം പണ്ഡിതൻ ബൗദ്ധികമായ തെളിവുകൾ നിരത്തി ആ നിരീശ്വരവാദിയോട് ഒരു വഞ്ചി സ്വയം രൂപപ്പെടുന്ന കാര്യം താങ്കളുടെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയു ന്നില്ലെങ്കിൽ ഈ പ്രപഞ്ചംതന്നെ സ്വയംഭൂവാണെന്ന് താങ്കൾക്കെങ്ങനെ പറയാൻ കഴിയുമെന്ന് ചോദിച്ചു.

ഈ പ്രപഞ്ചത്തിന് സർവ്വലോകപരിപാലകനായ ഒരു സ്രഷ്ടാവുണ്ടെന്നും അവനാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിതെന്നും ഇതിനെ ചലിപ്പിച്ചുകൊണ്ടിരിക്കുന്നതെ ന്നുമുള്ളതാണ് വസ്തുത. ദൈവത്തെ തിരിച്ചറിയാത്തവ നും ദൈവജ്ഞാനം കരസ്ഥമാക്കാത്തവനുമായ മനു ഷ്യൻ അത്യന്തം ഹതഭാഗ്യനാണ്.

ബൗദ്ധികമായ തെളിവുകൾ നിരത്തിയും മാനവകു ലത്തെ അഭിസംബോധന ചെയ്തുംകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾചെയ്യുന്നു: 'അല്ലയോ സൗഭാ ഗ്യവാനായ മനുഷ്യാ! നീ അങ്ങനെ ചെയ്യാതിരിക്കുക. അസംഖ്യം നക്ഷത്രങ്ങളെ തൂണുകളില്ലാതെ തൂക്കിയിട്ടി രിക്കുന്നവനാണ് നിന്റെ ദൈവം. ഭൂമിയേയും ആകാശ ത്തേയും ഇല്ലാത്ത അവസ്ഥയിൽനിന്നു സൃഷ്ടിച്ചവനാ ണവൻ. അവനെ കുറിച്ചാണോ നീ ദുർധാരണ വെച്ചുപു ലർത്തുന്നത്?' (കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 21)

പൗരാണിക കാലത്ത് ഹദ്റത്ത് നൂഹ്(അ) തന്റെ സമു ദായത്തിൽ പ്രബോധനം നടത്തിക്കൊണ്ട് ബൗദ്ധികമായ തെളിവുകൾ അവരുടെ മുമ്പിൽ സമർപ്പിക്കുകയുണ്ടാ യി. **മാ ലക്കും ലാ തർജൂന ലില്ലാഹി വഖാറൻ. വഖദ് ഖലഖക്കും അത്വ്‌വാറൻ. അലം തറൗ കയ്ഫ ഖലഖല്ലാ ഹു സബ്അ സമാവാത്തിൻ ത്വിബാഖൻ. വജഅലൽഖമറ ഫീഹിന്ന നൂറൻ വ്വജഅല ശംസ സിറാജൻ.** (71:14-17) ഇവിടെ ഏഴ് ആകാശങ്ങൾ എന്ന് പ്രതിപാദിച്ചിരിക്കു ന്നു. അറബിഭാഷയിൽ 7 എന്ന സംഖ്യ ബാഹുല്യത്തേയും പൂർണ്ണതയേയും കൂടി സൂചിപ്പിക്കുന്നു. ചന്ദ്രൻ മങ്ങിയ വെളിച്ചമാണ് നൽകുന്നത്; ചന്ദ്രന്റെ വെളിച്ചം സ്വയമാ യുള്ളതല്ലേ. അത് സൂര്യന്റെ പ്രകാശത്തെ മനോഹരമായ നിലയിൽ പ്രതിഫലിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ചന്ദ്രൻ നമ്മിൽനിന്ന് 4 ലക്ഷം കിലോമീറ്റർ അകലെയാ ണ്. സൂര്യൻ നമുക്ക് ശക്തമായ പ്രകാശവും ചൂടും പ്ര ദാനം ചെയ്യുന്നു. ഭൂമിക്കും ചന്ദ്രനുമിടയിലുള്ള ദൂരത്തേ ക്കാൾ മൂന്നിരട്ടി അകലത്തിലാണ് സൂര്യന്റെ ഭ്രമണപഥം. ഭൂമിയിലുള്ളതിനെക്കാൾ മൂന്നു ലക്ഷം മടങ്ങ് പദാർഥ ങ്ങൾ സൂര്യനിലുണ്ട്. സൂര്യന്റെ ഉപരിതലത്തിൽ നമുക്ക് ദൃശ്യമാകുന്ന ആ മഞ്ഞ പ്രതലത്തിലെ ഊഷ്മാവ് ആറാ യിരം കോടി ഡിഗ്രിയിലും അധികമാണ്. അണുശക്തി വികിരണത്തിന്റെ ഫലമായാണ് ഇത്രയും ഊഷ്മാവ് ഉണ്ടാകുന്നത്. സൂര്യൻ നമ്മുടെ ഭൂമിയിൽനിന്ന് 15 കോടി കിലോമീറ്റർ അകലത്താണ് സ്ഥിതിചെയ്യുന്നത്. ഒരു ചെ റിയ വിളക്ക് ഉണ്ടാക്കുന്നതിനുപോലും ഒരു നിർമാതാ വിന്റെ ആവശ്യകതയുള്ളപ്പോൾ ശക്തമായ പ്രകാശം ന ൽകുന്ന സൂര്യനും ചന്ദ്രനുമൊക്കെ സ്വയം ഉണ്ടായതാ ണെന്ന് ധരിക്കാവുന്നതാണോ? ശുദ്ധമനസ്സോടെ ചിന്തി ക്കുന്നവർക്ക് ഈയൊരു ദൃഷ്ടാന്തം നിമിത്തം ദൈവാ സ്തികൃത്തിലേക്ക് എത്തിച്ചേരാവുന്നതാണ്.

**പ്രപഞ്ചവ്യവസ്ഥിതിയുടെ ബൗദ്ധിക സാക്ഷ്യം** : യാസീൻ എന്ന അധ്യായത്തിൽ അല്ലാഹു ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട് തന്റെ അസ്തിത്വത്തിനുള്ള തെളിവുകൾ നി രത്തുന്നതു നോക്കുക: **വ ആയത്തുൻ ല്ലഹുമുല്ലയ്‌ലു നസ് ലഖു മിൻഹുന്നഹാറ ഫഇദാഹും മുള്ളിമൂൻ. വശ്ശംസു തജ്‌രീ ലി മുസ്തഖർരില്ലഹാ ദാലിക്ക തഖ്ദീ റുൽ അസീസുൽഅലീം. വൽഖമറ ഖദ്ദർനാഹു മനാസില ഹത്താ ആദക്കൽഉർജൂനിൽ ഖദീം. ലശ്ശംസു യൻബഗീ ലഹാ അൻ തുദ് രിക്കൽ ഖമറ വലല്ലയ്‌ലു സാബിഖുന്ന ഹാരി വ കുല്ലുൻ ഫീ ഫലക്കിൻ യുസ്ബഹൂൻ**(36:38-41) രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽനിന്ന് പക ലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ അവരതാ അന്ധകാരത്തിലായിത്തീരുന്നു. സൂര്യൻ അതിന്റെ നി ശ്ചിത ദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിന്റെ ആ സൂത്രണനമത്രെ! ചന്ദ്രന് നാം ചില താവളങ്ങൾ നിർ ണയിച്ചിട്ടുണ്ട്. അങ്ങനെ അത് അവസാനം പഴയ ഈന്ത ക്കുല തണ്ടുപോലെ ആയിത്തീരുന്നു. സൂര്യന് ചന്ദ്രനെ എത്തിപ്പിടക്കാനാവുകയില്ല. രാവ് പകലിനെ മറികട ക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായായം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.


പ്രപഞ്ചസൃഷ്ടിയും അതിന്റെ നിരന്തരമായുള്ള ചലന ങ്ങളേയും ബൗദ്ധികമായി ഒരു സാക്ഷ്യമാക്കിക്കൊണ്ട് അല്ലാഹു ബുദ്ധിമാന്മാരോട്(ഉലുൽഅൽബാബിനോടു) ചിന്തിക്കാൻ പറയുന്നതു നോക്കുക: **ഇന്ന ഫീ ഖൽഖിസ്സ മാവാത്തി വൽഅർളി വഖ്‌ത്തിലാഫില്ലയ്‌ലി വന്നഹാരി ല ആയാത്തിൻല്ലിഉലിൽ അൽബാബ്** (3:191). പകലിനുശേ ഷം രാത്രി വരുന്നതും രാത്രിക്കുശേഷം പകൽ വരുന്ന തും ദൈവാസ്തികൃത്തിനുള്ള ഒരു വലിയ ദൃഷ്ടാന്തമാ ണ്. ഭൂമി വൃത്താകൃതിയിലാണെന്നും അത് തന്റെ അച്ചു തണ്ടിൽ ഭ്രമണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും നമുക്കറിയാവുന്ന കാര്യമാണ്. ഭൂമിയും സൂര്യനുമായി അഭിമുഖമായി വരുന്ന ഭാഗത്ത് പകലും എതിർഭാഗത്ത് രാത്രിയുമായിരിക്കും. ഭൂമിയുടെ ഭ്രമണം എത്ര കണ്ട് കണിശമാണെന്നുവച്ചാൽ നമുക്ക് അൽപംപോലും ഒരു ഇളക്കം സംഭവിക്കുന്നില്ല. ദീർഘകാലംവരെ മനുഷ്യൻ കരുതിയിരുന്നത് ഭൂമി നിശ്ചലമാണെന്നാണ്. മറ്റു ഗ്രഹ ങ്ങൾ ബാഹ്യമായി തോന്നുന്നതുപോലെ ഭൂമിക്കു ചുറ്റും വലംവെക്കുകയാണെന്നുമായിരുന്നു.

ഒരു പമ്പരത്തെ നാം കറക്കി വിടുകയാണെങ്കിൽ പമ്പ രം കറങ്ങി വീണുപോകുന്നു. എന്നാൽ, നമ്മുടെ ഭൂമി കോടിക്കണക്കിന് വർഷങ്ങളായി കറങ്ങിക്കൊണ്ടിരി ക്കുകയാണ്. കറക്കം നിലയ്ക്കുന്നില്ല. ഭ്രമണത്തിന്റെ വേഗതയിൽ വ്യത്യാസം വരുന്നുണ്ടെങ്കിൽ വളരെ നേ രിയ വ്യത്യാസം മാത്രം. ഇതിന്റെ ഭ്രമണത്തിന്റെ വേഗം കുറഞ്ഞുവരുന്നു. അത് ഒരു നൂറ്റാണ്ടിൽ കേവലം ഒരു സെക്കന്റിന്റെ ആയിരത്തിലൊരംശം മാത്രം. ഇത് നമ്മുടെ ഗവേഷണത്തിന് പ്രചോദനമാണ്. ഇതുമൂലം ന മുക്ക് ഭൂമിയും ചന്ദ്രനും തമ്മിൽ ഉണ്ടായിരുന്ന പരസ്പര ബന്ധത്തെക്കുറിച്ച് അറിയാൻ സാധിക്കുന്നു.

ഭൂമി അതിന്റെ അച്ചുതണ്ടിൽ ഭ്രമണം നടത്തുന്നുവെന്ന് മാത്രമല്ല 24 മണിക്കൂറിൽ അത് ഭ്രമണം പൂർത്തിയാക്കു ന്നതോടൊപ്പം അത് സൂര്യനു ചുറ്റിലും വലംവെച്ചുകൊ ണ്ടിരിക്കുന്നു. ഒരു വർഷംകൊണ്ട് അത് സൂര്യനെ വലം വെക്കുന്നു. ഒരു സെക്കന്റിൽ 30 കിലോമീറ്റർ എന്ന കണക്കിൽ ഇത് വലംവച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഈ ചലനംകൊണ്ടും എങ്ങും ഒരു കുലുക്കവും ഉണ്ടാ കുന്നില്ല. നമുക്കത് അനുഭവപ്പെടുന്നുമില്ല. പക്ഷേ, ഇതിന്റെ പ്രകടമായ ഒരു ഫലം നമുക്ക് വാനത്തേക്ക് കണ്ണോടിച്ചാൽ മനസ്സിലാക്കാവുന്നതാണ്. നടപ്പുവർഷം സൂര്യൻ 12 സ്തംഭങ്ങൾ പിന്നിട്ട് ഒരു വർഷത്തിനുശേ ഷം വീണ്ടും വാനത്തിൽ തന്റെ പഴയ സ്ഥാനത്തുതന്നെ വന്നുചേരുന്നു. സൗരയൂഥം മിൽക്കിവേ എന്ന ഒരു വലിയ വ്യവസ്ഥിതിയുടെ ഭാഗമാണ്. സൂര്യൻ സൗരയൂ ഥത്തിലെ ഗ്രഹങ്ങളോടൊത്ത് നമ്മുടെ ഗാലക്സിക്ക് ചുറ്റും സെക്കന്റിൽ 200 കിലോമീറ്ററിലും വേഗത്തിൽ ഭ്രമണം നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് ഇരുപതാം നൂ റ്റാണ്ടിൽ കണ്ടുപിടിക്കപ്പെട്ടു. ഗാലക്സിയുടെ കേന്ദ്ര ത്തിനു ചുറ്റുമുള്ള ഈ ഭ്രമണം ഒരു തവണ പൂർത്തി യാക്കുന്നതിന് 20 കോടി വർഷം ആവശ്യമാണ്. സൂര്യ നോടൊപ്പം നാമും ഗാലക്സിക്കു ചുറ്റും അതേ വേഗ ത്തിൽ ചുറ്റിക്കൊണ്ടിരിക്കുന്നു. നിരന്തരമായ ഈ യാത്ര കാരണം നമുക്കൊരു ക്ഷീണവും അനുഭവപ്പെ ടുന്നില്ല. ഭൂമിയുടെ ഗുരുത്വാകർഷണബലവും നമ്മെ അങ്ങുമിങ്ങും പോവാതെ ഭൂമിയിൽ ശക്തമായി നിലനി റുത്തുന്നു. എല്ലാറ്റിനേയും സുദൃഢമാക്കിയ അല്ലാഹു വിന്റെ നിർമിതിയാണിത്. മോട്ടോർ വാഹനങ്ങൾ, തീവ ണ്ടികൾ, വിമാനങ്ങൾ എന്നിവക്കെല്ലാംതന്നെ ചാലക ത്തെ ആവശ്യമാണ്. അങ്ങനെയിരിക്കെ ഭൂമി, സൂര്യൻ, ചന്ദ്രൻ മറ്റു ഗ്രഹങ്ങൾ എന്നിവയെ ചലിപ്പിച്ചുകൊണ്ടി രിക്കുന്ന ഒരു ദൈവമില്ല എന്ന് നമുക്ക് എങ്ങനെ പറ യാൻ കഴിയും.

**ദുആ സ്വീകാര്യതയിലൂടെയുള്ള ബൗദ്ധിക സാക്ഷ്യം**: ദൈ വാസ്തികൃത്തിനുള്ള ഒരു പ്രധാന ബൗദ്ധിക ലക്ഷ്യം ന മുക്ക് ഖുർആനിൽനിന്നു ലഭിക്കുന്നത് ദുആ സ്വീകാ ര്യതയിലൂടെയാണ്. മനുഷ്യൻ പരിഭ്രാന്തനായിക്കൊണ്ട് അവന്റെ സന്നിധിയിൽ അർഥിക്കുമ്പോൾ അവനത് സ്വീകരിക്കുന്നു. ഇതൊരു പ്രത്യേക കാലത്തേക്ക് മാത്ര മുള്ളതല്ല. മറിച്ച് എല്ലാ കാലത്തും ഇതിന്റെ ദൃശ്യങ്ങൾ കാണാൻ കഴിയുന്നതാണ്. അല്ലാഹു ഖുർആനിൽ പ റയുന്നു: **വഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ ഉജീബു ദഅ്‌വത്തദ്ദായി ഇദാ ദആനി ഫൽയ സ്തജീബൂലീ വൽയുഅ്മിനൂബി ലഅല്ലഹും യർശു ദൂൻ**(2:187) എന്റെ ദാസർ എന്നെ കുറിച്ച് ചോദിക്കു മ്പോൾ ഞാനുണ്ടെന്നും അവരുടെ അടുത്തുണ്ടെന്നും വിളിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ അ വന്റെ പ്രാർഥന കേൾക്കുന്നുവെന്നും നീ അവരോടു പറയുക. അതിനാൽ അവർ എന്റെ കാര്യം അംഗീക രിക്കുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെ യ്യേണ്ടതാണ്; അവർ നേർമാർഗ്ഗം പ്രാപിക്കുന്നതിന്. ദൈവം പ്രാർഥന കേൾക്കുന്നുണ്ടെന്ന് എങ്ങനെ മനസ്സി ലാകുമെന്നും യാദൃച്ഛികമായി ദുആ ചെയ്യുന്ന ചിലരുടെ ജോലികൾ നടക്കുന്നുവെന്നും ചിലരുടേത് നടക്കുന്നി ല്ലെന്നും പറയുന്നതല്ലെ ശരിയെന്നും ആരെങ്കിലും പറ യാം; സകല പ്രാർഥനകളും സ്വീകരിക്കപ്പെടുകയാണെ ങ്കിൽ അതിലെന്തെങ്കിലും കഴമ്പുണ്ടാകുമായിരുന്നു. എന്നാൽ, നമ്മൾ കാണുന്നത് മിക്കവരുടേയും പ്രാർഥന കൾ സ്വീകരിക്കപ്പെടാത്തതാണ്. ഇതിൽനിന്നുണ്ടാകുന്ന ഫലമിതാണ്; തങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടെന്നും തങ്ങളുടെ കാര്യം നടന്നുവെന്നും അല്ലെങ്കിൽ രോഗി സുഖം പ്രാപിച്ചുവെന്നും ആരെങ്കിലും പറഞ്ഞാൽ അത് യാദൃച്ഛികമായുണ്ടായതാണോ?

മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ് മദ് ഖാദിയാനി(അ) ദൈവാസ്തികൃത്തിനുള്ള ഒരു തെളി വായി മുന്നോട്ടുവച്ചത് മാരക രോഗം ബാധിച്ച ചില രോഗികളെ കണ്ടെത്തി അവരെ രണ്ടായി വീതിച്ച്, അവ രിൽ ഒരു വിഭാഗത്തെ ഡോക്ടർമാർ ചികിത്സിക്കട്ടെ. ഒരു ഭാഗത്ത് ഞാൻ എന്റെ പക്ഷത്തുള്ളവർക്കുവേണ്ടി ദുആ ചെയ്യും. പിന്നീട് ആരുടെ ഭാഗത്തുള്ള രോഗി കളാണ് സുഖം പ്രാപിക്കുകതെന്ന് നോക്കുക. (ദൈവാ സ്തികൃത്തിനുള്ള 10 തെളിവുകൾ, പേജ് 21)







സൗത്ത് ഹാളിലെ(ബ്രിട്ടൻ) മസ്ജിദ് ദാറുസ്സലാമിന്റെ ഒരു മനോഹര ദൃശ്യം.

2020 ഫെബ്രുവരി 23 ന് ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദ് ദാറുസ്സലാം ഉൽഘാടനം ചെയ്യുന്നു.





സൗത്ത് ഹാളിലെ മസ്ജിദ് ദാറുസ്സലാമിന്റെ ഉൽഘാടന പരിപാടിയുടെ അവസരത്തിൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് ശ്രോതാക്കളെ സംബോധന ചെയ്യുന്നു.





സൗത്ത് ഹാളിലെ മസ്ജിദ് ദാറുസ്സലാമിന്റെ ഉൽഘാടന പരിപാടിയുടെ അവസരത്തിൽ ആദരണീയ വ്യക്തികൾ ഹദ്റത്ത് അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുന്നു.






2019 ഡിസംബർ 22ന് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നാഷണൽ ഖാഇദീൻ ഫാറം സംഘടിപ്പിച്ച മീറ്റിംഗിൽ ഹുദൂർ അയ്യദഹുല്ലാഹ് പ്രസംഗിക്കുന്നു.

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com
Website : akhbarbadrqadian.in
: www.alislam.org/badr

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ
വീക്കിലി
ഖാദിയാൻ

*Weekly* **BADAR** *Qadian*

Qadian - 143516 Distt. Gurdaspur (Pb.) INDIA

Vol. 5 Thursday 24 - 31 - December - 2020 Issue. 52 - 53

**MANAGER**
**SHAIKH MUJAHID AHMAD**
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
**SUBSCRIPTION**
**ANNUAL**: Rs.500/-

## ഖുദ്സിയായ ഒരു ഹദീഥിൽ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ) അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങളെ കുറിച്ച് പറയുന്നു:

ഹദ്റത്ത് അബൂദർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: അനുഗൃഹീതനും മഹാനുമായ അല്ലാഹു പറയുന്നു, 'എന്റെ അടിമകളേ! അക്രമം എന്റെമേൽ ഞാൻ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും അക്രമം ഞാൻ നിഷിദ്ധമാക്കിയിരിക്കുന്നു. അതിനാൽ, നിങ്ങൾ പരസ്പരം അക്രമിക്കരുത്. അടിമകളേ! നിങ്ങളിൽ ഞാൻ വഴി കാണിച്ചവരൊഴികെ മറ്റെല്ലാവരും വഴിപിഴച്ചവരാണ്. അതിനാൽ എന്നോടു സന്മാ ർഗം തേടുക. ഞാൻ നിങ്ങൾക്ക് നേർമാർഗം കാണിച്ചുതരും. ഞാൻ ഭക്ഷണം നല്കിയവരൊഴികെ മറ്റെല്ലാവരും വിശക്കുന്നവരാണ്. അതിനാൽ എന്നോടു ഭക്ഷണം തേടുക. ഞാൻ നിങ്ങൾക്ക് ഭക്ഷണം നൽകും. നാം ധരിപ്പിച്ചവരൊഴികെ നിങ്ങളെല്ലാവരും നഗ്നരാണ്. അതിനാൽ എന്നോടു വസത്രം തേടുക. ഞാൻ നിങ്ങളെ വസ്ത്രം ധരിപ്പിക്കും. എന്റെ അടിമകളേ! രാപ്പകലുകളിൽ നിങ്ങൾ തെറ്റു ചെയ്യും. എല്ലാ കുറ്റവും പൊറുക്കുന്നവൻ ഞാനാണ്. അതിനാൽ എന്നോടു മാപ്പിന്നപേക്ഷിക്കുക. ഞാൻ നിങ്ങൾക്ക് പൊറുത്തു തരും. എന്റെ അടിമകളേ! എന്നെ ഉപദ്രവിക്കാനുള്ള കഴിവ് നിങ്ങൾക്കില്ല. അതുകൊണ്ട് എന്നെ ഉപദ്രവിക്കാൻ നിങ്ങൾക്കാവില്ല. എനിക്കു ഉപകാരം ചെയ്യാനുള്ള കഴിവും നിങ്ങൾക്കില്ല. അതിനാൽ എനിക്ക് ഉപകാരം ചെയ്യാൻ നിങ്ങൾക്കാവില്ല. എന്റെ അടിമകളേ! നിങ്ങളിൽ ആദ്യത്തേയും അവസാനത്തേയും ആളും, ജിന്നും മനുഷ്യരും എല്ലാം ഒന്നിച്ചു നിങ്ങളിലെ ഏറ്റവും ഭക്തിയുള്ള ഒരു മനസ്സിന്റെ ഉടമയായാലും(ഉടമയായി ആരാധിച്ചാലും) അത് എന്റെ ആധിപത്യത്തിൽ ഒന്നും വർധിപ്പിക്കുകയില്ല. എന്റെ അടിമകളേ! നിങ്ങളിൽ ആദ്യത്തവനും അവസാനത്തവനും ജിന്നും മനുഷ്യരം ഒന്നിച്ച് നിങ്ങളിലെ ഏറ്റവും വലിയ ദുർവൃത്തന്റെ മനസ്സായിത്തീർന്നാലും (തെറ്റുകുറ്റങ്ങൾ ചെയ്താലും)എന്റെ ആധിപത്യത്തിൽ ഒന്നുംതന്നെ അത് കുറയ്ക്കുകയില്ല. എന്റെ അടിമകളേ! നിങ്ങളിൽ ആദ്യത്തവനും അവസാനത്തവനും മനുഷ്യരും ജിന്നുകളും ഒരു സ്ഥലത്ത് ഒരുമിച്ചുനിന്ന് ഓരോരോ ആവശ്യങ്ങൾ ഉന്നയിക്കുകയും, ചോദ്യവർക്കൊക്കെ ആവശ്യപ്പെട്ടത് ഞാൻ കൊടുക്കുകയും ചെയ്താൽ സൂചി സമുദ്രത്തിൽ മുക്കിയെടുത്താൽ അത് കുറയ്ക്കുന്നതുപോലെയല്ലാതെ എന്റെ അടുത്തുള്ളതിൽനിന്ന് അത് ഒന്നുംതന്നെ കുറയ്ക്കുകയില്ല. (മുസ്ലിം കിതാബുൽബിർറി വസ്സ്വിലത്തി, ബാബു തഹ്രീമില്ള്വുൽമി)

## യഥാർഥ തൗഹീദ്

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'തന്റെ സത്തയിൽ എല്ലാവിധ പങ്കാളിത്വത്തിൽ നിന്നും– അത് ബിബമാവട്ടെ, മനുഷ്യനാവട്ടെ, സൂര്യനാവട്ടെ, ചന്ദ്രനാവട്ടെ, സ്വന്തം സ്വത്വവട്ടെ, സ്വന്തം പ്രയത്നമാവട്ടെ, സ്വന്തം തന്ത്രമാവട്ടെ അവയിൽനിന്നെല്ലാം അന്യൂനനാണെന്ന് മനസ്സിലാക്കുകയും അവനെതിരിൽ ആരേയും സർവശക്തനായി തീരുമാനിക്കാതിരിക്കുക, ആരേയും അന്നദാതാവായി വിശ്വസിക്കാതിരിക്കുക, ആരേയും ആദരണീയനാക്കുന്നവനും നിന്ദിതനാക്കുന്നവനുമായി വിചാരിക്കാതിരിക്കുക, ആരേയും സഹായകനും തുണക്കാരനുമായി നിശ്ചയിക്കാതിരിക്കുക, തുടങ്ങിയ പ്രതിജ്ഞയാണ് അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതെന്ന് ഓർക്കുക; ഈ പ്രതിജ്ഞയാണ് മോക്ഷവുമായി ബന്ധ പ്പെട്ടതും. രണ്ടാമത്തേത് സ്വന്തം സ്നേഹം അവനായി മാത്രം പ്രത്യേകപ്പെടുത്തുക, സ്വന്തം ആരാധന അവനായി മാത്രം പ്രത്യേകപ്പെടുത്തുക, സ്വന്തം വണക്കം അവനായി മാത്രം പ്രത്യേകപ്പെടുത്തുക, സ്വന്തം പ്രതീക്ഷകൾ അവനോടു മാത്രം പ്രത്യേകപ്പെടുത്തുക, സ്വന്തം ഭയം അവനുമായിമാത്രം പ്രത്യേകപ്പെടുത്തുക; അതിനാൽ ഒരു തൗഹീദും ഈ മൂന്നു തരത്തിലുള്ള പ്രത്യേകപ്പെടുത്തലുകൾ കൂടാതെ സമ്പൂർണമാകുകയില്ല. ഒന്നാമത്തേത് ദാത്ത് അഥവാ സത്ത യുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്, അതായത് അവന്റെ അസ്തിത്വന്നെതിരിൽ മറ്റുള്ളതെല്ലാം ഒന്നുമല്ല എന്ന രീതിയിൽ മനസ്സിലാക്കുക. എല്ലാം നശിക്കുന്നതാണെന്നും നരിർഥമാണെന്നും വിചാരിക്കുക. രണ്ടാമത്തേത് സ്വിഫാത്തിന്റെ അഥവാ വിശേഷഗുണങ്ങളുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് പരിപാലനത്തിന്റേയും ദൈവത്വത്തിന്റേയും വിശേഷഗുണങ്ങൾ അല്ലാഹുവിലല്ലാതെ മറ്റൊന്നിലും നിർണയിക്കാതിരിക്കുക. അവ ബാഹ്യമായി നോക്കുമ്പോൾ 'റബ്ബുൽഅൻവാഅ്'(പരിപാലനങ്ങളുടെ റബ്ബ്) ആണെന്നും അല്ലെങ്കിൽ 'ഫയ്ളെ രസാൻ'(ഉപകാരമെത്തിക്കുന്നത്)ആണെന്നും കാണുന്നതാണ്, അതെല്ലാം അവന്റെ കൈയിലെ വ്യവസ്ഥിതിയാണെന്ന് ദൃഢഗാഢമായി വിശ്വസിക്കുക. മൂന്നാമത്തേത് സ്വന്തം സ്നേഹത്തിന്റേയും സത്യസന്ധതയുടേയും പരിശുദ്ധിയുടേയും അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് സ്നേഹം തുടങ്ങിയ സ്വഭാവങ്ങൾ, ആരാധനയിൽ മറ്റുള്ളവരെ അല്ലാഹുവിനോടു പങ്കാളിയാക്കാതിരിക്കുകയും അവനിൽ ലയിപ്പിക്കുകയും ചെയ്യുക.'

(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 349)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And published at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin